# യേശുവിന്റെ പാത മുഹമ്മദിന്റെയും

പ്രൊഫ.ഷാഹുൽ ഹമീദ്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്

ഭാഗം ഒന്ന്

## ബൈബിളിലെ ദൈവവും യേശുവും

# വായനക്കാരോട്

മനുഷ്യന് ദൈവം കനിഞ്ഞു നല്കിയ ഒരു സവിശേഷതയാണ് വിശേഷബുദ്ധി. മൃഗങ്ങളിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടതും ബുദ്ധിതന്നെയാണ്. മനുഷ്യന്റെ ഇതുവരെയുള്ള പുരോഗമനത്തിന് സഹായിച്ചിട്ടുള്ള അവന്റേതായ ഗുണവും ദൈവം നല്കിയ ബുദ്ധി ഒന്നു മാത്രമാണ്. ഈ ബുദ്ധിയാണ് ഈ ഗ്രന്ഥരചനയിൽ അടിസ്ഥാനമാനദണ്ഡമായി ഞാൻ സ്വീകരിച്ചിട്ടുള്ളത്. അക്കാരണത്താൽ, വായനക്കാരുടെ ബുദ്ധിയുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ ഉപയോഗത്തെയാണ് പ്രധാനമായും ഞാൻ ആശ്രയിക്കുന്നത്. ഈ ഗ്രന്ഥത്തിലെ ആശയങ്ങളുടെ സ്വീകാര്യതയുടെ അവലംബവും മറ്റൊന്നല്ല.

നിങ്ങൾക്ക് ബൈബിളിൽ പാണ്ഡിത്യമില്ലെങ്കിലും, ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ സത്യാവസ്ഥ പരിശോധിച്ചു നോക്കാവുന്നതാണ്. ബൈബിളിൽ ഏതു പുസ്തകത്തിൽ നിന്ന്, ഏതു അധ്യായത്തിൽ നിന്ന്, ഏതു വാക്യങ്ങളാണ് ഉദ്ധരിച്ചിട്ടുള്ളതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വായനക്കാർക്ക് തന്നെ അവ പരിശോധിച്ചു നോക്കാൻ കഴിയും. തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടാകാം. കാരണം, അവ മനുഷ്യസഹജമാണ്; ആരും തെറ്റുകളിൽ നിന്ന് നൂറുശതമാനം മുക്തരാവാൻ വഴിയില്ല. അതുകൊണ്ട് ബുദ്ധിയും വിജ്ഞാനവും മാർഗദർശകങ്ങളായി സ്വീകരിച്ചു കൊണ്ട് തുറന്ന മനസ്സോടെ, വായനക്കാർ ഈ ഗ്രന്ഥത്തെ സമീപിക്കുമെന്നും അവർ കണ്ടെത്തുന്ന പിശകുകൾ സൃഷ്ടിപരമായ വിധത്തിൽ ചൂണ്ടിക്കാണിക്കുമെന്നും വിശ്വസിക്കുന്നു.

ചിന്തിക്കാതെ കണ്ണുമടച്ചു വിശ്വസിക്കുന്ന സ്വഭാവത്തിനാണ് അന്ധവിശ്വാസമെന്നു പറയുന്നത്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പടിവാതിൽക്കലെത്തിയ നാം അന്ധവിശ്വാസികളാകാൻ ആഗ്രഹിക്കുകയില്ല. അതുകൊണ്ട് പഠിക്കുക, ചിന്തിക്കുക; നമുക്ക് ശരിയെന്ന് തോന്നുന്നത് സ്വീകരിക്കുക. ദൈവം നമ്മെ നേർവഴിയിൽ നയിക്കട്ടെ!

**-ഷാഹുൽ ഹമീദ്**

---

കുറിപ്പ്: ബൈബിളിൽനിന്നുള്ള ഉദ്ധരണികൾ, ഇൻഡ്യാ വേദപുസ്തക സമൂഹം, 20, മഹാത്മാ ഗാന്ധി റോഡ്, ബാംഗ്ലൂർ, 1972-ൽ അച്ചടിച്ചിറക്കിയ 'സത്യവേദ പുസ്തക'ത്തിൽനിന്നാണ്.

# അവതാരിക

മതങ്ങളുടെ താരതമ്യപഠനം വളരെ പ്രധാനപ്പെട്ടതും അതുപോലെ തന്നെ വളരെ പ്രയാസമുള്ളതുമായ ഒരു വിഷയമാണ്. ഓരോ മതത്തിനും, അതിന്റെ ചരിത്രത്തിന്റെ സങ്കീർണതകളുടെയും നിഗൂഢതകളുടെയും പല ആവരണങ്ങളുണ്ട്. ഈ മറകൾ നീക്കി ആന്തരികമായ സത്യം കണ്ടെത്തുക തന്നെ പ്രയാസമാണ്. ഒന്നിലധികം മതങ്ങളെ പൂർണമായി മനസ്സിലാക്കി താരതമ്യപഠനം നടത്തുക എത്രയോ ശ്രമകരമായ ഒരു പരിശ്രമമാണ്. അതേ സമയം, ഇങ്ങനെയുള്ള പഠനങ്ങൾ ഇന്ന് എത്രയോ ആവശ്യവുമാണ്. സത്യാന്വേഷണത്തിനും വിവിധ ജനവിഭാഗങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതിനും ഈ മാതിരി പഠനങ്ങൾ അനുപേക്ഷണീയമാണ്. ആ നിലയ്ക്ക് ഈ ഗ്രന്ഥം പ്രത്യേക ശ്രദ്ധയും സ്വാഗതവും അർഹിക്കുന്നുണ്ട്. മതങ്ങളുടെ താരതമ്യപഠനം (Comparative Religion) ഇന്നു വികസിച്ചു വരുന്ന ഒരു വിജ്ഞാനശാഖയാണ്. മലയാള ഭാഷയിൽ ഈ വിഷയത്തിൽ ഗ്രന്ഥങ്ങൾ വളരെ കുറവാണ്. താരതമ്യപഠനമുൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഭാഷയ്ക്കു ഒരു നല്ല മുതൽക്കൂട്ടായിരിക്കും.

ഏഷ്യാ ഭൂഖണ്ഡം മതങ്ങളുടെ ജന്മഭൂമിയാണ്. ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളെല്ലാം ഏഷ്യയിലാണ് ഉദ്ഭവിച്ചത്. കിഴക്കു ചൈനയിൽ തയോയിസവും (Taoism) കൺഫ്യൂഷനിസവും (Confucianism) പ്രചാരത്തിൽ വന്നു. അതിനും കിഴക്ക് കൊറിയയിലും ജപ്പാനിലും ഷിന്റോയിസം (Shintoism) ജനങ്ങളെ സ്വാധീനിച്ചു. ഇൻഡ്യാ ഉപഭൂഖണ്ഡത്തിൽ വളർന്നു വികസിച്ച മതങ്ങളാണ് ഹിന്ദു മതവും ബുദ്ധമതവും ജൈനമതവും സിക്കുമതവും. പശ്ചിമേഷ്യയിൽ നിന്നുദ്ഭവിച്ച് ലോകം മുഴുവനും സ്വാധീനിച്ച മതങ്ങളാണ് യഹൂദമതവും ക്രിസ്തു മതവും ഇസ്ലാമും. ഈ മൂന്നു മതങ്ങൾക്കും പൊതുവായിട്ടുള്ള അടിസ്ഥാനവും പാരമ്പര്യവുമുണ്ട്. എന്നാൽ ഓരോന്നിനും വ്യത്യസ്തമായ വേദഗ്രന്ഥങ്ങളുണ്ട്. അവ ദൈവികമായ വെളിപാടുകളാണെന്ന് അവർ വിശ്വസിക്കുന്നു. യഹൂദന്മാരുടെ വേദഗ്രന്ഥമാണ് ഹീബ്രൂ ബൈബിൾ. എന്നാൽ അതിനു ശേഷമുള്ള വെളിപാടുകൾ അവർ അംഗീകരിക്കുന്നില്ല. ക്രിസ്തുവിന്റെയും മുഹമ്മദിന്റെയും ദൗത്യം അവർ നിരസിക്കുന്നു. ക്രിസ്തുമതക്കാർ പഴയ നിയമം അംഗീകരിക്കുന്നുണ്ട്. എന്നാൽ ഹീബ്രൂ ബൈബിളിലില്ലാത്ത പലതും അവർ കൂട്ടിച്ചേർത്തു. പഴയ നിയമവും പുതിയ നിയമവും ചേർന്നതാണ് ക്രിസ്ത്യാനികളുടെ വേദഗ്രന്ഥം. യേശുവിന്നും ശിഷ്യൻമാർക്കും ഉള്ള ദൈവിക സന്ദേശം ക്രിസ്തുമതക്കാർ അംഗീകരിക്കുന്നില്ല. പരിശുദ്ധ ഖുർആൻ അവർക്കു സ്വീകാര്യമല്ല. എന്നാൽ ഖുർആനാകട്ടെ യഹൂദരുടെ വേദഗ്രന്ഥമായ തൗറാത്തും (Torah - തോറ) ക്രിസ്ത്യാനികളുടെ വേദമായ ഇഞ്ചീലും (Gospels- സുവിശേഷങ്ങൾ) തത്ത്വത്തിൽ സത്യവേദങ്ങളായി അംഗീകരിക്കുന്നു; മുസ്‌ലിംകളോട് അപ്രകാരം വിശ്വസിക്കാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. ഖുർആൻ 4: 136: "അല്ലയോ വിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും, അവന്റെ ദൂതന് അവൻ ഇറക്കിക്കൊടുത്ത ഗ്രന്ഥത്തിലും, മുമ്പ് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും അവസാനദിനത്തിലും ആർ അവിശ്വസിക്കുന്നുവോ അവർ തീർച്ചയായും വിദൂരമായ വഴികേടിൽ തെറ്റിപ്പിഴച്ചു പോയി." ഖുർആൻ 13 : 18: "തീർച്ചയായും നിനക്കുമുമ്പ് ദൂതൻമാരെ നാം അയച്ചിട്ടുണ്ട്..."

ഇങ്ങനെ, ഉദാത്തമായ ഒരു സമീപനമാണ് പൂർവ പ്രവാചകരോടും വേദങ്ങളോടും ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. പൂർവ വേദങ്ങൾക്ക് വൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ, അത് മനുഷ്യന്റെ കൈകടത്തൽ കൊണ്ടാണെന്ന് ഖുർആൻ സമർഥിക്കുന്നു.

യഹൂദമതവും ക്രിസ്തുമതവും ഇസ്ലാമും മഹത്തായ സെമിറ്റിക് പാരമ്പര്യത്തിൽ പെട്ടവയാണ്. അവയെപ്പറ്റിയുള്ള താരതമ്യപഠനം വളരെ പ്രയോജനപ്രദവും അവശ്യവുമാണ്. എന്നാൽ അവയിൽ ലോകത്ത് ഏറ്റവും പ്രചാരവും സ്വാധീനവുമുള്ള മതങ്ങൾ ഇസ്ലാമും ക്രിസ്തുമതവുമാണ്. യഹൂദമതം വളരെ ചെറിയ ഒരു സമൂഹത്തിൽ ഒതുങ്ങി നില്ക്കുന്നു. ഈ ഗ്രന്ഥത്തിൽ പ്രധാനമായും ക്രിസ്തുമതത്തിലെയും ഇസ്ലാം മതത്തിലെയും തത്ത്വങ്ങളുടെ ഒരു പഠനമാണ് നിർവഹിക്കുന്നത്. അതിനു സഹായകമാവും വിധം മുഹമ്മദ്നബിയുടെ ജീവചരിത്ര സംഗ്രഹവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. യഹൂദമതവും ഇസ്ലാം മതവും കലർപ്പില്ലാത്ത ഏകദൈവ വിശ്വാസമാണ് പഠിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുമത വിശ്വാസികൾക്കിടയിൽ ത്രിത്വവാദം (Doctrine of Trinity) നിലനില്ക്കുന്നു. ആദിപാപത്തിലുള്ള വിശ്വാസം (Doctrine of Original Sin), പദാർഥ പരിണാമവാദം (Doctrine of Transubstantiation) തുടങ്ങിയ ക്രിസ്ത്യാനികളുടെ വിശ്വാസ പ്രമാണങ്ങൾ ഈ ഗ്രന്ഥത്തിൽ നിരൂപണ വിധേയമാക്കുന്നുണ്ട്. ക്രിസ്തു ഉപദേശിച്ച തത്ത്വങ്ങൾ തന്നെയാണോ പിന്നീട് പ്രചരിപ്പിക്കപ്പെട്ടത്? കാലാന്തരത്തിൽ പല വ്യതിയാനങ്ങളും മാറ്റങ്ങളും സംഭവിച്ചു എന്നു ഗ്രന്ഥകാരൻ ചരിത്രരേഖകൾ ഉദ്ധരിച്ചുകൊണ്ടു സമർഥിക്കുന്നു.

വേദപുസ്തകങ്ങളുടെ ശാസ്ത്രീയമായ ചരിത്രം അടുത്ത കാലത്തായി ഒരു പ്രധാന പഠനവിഷയമായിത്തീർന്നിട്ടുണ്ട്. നിഷ്പക്ഷവും വിമർശനാത്മക

വുമായ ഈ പഠനങ്ങൾ വളരെയധികം വസ്തുതകൾ നിഷേധിക്കാൻ കഴിയാത്ത വിധത്തിൽ പുറത്തുകൊണ്ടു വന്നിട്ടുണ്ട്. ഈ വസ്തുതകൾ ഗ്രന്ഥകാരന്റെ നിലപാടിനെ ന്യായീകരിക്കുന്നുണ്ട്. പഴയ നിയമവും പുതിയ നിയമവും ഉൾക്കൊള്ളുന്നതാണല്ലോ ക്രൈസ്തവ വേദപുസ്തകം. ആദ്യമായി പഴയ നിയമത്തിന്റെ ചരിത്രം പരിശോധിക്കാം. പഴയ നിയമം യഹൂദമതക്കാരെപ്പോലെ ക്രിസ്തുമതക്കാരും അംഗീകരിക്കുന്നതാണ്. എന്നാൽ ക്രിസ്ത്യാനികളുടെ പഴയ നിയമത്തിൽ ഹീബ്രൂ ബൈബിളിൽ ഉൾക്കൊള്ളിക്കാത്ത കുറേ ഭാഗങ്ങൾ അംഗീകരിച്ചിട്ടുണ്ട്. അപ്പോക്രിഫാ (Apocrypha) എന്നറിയപ്പെടുന്ന ഭാഗം ഹീബ്രൂ ബൈബിളിൽ ഇല്ലാത്തതാണ്. എന്നാൽ ക്രൈസ്തവ സഭ ആദ്യകാലം മുതലേ സ്വീകരിച്ചു പോന്ന ഗ്രീക്കു ബൈബിളിൽ ഇതുൾക്കൊള്ളിച്ചിരുന്നു. ഗ്രീക്ക് ബൈബിൾ ബി.സി. മൂന്നാം നൂറ്റാണ്ടിൽ അലക്സാൻഡ്രിയായിൽ വെച്ചുണ്ടാക്കിയ പരിഭാഷയാണ്. ഹീബ്രുവിൽ നിന്നുള്ള ആദ്യത്തെ പരിഭാഷയാണിത്. അലക്സാൻഡ്രിയയിലെ പ്രസിദ്ധമായ ഗ്രന്ഥശാലയിൽ യഹൂദൻമാരുടെ വേദഗ്രന്ഥത്തിന്റെ ഒരു പ്രതി വേണമെന്ന് ഈജിപ്തിലെ രാജാവായ ടോൾമി ഫിലാഡൽഫസ് (Ptolemy Philadelphus, 285-246 B.C.) നിശ്ചയിച്ചു. യരൂശലേം ദേവാലയത്തിലെ പ്രധാന പുരോഹിതനെ സമീപിക്കുകയും അദ്ദേഹം പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നും ആറു വീതം പണ്ഡിതൻമാരെ അലക്സാൻഡ്രിയയിലേയ്ക്കയച്ചു കൊടുക്കുകയും ചെയ്തുവത്രേ. ഇവർ അലക്സാൻഡ്രിയയിൽ വെച്ച് തയ്യാറാക്കിയ പരിഭാഷയാണ് സെപ്റ്റ്വാജിന്റ് (Septuagint) ബൈബിൾ എന്നറിയപ്പെടുന്നത്. മധ്യധരണ്യാഴി പ്രദേശങ്ങളിൽ ഏറ്റവും പ്രചാരം സിദ്ധിച്ചത് ഈ ഗ്രീക്ക് ബൈബിളിനാണ്. ക്രൈസ്തവ സഭ ആദ്യകാലങ്ങളിൽ ഇതുമാത്രമാണംഗീകരിച്ചിരുന്നതും. പഴയ നിയമത്തിൽ നിന്നും ധാരാളം ഉദ്ധരണികൾ പുതിയ നിയമത്തിലുണ്ട്. അവയൊക്കെ ഈ ഗ്രീക്കു ബൈബിളിൽ നിന്നുമാണ്.

എന്നാൽ യഹൂദർ പൊതുവേ അംഗീകരിക്കുന്ന ഹീബ്രൂ ബൈബിളിന്റെ ചരിത്രം വേറെയാണ്. പുരാതന കാലത്ത് ഒന്നിലധികം രൂപത്തിൽ പഴയ നിയമം പ്രചരിച്ചിരുന്നു എന്നതാണ് വസ്തുത. എ.ഡി. 70-ൽ യരൂശലേമിന്റെ പതനം സംഭവിച്ചു. യരൂശലേം ദേവാലയം നശിച്ചു. രാജ്യം വിട്ടുപോയ യഹൂദർക്കുണ്ടായിരുന്ന ആത്മീയ സമ്പത്ത് മോശയുടെ നിയമങ്ങളും പ്രവാചകന്മാരുടെ ചരിത്രവും ഗാഥകളും അടങ്ങിയ മഹത്തായ പാരമ്പര്യമായിരുന്നു. വൈവിധ്യങ്ങൾ അവസാനിപ്പിച്ച് ഇവയ്ക്ക് ഒരു ഏകീകൃതരൂപം നല്കണമെന്ന് യഹൂദ പുരോഹിതൻമാർ തീരുമാനിച്ചു. പ്രസിദ്ധമായ ജാമ്ന്യായിലെ സിനഡി (Synod of Jamnia)ന്റെ പ്രധാന ഉദ്ദേശ്യം ഇതുതന്നെയായിരുന്നു. എ. ഡി. 90-നും 100-നും ഇടക്കു നടന്ന ഈ സിനഡിൽ വെച്ച് ഹീബ്രൂ ബൈബിളിന്റെ അന്തിമരൂപം നിശ്ചയിച്ചു. കൊള്ളേണ്ടതേതെന്നും തള്ളേണ്ടതേതെന്നും തീരുമാനിച്ചു. അതിനു ശേഷം മാറ്റങ്ങൾ വരാത്ത വിധം ഗ്രന്ഥം സംരക്ഷിക്കുവാനുള്ള നടപടി എടുത്തു.



വീണ്ടും എ.ഡി. ഏഴാം നൂറ്റാണ്ടിൽ യഹൂദ പുരോഹിതൻമാർ സമ്മേളിക്കേണ്ടി വന്നു. കാരണം ഹീബ്രൂ ഭാഷ സംസാരഭാഷയല്ലാതായിത്തീർന്നതോടെ പല സംശയങ്ങളും ഉദ്ഭവിച്ചു. സ്വരചിഹ്നങ്ങൾ കൂടാതെയാണ് ഹീബ്രൂ ഭാഷയും മറ്റു സെമിറ്റിക് ഭാഷകളും എഴുതിയിരുന്നത്. ജീവൽഭാഷയല്ലാതായതോടെ ഉച്ചാരണ സംബന്ധമായും തൻമൂലം വ്യാഖ്യാനപരമായും പ്രശ്നങ്ങൾ ഉദ്ഭവിച്ചു. സ്വരചിഹ്നങ്ങൾ കൂട്ടിച്ചേർത്തും വ്യാഖ്യാനങ്ങൾ നല്കിയും മെസോറ്റിക് ടെക്സ്റ്റ് (Massoretic Text) എന്നറിയപ്പെടുന്ന ഹീബ്രൂ ബൈബിളിന്റെ അന്തിമരൂപം അങ്ങനെ എ.ഡി. ഏഴാം നൂറ്റാണ്ടിൽ മാത്രമാണ് ഉണ്ടായത്.

പഴയ നിയമം സംബന്ധിച്ചുണ്ടായിരുന്ന വേറൊരു പ്രധാന പാരമ്പര്യം ശമര്യക്കാരുടെ വേദഗ്രന്ഥമായിരുന്നു. യരൂശലേം ദേവാലയത്തിലെ പുരോഹിതൻമാരുമായി തെറ്റിപ്പിരിഞ്ഞ ഒരു വിഭാഗമാണ് ശമര്യക്കാർ. അവരുടെ വേദഗ്രന്ഥത്തിൽ തോറാ (പഴയ നിയമത്തിന്റെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ) മാത്രമേ ഉൾക്കൊണ്ടിരുന്നുള്ളൂ. പ്രസിദ്ധമായ ചാവുകടലിലെ ചുരുളുകൾ (Dead Sea Scrolls) ശമര്യക്കാരുടെ ബൈബിളിനും സെപ്റ്റ്വാജിന്റ് ബൈബിളിനും ആധാരമായ പഴയ രേഖകൾക്കു വിശ്വാസ്യത നല്കുന്നുണ്ട്. അങ്ങനെ പഴയ നിയമത്തിനു തന്നെ കുറഞ്ഞപക്ഷം മൂന്നു പ്രധാനപ്പെട്ട വ്യത്യസ്തമായ പാരമ്പര്യങ്ങൾ ഉണ്ട് എന്നത് അവിതർക്കിതമാണ്.

പുതിയ നിയമത്തിന്റെ ചരിത്രം കൂടി അല്പമൊന്നവലോകനം ചെയ്യാം. പഴയ നിയമത്തെപ്പോലെ തന്നെ ക്രമേണയാണ് പുതിയ നിയമവും രൂപപ്പെട്ടത്. അപ്പോസ്തലൻമാരുടെ ദൗത്യം ജനങ്ങളെ ക്രിസ്തുവിന്റെ സന്ദേശം നേരിട്ടു ധരിപ്പിക്കുകയായിരുന്നു. അവർ പുതിയ വേദഗ്രന്ഥം രചിക്കുവാനല്ല തുനിഞ്ഞത്. പഴയ നിയമത്തിലെ തത്ത്വങ്ങൾ തന്നെയാണ് താൻ പ്രബോധനം ചെയ്യുന്നതെന്നും അതു പ്രധാനമായും യഹൂദരെയുദ്ദേശിച്ചുള്ളതാണെന്നും ക്രിസ്തു പറഞ്ഞിട്ടുള്ളതായിട്ടാണ് കാണുന്നത്:

"ഞാൻ ന്യായപ്രമാണത്തേയോ പ്രവാചകൻമാരേയോ നീക്കേണ്ടതിന്നു വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതു വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നും ഒരു വള്ളി എങ്കിലും ഒരു പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും. അതിനെ ആദരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ, സ്വർഗ രാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും. നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശൻമാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ പറയുന്നു" (മത്തായി 5: 17-20). "ഈ പന്ത്രണ്ടു പേരെയും യേശു അയക്കുമ്പോൾ അവരോടു ആജ്ഞാപിച്ചതെന്തെന്നാൽ: ജാതികളുടെ അടുക്കൽ പോകാതെയും

ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ" (മത്തായി-10: 5-6). ക്രിസ്തുവിന്റെ തിരോധാനത്തിനു ശേഷം അദ്ദേഹത്തിന്റെ ശിഷ്യൻമാർ യഹൂദമത ത്തിന്റെ ഒരു ഭാഗമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. യരൂശലേം ദേവാലയത്തിലെ പ്രാർഥനാ രീതികളോ മറ്റു അനുഷ്ഠാനങ്ങളോ അവർ കൈവെടിഞ്ഞിരുന്നില്ല. ക്രിസ്ത്യാനികളുടെ ബദ്ധശത്രുവായിരിക്കുകയും പിന്നീട് ക്രിസ്തുമതം സ്വീക രിക്കുകയും ചെയ്ത റോമാക്കാരനായ പൗലോസിന്റെ ആവിർഭാവത്തോടു കൂടിയാണ് വലിയ മാറ്റങ്ങൾ സംഭവിച്ചത്. യഹൂദരല്ലാത്തവർ കൂട്ടം കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചതോടെ പൗലോസിന്റെ സിദ്ധാന്തങ്ങൾക്ക് പ്രാമുഖ്യം ലഭിച്ചു. യരൂശലേമിന്റെ പതനവും റോമാ ചക്രവർത്തിമാരുടെ പരിവർത്ത നവും പൗലോസിന്റെ സിദ്ധാന്തങ്ങൾക്കും സ്ഥിരപ്രതിഷ്ഠ നല്കുകയുണ്ടായി. ക്രിസ്തുമതത്തിന്റെ ഏറ്റവും ആദ്യത്തെ രേഖകൾ പൗലോസിന്റെ ലേഖനങ്ങൾ തന്നെയാണ്, സുവിശേഷങ്ങളല്ല. പൗലോസിന്റെ തെസ്സലേന്യർക്കുള്ള ആദ്യത്തെ ലേഖനം എ.ഡി. 50-ാമാണ്ടിനോടടുത്ത് എഴുതിയിട്ടുള്ളതാണ്. സുവിശേഷങ്ങ ളുടെ കാലഘട്ടം എ.ഡി. 70 മുതൽ 110 വരെയാണ്. ക്രിസ്തുസഭ നാലു സുവി ശേഷങ്ങൾ അംഗീകരിച്ചത് നിലവിലുള്ള മറ്റനവധി സുവിശേഷങ്ങളെ നിരാകരി ച്ചു കൊണ്ടാണ്. ഈ കാലയളവിൽ യഹൂദ ക്രിസ്ത്യാനി വിഭാഗവും പൗലോ സിന്റെ അനുയായികളായ ക്രിസ്ത്യാനികളും തമ്മിൽ ശക്തിയായ ആശയസംഘ ട്ടനങ്ങളുണ്ടായിരുന്നു. നിരാകരിക്കപ്പെട്ട സുവിശേഷങ്ങൾ പൗലോസിന്റെ ആശയസംഹിതയുമായി യോജിക്കാത്തവയാണെന്ന് വാദിക്കുന്നവരുണ്ട്. പൗലോ സിന്റെ ലേഖനങ്ങൾ ആദ്യമേ തന്നെ പുതിയ നിയമത്തിന്റെ ഭാഗമായി അംഗീക രിച്ചു. അതുപോലെ, യാക്കോബ്, പത്രോസ്, യോഹന്നാൻ, യൂദാ എന്നിവരു ടെയും ലേഖനങ്ങൾ പുതിയ നിയമത്തിന്റെ ഭാഗമാണ്, അപ്പോസ്തലൻമാരുടെ പ്രവൃത്തികളും. എ. ഡി. നാലാം നൂറ്റാണ്ടിലാണ് ഇന്നത്തെ പുതിയ നിയമ ത്തിന്റെ അന്തിമരൂപം അംഗീകരിക്കപ്പെട്ടത്. യാക്കോബിന്റെ ലേഖനം, പൗലോ സിന്റെ എബ്രായർക്കുള്ള ലേഖനം, വെളിപാട് എന്നിവ വളരെ വിവാദപരമായി രുന്നു. യാക്കോബിന്റെ ലേഖനം പൗലോസിന്റെ തത്ത്വങ്ങൾക്കു നിരക്കുന്ന തല്ല. ആ കാരണം കൊണ്ടു ഇറാസ്മസും ലൂഥറും അതിനെ പുതിയ നിയമ ത്തിൽ ഉൾക്കൊള്ളിക്കുന്നതിനെ എതിർത്തു. പുതിയ നിയമത്തിന്റെ രൂപവും ഭദ്രതയും അനേകം സിനഡുകളുടെയും കൗൺസിലുകളുടെയും വ്യത്യസ്ത മായ തീരുമാനങ്ങളുടെയും സഭയുടെ അപ്രമാദിത്വത്തിന്റെയും അടിസ്ഥാന ത്തിലാണ് നിലകൊള്ളുന്നത് എന്നത് ചരിത്രസത്യമാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ അവസാനത്തെ അത്താഴ (Last Supper) ത്തിനു ശേഷം ക്രിസ്തു തന്റെ സന്ദേശം ശിഷ്യൻമാർക്ക് അറിയിച്ചു കൊ ടുക്കുന്ന സുദീർഘമായ സംവാദം നടക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ ഒരു പ്രവാചകന്റെ (Parakletos) വരവിനെക്കുറിച്ചു ദീർഘദർശനം ചെയ്യുന്നതു



കാണാം: "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ നിന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യ ത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ (Parakletos) എന്നേക്കും നിങ്ങളുടെ കൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്കു തരും" (യോഹന്നാൻ 14: 15-16). "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങ ളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും" (യോഹ ന്നാൻ 14: 26). "എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു: ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടു ക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും" (യോഹന്നാൻ 16: 7-8). "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാ രിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നെടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതു കൊണ്ട് എന്നെ മഹത്ത്വപ്പെടുത്തും" (യോഹ ന്നാൻ 16: 13-14). പഴയ നിയമത്തിലും ഇത്തരത്തിലുള്ള പരാമർശങ്ങൾ വളരെ ശ്രദ്ധേയമാണ്: "നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാ ചകനെ നിന്റെ സഹോദരൻമാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിൻമേലാക്കും; ഞാൻ അവനോടു കല്പിക്കുന്ന തൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്തെങ്കിലും വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവ നോട് ഞാൻ ചോദിക്കും" (ആവർത്തന പുസ്തകം 18: 18-19). ഈ പ്രവചന ങ്ങൾ മുഹമ്മദ് നബിയുടെ പ്രവാചകത്വവുമായി ബന്ധപ്പെടുത്താതിരിക്കാൻ വളരെ പ്രയാസമാണ്.

ഇങ്ങനെയുള്ള ഗൗരവതരമായ നിരവധി വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. മതപരവും തത്ത്വശാസ്ത്രപരവുമായ ഗ്രന്ഥങ്ങളിൽ സാധാ രണ കാണുന്ന ക്ലിഷ്ടതയോ കഠിനപദങ്ങളുടെ ബാഹുല്യമോ ഈ ഗ്രന്ഥത്തി ലില്ല. എന്നാൽ യുക്തിപൂർവകതയും വിശ്വാസ്യതയും നഷ്ടപ്പെടാത്ത രീതി യിൽ അനായാസം ഇതിലെ ആശയ സരിത്ത് പ്രവഹിക്കുന്നു. ലളിതവും പ്രസാ ദാത്മകവുമായ ഒരു ശൈലി ഈ ഗ്രന്ഥത്തിന്റെ സ്വീകാര്യത പെരുംമടങ്ങ് വർധി പ്പിക്കുന്നു. കൈയിലെടുത്താൽ വായിച്ചുതീർക്കാതെ ഈ ഗ്രന്ഥം താഴെ വയ്ക്കു വാൻ പ്രയാസമാണ്. മതതത്ത്വങ്ങളുടെ താരതമ്യപഠന വിഷയത്തിൽ ഈ ഗ്രന്ഥം കനപ്പെട്ട ഒരു സംഭാവനയാണ് എന്നു തീർത്തു പറയാം.

**- കെ.എ. ജലീൽ**
മുൻവൈസ് ചാൻസലർ
കോഴിക്കോട് സർവകലാശാല.

കോഴിക്കോട്
ഒക്ടോബർ 10, 1983.

അധ്യായം ഒന്ന്

# ആമുഖം

**ക്രി**സ്ത്യാനികളുടെ പ്രാമാണിക ഗ്രന്ഥമാണ് ബൈബിൾ. ബൈബിളിൽ പഴയ നിയമമെന്നും പുതിയ നിയമമെന്നും രണ്ടു ഭാഗങ്ങൾ ഉണ്ട്. ക്രൈസ്തവ വീക്ഷണത്തിൽ, പുതിയ നിയമത്തിന്റെയത്ര പ്രാധാന്യം പഴയ നിയമത്തിനില്ല. ബൈബിൾ തികച്ചും ദൈവവചനം തന്നെയെന്ന് എല്ലാ ക്രിസ്ത്യാനികളും വിശ്വസിക്കുന്നില്ല. ചിലർ വിശ്വസിക്കുന്നത്, ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ട ചില മനുഷ്യർ എഴുതിയ ഗ്രന്ഥമായതു കൊണ്ട്, ബൈബിളിൽ ദൈവപ്രചോദിത വാക്യങ്ങളും അതേ സമയംതന്നെ എഴുതിയവരുടേതായ അഭിപ്രായങ്ങളും ഉണ്ടാവാമെന്നാണ്. ഗ്രന്ഥകർത്താക്കളുടെ അഭിപ്രായങ്ങൾ, അവരുടെ അറിവു വെച്ചുകൊണ്ടു നടത്തിയ പരാമർശങ്ങൾ എന്നിവയിൽ തീർച്ചയായും അസത്യങ്ങൾ കടന്നുകൂടിയിട്ടുണ്ടാകാം. ഇത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. പക്ഷേ, ഈ തെറ്റുകൾ കണ്ടുപിടിക്കാൻ നാം ഏതു മാനദണ്ഡം ആണ് ഉപയോഗിക്കുന്നത് എന്നതാണ് പ്രസക്തമായ ചോദ്യം.

ശുദ്ധമായ യുക്തിയുടെ അടിസ്ഥാനത്തിൽ തെറ്റുകൾ കണ്ടുപിടിക്കാൻ കഴിയില്ല; കാരണം യുക്തിക്കപ്പുറത്തുള്ള കാര്യങ്ങൾ മതത്തിലുണ്ട്. അതിനാൽ ചരിത്ര വസ്തുതകൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. പക്ഷേ, ഇരുപതോളം നൂറ്റാണ്ടുകൾക്കപ്പുറം നടന്ന സംഗതികളെപ്പറ്റിയുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാവുന്നു: അതായത്, സത്യമെന്ന് ജനങ്ങൾ മനസ്സിലാക്കിയ പല കാര്യങ്ങൾക്കും വാസ്തവത്തിൽ ചരിത്രപരമായ അടിസ്ഥാനമില്ല എന്ന്. പിന്നെ ഈ കാര്യങ്ങൾ എങ്ങനെ സ്വീകരിക്കപ്പെട്ടു? നിക്ഷിപ്ത താൽപര്യക്കാരുടെ കൈയിൽ അധികാരം വന്നപ്പോൾ അവരുടെ ഇച്ഛക്കൊത്ത് ചരിത്ര വസ്തുതകളെ വളച്ചൊടിക്കാൻ അവർ തയ്യാറായി. എന്നാൽ, സത്യം എന്നെന്നേക്കുമായി മൂടിവെക്കുക സാധ്യമല്ലാത്തതുകൊണ്ടാവണം, പുറത്തു വരികതന്നെ ചെയ്തു.

ആധുനിക ഗവേഷണങ്ങളുടെയും പര്യവേക്ഷണങ്ങളുടെയും ഫലമായി കണ്ടുപിടിക്കപ്പെട്ട ചില സത്യങ്ങൾ പരമ്പരാഗതമായി മനുഷ്യർ വച്ചുപുലർത്തിപ്പോന്ന പല മിഥ്യാധാരണകളെയും തിരുത്താനുതകുന്നവയാണ്. അവയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇതുവരെ ശരിയായ വിശദീകരണമില്ലാതിരുന്ന പല കാര്യങ്ങൾക്കും

വിശദീകരണങ്ങൾ ലഭിക്കുന്നു.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന എത്രയോ കാര്യങ്ങൾ, അതുപോലെ ത്തന്നെ, അവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയതെന്ന് സഭ അവകാശപ്പെ ടുന്ന നിരവധി സിദ്ധാന്തങ്ങൾ വിശദീകരിക്കാനാവാത്തതായുണ്ടായിരുന്നു. ഇതിന് കാരണമെന്താണ്? പല ബൈബിൾ വാക്യങ്ങളും യഥാർഥ വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്തവയാണ്. അക്കാരണത്താലാണ് അവ മനുഷ്യബുദ്ധിയു മായി യാതൊരു വിധത്തിലും സമരസപ്പെട്ടു പോകാത്തതും. തികഞ്ഞ പാടവത്തോടെ സഭാപ്രതിനിധികൾ അവയ്ക്കു പ്രാധാന്യം നല്കാൻ ശ്രമിക്കുന്നതും പരാജയപ്പെടു ന്നതും നാം കാണുന്നു. അവസാനം, എല്ലാം വിശ്വാസത്തെ ഭരമേല്പിക്കാനേ അവർക്കു കഴിയുന്നുള്ളൂ.

പല കാര്യങ്ങളും നാം വിശ്വാസത്തിലൂടെയാണറിയുന്നതെന്ന് സഭാവക്താക്കൾ പറയുന്നു. എന്നാൽ, വിശ്വസിച്ചു കഴിഞ്ഞാലെങ്കിലും അതിന്നനുകൂലമായ തെളിവു കളും അനുഭവങ്ങളുമുണ്ടാകണം. എങ്കിലേ ആ വിശ്വാസമുറക്കുകയുള്ളൂ. യഥാർഥത്തിൽ വിശ്വാസത്തിന്ന് യുക്തിയുടെയും വിജ്ഞാനത്തിന്റെയും പിന്തുണ ആവശ്യമാണ്.

പക്ഷേ, ഇന്നത്തെ ക്രിസ്തീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും പറ്റി ചരി ത്രത്തിന്റെയും യുക്തിയുടെയും വെളിച്ചത്തിൽ പഠനം നടത്തിയാൽ നമുക്ക് കാണാൻ കഴിയുന്നതെന്താണ്? വാസ്തവത്തിൽ ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ബൈബിളിന്റെ അടിസ്ഥാനത്തിലാണോ? ബൈബിൾ തന്നെ ഒരു ജീവിതപദ്ധതിയുടെ അടിസ്ഥാന പ്രമാണമെന്ന നിലയിൽ എത്രമാത്രം സ്വീകാ ര്യമാണ്? ബൈബിളിലെ യേശുവിന്റെ ചിത്രം യഥാർഥ യേശുവിന്റെ ചിത്രമാണോ? ഈ ചോദ്യങ്ങൾക്കുത്തരം പറയാനാണ് ഈ ലേഖകൻ ശ്രമിക്കുന്നത്.

## അധ്യായം രണ്ട്

# പഴയ നിയമം

**വി**വിധ തരത്തിലുള്ളതും വിവിധ ദൈർഘ്യമുള്ളതുമായ മുപ്പത്തൊമ്പതു കൃതിക ളുടെ സമാഹാരമാണ് പഴയ നിയമം[1]. പല ഭാഷകളിലായി, തൊള്ളായിരത്തോളം വർഷങ്ങൾ കൊണ്ടു രചിക്കപ്പെട്ടവയാണവ. ഉൽപത്തി, പുറപ്പാട്, ലേവ്യപുസ്തകം, സംഖ്യാപുസ്തകം, ആവർത്തന പുസ്തകം എന്നീ അഞ്ചു പുസ്തകങ്ങൾ പഴയ നി യമത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്നു. ഇവയാണ് പഞ്ചഗ്രന്ഥി (Pentateuch), 'തോറ' (തൗറാത്ത് - Torah), എന്നീ പേരുകളിലറിയപ്പെടുന്നത്. ലോകാരംഭം മുതൽ മോശയുടെ (മൂസാ - Moses) മരണം വരെയുള്ള സംഭവ ങ്ങളും, ഇസ്രയേൽ മക്കൾക്കായി മോശ കൊണ്ടുവന്ന നിയമങ്ങളുമാണ് അവയുടെ ഉള്ളടക്കം. നൂറ്റാണ്ടുകളായി, യഹൂദരും ക്രിസ്ത്യാനികളും ഈ പുസ്തകങ്ങൾ മോശ രചിച്ചതാണെന്നായിരുന്നു വിശ്വസിച്ചിരുന്നത്. പക്ഷേ, ഇന്നുള്ള ബൈബിൾ പണ്ഡിതർ ഇങ്ങനെ വിശ്വസിക്കുന്നില്ല. ആവർത്തന പുസ്തകത്തിൽ മോശയുടെ മരണത്തിന്റെ കാര്യം പറയുന്നുണ്ട്. മോശ ഗ്രന്ഥകർത്താവല്ല എന്നതിനുപോദ്ബല കമായ വസ്തുതയാണിത്. പല സന്ദർഭങ്ങളിലായി പലർ രചിച്ച കഥകളും വർണന കളും പഴയ നിയമത്തിൽ ഇടകലർന്നു കാണുന്നു എന്നതും തെളിയിക്കപ്പെട്ട കാര്യ മാണ്.

എങ്കിലും, മോശയുടെ നിയമങ്ങളിൽ കാതലായ ഭാഗം പഴയ നിയമത്തിൽ കാണാമെന്നതിൽ സംശയമില്ല. അതുപോലെ കാവ്യഭംഗിയുള്ള ചില വർണനകളും കാണാം. പക്ഷേ അതോടൊപ്പം, വഞ്ചന, ക്രൂരത, ലൈംഗിക വൈകൃതങ്ങൾ തുടങ്ങി യവ വർണിക്കുന്ന കഥകളും ഗീതങ്ങളും ബൈബിളിലുണ്ട്. രണ്ടു മൂന്നു ഉദാഹരണങ്ങൾ മാത്രം നല്കുന്നു:

1) ഉൽപത്തി പുസ്തകം, 19-ാം അധ്യായം 30 മുതൽ 36 വരെയുള്ള വാക്യങ്ങൾ:

''അനന്തരം ലോത്ത് (ലൂത്ത് - Lot) സോവർ വിട്ടു പോയി. അവനും അവന്റെ രണ്ടു പുത്രിമാരും പർവതത്തിൽ ചെന്നു പാർത്തു, സോവരിൽ പാർപ്പാൻ അവർ ഭയ പ്പെട്ടു; അവനും അവന്റെ രണ്ടു പുത്രിമാരും ഒരു ഗുഹയിൽ പാർത്തു. അങ്ങനെയി രിക്കുമ്പോൾ മൂത്തവൾ ഇളയവളോട്: നമ്മുടെ അപ്പൻ വൃദ്ധനായിരിക്കുന്നു; ഭൂമി യിൽ എല്ലാടവും ഉള്ള നടപ്പുപോലെ നമ്മുടെ അടുക്കൽ വരുവാൻ ഭൂമിയിൽ ഒരു പുരുഷനും ഇല്ല. വരിക, അപ്പനാൽ സന്തതി ലഭിക്കേണ്ടതിന്ന് അവനെ വീഞ്ഞു കുടി

1. പ്രൊട്ടസ്റ്റന്റ് ബൈബിളിലെ പഴയനിയമം : 39 പുസ്തകങ്ങൾ.

പ്പിച്ചു; മൂത്തവൾ അകത്തുചെന്ന് അപ്പനോടു കൂടെ ശയിച്ചു. അവൾ ശയിച്ചതും എഴുന്നേറ്റതും അവൻ അറിഞ്ഞില്ല. പിറ്റന്നാൾ മൂത്തവൾ ഇളയവളോട്: ഇന്നലെ രാത്രി ഞാൻ അപ്പനോടു കൂടെ ശയിച്ചു; നാം അവനെ ഇന്നു രാത്രിയും വീഞ്ഞു കുടിപ്പിക്ക; അപ്പനാൽ സന്തതി ലഭിക്കേണ്ടതിന്ന് നീയും അകത്തു ചെന്ന് അവനോടു കൂടെ ശയിക്ക എന്ന് പറഞ്ഞു. അങ്ങനെ അന്നു രാത്രിയും അവർ അപ്പനെ വീഞ്ഞു കുടിപ്പിച്ചു, ഇളയവൾ ചെന്നു അവനോടു കൂടെ ശയിച്ചു; അവൾ ശയിച്ചതും എഴുന്നേറ്റതും അവൻ അറിഞ്ഞില്ല. ഇങ്ങനെ ലോത്തിന്റെ രണ്ടു പുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു...''

2) ശമുവേൽ രണ്ടാം പുസ്തകം, 11-ാം അധ്യായം 2-5,15,18,26,27 :

''ഒരു നാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് (ദാവൂദ്-David) മെത്തയിൽ നിന്ന് എഴുന്നേറ്റ് രാജധാനിയുടെ മാളികമേൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽ നിന്നു കണ്ടു; ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ച് ആ സ്ത്രീയെപ്പറ്റി അന്വേഷിപ്പിച്ചു. അവൾ എലിയാവിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയായ ബത്ത്-ശേബ എന്ന് അറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ച് അവളെ വരുത്തി; അവൾ അവന്റെ അടുക്കൽ വന്നു. അവൾക്ക് ഋതുശുദ്ധി വന്നിരുന്നതു കൊണ്ട് അവൻ അവളോടു കൂടെ ശയിച്ചു. അവൾ തന്റെ വീട്ടിലേക്കു മടങ്ങിപ്പോയി. ആ സ്ത്രീ ഗർഭം ധരിച്ചു. താൻ ഗർഭിണി ആയിരിക്കുന്നു എന്ന് ദാവീദിന്ന് വർത്തമാനം അയച്ചു. അനന്തരം, അവളുടെ ഭർത്താവായ ഊരിയാവു മുഖേന ഒരു എഴുത്ത് ദാവീദ്, യോവാബിനു കൊടുത്തയച്ചു. എഴുത്തിൽ, പട കഠിനമായിരിക്കുന്നേടത്ത് ഊരിയാവെ, മുന്നണിയിൽ നിർത്തി അവൻ വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം അവനെ വിട്ടു പിൻമാറുവിൻ എന്ന് എഴുതിയിരുന്നു. അങ്ങനെ തന്നെ യോവാബ് ആ പട്ടണത്തെ സൂക്ഷിച്ച് നോക്കിയിട്ട് ശൂരന്മാർ നില്ക്കുന്നതായി കണ്ട സ്ഥലത്ത് ഊരിയാവെ നിർത്തി. പട്ടണക്കാർ പുറപ്പെട്ടു യോവാബിനോടു പട വെട്ടിയപ്പോൾ ദാവീദിന്റെ ചേവകരായ പടജ്ജനത്തിൽ ചിലർ പെട്ടുപോയി, ഹിത്യനായ ഊരിയാവും മരിച്ചു... ഊരിയാവിന്റെ ഭാര്യ തന്റെ ഭർത്താവായ ഊരിയാവ് മരിച്ചുപോയി എന്നു കേട്ടപ്പോൾ ഭർത്താവിനെക്കുറിച്ചു വിലപിച്ചു. വിലാപകാലം കഴിഞ്ഞ ശേഷം ദാവീദ് ആളയച്ച് അവളെ അരമനയിൽ വരുത്തി. അവൾ തന്റെ ഭാര്യയായി. അവന് ഒരു മകനെ പ്രസവിച്ചു. എന്നാൽ ദാവീദ് ചെയ്തതു യഹോവയ്ക്ക് അനിഷ്ടമായിരുന്നു.''

3) ഉൽപത്തി പുസ്തകം 27-ാം അധ്യായം 1 മുതൽ 45 വരെയുള്ള വാക്യങ്ങൾ:

യിസ്ഹാക്കിന്റെ മൂത്ത പുത്രനായ ഏശാവിന് ലഭിക്കേണ്ട ജ്യേഷ്ഠാവകാശമായ അനുഗ്രഹം എങ്ങനെയാണ് ഇളയവനായ യാക്കോബ് (യഅ്ഖൂബ് - Jacob), അന്ധനായ പിതാവിന് വേട്ടയിറച്ചി നല്കി കബളിപ്പിച്ച് തട്ടിയെടുത്തതെന്ന് ഉൽപത്തി പുസ്തകത്തിൽ പറയുന്നു. ഇവ്വിധം ഒരു വഞ്ചനയിലൂടെയാണ് യാക്കോബ് ഇസ്രയേൽ ഗൃഹത്തിന്റെ സ്ഥാപകനും മോശ, ദാവീദ്, യേശു എന്നീ പ്രവാചകന്മാരുടെയെല്ലാം പൂർവപിതാവുമായിത്തീരാനിടയായത്.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം പ്രവാചകന്മാരെപ്പറ്റി പഴയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഒരു ജനവിഭാഗത്തിന് നേതൃത്വവും മാതൃകയും നല്കി എന്ന് വിശ്വസിക്കപ്പെടുന്ന, ദൈവത്തിന്റെ പ്രതിനിധികളായ പ്രവാചകന്മാരെപ്പറ്റി മേലുദ്ധരിക്കപ്പെട്ടതു പോലെയുള്ള കഥകളിലൂടെ ഏതു തരത്തിലുള്ള മാതൃകയാണ് ബൈബിൾ വായനക്കാർക്കു നല്കുന്നത്? ''ദാവീദിൻ പുത്രൻ'' (Son of David) എന്ന് വിളിക്കപ്പെടുന്ന യേശുവിന്റെ പൂർവപിതാവായി പ്രത്യേക പരിഗണനയോടെ ദാവീദ്



ഗണിക്കപ്പെടുന്നു എന്നും ഓർക്കേണ്ടതാണ്. ഇവയൊക്കെ ദൈവ വചനങ്ങളാണെന്ന് വിശ്വസിക്കാൻ ക്രിസ്ത്യാനികൾതന്നെ തയ്യാറാകാത്തതിൽ അദ്ഭുതമില്ല. അതേ സമയം പുതിയ നിയമം തന്നെ ഉറപ്പിച്ചിരിക്കുന്നത് പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അപ്പോൾ പഴയ നിയമത്തിലെ ചില കാര്യങ്ങളെങ്കിലും സത്യമായി ഗണിക്കാതിരിക്കാൻ ക്രിസ്ത്യാനികൾക്ക് കഴിയുകയില്ല. ഉദാഹരണമായി ആദാമും ഹവ്വയും ചെയ്ത പാപം. വിശുദ്ധ പൗലോസ് ആവിഷ്കരിച്ച പാപപരിഹാര സിദ്ധാന്തത്തിനനുപേക്ഷണീയമായ അടിസ്ഥാനമാണ്, മനുഷ്യൻ പാപിയായി ജനിക്കുന്നു എന്നത്. ഈ സിദ്ധാന്തം ആദാമിന്റെയും ഹവ്വയുടെയും പാപത്തിലധിഷ്ഠിതമാണ്. അതിനാൽ, പഴയ നിയമം അപ്പാടെ തള്ളിക്കളയാൻ ഒരു ക്രിസ്തീയ സഭക്കും സാധ്യമല്ല. കൂടാതെ, പഴയനിയമത്തിൽ, ചരിത്ര വസ്തുതകളുമായി നിരക്കുന്നതും പിൽക്കാല ഗവേഷണങ്ങൾ സ്ഥിരീകരിച്ചതുമായ അനേകം കാര്യങ്ങളുണ്ട്. അതായത്, മാറ്റത്തിരുത്തലുകൾക്ക് അതീതമായ യാഥാർഥ്യങ്ങൾ പഴയ നിയമത്തിലുണ്ട്. പക്ഷേ, പഴയ നിയമം ആദ്യം മുതൽ അവസാനം വരെ ദൈവവചനങ്ങളായി സ്വീകരിക്കുന്ന ക്രിസ്തീയ വിഭാഗങ്ങളുടെ നിലപാടിൽ യാതൊരു ന്യായീകരണവുമില്ല. ഇത് വസ്തുനിഷ്ഠമായ പഠനങ്ങൾ ഖണ്ഡിതമായി തെളിയിച്ച കാര്യമാണ്.

## അധ്യായം മൂന്ന്

# ക്രിസ്തീയ ദൈവസങ്കല്പം

**ക്രി**സ്തുമതാനുയായികളെ ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി തിരിക്കാം: 1. ഏകത്വവാദികൾ (Unitarians) 2. ത്രിത്വവാദികൾ (Trinitarians).

ശരിയായ ഏകത്വവാദികളുടെ ഒരു ന്യൂനപക്ഷം അമേരിക്കയിലും യൂറോപിലുമായിട്ടുണ്ടെങ്കിലും അവരെപ്പറ്റിയുള്ള ചർച്ച ഈ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല. കാരണം, ഇന്നത്തെ ക്രൈസ്തവർ ബഹുഭൂരിപക്ഷവും ത്രിത്വവാദികളായതിനാൽ അവരാണ് ക്രൈസ്തവർ എന്നറിയപ്പെടുന്നത്.

ത്രിയേകത്വം അഥവാ ത്രിത്വം എന്നു പറയുന്നതിന്റെ വിവക്ഷ ഇതാണ്: ദൈവം ഒന്നാണ്, എങ്കിലും മൂന്നാണ്. അഥവാ മൂന്നാളുകൾ (three persons) ഏകദൈവത്തിൽ ഉണ്ട്: പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം. 1+1+1=1 എന്നത് ശരിയല്ലാത്തതിനാൽ ഗണിതശാസ്ത്രപരമായി ഈ വാദം നിലനില്ക്കുകയില്ല. ഇത് പറയുമ്പോൾ, മറുവാദം 1X1X1=1 എന്നത്രേ. ഏകദൈവത്തിലുള്ള ''ആളുകളുടെ'' എണ്ണം പറയുമ്പോൾ മൂന്ന് എന്ന് പറയുകയും ചെയ്യുന്നു. സാമാന്യബുദ്ധിക്കും അനുഭവത്തിനും നിരക്കാത്ത ഈ തത്ത്വം വാസ്തവത്തിൽ ബൈബിളിന്റെ അന്തസ്സത്തയ്ക്കും നിരക്കുന്നതല്ല.

ബൈബിളിൽ ഒരിടത്തും ത്രിത്വം (Trinity) അല്ലെങ്കിൽ ത്രിയേകത്വം എന്ന വാക്കോ ആ ആശയമോ അതു സ്ഥാപിക്കാൻ മതിയായ തെളിവുകളോ ഇല്ല. മറിച്ച്, ഏകദൈവ വിശ്വാസത്തെ ഉറപ്പിക്കാനുതകുന്ന വാക്യങ്ങൾ ധാരാളം കാണുകയും ചെയ്യുന്നു.

ബൈബിളിലെ പഴയ നിയമത്തിൽ അനേകം പ്രവാചകന്മാരുടെ കഥകൾ വിവരിക്കപ്പെട്ടിരിക്കുന്നു. അവരൊക്കെ പഠിപ്പിച്ചത് ഏകദൈവ വിശ്വാസമായിരുന്നു. ദൈവം മൂന്നാളുകൾ ആയിരുന്നെങ്കിൽ അതേപ്പറ്റി യേശുവിന് മുമ്പുണ്ടായിരുന്ന പ്രവാചകർ വ്യക്തമായി പഠിപ്പിക്കേണ്ടതായിരുന്നു. യേശു ഒരു യഹൂദ കുടുംബത്തിലാണ് ജനിച്ചത്. യഹൂദന്മാരുടെ ഇടയിലാണ് അദ്ദേഹം മതപ്രബോധനം ആരംഭിച്ചത്. ക്രിസ്തീയ സഭകൾ അവകാശപ്പെടുന്നതു പോലെ ദൈവം മനുഷ്യനായി അവതരിക്കുമെന്നും, അങ്ങനെ അവതരിക്കുന്ന ആൾ ദൈവപുത്രനായിരിക്കുമെന്നും, അങ്ങനെ ദൈവവും പുത്രനും പരിശുദ്ധാത്മാവും ഉൾപ്പെടുന്ന മൂന്നാളുകൾ ചേർന്ന ഒരു ത്രിത്വമാണ് യാഥാർഥ്യം എന്നുമുണ്ടെങ്കിൽ അതെപ്പറ്റി യഹൂദർക്ക് യാതൊരു അറിവും ഇല്ലായിരുന്നു. പ്രവാചകനായിരുന്ന മോശ, യെശയ്യാവ്, യിരമ്യാവ് തുടങ്ങിയവർ മേൽപറഞ്ഞ തരത്തിലുള്ള ഒരു പ്രവചനം നടത്തിയിരുന്നെങ്കിൽ യഹൂദർക്കതറിയുമായിരുന്നു. പക്ഷേ, അങ്ങനെ ഒരു യഹൂദ പണ്ഡിതനും പറഞ്ഞിട്ടില്ല. ഇതിന്ന് ബൈബിളിന്റെ ആദ്യഭാഗമായ പഴയ നിയമം തെളിവാണ്:



1) ആവർത്തന പുസ്തകം 4: 35

''യഹോവ തന്നെ ദൈവം, അവനല്ലാതെ മറ്റൊരുത്തനുമില്ല.''

2) ആവർത്തന പുസ്തകം 6: 4

''യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ.''

3) ആവർത്തന പുസ്തകം 32: 39

''ഞാൻ, ഞാൻ മാത്രമേയുള്ളൂ. ഞാനല്ലാതെ ദൈവമില്ല.''

4) I രാജാക്കന്മാർ 8: 60

''യഹോവ തന്നെ ദൈവം, മറ്റൊരുത്തനുമില്ല.........''

5) II രാജാക്കന്മാർ 19: 15

''കെരൂബുകൾക്ക് മീതെ അധിവസിക്കുന്ന ദൈവമായ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സകല രാജ്യങ്ങൾക്കും ദൈവം ആകുന്നു.''

6) യെശയ്യാവ് 44: 8

''ഞാനല്ലാതെ ഒരു ദൈവമുണ്ടോ? ഒരു പാറയും ഇല്ല.''

കൂടാതെ, യെശയ്യാവ് 45: 5, 45: 21, 45: 22, 46: 9 എന്നീ വാക്യങ്ങളും ദൈവത്തിന്റെ ഏകത്വത്തെ ഉറക്കെ പ്രഖ്യാപിക്കുന്നു.

ക്രിസ്ത്വബ്ദം 185-നും 254-നും ഇടയ്ക്ക് ജീവിച്ചിരുന്ന പ്രമുഖ ക്രിസ്തീയ പണ്ഡിതനായിരുന്നു ബിഷപ് ഓറിജൻ. ദൈവം ഏറ്റവും വലിയവനാണെന്നും യേശു ദൈവത്തിന്റെ ഒരടിമ മാത്രമായിരുന്നുവെന്നും അദ്ദേഹം പറയുന്നു. തന്റെ അറുനൂറോളം ലേഖനങ്ങളിൽക്കൂടി അദ്ദേഹം ദൈവത്തിന്റെ ഏകത്വം സമർഥിക്കുന്നു. ക്രിസ്ത്വബ്ദം 250-നും 336-നുമിടയിൽ ജീവിച്ചിരുന്ന അരിയൂസ് (Arius) എന്ന ബിഷപ്പ് ഇങ്ങനെ വാദിച്ചു:

1) യേശു ദൈവത്തിന്റെ പുത്രനും ദൈവം യേശുവിന്റെ പിതാവുമാണെങ്കിൽ, പിതാവിന്നു ശേഷമല്ലേ പുത്രനുണ്ടാവുക? പിതാവ് പുത്രനു മുമ്പ് ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നുവെങ്കിൽ, പുത്രനില്ലാതിരുന്ന കാലം ഉണ്ടായിരുന്നു. അപ്പോൾ പുത്രൻ എന്നും നിലനിന്നിട്ടില്ലാതിരുന്ന ഒരു സൃഷ്ടിയാണെന്ന് വരുന്നു. അതേ സമയം, ദൈവം എന്നെന്നും നിലനിന്നിരുന്നു, എന്നും നിലനില്ക്കുകയും ചെയ്യും. അതുകൊണ്ട് പുത്രൻ ദൈവമല്ല.

2) ദൈവത്തിന് മാറ്റമില്ല. പക്ഷേ, യേശുവിന്ന് മാറ്റമുണ്ടായിരുന്നു. യേശു ജനിക്കുകയും വളരുകയും മരിക്കുകയും ചെയ്തു. കൂടാതെ, യേശു ഇങ്ങനെ പറയുകയും ചെയ്തു: ''പിതാവ് എന്നെക്കാൾ വലിയവനല്ലോ'' (യോഹന്നാൻ 14:28). അപ്പോൾ യേശുവും പിതാവും തുല്യരാണെന്ന് വിശ്വസിക്കുന്നത് ശരിയല്ല.

മേൽപറഞ്ഞ വാദങ്ങളുടെ ഉടമയായ അരിയൂസിനെ മഹറോൻ ചൊല്ലുകയും (സഭയിൽ നിന്നു പുറത്താക്കുകയും) ജയിലിലടക്കുകയും ചെയ്തുകൊണ്ടാണ് സഭ ത്രിത്വം പ്രചരിപ്പിച്ചത്; അല്ലാതെ അദ്ദേഹം പറഞ്ഞത് യേശുവിന്റെ അധ്യാപനങ്ങൾക്കെതിരാണെന്ന് തെളിയിച്ചുകൊണ്ടല്ല. പിന്നീട് അരിയൂസ് അദ്ദേഹത്തിന്റെ ഒരു സുഹൃത്തിനെഴുതിയ കത്തിൽ ഇങ്ങനെ പറഞ്ഞു: ''നാം മർദിക്കപ്പെടുന്നു. കാരണം, യേശുവിനു ഒരു ആരംഭമുണ്ടെന്നും ദൈവത്തിന് ആരംഭമില്ലെന്നും നാം പറയുന്നു.''[2]

1615 -നും 1662 -നും ഇടയ്ക്ക് ജീവിച്ചിരുന്ന ഇംഗ്ലീഷുകാരനായ ജോൺ ബിഡിൽ, ത്രിത്വത്തെ എതിർത്തുകൊണ്ട് പന്ത്രണ്ടു വാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവയിൽ ചിലതു താഴെ കൊടുക്കുന്നു:

1) പരിശുദ്ധാത്മാവിനെ ഇസ്രയേൽ മക്കൾക്ക് യഹോവ നല്കിയതായി ബൈബി

ളിൽ പറയുന്നു. അതുകൊണ്ട് യഹോവയും പരിശുദ്ധാത്മാവും ഒന്നല്ല.

2) ദൈവം ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറുന്ന പ്രശ്നമില്ല. കാരണം, ദൈവം എല്ലായിടത്തുമുണ്ട്. പക്ഷേ, പരിശുദ്ധാത്മാവ് സ്ഥലം മാറുന്നതിന്ന് ബൈബിൾ തെളിവാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് ദൈവമല്ല.

3) താനെന്താണ് പറയേണ്ടതെന്ന് വേറൊരാൾ പറയുന്നതു കേട്ടു, പറയുന്നയാൾ പഠിപ്പിക്കപ്പെടുന്നു. യേശു ഇങ്ങനെ പഠിപ്പിക്കപ്പെട്ടു. പക്ഷേ, ദൈവം പഠിപ്പിക്കപ്പെടുകയില്ല, അതായത് ദൈവത്തെ ആർക്കും പഠിപ്പിക്കാൻ സാധ്യമല്ല. അതുകൊണ്ട് യേശു ദൈവമല്ല.

4) യോഹന്നാൻ 8:26-ൽ പറയുന്നു: ''എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവനോടു കേട്ടതുതന്നെ ഞാൻ ലോകത്തോടു സംസാരിക്കുന്നു എന്ന് യേശു പറഞ്ഞു.'' ഇതിൽനിന്നും നാം എന്തു മനസ്സിലാക്കുന്നു?

അയയ്ക്കപ്പെടുന്നവൻ ദൈവമല്ല; അതുകൊണ്ട് യേശു ദൈവമല്ല; പരിശുദ്ധാത്മാവും ദൈവമല്ല.

ജോൺ ബിഡിൽ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ ഇങ്ങനെ എഴുതി: ''എല്ലാ വസ്തുക്കളുടെയും ആദ്യ കാരണവും ആകാശഭൂമികളുടെ സ്രഷ്ടാവുമായ ഏറ്റവും ഉന്നതനായ ദൈവം മാത്രമേ നമ്മുടെ വിശ്വാസവും ആരാധനയും അർഹിക്കുന്നുള്ളൂ; ആ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. നമ്മുടെ എല്ലാ ദൗർബല്യങ്ങളും മനസ്സിലാക്കി നമ്മെ സഹായിക്കാൻ തയ്യാറായ നമ്മുടെ ഒരു സഹോദരൻ എന്ന നിലയിൽ ഞാൻ യേശുവിൽ വിശ്വസിക്കുന്നു. യേശുവിന്ന് മനുഷ്യപ്രകൃതി മാത്രമേയുള്ളൂ, അദ്ദേഹം ദൈവത്തിന്നടിമയാണ്. അദ്ദേഹം വേറൊരു ദൈവമല്ല. രണ്ടു ദൈവമില്ല. പരിശുദ്ധാത്മാവ് ദൈവത്തിന്റെ സന്ദേശമെത്തിക്കാൻ നിയുക്തനായ മാലാഖ മാത്രമാണ്. [3]

ഇങ്ങനെ ബൈബിൾ ദൈവത്തിന്റെ ഏകത്വമാണ് വിളംബരം ചെയ്യുന്നതെന്ന് അനേകം പണ്ഡിതർ പറയുന്നു. പക്ഷേ, സഭ ഇതിന്നു നല്കുന്ന മറുപടി എന്താണ്? ദൈവം മൂന്നായിരുന്നു എന്ന സത്യം ദൈവം ആദ്യം പറഞ്ഞില്ല എന്നും അത് കാലാന്തരത്തിൽ പ്രകടിപ്പിക്കപ്പെടുകയാണുണ്ടായതെന്നും. അതായത്, ത്രിത്വത്തിന്റേതായ സിദ്ധാന്തം കൊണ്ടുവരാൻ യേശുവിനു ശേഷമുള്ള സഭാ മേലധ്യക്ഷന്മാരെ ദൈവം ഏല്പിച്ചു എന്നു സാരം. ഏതായാലും കാര്യങ്ങളുടെ നിജസ്ഥിതി വഴിയെ പരിശോധിക്കാം.

ഇനി, സഭയുടെ സിദ്ധാന്തപ്രകാരം ദൈവപുത്രനായ യേശു വന്നതെന്തിനെന്ന് നോക്കാം. പാപിയായ മനുഷ്യന്റെ പാപമേറ്റെടുത്ത് കുരിശുമരണം വരിക്കാൻ, അങ്ങനെ പാപം തീർക്കാൻ. മനുഷ്യൻ എങ്ങനെ പാപിയായി? ആദിപിതാവായ ആദാമും മാതാവായ ഹവ്വായും ദൈവത്തിന്റെ ആജ്ഞ ലംഘിച്ചു. അതിന്റെ ഫലം സന്തതിപരമ്പരകളിൽ കൂടി കടന്ന് ഓരോ മനുഷ്യനിലും എത്തുന്നു. ഒടുവിൽ, നൂറ്റാണ്ടുകൾക്കു ശേഷം, ദൈവം തന്റെ ഏകജാതനായ പുത്രനെ പാപമേറ്റെടുത്തു മരിക്കാൻ വേണ്ടി ഭൂമിയിലേക്കയച്ചു. ഈ പുത്രനും പിതാവും ഒന്നുതന്നെയാണ്. അതായത് ദൈവം തന്നെ മറിയമിന്റെ വയറ്റിൽ കുഞ്ഞായി പിറന്നു. അതു സംഭവിച്ചത്, മറിയം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കപ്പെട്ടതു കൊണ്ടാണ്. പരിശുദ്ധാത്മാവ് ആരാണ്? അതും ദൈവം തന്നെ. അങ്ങനെ ദൈവം മൂന്നായി എന്നു പറയാം: പിതാവും പുത്രനും പരിശുദ്ധാത്മാവും. പുത്രൻ മനുഷ്യനാണ്. എന്നാൽ ദൈവവു



യേശുവും ദൈവവും ഒന്നാണെന്നുള്ള അബദ്ധജടിലമായ വാദത്തിനുപോദ്ബലകമായി സഭാ പ്രതിനിധികൾ സാധാരണ ഉദ്ധരിക്കാറുള്ള ഒരു വാക്യം താഴെ കൊടുക്കുന്നു (യോഹന്നാൻ 14 : 89) ''ഫിലിപ്പോസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്ക് മതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത്, ഞാൻ ഇത്ര കാലം നിങ്ങളോടു കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു.'' ഇതിന്റെ അർഥം, പിതാവിനെ കാണാൻ കഴിയുകയില്ലെന്നും, ഞാൻ പിതാവിന്റെ പ്രതിനിധിയായിരിക്കെകൊണ്ട് എന്നിലൂടെയാണ് ദൈവം വെളിവാകുന്നത് എന്നുമാണ്. അതായത്, ദൈവത്തിന്റെ പ്രവാചകരാണ് ദൈവിക സന്ദേശം മനുഷ്യർക്കെത്തിച്ചു കൊടുക്കുന്നത്. ആ നിലയ്ക്ക് അവരെ മാതൃകയാക്കി ജീവിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. അങ്ങനെയാണ് ദൈവത്തെ 'കാണാൻ' കഴിയുക. ഇതല്ലാതെ, യേശു ദൈവം തന്നെയാണ് എന്നിതിനർഥമില്ല. കാരണം, 1. തിമോഥിയോസ് 6 :16-ൽ പറയുന്നു ''...... മനുഷ്യൻ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനും ആയവൻ'' ആണ് ദൈവം എന്ന്. കൂടാതെ, യോഹന്നാൻ 1 : 18-ൽ പറയുന്നു: ''ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല.'' പഴയ നിയമത്തിലെ പുറപ്പാട് എന്ന പുസ്തകത്തിൽ ദൈവം മോശയോട് പറയുന്നു: ''നിനക്ക് എന്റെ മുഖം കാണാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെക്കണ്ട് ജീവനോടെ ഇരിക്കയില്ല'' (പുറപ്പാട് 33 : 20).

മേൽ വിശദീകരിച്ചതുപോലെ, അവ്യക്തമായ ബൈബിൾ വാക്യങ്ങൾ, മറ്റു തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ വേണം വ്യാഖ്യാനിക്കാൻ. ഈ തത്ത്വത്തിന് വിരുദ്ധമായി, സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി സഭാ പ്രതിനിധികൾ ദുർവ്യാഖ്യാനം നടത്തിയതിന്റെ ഫലമായിട്ടാണ് ദൈവത്തിന്റെ പ്രവാചകന്മാരായ അബ്രഹാമും മോശയും ദാവീദും യേശുതന്നെയും പറഞ്ഞതിന്നെതിരായി പുതിയ സിദ്ധാന്തങ്ങൾ ഉരുത്തിരിഞ്ഞത്.

'ദൈവപുത്രൻ' എന്ന വാക്ക് തന്നെ ബൈബിളിലുപയോഗിച്ചിരിക്കുന്നത് പ്രവാചകൻ എന്ന അർഥത്തിലും, ചില സ്ഥലങ്ങളിൽ മനുഷ്യൻ എന്ന അർഥത്തിലുമാണ്. ലൂക്കോസ് രണ്ടാമധ്യായത്തിൽ, ആദാം ദൈവപുത്രനാണെന്നു പറഞ്ഞിരിക്കുന്നു. ഒന്നാം ദിനവൃത്താന്തത്തിൽ ദൈവം ശലമോനെപ്പറ്റി (സുലൈമാൻ, Solomon) ഇങ്ങനെ പറയുന്നു. 22 : 10: ''അവൻ എനിക്ക് മകനായും ഞാൻ അവന് അപ്പനായും ഇരിക്കും.'' മത്തായി 5: 9- ൽ പറയുന്നു. ''സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.'' ഇങ്ങനെ അനേകം ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ദൈവത്തിനെ പിതാവ് എന്നും ദൈവത്തിന്റെ അടിമകളെ പുത്രന്മാർ എന്നും വിളിക്കുന്ന സമ്പ്രദായം പഴയ നിയമകാലത്തേ ഉള്ളതായിരുന്നു. അതുപോലെതന്നെ ഹീബ്രു, അരമായിക്, അറബി തുടങ്ങിയ സെമിറ്റിക് ഭാഷകളിലെ പദപ്രയോഗ സമ്പ്രദായവുമായിരുന്നു ഇത്. 'പിതാവ്' എന്ന പദം ദൈവത്തിനും 'പുത്രൻ' എന്ന പദം മനുഷ്യനും പകരമായി പഴയ തിരുവെഴുത്തുകളിൽ ഉപയോഗിച്ചിരുന്നതിനെ ആളുകൾ തെറ്റിദ്ധരിക്കുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ ആശയക്കുഴപ്പങ്ങളെല്ലാം ഉണ്ടായത്. ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധി എന്ന ഉന്നതമായ പദവിയാണ് ദൈവം മനുഷ്യന് നല്കിയിരിക്കുന്നത്. ഈ അർഥത്തിലാണ് 'ദൈവപുത്രൻ' എന്ന പദം മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉപയോഗിച്ചിട്ടുള്ളതും. ഹീബ്രൂ ഭാഷയിൽ 'ബാർ ജീസസ്' അഥവാ 'യേശുവിന്റെ പുത്രൻ' എന്ന് പ്രയോഗിച്ചിട്ടുള്ള ഉദാഹരണങ്ങൾ

കാണാം. ഇതിന്റെ അർഥം യേശുവിന്റെ അനുയായി എന്നു മാത്രമാണ്. അറബിയിൽ 'ഇബ്നുസ്സബീൽ' അഥവാ 'റോഡിന്റെ മക്കൾ' എന്ന് പ്രയോഗമുണ്ട്. ഇതിന്റെ അർഥം 'യാത്രക്കാർ' എന്നാണ്. ഇതുപോലെ യേശുവിനെ 'ദൈവപുത്രൻ' എന്ന് വിശേഷിപ്പിച്ചിട്ടുള്ളതും ആലങ്കാരികാർഥത്തിലാണ്. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഇതേ വിശേഷണം മറ്റെല്ലാ പ്രവാചകന്മാരെപ്പറ്റിയും ഉപയോഗിക്കാം. കുറേക്കൂടി വിശാലമായ അർഥത്തിൽ മനുഷ്യരെല്ലാം ദൈവപുത്രന്മാരാണ്. ഇതിനപ്പുറം ഒരാൾക്ക് അയാളുടെ ഭാര്യയിലുണ്ടാവുന്ന പുത്രൻ എന്ന അർഥത്തിൽ യേശുവിനെക്കുറിച്ച് 'പുത്രൻ' എന്നും, അത്തരത്തിലുള്ള അർഥത്തിൽ ദൈവത്തെക്കുറിച്ച് 'പിതാവ്' എന്നും പറയുമ്പോൾ, അത് ദൈവദോഷമായി മാറുന്നു. യേശു പിതാവില്ലാതെ ഭൂജാതനായി എന്നത് ശരിയാണ്. അത് ദൈവനിശ്ചയം കാരണവുമാണ്. പക്ഷേ, അതുകൊണ്ട് യേശു ദൈവത്തിന്റെ മകൻ ആകുന്നില്ല. ആകുമെങ്കിൽ, പിതാവും മാതാവുമില്ലാതെ ജനിച്ച ആദാമാണ് ആ പദവിക്ക് കൂടുതൽ അർഹൻ. പിതാവില്ലാതെ ഒരു കുട്ടി ജനിക്കാൻ ദൈവം കാരണക്കാരനാണെങ്കിൽ, അത് ആ കുട്ടിയുടെ കഴിവു കൊണ്ടല്ല; മറിച്ച് ദൈവത്തിന്റെ കഴിവ് കൊണ്ടാണ്. ആ നിലയ്ക്ക് ദൈവമാണ് നമ്മുടെ ആരാധന അർഹിക്കുന്നത്. അല്ലാതെ ആ കുട്ടിയെ ദൈവ പദവിയിലേക്കുയർത്തുന്നതിന് യാതൊരു ന്യായീകരണവുമില്ല.

ഇതുവരെ പറഞ്ഞത് ശരിയെങ്കിൽ, ഇന്ന് നിലവിലുള്ള ക്രിസ്തീയ വിശ്വാസങ്ങൾ എങ്ങനെയാണ് രൂപം കൊണ്ടത്? അവയ്ക്കുപോദ്ബലകമായ ഏതാനും വാക്യങ്ങൾ എന്തുകൊണ്ടാണ് ബൈബിളിൽ കാണുന്നത്? ഈ ചോദ്യത്തിന് മറുപടി പറയണമെങ്കിൽ ബൈബിൾ എങ്ങനെ എഴുതപ്പെട്ടുവെന്നും ആരാണ് എഴുതിയതെന്നും മനസ്സിലാക്കണം. അവയെപ്പറ്റി പ്രതിപാദിക്കുന്നതിന്ന് മുമ്പ് ഇന്നത്തെ ബൈബിളിലുള്ള ചില കാര്യങ്ങളും അതോടു ബന്ധപ്പെട്ട ക്രിസ്തീയ വിശ്വാസങ്ങളും എന്താണെന്ന് പരിശോധിക്കാം.

അധ്യായം നാല്

4. "Why did Early Christians accept Islam?" by J. D. Shams.



# കുരിശുമരണവും ഉയിർത്തെഴുന്നേല്പും

**യേ**ശു ക്രൂശിക്കപ്പെട്ടു എന്നുള്ളത് ചരിത്ര വസ്തുതയാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. പക്ഷേ, യേശുവിന്റെ ജീവചരിത്രം ക്രിസ്ത്യാനികളല്ലാതെ വേറെയാരും അക്കാലത്തോ അതിനടുത്ത കാലത്തോ എഴുതിയിട്ടില്ല. അക്കാലത്തെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളവരും യേശുവിന്റെ കാലത്ത് ജീവിച്ചിരുന്നിട്ടുള്ളവരുമായ മറ്റു ചരിത്രകാരന്മാരും യേശുവിനെപ്പറ്റി ഒന്നും പറയുന്നില്ല. ഇക്കാരണത്താൽ യേശു എന്നൊരാൾ യഥാർഥത്തിൽ ജീവിച്ചിരുന്നിട്ടേയില്ല എന്ന് യുക്തിവാദികൾ വാദിക്കുന്നുമുണ്ട്. അപ്പോൾ ക്രിസ്തുവിന്റെ ചരിത്രം, ഇന്ന് പൊതുവേ അറിയപ്പെടുന്ന വിധത്തിൽ എഴുതപ്പെട്ടിട്ടുള്ളത് ക്രിസ്തീയ ഗ്രന്ഥങ്ങളിലോ അവയെ ആസ്പദമാക്കി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിലോ മാത്രമാണ്. കൂടാതെ യേശുവിന്റെ ചരിത്രം, ഈയിടെ നടന്ന ഗവേഷണങ്ങളുടെ ഫലമായും, അതുപോലെത്തന്നെ 'ചാവുകടൽ ചുരുളുകൾ' (Dead Sea Scrolls) എന്നറിയപ്പെടുന്ന പൗരാണിക രേഖകളുടെയും മറ്റു തെളിവുകളുടെയും അടിസ്ഥാനത്തിലും എഴുതപ്പെട്ടിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ, അങ്ങനെയുള്ള കൃതികൾ ബൈബിളിനോട് വിയോജിക്കുമ്പോൾ ക്രിസ്ത്യാനികൾ സ്വീകരിക്കുന്നില്ല. ഇവയൊക്കെ കൂടാതെ മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആനിൽ യേശുവിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. പക്ഷേ, അതും ക്രിസ്ത്യാനികൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട്, ബൈബിളിന്റെ അടിസ്ഥാനത്തിൽ മാത്രം ക്രൂശുമരണത്തെയും ഉയിർത്തെഴുന്നേല്പിനെയും നമുക്ക് പരിശോധനാ വിഷയമാക്കാം; അവ ചരിത്ര വസ്തുതകളാവാൻ സാധ്യതയുണ്ടോ എന്ന് നോക്കാം.

മൂന്ന് മണിക്കൂർ മാത്രമേ യേശു കുരിശിൽ കിടന്നുള്ളൂവെന്ന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു. 27: 45: ''ആറാം മണി നേരം മുതൽ ഒമ്പതാംമണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാം മണിനേരത്ത് യേശു ''ഏലീ, ഏലീ ലമ്മാ ശബക്താനി'' എന്ന് ഉറക്കെ നിലവിളിച്ചു. എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവിട്ടതെന്ത് എന്നർഥം.....യേശു പിന്നെയും ഉറക്കെ നിലവിളിച്ച് പ്രാണനെ വിട്ടു. ചുരുക്കത്തിൽ, മൂന്ന് മണിക്കൂർ മാത്രമേ യേശു കുരിശിൽ കിടന്നുള്ളൂ. ഇപ്പറഞ്ഞത് ശരിയെങ്കിൽ ഈ മൂന്ന് മണിക്കൂറിനുള്ളിൽ യേശു യഥാർഥത്തിൽ ബോധം കെട്ടിരിക്കാനാണ് സാധ്യത. കാരണം ക്രൂശിക്കുമ്പോൾ രണ്ടു കൈകൾ വിടർത്തി കുരിശിന്റെ ശിഖരത്തിലും, രണ്ടു പാദങ്ങളും ഒന്നിച്ചാക്കി തൂണിൽ ആണിയടിക്കുകയായിരുന്നു അന്നത്തെ പതിവ്. അക്കാലത്ത് റോമാ സാമ്രാജ്യത്തിൽ നിലവിലിരുന്ന വധശിക്ഷാ സമ്പ്രദായം ഇതായിരുന്നു.

ഇങ്ങനെ ക്രൂശിൽ തറക്കപ്പെടുന്നയാൾ സാധാരണയായി രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷമാണ് മരിക്കുക. മരണകാരണം, ശരീരത്തിലേൽക്കുന്ന മുറിവിനേക്കാൾ കൂടുതലായി ആഹാരമില്ലായ്മ, മാനസിക ക്ഷതം എന്നിവയാണ്. അതുകൊണ്ട്, യേശുവിന്റെ കാര്യത്തിൽ മാത്രം മൂന്നു മണിക്കൂർ കൊണ്ട് മരണം സംഭവിച്ചു എന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്. ഇനി യേശുവിന് ഹൃദ്രോഗമുണ്ടായി എന്നാണ് വാദമെങ്കിൽ കുരിശു മരണമെന്ന ആശയത്തിന് തന്നെ തകരാറു സംഭവിക്കുന്നു. മനുഷ്യ വർഗത്തിന്റെ പാപങ്ങൾ ശിരസാ വഹിച്ച ദൈവപുത്രൻ പാപങ്ങ

ളുടെ ഭാരത്താൽ വേഗം മരിച്ചുപോയി എന്ന് ബൈബിൾ പണ്ഡിതൻമാർ പറയുന്നു. പക്ഷേ, സ്വാഭാവികമായും നമുക്കെത്താൻ കഴിയുന്ന നിഗമനം ഇതാണ്- അബോധാവസ്ഥയിലായിരുന്ന യേശു മരിച്ചു എന്ന് കരുതി പട്ടാളക്കാർ താഴെയിറക്കിയിട്ടുണ്ടാവും. പിലാത്തോസ് വിവരം അറിഞ്ഞപ്പോൾ 'അവൻ മരിച്ചുകഴിഞ്ഞുവോ' എന്ന് ആശ്ചര്യപ്പെട്ടു ശതാധിപനെ വിളിച്ചു ചോദിച്ചതായി മാർക്കോസ് (15: 44) പറയുകയും ചെയ്യുന്നു. അദ്ദേഹം മരിച്ചിട്ടുണ്ടാവാൻ സാധ്യതയില്ലായെന്ന് ഇതിൽ നിന്നു നമുക്കനുമാനിക്കാവുന്നതാണ്. കുരിശിൽ നിന്ന് താഴെയിറക്കപ്പെട്ട യേശുവിന്റെ ശരീരം ഒരു ശിഷ്യനായ അരിമഥ്യയിലെ യോസേഫ് ഏറ്റുവാങ്ങി ഒരു കല്ലറയിൽ കിടത്തി. പ്രസ്തുത യോസേഫ് നോക്കിയപ്പോൾ, യേശു മരിച്ചിട്ടില്ലെന്ന് ബോധ്യമായിരിക്കണം. അയാൾ തീർച്ചയായും ഇത് രഹസ്യമായി സൂക്ഷിച്ചു. കാരണം, വിവരം പുറത്തായാൽ റോമൻ പട്ടാളക്കാർ യേശുവിനെ വീണ്ടും പിടികൂടും. അതുകൊണ്ട്, ഒരു വലിയ കല്ല് ഉരുട്ടി അയാൾ കല്ലറ വാതിൽ അടച്ചു. ഞായറാഴ്ച രാവിലെ 'മഗ്ദലനക്കാരത്തി മറിയയും മറ്റേ മറിയയും' (യാക്കോബിന്റെ അമ്മ) കല്ലറ കാൺമാൻ ചെന്നു. അവനെ പൂശേണ്ടതിന് 'സുഗന്ധവർഗവുമായി ചെന്നു' എന്ന് മാർക്കോസ് പറയുന്നു. കല്ലറയിലാക്കിയ ദേഹത്തിൽ, മരിച്ച് മൂന്നാം ദിവസം സുഗന്ധം പൂശുന്നതിന്റെ പ്രസക്തിയെപ്പറ്റി ചിന്തിക്കുക. അവർ എത്തിയപ്പോൾ കല്ലറവാതിലിൽ വച്ചിരുന്ന കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു (മാർക്കോസ്). വെള്ള നീലയങ്കി ധരിച്ച ഒരു 'ബാല്യക്കാരൻ' ആ കല്ലിൻമേൽ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു, യേശു ഉയിർത്തെഴുന്നേറ്റുവെന്ന്. ഇതുകേട്ട അവർക്ക് വിറയലും ഭ്രമവും പിടിച്ചു. അവർ കല്ലറ വിട്ട് ഓടിപ്പോയി. ''അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല'' (മാർക്കോസ്). എന്നിട്ട് യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് മഗ്ദലനക്കാരത്തി മറിയക്കായിരുന്നു. അവൾ മറ്റുള്ളവരോട്, അവൻ ജീവനോടിരിക്കുന്നു എന്ന് പറഞ്ഞിട്ട് മറ്റുള്ളവർ വിശ്വസിച്ചില്ല. കർത്താവ് ചെയ്ത അദ്ഭുതങ്ങൾ ഒക്കെ നേരിൽ കണ്ട, കർത്താവ് ദൈവപുത്രനാണെന്ന് ബോധ്യപ്പെട്ട, കർത്താവ് ക്രൂശിക്കപ്പെടുമെന്നും ഉയിർത്തെഴുന്നേൽക്കുമെന്നുള്ള പ്രവചനങ്ങൾ അറിയുമായിരുന്ന പരിശുദ്ധൻമാരായ ശിഷ്യൻമാർ, കർത്താവ് ഉയിർത്തെഴുന്നേറ്റ വിവരം പറഞ്ഞിട്ടും വിശ്വസിച്ചില്ല. യേശു അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോളാണവർ വിശ്വസിച്ചത്. യേശു ക്രൂശിൽ തറക്കപ്പെട്ടു ക്ഷതമേറ്റ, അതേ ശരീരവുമായിട്ടാണ് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. പട്ടാളക്കാരദ്ദേഹത്തെ പിടികൂടാതിരിക്കാൻ വേണ്ടി അദ്ദേഹം വേഷപ്രച്ഛന്നനായിരുന്നതു കൊണ്ടും മരിച്ച അദ്ദേഹത്തെ ശിഷ്യൻമാർ ഒരിക്കലും പ്രതീക്ഷിക്കാതിരുന്നതു കൊണ്ടുമായിരിക്കണം അവർക്കദ്ദേഹത്തെ ആദ്യം മനസ്സിലാവാതിരുന്നത്. മരിച്ചു എന്ന് അവർ വിശ്വസിച്ചിരുന്ന യേശു അവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പ്രേതമായിരിക്കുമെന്ന് വിചാരിച്ച അവർ പേടിച്ചു. കാരണം, ലൂക്കോസ് (24: 37,38) പറയുന്നു: ''അപ്പോൾ യേശു ഞാൻ തന്നെയാകുന്നു എന്ന് എന്റെ കൈയും കാലും നോക്കി അറിവിൻ. എന്നെ തൊട്ടുനോക്കുവിൻ.... എന്നിൽ കാണുന്നതു പോലെ ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോയെന്ന് പറഞ്ഞു അവർ അതിശയിച്ച് നില്ക്കുമ്പോൾ, തിന്നാൻ വല്ലതുമുണ്ടോ എന്നു ചോദിച്ചു. അവർ വറുത്ത മീനും തേൻകട്ടയും അവന്ന് കൊടുത്തു. അവൻ അത് വാങ്ങി അവർ കാൺകെ തിന്നുകയും ചെയ്തു.''

മുറിവേറ്റ ശരീരമുള്ള വിശക്കുന്ന ഒരു യേശുവിനെയാണ് നാമിവിടെ കാണുന്നത്. മരണശേഷം അദ്ഭുതകരമായി ഉയിർത്തെഴുന്നേറ്റ യേശുവിന് വിശപ്പും ക്ഷീണവും ഉണ്ടാവുക സാധ്യമാണോ? വാസ്തവത്തിൽ യേശു ഉയിർത്തെഴുന്നേറ്റു



എന്ന് വിശ്വസിക്കുന്നതിനേക്കാൾ യുക്തി മരിച്ചിട്ടില്ലെന്ന് വിശ്വസിക്കുന്നതിനല്ലേ? ഇങ്ങനെ നോക്കുമ്പോൾ യേശു കുരിശിൽ കിടന്ന് മരിച്ചിട്ടില്ലായെന്നും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട യേശു മരിച്ചിട്ടുയിർത്തവനല്ലായെന്നും ബൈബിളിന്റെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. ശിഷ്യന്മാരുടെ അടുത്ത് നിന്ന് യേശു ഗലീലയിലേക്ക് പോയി എന്നു പറയുന്നതും ഈ വാദത്തിന് ഉപോദ്ബലകമാണ്. ഉയിർത്തെഴുന്നേറ്റ യേശുവിന്, തന്നെ ശത്രുക്കൾ കൊല്ലുമെന്ന് ഭയപ്പെടേണ്ട കാര്യമില്ലല്ലോ. കാരണം, ഉയിർത്തെഴുന്നേറ്റവന്ന് മരണം വീണ്ടുമുണ്ടോ? പക്ഷേ, മൂന്നാം ദിവസം കാണപ്പെട്ട യേശു ഗലീലയിലേക്ക് ഉടൻതന്നെ നീങ്ങുകയാണുണ്ടായത്.

റവ. എഫ്. ഡി. മോറിസ് പറയുന്നു: ''വിശ്വാസത്തിന് വേണ്ടി കൊല്ലുന്നവൻ ദുർബലനാണ്; വിശ്വാസത്തിന് വേണ്ടി മരിക്കുന്നവൻ ശക്തനാണ്.'' ഗയോർഡാനോ ബ്രൂണോ, ജൂലിയസ് സീസർ, വാനിനി എന്നിവരെ മതവിരുദ്ധാശയങ്ങളുടെ പേരിൽ ക്രിസ്തീയ സഭ ചുട്ടുകരിച്ചുകൊന്നു. അവർ അന്ധവിശ്വാസമെന്ന് കരുതിയതിനെതിരെ വെല്ലുവിളിച്ചുകൊണ്ടു മരിച്ചു. അങ്ങനെ അവരുടെ ശക്തി അവർ തെളിയിച്ചു. പക്ഷേ, യേശു ദൈവമെന്ന നിലയിൽ മനുഷ്യൻ ചെയ്യാത്ത ജന്മപാപം അവന് പൊറുത്തുകൊടുത്തുകൊണ്ട് സ്വയം മരണം വരിച്ചു. ഈ പാപം പരിഹരിക്കുവാനുള്ള മരണം ആസന്നമായപ്പോൾ യേശു നിരാശയുടെ അടിത്തട്ടിൽ നിന്ന് വിളിച്ചുപോയി: ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവെടിഞ്ഞതെന്ത്?'' ഇതേപറ്റി റവ. ഈനോക്ക് മെല്ലർ പറയുന്നത് ഈ വാക്യത്തിന്റെ യഥാർഥ അർഥം മനസ്സിലാകണമെങ്കിൽ പരിത്യാഗത്തിന്റെ വേദന ശരിക്കും അനുഭവിക്കണമെന്നാണ്. പരിത്യാഗം അഥവാ കൈവെടിയലിന്റെ കയ്പുറ്റ വേദനയാണീ വാക്യം വ്യക്തമാക്കുന്നതെങ്കിൽ, അത് യേശു പറഞ്ഞതിനെതിരാണ്: ''അബ്രഹാമിന് മുമ്പ് ഞാനുണ്ടായിരുന്നു,'' ''ഞാനും, എന്റെ പിതാവും ഒന്നാണ്,'' ''നിന്റെ നാഥനായ ദൈവത്തെ നീ പരീക്ഷിക്കരുത്'' ഈ വാക്യങ്ങൾ പറഞ്ഞ അതേ ദൈവം അഥവാ ദൈവപുത്രൻ അതിന് വിരുദ്ധമായിട്ടു പറയുക സാധ്യമല്ലല്ലോ.

വാസ്തവത്തിൽ യേശു ദൈവമായിരുന്നുവെങ്കിൽ ''എന്റെ ദൈവമേ, എന്റെ ദൈവമേ'' എന്ന വിളി എത്രയോ അർഥശൂന്യമാണ്. ദൈവം ദൈവത്താൽ തന്നെ ത്യജിക്കപ്പെടുകയോ? ഇനി ദൈവമായ യേശു മനുഷ്യർ മനസ്സിലാക്കുന്നതിന് വേണ്ടി തനിക്കനുഭവിക്കാൻ കഴിയാത്തതായ നൈരാശ്യവും വേദനയും പ്രകടിപ്പിച്ചതാണെങ്കിൽ അത് ദൈവത്തിന്റെ മേൽ ശക്തമായ ഒരാരോപണവുമാണ്. അപ്പോൾ ഒന്നുകിൽ യേശു എന്ന നിസ്സഹായനായ മനുഷ്യൻ മറ്റുള്ളവരാൽ വഞ്ചിക്കപ്പെട്ടു. അല്ലെങ്കിൽ യേശു എന്ന ദൈവം ക്രൂശുമരണം അഭിനയിക്കുകയായിരുന്നു. കാരണം, ദൈവത്തിന് വേദന അനുഭവിക്കേണ്ടതായ കാര്യമില്ല, ദൈവം മരിക്കുകയില്ല. അഥവാ, ഉയിർത്തെഴുന്നേൽക്കുന്നതുവരെ ദൈവം മരിച്ച സ്ഥിതിയിലായിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന് ദൈവത്തിന്റെ ആവശ്യമില്ലെന്ന് വരുന്നു.

ക്രൂശിക്കപ്പെടുന്നതിന് മുമ്പ് ഗദ്സമേൻ തോട്ടത്തിൽ വച്ച് ''ദൈവം'' ദുർബലനാവുകയും ദൈവത്തോടു പ്രാർഥിക്കുകയും ചെയ്തു. അപ്പോൾ ദൈവത്തിന്റെ സൃഷ്ടിയായ ഒരു മാലാഖ ''ദൈവത്തിന്'' ശക്തി നല്കി (ലൂക്കോസ് 22: 44).

യോഹന്നാൻ ഒന്നാം അധ്യായം 11-ാം വാക്യത്തിൽ പറയുന്നു: ''അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല.'' അഥവാ യേശുവിന്റെ മരണവും ഉയിർത്തെഴുന്നേല്പും നടന്നെന്ന് പറയുന്ന സ്ഥലത്തെ ആളുകൾ ഇതൊന്നും വിശ്വസിച്ചില്ല, എന്നർഥം. യേശു കാണിച്ച അദ്ഭുതങ്ങളും ആ ജനത തള്ളിക്കളഞ്ഞു എന്ന് സൂചന. ബൈബിൾ പ്രകാരം, അവന്റെ സന്ദിഗ്ധഘട്ടത്തിൽ

അവന്റെ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മത്തായി 26: 56). ദൈവം തന്നെ അവനെ കൈവെടിഞ്ഞതായി അവന് തോന്നി. 'എന്നെ കൈവെടിഞ്ഞുവോ' എന്നവൻ കേണുപോയി. ഇങ്ങനെ ഏറ്റവും ദയനീയമായ സാഹചര്യത്തിലാണ് യേശു ക്രൂശിക്കപ്പെട്ടതെന്നു സുവിശേഷങ്ങൾ പറയുന്നു.

ഇനി, എന്തിന് വേണ്ടിയാണ് യേശു കുരിശുമരണം വരിച്ചതെന്നുള്ള ക്രിസ്തീയ സിദ്ധാന്തം കുറേക്കൂടി വിശദമായി പരിശോധിക്കാം. ക്രിസ്ത്യാനികൾ വിശ്വസിക്കേണ്ടത്, മനുഷ്യൻ പാപിയായി ജനിക്കുന്നുവെന്നാണ്. കാരണം, ആദ്യപിതാവായ ആദമും മാതാവായ ഹവ്വായും ചെയ്ത പാപം ആദാം സന്തതികളിലെല്ലാം ഉണ്ട്. പിതാവ് ചെയ്ത തെറ്റിന് പുത്രൻ ശിക്ഷിക്കപ്പെടുക എന്ന അനീതി ദൈവം നടത്തുന്നു എന്നർഥം. ക്രിസ്തീയ വീക്ഷണത്തിൽ ഇത് അനീതിയല്ല. കാരണം, ആ പാപത്തിന് പരിഹാരവും ദൈവം തന്നെ നടത്തി തന്റെ ''ഏകജാതനായ പുത്രന്റെ'' മേൽ ആ പാപഭാരം കയറ്റി അവനെ കുരിശിലേറ്റി. ദൈവപുത്രനായ യേശു നിഷ്കളങ്കനായിരുന്നു. ആ യേശുവിനെ മറ്റുള്ളവരുടെ പാപം തീർക്കാൻ ശിക്ഷിച്ചത് നീതിയോ? നീതിതന്നെ. കാരണം, ആ പുത്രൻ ദൈവം തന്നെയാണ്. എങ്കിൽ ഇതിന്റെ ആവശ്യമുണ്ടോ? ആദാമും ഹവ്വായും ചെയ്ത തെറ്റിന് നിഷ്കളങ്കരായ മക്കളെല്ലാം പാപികളാണെന്ന് പറയുക, എന്നിട്ട് ആ പാപം പൊറുത്ത് കൊടുത്തതായി പ്രഖ്യാപിക്കുക. അതും ദൈവം തന്നെ മനുഷ്യനായി ജനിച്ച് മനുഷ്യന്റെ പാപം ഏറ്റെടുത്ത് മരിച്ചുകൊണ്ട്. എന്നിട്ടും മനുഷ്യന്റെ പാപം തീർന്നുവോ? ഇല്ല. കർത്താവിന്റെ ക്രൂശുമരണവും മറ്റു സിദ്ധാന്തങ്ങളും വിശ്വസിച്ച് മാമോദീസാ മുക്കി സഭയിൽ അംഗത്വം നേടാത്തവർക്ക് രക്ഷയില്ല. ദൈവത്തിലും അവന്റെ പ്രവാചകരിലും വിശ്വസിച്ചാൽ പോരാ. അനാഥരെയും അഗതികളെയും സംരക്ഷിക്കുക തുടങ്ങിയ സൽക്കർമങ്ങളനുഷ്ഠിച്ചാൽ പോരാ. അന്ത്യദിനത്തിൽ ദൈവത്തിനു മുമ്പിൽ സമാധാനം പറയേണ്ടിവരുമെന്ന് വിശ്വസിച്ചു അതനുസരിച്ച് ജീവിച്ചാൽ പോരാ. കർത്താവിന്റെ കുരിശുമരണത്തിൽ വിശ്വസിച്ചു യേശുവിനെ രക്ഷകനായി അംഗീകരിച്ച് സഭയിൽ ചേരണം.

ഈ ആശയങ്ങളൊക്കെ വിശ്വാസികൾക്കെവിടന്ന് കിട്ടി? ഏതായാലും ബൈബിളിൽ നിന്നല്ല. ''പരിശുദ്ധ സഭ'' തീരുമാനിക്കുന്നതാണ്. സഭക്ക് തെറ്റുപറ്റുകയില്ല. കാരണം, സഭക്ക് പ്രചോദനം നല്കുന്നത് 'പരിശുദ്ധാത്മാവ്' അഥവാ 'പരിശുദ്ധാരൂപി' ആണ്! ഇത് ക്രിസ്ത്യാനികൾ വിശ്വസിക്കണം. ഇങ്ങനെ ''പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെടുന്ന'' പരസ്പര വിരുദ്ധാശയങ്ങൾ പുലർത്തുന്ന ഡസൻ കണക്കിൽ സഭകൾ നിലവിലുണ്ട് എന്ന വസ്തുത വേറെ.

പാപം പൊറുക്കപ്പെടേണമെങ്കിൽ, അതിനുള്ള മാർഗം സഭയിൽ അംഗത്വം നേടലാണ്. സഭയിൽ അംഗത്വം നേടി കുറ്റങ്ങൾ ഏറ്റു പറയുക. അപ്പോൾ പുരോഹിതന്മാർക്ക് പാപം പൊറുത്തുകൊടുത്തതായി പ്രഖ്യാപിക്കാൻ ക്രിസ്തു അവകാശം നല്കിയിട്ടുള്ളതായി അവർ പറയുന്നു. പുരോഹിതന്മാരോട് കുമ്പസാരിച്ച് കുർബാന കൈക്കൊള്ളാതെ രക്ഷയില്ലെന്ന സിദ്ധാന്തം, പുരോഹിതന്മാർക്ക് സാമാന്യ ജനങ്ങളുടെ മേൽ വലിയ അധികാരം നല്കുന്നു; സ്വർഗത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരായി ചമയാനവർക്കവസരം ലഭിക്കുന്നു. ഈ ഭൂമുഖത്ത് ജനിച്ച് ഇവിടെ വളരുന്നവരും സാധാരണ മനുഷ്യരുടേതായ കുറ്റങ്ങളും കുറവുകളുമുള്ളവരുമായ മനുഷ്യർതന്നെയാണ് വൈദികർ. അവരുടെയടുക്കൽ പാപം ഏറ്റുപറയുന്നതാണോ അതോ സർവശക്തനായ സ്രഷ്ടാവിന്റെ മുമ്പിൽ പാപം ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുന്നതാണോ ബുദ്ധി? ദൈവത്തിനും അവന്റെ മഹത്ത്വമുള്ള സൃഷ്ടികളായ മനുഷ്യർക്കും ഇടയിൽ എന്തിനാണീ മധ്യവർത്തി? മനുഷ്യരുടെ ദൈവവിശ്വാസത്തെയും അവ



രുടെ ദൗർബല്യങ്ങളെയും ഒരുപോലെ ചൂഷണം ചെയ്യുന്നവരല്ലേ വൈദികർ? അവരുടെ അധികാരവും സമ്പത്തും സുഖസൗകര്യങ്ങളും വർധിപ്പിക്കുവാനുതകുന്ന തരത്തിലുള്ള സിദ്ധാന്തങ്ങളല്ലേ ക്രിസ്തുമതത്തിന്റേത്? ഒരു പുരോഹിതന്റെ സഹായമില്ലാതെ ഒരു ക്രിസ്ത്യാനിക്ക് മോക്ഷം പ്രാപിക്കാൻ സാധിക്കാത്ത വിധത്തിലാണ് കുമ്പസാരം, കുർബാന തുടങ്ങിയ ചടങ്ങുകളൊക്കെ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. ശുദ്ധഗതിക്കാരായ സാധാരണ ക്രിസ്ത്യാനികൾ ഇവയെല്ലാം യേശു പഠിപ്പിച്ചതാണെന്നോ ദൈവപ്രേരണയിൽ ഉണ്ടായതാണെന്നോ വിശ്വസിക്കുന്നു. പക്ഷേ, മറിച്ചാണ് യാഥാർഥ്യമെന്നവർ അറിയുന്നില്ല.

'കുർബാന' എന്ന ക്രിസ്തീയാചാരം കർത്താവിന്റെ അവസാനത്തെ അത്താഴത്തോട് ബന്ധപ്പെട്ടതാണ്. ക്രൂശിക്കപ്പെടുന്നതിനു മുമ്പ് കർത്താവ് അപ്പോസ്തലന്മാർക്ക് വേണ്ടി അത്താഴം നടത്തുകയുണ്ടായി. ഇതാണവസാനത്തെ അത്താഴം. ''അവൻ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്തു. ഇത് നിങ്ങൾക്ക് വേണ്ടി നല്കുന്ന എന്റെ ശരീരം. എന്റെ ഓർമക്കായി ഇത് ചെയ്യുവിൻ എന്ന് പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു'' (ലൂക്കോസ് : 22: 19, 20). ഇതിൻപ്രകാരം പള്ളികളിൽ നടത്തപ്പെടുന്ന ഒരു ചടങ്ങാണ് കുർബാന. പുരോഹിതൻ കൊടുക്കുന്ന അപ്പക്കഷണം പിതാവിന്റെ മാംസമാണെന്ന് വിശ്വസിച്ചുകൊണ്ട് തിന്നുന്നു. അതുപോലെ കർത്താവിന്റെ രക്തമാണെന്ന് വിശ്വസിച്ച് വീഞ്ഞും കുടിക്കുന്നു.

ഒരു കാലത്ത് ഇങ്ങനെ കഴിക്കുന്ന അപ്പവും വീഞ്ഞും സാധാരണ ദഹന നിയമങ്ങൾക്ക് വിധേയമല്ലെന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. പക്ഷേ, ഇന്ന് അതെല്ലാം കൈവിട്ടിട്ടുണ്ട്. ഇസ്ലാംമതം സ്വീകരിച്ച ഒരു പാശ്ചാത്യൻ പറഞ്ഞത് അദ്ദേഹത്തിന് ക്രിസ്തുമതത്തോട് വെറുപ്പ് തോന്നാനുള്ള ആദ്യ കാരണം, ഈ മനുഷ്യമാംസം തിന്നുന്നതും രക്തം കുടിക്കുന്നതും ആയിരുന്നു എന്നാണ്. ഒരു വിശ്വാസിക്ക് താൻ തിന്നുന്ന അപ്പം യഥാർഥത്തിൽ മനുഷ്യമാംസം തന്നെയാണെന്നും കുടിക്കുന്ന വീഞ്ഞ് യഥാർഥത്തിൽ മനുഷ്യരക്തം തന്നെയാണെന്നും തോന്നാനിടയുണ്ട്. കാരണം, അങ്ങനെ വിശ്വസിച്ച് വേണമല്ലോ കുർബാന കൈക്കൊള്ളേണ്ടത്.

ചുരുക്കത്തിൽ വൈരുധ്യങ്ങളുടേയും അസാധ്യതകളുടേയും ഒരു സമാഹാരമാണ് ബൈബിൾ പ്രകാരം യേശു എന്ന പ്രതിഭാസം. അദ്ദേഹം മനുഷ്യനാണ്, ദൈവവുമാണ്. അദ്ദേഹത്തിന്റെ പിതാവ് ദൈവം, മാതാവ് മറിയമെന്ന മനുഷ്യസ്ത്രീ. മറിയം ഒരു ഭാര്യയും അതേസമയം ഒരു കന്യകയുമായിരുന്നു. യേശു കുരിശിൽ മരിച്ച് ശപിക്കപ്പെട്ടവനായി മൂന്ന് ദിവസം നരകത്തിൽ താമസിച്ചു, പക്ഷേ അദ്ദേഹം പാപം ചെയ്തിട്ടേയില്ല. ദൈവം തന്നെയാണ്, ദൈവപുത്രനുമാണ്. മൂന്നാംദിവസം മരിച്ച യേശു ഉയിർത്തെഴുന്നേറ്റു. എങ്കിലും പഴയ ശരീരം പഴയപടി നിലനിന്നു. മരിച്ചശേഷം ഭൂമിയിൽ നടന്നു, ആഹാരം കഴിച്ചു. എന്നിട്ട് സ്വർഗത്തിലേക്ക് ഉയർന്നു. മേഘങ്ങളിൽ മറയുന്നത് ശിഷ്യന്മാർ കണ്ടു. അദ്ദേഹം ദൈവപുത്രനാണ്, മനുഷ്യപുത്രനാണ്, ദാവീദിന്റെ പുത്രനാണ്. ദൈവത്തിന്റെ കുഞ്ഞാടുമാണ്. ഇങ്ങനെ പരസ്പര വിരുദ്ധങ്ങളും തൃപ്തികരമായി വിശദീകരിക്കാനാവാത്തതുമായ ആശയങ്ങളും സംഭവങ്ങളുമാണ് പുതിയ നിയമത്തിലുടനീളം.

പുതിയ നിയമത്തിലെ സഭ അംഗീകരിച്ച നാലു സുവിശേഷങ്ങൾ തമ്മിൽ പ്രകടമായ അനേകം വ്യത്യാസങ്ങളുണ്ട്. മാർക്കോസ് പറയാത്തത് മത്തായി പറയുന്നുണ്ട്. മത്തായി പറയാത്തത് ലൂക്കോസ് പറയുന്നുണ്ട്. ഇവരൊന്നും പറയാത്തത്

യോഹന്നാൻ പറയുന്നുണ്ട്. ഇവർ പറയുന്നതിൽ അനേകം വൈരുധ്യങ്ങളുമുണ്ട്. വൈരുധ്യങ്ങളുള്ള കാര്യത്തെ സംബന്ധിച്ച് പറഞ്ഞാൽ, അവയിൽ ഏതെങ്കിലും ഒന്നേ വാസ്തവമാകാൻ തരമുള്ളൂ. അപ്പോൾ മറ്റേ സുവിശേഷം അസത്യങ്ങൾ അവതരിപ്പിക്കുമെന്ന് വരും. ഇതിൽ ഏതാണ് അസത്യം ഏതാണ് സത്യമെന്ന് തീരുമാനിക്കാൻ മാർഗവുമില്ല. അതിനാൽ ഇവ ദൈവവചനങ്ങളാണെന്ന വാദം എങ്ങനെ സ്വീകരിക്കുവാൻ പറ്റും? സുവിശേഷങ്ങളെഴുതിയ സാഹചര്യങ്ങളെ പറ്റി പഠിച്ചാൽ ഇത് എങ്ങനെ സംഭവിച്ചു എന്ന് മനസ്സിലാക്കാം. അതുപോലെ തന്നെ സുവിശേഷങ്ങൾ കുറ്റമറ്റതല്ലായെന്ന് തെളിയുകയും ചെയ്യും.

## അധ്യായം അഞ്ച്

# സുവിശേഷങ്ങളുടെ ഉദ്ഭവവും ആധികാരികതയും

**യേ**ശു ‘അരമായിക്’ ഭാഷയിലാണ് പ്രസംഗങ്ങൾ നടത്തിയിരുന്നത്. പക്ഷേ, ഇന്നത്തെ അംഗീകൃത സുവിശേഷങ്ങൾ എഴുതപ്പെട്ടത് അരമായിക്കിലോ അരമായിക്കിനോട് ബന്ധപ്പെട്ട ഹീബ്രുവിലോ അറബിയിലോ ആയിരുന്നില്ല; മറിച്ച് ഒരു പാശ്ചാത്യ ഭാഷയായിരുന്ന ഗ്രീക്കിലായിരുന്നു. ആദ്യകാലത്ത് ഹീബ്രുവിൽ നിലവിലുണ്ടായിരുന്ന സുവിശേഷങ്ങൾ ക്രിസ്ത്വബ്ദം 325–ലെ നികയ്യാ കൗൺസിൽ പ്രകാരം നശിപ്പിക്കപ്പെട്ടു. അതുപോലെത്തന്നെ സഭയുടെ അന്നത്തെ നിലപാട് ന്യായീകരിക്കുന്ന നാല് സുവിശേഷങ്ങൾ നിലനിർത്തി ബാക്കിയെല്ലാം നിരോധിക്കുകയും ചെയ്തു. നിരോധിച്ച സുവിശേഷങ്ങൾ സൂക്ഷിക്കുന്നവർക്ക് മരണശിക്ഷ നല്കുവാനും കൗൺസിൽ തീരുമാനിച്ചു. ഇങ്ങനെ നശിപ്പിക്കപ്പെട്ട ചരിത്രരേഖകളിൽ സത്യം മറഞ്ഞുകിടക്കുന്നു. ഇന്നത്തെ സുവിശേഷങ്ങളിൽ നിന്ന് ഭാഗികമായി മാത്രമേ നമുക്ക് യേശുവിന്റെ ചരിത്രം കിട്ടുന്നുള്ളൂ.

സുവിശേഷങ്ങൾ ഒരു ഭാഷയിൽ നിന്ന് വേറെയൊരു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ എത്രമാത്രം വ്യതിയാനം വന്നിട്ടുണ്ടാകുമെന്ന് പരിഭാഷപ്പെടുത്തി പരിചയമുള്ളവർക്കറിയാം. പ്രത്യേകിച്ചും അക്കാലത്ത് പരിഭാഷ നടത്തിയിരുന്നത് ഏത് തരത്തിലായിരുന്നുവെന്ന് പഠിക്കുമ്പോൾ മാത്രമാണ് യഥാർഥവും ഇന്ന് നിലവിലുള്ള രൂപവും തമ്മിലുള്ള വ്യത്യാസം മനസ്സിലാകുക.

യേശുവിന്റെ കാലശേഷം അദ്ദേഹത്തിന്റെ അനുയായികളുടെ ഇടയിൽ രണ്ട് പ്രധാന വിഭാഗങ്ങളുണ്ടായി. ഒന്ന്, യേശുവിന്റെ കുടുംബാംഗങ്ങളും ശിഷ്യന്മാരും അവരോടടുപ്പമുള്ള മറ്റ് യഹൂദരുമായിരുന്നു. അവരെ യഹൂദ ക്രൈസ്തവർ എന്ന് വിളിക്കാം. മറ്റേ വിഭാഗം പ്രധാനമായും ജൂതന്മാരല്ലാത്തവർ യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ചവരായിരുന്നു. അവരുടെ നേതാവ് പരീശനും റോമക്കാരനുമായിരുന്ന പൗലോസ് (പോൾ) ആയിരുന്നു. പൗലോസ് ആദ്യം ക്രിസ്തു വിരോധിയും ക്രിസ്തീയ മർദകനുമായിരുന്നു. അദ്ദേഹം ക്രിസ്തുമതത്തിലേക്ക് വരികയും നേതൃസ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നത് യഹൂദ ക്രൈസ്തവർക്കും യേശുവിന്റെ യഥാർഥ ശിഷ്യന്മാർക്കും ഇഷ്ടപ്പെട്ടില്ല. കാരണം, അദ്ദേഹത്തെ അവർ അവിശ്വസിച്ചു. യേശു പൗലോസിന്, സ്വപ്നത്തിൽകൂടി ശിഷ്യത്വവും ആധികാരികതയും നല്കിയെന്നാണദ്ദേഹം പറയുന്നത്. ഇത് ആദ്യകാല ക്രിസ്ത്യാനികൾ അവിശ്വസിച്ചതിൽ അദ്ഭുതമില്ല. പിന്നീടുള്ള പൗലോസിന്റെ പ്രവർത്തനം പരിശോധിച്ചാൽ അവരുടെ ഈ അവിശ്വാസം ശരിയാണെന്ന് കാണാം. യേശുവിന്റെ ശരിയായ ശിഷ്യന്മാർക്കെതിരായി സമർഥമായ നീക്കങ്ങൾ പൗലോസ് നടത്തുകയുണ്ടായി. നേരത്തെ നിലവിലുണ്ടായിരുന്നതും യേശു തന്നെ സ്വീകരിച്ചിരുന്നതുമായ പല ആചാരാനുഷ്ഠാനങ്ങളും പൗലോസ് റദ്ദാക്കി. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം ചേലാകർമം (Circumcision) ചെയ്യുന്നതിൽ നിന്ന് വിശ്വാസികളെ ഒഴിവാക്കിയതാണ്. ബഹുദൈവ വിശ്വാസികൾ കൂട്ടമായി ക്രിസ്തുമതം സ്വീകരിക്കുന്നതിന് ഈ പരിഷ്കാരം കാരണമായി. അക്കാരണത്താൽ പൗലോസിന്റെ അനുയായികളുടെ എണ്ണം വർധിച്ചു. എങ്കിലും പൗലോസിന്റെ കാലശേഷം മാത്രമാണ് പൗലോസിന്റെ ഗ്രൂപ്പിന് യേശുവിന്റെ യഥാർഥ ശിഷ്യൻമാരുടേതായ വിഭാഗത്തിന്റെ മേൽ പൂർണാധിപത്യം ഉറപ്പിക്കാൻ കഴിഞ്ഞത്. പൗലോസ് എഴുതിയ ഒരു ലേഖനത്തിൽ ഒരു സംഘത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. അത് ഈ സംഘമാണ്. ഏതായാലും കാലാന്തരത്തിൽ യഹൂദ ക്രൈസ്തവർ നിശ്ശേഷം അമർച്ച ചെയ്യപ്പെടുകയുണ്ടായി. എങ്കിലും അവരുടെയിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ആശയങ്ങൾ സഭയിൽ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.



പൗലോസ് പുരാതന റോമക്കാരുടെയും ഗ്രീക്കുകാരുടെയും ചില വിശ്വാസാചാരങ്ങൾക്ക് അംഗീകാരം നല്കിക്കൊണ്ടുള്ള ഒരു ദൈവശാസ്ത്രത്തിന് രൂപം കൊടുക്കുന്നത് തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ പിൻഗാമികൾ അത് പൂർത്തിയാക്കി. ക്രി. വ. 325–ലെ നികയ്യാ കൗൺസിൽ, ഈ സിദ്ധാന്തങ്ങൾക്ക് ഔദ്യോഗികാംഗീകാരം നല്കുകയുംചെയ്തു.

ക്രിസ്തീയ പണ്ഡിതന്മാരുടെ തന്നെ അഭിപ്രായപ്രകാരം, ക്രി. വ. 70–ന് ശേഷമാണ് ഔദ്യോഗിക സുവിശേഷങ്ങൾ രചിക്കപ്പെട്ടത്. മർക്കോസിന്റെ സുവിശേഷം ക്രിസ്തുവർഷം അമ്പതിനോടടുത്താണ് എഴുതിയതെന്നും അഭിപ്രായമുണ്ട്. മർക്കോസും മത്തായിയും ലൂക്കോസും യോഹന്നാനും, അന്ന് നിലവിലുണ്ടായിരുന്ന ചില വിശ്വാസങ്ങളുടെയും രേഖകളുടെയും കേട്ടുകേൾവിയുടെയും അടിസ്ഥാനത്തിലാണ് അവ രചിച്ചിട്ടുള്ളത്. അവതന്നെയും ഇന്നത്തെ രൂപത്തിൽ എത്തുന്നതിന് മുമ്പ് അനേകം കൈകടത്തലുകൾക്കും മാറ്റത്തിരുത്തലുകൾക്കും വിധേയമായിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്.

ക്രിസ്തുമതത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം "A Short History of christianity" എന്ന ഗ്രന്ഥത്തിൽ, ജെ. എം. റോബർട്ട്സൺ ഇക്കാര്യം വസ്തുനിഷ്ഠമായി പ്രതിപാദിച്ചിട്ടുണ്ട്.

ക്രി. വ. 170–നും 180–നും ഇടയ്ക്ക് സെൽസസ് എഴുതിയ ക്രിസ്തുമത വിരുദ്ധ പ്രബന്ധത്തിൽ, സുവിശേഷങ്ങളിൽ വളരെയധികം മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായി പറയുന്നു. സെൽസസിന് മറുപടിയെഴുതിയ ബിഷപ്പ് ദാറിജൻ പറഞ്ഞത് തിരുത്തൽ നടന്നിട്ടില്ലയെന്നല്ല; മറിച്ച് തിരുത്തൽ നടത്തിയത് മതവിരുദ്ധ ശക്തികളാണെന്നാണ്. ഇന്ത്യൻ ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് സിസ്റ്റർ ഗെർട്രൂഡ് O.M.S.E. എഴുതി I.S.P.C.K. പ്രസിദ്ധീകരിച്ച ഒരു ക്രിസ്തീയ ഗ്രന്ഥമാണ് ‘നിങ്ങൾ എന്ത് വിശ്വസിക്കുന്നുവെന്ന് നിങ്ങൾക്കറിയാമോ?’ (Do You Know what you Belive?) എന്ന ഗ്രന്ഥം. പ്രസ്തുത ഗ്രന്ഥത്തിൽ ഗ്രന്ഥകർത്ത്രി ബൈബിളിനെ പറ്റി ഇങ്ങനെ പറയുന്നു:

‘‘ബൈബിൾ എന്നെന്നും നിലനില്ക്കുന്നതും അനാദിയും തെറ്റുകളില്ലാത്തതുമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. ദൈവത്തിന്റെ ആജ്ഞപ്രകാരം ഒരു മാലാഖ

ഓരോ വാക്കും പറഞ്ഞുകൊടുത്ത് എഴുതിച്ച ഒരു ഗ്രന്ഥമാണതെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. പ്രത്യുത, തെറ്റ്, അജ്ഞത, മറ്റ് മാനുഷിക പരിമിതികൾ എന്നിവയുടെ അടയാളങ്ങളുള്ള തികച്ചും മനുഷ്യന്റേതായ ഒരു ഗ്രന്ഥമാണ് ബൈബിൾ. ഞങ്ങളുടെ പണ്ഡിതന്മാർക്ക് ബൈബിളിനെ ഇങ്ങനെ കണക്കാക്കുന്നതിനോ അതിൻപ്രകാരം അതിനെ വിമർശന വിധേയമാക്കുന്നതിനോ മറ്റു ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുന്നതിനോ അതിലെ വാക്യങ്ങളിൽ ശരിയും തെറ്റും വേർതിരിക്കുന്നതിനോ യാതൊരു ഭയവുമില്ല. അതുപോലെ ശാസ്ത്രം, ചരിത്രം, സാഹിത്യം, മതം എന്നിവയുടെ വെളിച്ചത്തിൽ കർശനമായ പരിശോധനകൾ നടത്തുന്നതിനും അവർക്ക് ഭയമില്ല. ഇതെല്ലാം ചെയ്തതിന് ശേഷവും വിശ്വാസിയെ സംബന്ധിച്ചിടത്തോളം, മുമ്പത്തേക്കാളേറെ ഉറപ്പായി ഈ ഗ്രന്ഥം മനുഷ്യന് വേണ്ടിയുള്ള ദൈവവചനമായി നിലകൊള്ളുകയും ചെയ്യും.''

മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്നും എല്ലാ മാനുഷിക പരിമിതികളും പ്രകടമായ, തിരുത്തലുകൾക്ക് വിധേയമായ, മനുഷ്യനിർമിതമായ ഗ്രന്ഥമാണ് ബൈബിൾ എന്ന് ബൈബിൾ പണ്ഡിതരായ ക്രിസ്ത്യാനികൾ തന്നെ സമ്മതിക്കുന്നതായി മനസ്സിലാക്കാം. ബൈബിളിലെ പല പരാമർശങ്ങളും അപൂർണവും കാലഹരണപ്പെട്ടതുമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കാർഡിനൽ ഡാനിയലും ഫാദർ റൂഗറ്റ്, ഫാദർ കാനൻ ഗീസ്സർ എന്നിവരും അവരുടെ കൃതികളിലൂടെ ബൈബിളിന്റെ പോരായ്മകളെ വസ്തുനിഷ്ഠമായി തന്നെ വിലയിരുത്തിയിട്ടുണ്ട്. [5]

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ശിഷ്യൻ മത്തായിയെപ്പറ്റി പരാമർശിക്കുന്ന ഭാഗം വായിച്ചാൽ സുവിശേഷമെഴുതിയ മത്തായിയും യേശുവിന്റെ ശിഷ്യൻ മത്തായിയും രണ്ടു പേരായിരുന്നുവെന്ന് വ്യക്തമാകും. മത്തായി (ഒമ്പതാം അധ്യായം ഒമ്പതാം വാക്യം): ''യേശു അവിടെനിന്ന് പോകുമ്പോൾ മത്തായി എന്ന് പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ട് എന്നെ അനുഗമിക്ക എന്ന് അവനോട് പറഞ്ഞു: അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു.'' സുവിശേഷകർത്താവ്, ശിഷ്യൻ മത്തായിയെ 'അവൻ' എന്ന് വിളിക്കുന്നു എന്നതിൽ നിന്ന് സുവിശേഷ കർത്താവും ശിഷ്യൻ മത്തായിയും രണ്ട് വ്യത്യസ്ത വ്യക്തികളായിരുന്നുവെന്ന് കാണാം.

ആംഗ്ലിക്കൻ സഭയുടെ ഒരു പ്രതിനിധിയും ഇംഗ്ലണ്ടിലെ ചിച്ചസ്റ്റർ കത്തീഡ്രലിലെ പ്രിബൻഡറിയുമായ ജെ. ബി. ഫിലിപ്സ് എഴുതുന്നു. ''ഈ സുവിശേഷം, മത്തായി എന്ന അപ്പോസ്തലൻ എഴുതിയതാണെന്ന് ആദ്യകാലത്ത് പണ്ഡിതൻമാർ പറഞ്ഞിരുന്നുവെങ്കിലും ഇന്ന് മിക്കവാറും എല്ലാ പണ്ഡിതൻമാരും ഈ വീക്ഷണം നിരസിക്കുന്നു.'' [6] മത്തായിയുടെ സുവിശേഷം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതിന്റെ അവതാരികയിലാണദ്ദേഹം ഇത് പറഞ്ഞിട്ടുള്ളത്. അതുപോലെ തന്നെ അദ്ദേഹം തുടർന്നു പറയുന്നത്, ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെയും ഗ്രന്ഥകർത്താക്കൾ പ്രധാനമായും ഒരേ മൂലകൃതിയെ അടിസ്ഥാനമാക്കിയാണ് എഴുതിയിട്ടുള്ളതെന്നാണ്. അതുകൊണ്ടാണ് അവ തമ്മിൽ വളരെയധികം സാദൃശ്യങ്ങളുള്ളത്. അതാണ് അവയെ സാരസംഗ്രഹ സുവിശേഷങ്ങൾ (Synoptic gospels) എന്ന് വിളിക്കുന്നതും.

മത്തായിയുടെ സുവിശേഷം എഴുതുന്നതിന് മുമ്പാണ് മർക്കോസിന്റെ സുവിശേഷം എഴുതപ്പെട്ടത്. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് സംഭവങ്ങളുടെ വർണനാരീതിയും ആശയങ്ങളും അതേപടി മത്തായി എടുത്തിട്ടുണ്ടെന്ന് ജെ. ബി.



ഫിലിപ്സ് തുടർന്നു പറയുന്നു. യേശു മതപ്രചാരണം ആരംഭിച്ചപ്പോൾ ഒരു ചെറിയ കുട്ടിയായിരുന്ന മർക്കോസിന്റെ സുവിശേഷത്തെ യേശുവിന്റെ ശിഷ്യനായിരുന്ന മത്തായി അവലംബിക്കേണ്ട കാര്യമില്ല. സുവിശേഷ കർത്താവായ മത്തായി യേശുവിന്റെ ശിഷ്യൻ മത്തായി അല്ലായിരുന്നു എന്നതിനുപോദ്ബലകമായ ഒരു വസ്തുതയാണിത്.

നാലു സുവിശേഷങ്ങളിൽ ഏറ്റവും ദൈർഘ്യം കുറഞ്ഞത് മർക്കോസിന്റേതാണ്. ഏറ്റവും പുരാതനമായതും ഇത് തന്നെ. പക്ഷേ, ഇതെഴുതിയത് അപ്പോസ്തലനായ മർക്കോസ് അല്ല. ഒരു പക്ഷേ, അപ്പോസ്തലൻമാരുടെയാരുടെയെങ്കിലും ശിഷ്യനായിരുന്നിരിക്കാം ഗ്രന്ഥകർത്താവ്. ബൈബിൾ പണ്ഡിതനായ ഒ. കൾമൻ പറയുന്നത്, എഴുതിയ ആൾ അപ്പോസ്തലനായിരുന്നില്ലെങ്കിലും, യേശുവിന്റെ അധ്യാപനങ്ങളിലധിഷ്ഠിതമാണീ സുവിശേഷം എന്നാണ്. രചയിതാവാരാണെന്നതിന് തെളിവില്ലാത്തതിനാൽ സുവിശേഷത്തിലെ ചില വാക്യങ്ങളുടെ അടിസ്ഥാനത്തിലാണ് ബൈബിൾ പണ്ഡിതർ ഇത് മർക്കോസിന്റെ സുവിശേഷമാണെന്ന് പറയുന്നത്. ഉദാഹരണമായി, യേശുവിനെ റോമൻ പടയാളികൾ ബന്ധിച്ചു കൊണ്ടുപോകുമ്പോൾ ''തന്റെ ഗുരുവിനെ അനുഗമിക്കാൻ തയ്യാറായ വിശ്വസ്തനായ ഒരു ശിഷ്യന്റെ'' കാര്യം മർക്കോസിന്റെ സുവിശേഷത്തിൽ പറയുന്നു. 14: 51-52: ''ഒരു ബാല്യക്കാരൻ വെറും ശരീരത്തിൻമേൽ പുതപ്പ് പുതച്ചുകൊണ്ട് അവനെ അനുഗമിച്ചു. അവർ അവനെ പിടിച്ചു. അവനോ പുതപ്പ് വിട്ട് നഗ്നനായി ഓടിപ്പോയി.'' ഈ ശിഷ്യൻ മർക്കോസ് ആയിരുന്നെന്നും, ഈ സംഭവം മറ്റൊരു സുവിശേഷത്തിലും ഇല്ലാത്തതു കൊണ്ട് പ്രസ്തുത സുവിശേഷം മർക്കോസിന്റേതാണെന്നുമാണ് വാദം. കാരണം, ഒരനുഭവസ്ഥന് മാത്രമേ ഇത്രയും വ്യക്തമായി എഴുതാൻ കഴിയുകയുള്ളൂവത്രേ!

മർക്കോസിന്റെ സുവിശേഷത്തിൽ മറ്റ് സുവിശേഷങ്ങളിൽ ഇല്ലാത്ത പല അപാകതകളുമുണ്ട്. ഉദാഹരണമായി, 1: 16-21: ശീമോൻ, അന്ത്രെയാസ് എന്നീ മീൻപിടിത്തക്കാരോട് യേശു ''എന്നെ അനുഗമിപ്പിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും'' എന്ന് പറഞ്ഞു. ഉടനെ വലവിട്ട് അവനെ അനുഗമിച്ചു. ഇതുപോലെ തന്നെയായിരുന്നു യാക്കോബിന്റെയും യോഹന്നാന്റെയും കാര്യം. നേരത്തെ യേശുവിനെ പരിചയമില്ലാതിരുന്ന ഈ മീൻപിടിത്തക്കാരോട് യാതൊരാമുഖവും കൂടാതെ യേശു ഇങ്ങനെ പറഞ്ഞു എന്നത് വിശ്വസിക്കാൻ പ്രയാസമാണ്. അഥവാ അങ്ങനെ പറഞ്ഞുവെങ്കിൽ അവരത് അനുസരിച്ചു എന്നും വിശ്വസിക്കുന്നതെങ്ങനെ? എങ്കിലും സാധാരണക്കാരായ വായനക്കാർക്ക് ഈ ധാരണയാണുണ്ടാവുക. ഇക്കാരണത്താലാണ് ഫാദർ റോഗറ്റ് പറഞ്ഞത്, ''സുവിശേഷകർത്താക്കളിൽ ഏറ്റവും ദുർബലൻ മർക്കോസായിരുന്നു'' എന്ന്. മർക്കോസിന്റെ വർണനയിലുള്ള തകരാറുകൾ ഒരു സാധാരണക്കാരനു പോലും മനസ്സിലാക്കാൻ പറ്റുന്നവയാണ്.

ഉദാഹരണം: 3: 13-16. പരീശൻമാർ യേശുവിനോട് അടയാളം ചോദിച്ചപ്പോൾ യേശു, യോനായുടെ അടയാളം നല്കിയതായി മത്തായിയും ലൂക്കോസും പറയുന്നു. പക്ഷേ, അതിൽ നിന്ന് വ്യത്യസ്തമായി ഒരടയാളവും നല്കുകയില്ലെന്ന് യേശു പറഞ്ഞതായി മർക്കോസ് പറയുന്നു: ''അനന്തരം, പരീശൻമാർ വന്ന് അവനെ പരീക്ഷിച്ചുകൊണ്ട് ആകാശത്തുനിന്ന് ഒരടയാളം അന്വേഷിച്ച് അവനുമായി തർക്കിച്ച് തുടങ്ങി. അവൻ ആത്മാവിൽ ഞരങ്ങി: ഈ തലമുറ അടയാളം അന്വേഷിക്കുന്നതെന്ത്? ഈ തലമുറയ്ക്ക് അടയാളം ലഭിക്കുകയില്ലെന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു, അവരെ വിട്ട് പിന്നെയും പടവു കയറി അക്കരക്ക് കടന്നു'' (മർക്കോസ് 8: 11-13). യേശു നടത്തിയ അദ്ഭുതങ്ങളൊക്കെ അടയാളങ്ങളാ

യതുകൊണ്ട് (ലൂക്കോസ് 7: 22, 11 : 20 എന്നിവ നോക്കുക). മർക്കോസിന്റെ ഈ പ്രസ്താവം ആശ്ചര്യകരമാണ്.

മർക്കോസിന്റെ സുവിശേഷത്തിന്റെ അവസാനഭാഗം പില്ക്കാലത്ത് എഴുതിച്ചേർത്തതാണെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. സുവിശേഷങ്ങളുടെ ഏറ്റവും പഴയ കൈയെഴുത്തു പ്രതികളായ 'കോഡസ് വറ്റിക്കാനസ്', 'കോഡസ് സൈനിയായിറ്റിക്കസ്' എന്നിവയിൽ മർക്കോസിന്റെ സുവിശേഷത്തിന്റെ അന്ത്യഭാഗം ഇല്ല. ഇതേപ്പറ്റി ഫാദർ കാനംഗീസർ പറയുന്നു: ''......മത്തായിയുടെയും ലൂക്കോസിന്റെയും യോഹന്നാന്റെയും, തമ്മിൽ സാമ്യമുള്ള സുവിശേഷങ്ങൾ പ്രചാരത്തിലായപ്പോൾ മർക്കോസിന്റെ സുവിശേഷത്തിനനുയോജ്യമായ ഒരന്ത്യം എഴുതിച്ചേർക്കുകയാണുണ്ടായത്. അതിന്റെ ഘടകങ്ങൾ മറ്റ് സുവിശേഷങ്ങളുടെ അടിസ്ഥാന രേഖകളിൽ നിന്നാണ് എടുത്തതും. മർക്കോസിന്റെ സുവിശേഷത്തിലെ അവസാനഭാഗം, അതായത് പതിനാറാം അധ്യായം, ഒമ്പതു മുതൽ ഇരുപത് വരെയുള്ള വാക്യങ്ങൾ നോക്കിയാൽ ബുദ്ധിമുട്ടുണ്ടാവുകയില്ല. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സുവിശേഷ രചന എത്ര സ്വതന്ത്രമായിട്ടാണ് കൈകാര്യം ചെയ്യപ്പെട്ടതെന്നതിനെപ്പറ്റി കൂടുതൽ വ്യക്തമായ ഒരു ധാരണ ഇതിൽ നിന്ന് കിട്ടുകയും ചെയ്യും.''

സുവിശേഷങ്ങളിൽ മനുഷ്യന്റെ കൈകടത്തലുകൾ നടന്നുവെന്നതിന് ഈ ബൈബിൾ പണ്ഡിതന്റെ അഭിപ്രായത്തേക്കാൾ വലിയ തെളിവുകൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മേൽ വിവരിച്ച പ്രകാരമുള്ള മർക്കോസിന്റെ സുവിശേഷത്തെ അവലംബിച്ചാണ് മത്തായിയും ലൂക്കോസും തങ്ങളുടെ സുവിശേഷങ്ങൾ രചിച്ചതെന്ന് ക്രിസ്തീയ പണ്ഡിതർ പറയുന്നു. ഏതായാലും ഈ മൂന്ന് സുവിശേഷങ്ങൾ തമ്മിൽ സാമ്യമുണ്ട്. ഒന്നുകിൽ ലൂക്കോസും മത്തായിയും മർക്കോസിനെ ആശ്രയിച്ചു; അല്ലെങ്കിൽ, ഇവർ മൂവരും വേറെ ഏതോ പഴയ ഒരു രേഖയെ അല്ലെങ്കിൽ രേഖകളെ ആശ്രയിച്ചു എന്ന കാര്യത്തിൽ സംശയമില്ല. ഈ സുവിശേഷങ്ങൾ തമ്മിൽ ഒത്തു നോക്കിയാൽ ഇത് വ്യക്തമാവുകയും ചെയ്യും.

ലൂക്കോസ് തന്റെ സുവിശേഷാരംഭത്തിൽ തന്നെ പറയുന്നു: ''ശ്രീമാനായ തീയോഫിലോസേ, ആദി മുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകന്മാരുമായവർ നമ്മെ ഭരമേൽപിച്ചതുപോലെ, നമ്മുടെയിടയിൽ പൂർണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട് നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്ന് അത് ക്രമമായി എഴുതുന്നത് നന്നെന്ന് ആദിമുതൽ സകലതും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു.'' അതിനാൽ, ഉള്ള ചരിത്രങ്ങൾ ''സൂക്ഷ്മമായി പരിശോധിച്ചിട്ട്'' ''ക്രമമായി എഴുതുക''യാണ് ലൂക്കോസ് ചെയ്തിരിക്കുന്നത്. അല്ലാതെ, ലൂക്കോസ് യേശുവിൽ നിന്നു നേരിൽ കേട്ട കാര്യങ്ങൾ, കണ്ട കാര്യങ്ങൾ ഇവ എഴുതുകയല്ല ചെയ്തത്. കാരണം, ലൂക്കോസ് യേശുവിനെ കണ്ടിട്ടില്ല. അദ്ദേഹം സുവിശേഷം എഴുതിയത് യേശുവിന്റെ ശേഷം അനേകം വർഷങ്ങൾ കഴിഞ്ഞശേഷ

5. (a) ``New Representation of the Origins of christianity: Judaeo-christianity", By Cardinal Danielou
(b) ` Initiation to the Gospel' By Father Roguet
(c) `Faith in the Resurrection, Resurrection of Faith' By Father Kannengiesser.



മായിരുന്നു. അപ്പോൾ യാഥാർഥ്യവുമായി ലൂക്കോസിന്റെ ചരിത്രത്തിന്ന് വ്യത്യാസമുണ്ടാവുക സ്വാഭാവികം മാത്രമാണ്. ഇതേപ്പറ്റി ജെ. ബി. ഫിലിപ്സ് തുടർന്നു പറയുന്നു: ''ലൂക്കോസ് പറഞ്ഞതുപോലെ അന്ന് നിലവിലുണ്ടായിരുന്ന ലേഖനങ്ങളും എഴുത്തുകളും മറ്റും പരിശോധിച്ച്, താരതമ്യപ്പെടുത്തിയാണദ്ദേഹം സുവിശേഷം എഴുതിയത്. പക്ഷേ, മറ്റുള്ളവർക്ക് കിട്ടാതിരുന്ന ചില രേഖകൾ അദ്ദേഹത്തിന് കിട്ടിയിരുന്നുവെന്ന് നമുക്ക് ന്യായമായും അനുമാനിക്കാനും വകയുണ്ട്. അപ്പോൾ ഇങ്ങനെയുള്ള രേഖകളും ലേഖനങ്ങളും സമാഹരിച്ചതിൽ നിന്ന് ശരിയായതെന്ന് ലൂക്കോസിന് തോന്നിയ കാര്യങ്ങളാണദ്ദേഹം എഴുതിയത്. ഇതിനെയാണ് ക്രിസ്ത്യാനികൾ ദൈവവചനമെന്ന് പറയുന്നത്.

മത്തായിയും ലൂക്കോസും മർക്കോസിനെ ആശ്രയിച്ച് സുവിശേഷങ്ങൾ എഴുതിയെങ്കിലും അവരുടെ സുവിശേഷങ്ങൾ തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. അതായത് അവർ മർക്കോസിന്റെ സുവിശേഷം അതേപടി സ്വീകരിച്ചില്ല; അഥവാ അവർക്ക് സ്വീകാര്യമല്ലാത്ത പല കാര്യങ്ങളും മർക്കോസിന്റെ സുവിശേഷത്തിൽ അവർ കണ്ടുവെന്നും, അതുപോലെ അവർക്ക് സ്വീകാര്യമായ പലതും മർക്കോസിന്റെ സുവിശേഷത്തിൽ അവർ കണ്ടില്ലെന്നും അർഥം. മർക്കോസിലെ ഈ കുറവുകൾ തങ്ങളാലാവുന്ന വിധം അവർ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ക്രിസ്തുവിന്റെ കാലശേഷം വർഷങ്ങൾ കഴിഞ്ഞ് സുവിശേഷങ്ങൾ എഴുതുന്ന ഈ ഗ്രന്ഥകാരൻമാർ ''ദൈവിക പ്രചോദന''ത്തിന്റെ പിൻബലത്തോടെ എഴുതിയതാണെങ്കിൽ എങ്ങനെ വളരെ പ്രകടമായ വൈരുധ്യങ്ങൾ കടന്നുകൂടി? ഒരുദാഹരണം പറയാം: യേശുവിന്റെ വംശാവലി (പൂർവികരുടെ പേരുകൾ), മത്തായി കൊടുത്തിരിക്കുന്ന പേരുകളും ലൂക്കോസ് കൊടുത്തിരിക്കുന്ന പേരുകളും എണ്ണത്തിലും ക്രമത്തിലും വളരെ വ്യത്യസ്തമാണ്. തന്നെയുമല്ല, യോസേഫിന്റെ പരമ്പരയാണ് രണ്ടു പേരും കൊടുത്തിരിക്കുന്നത്. യേശുവിന്റെ ജനനത്തിൽ യോസേഫിന് യാതൊരു പങ്കുമില്ലായിരുന്നു എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുകൊണ്ട് മറിയമിന്റെ പരമ്പരയായിരുന്നു കൊടുക്കേണ്ടിയിരുന്നത്. അതുകൊണ്ട് യേശു 'ദാവീദിന്റെ പുത്ര'നാണെന്ന് വംശാവലി പ്രകാരം തെളിയുന്നില്ല. ദൈവപുത്രന്റെ പരമ്പരയുടെ കാര്യത്തിൽ പോലും, അതായത് ''ദൈവത്തിന്റെ പുത്രന്റെ പിതാവിന്റെയും'' പിതാമഹന്റെയും മറ്റു മുത്തച്ഛന്മാരുടെയുമെല്ലാം പേര് മാറ്റി കൊടുത്തിരിക്കുന്നു എങ്കിൽ, ഇവർ എഴുതിയത് ദൈവത്തിന്റെ പ്രചോദനത്തോടു കൂടിയാണോ?

ഇനി, യോഹന്നാന്റെ സുവിശേഷം നോക്കാം. യേശുവിനെ റോമൻ പടയാളികൾ പിടിക്കാൻ വന്നപ്പോൾ ഓടിരക്ഷപ്പെട്ടവരിൽ ഒരാളായിരുന്നു ഈ യോഹന്നാൻ. യോഹന്നാൻ എന്ന പേര് യഹൂദന്മാരുടെയും ക്രിസ്ത്യാനികളുടെയും ഇടയിൽ പ്രചാരമുള്ള ഒരു പേരായിരുന്നു. സുവിശേഷമെഴുതിയ യോഹന്നാൻ യേശുവിന്റെ ശിഷ്യനായ യോഹന്നാനായിരുന്നുവെന്നതിന്ന് യാതൊരു തെളിവുമില്ല. യോഹന്നാൻ 19-ാം അധ്യായം 35-ാം വാക്യം നോക്കുക: ''ഇത് കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യം ആകുന്നു; നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യം പറയുന്നുവെന്നവൻ അറിയുന്നു.'' ഇവിടെ പറഞ്ഞിരിക്കുന്ന ''ഇതു കണ്ടവൻ'' യോഹന്നാൻ തന്നെയാണെന്ന് എങ്ങനെ പറയുവാൻ സാധിക്കും? കാരണം, 21: 24-25 എന്നീ വാക്യങ്ങൾ നോക്കുക:

6. Introduction to a New Rendering of `Gospel According to Mathew,' by J.B. Philips. (The Gospels translated in to modern English)

''ഈ ശിഷ്യൻ ഇതിനെ കുറിച്ചു സാക്ഷ്യം പറയുന്നവനും ഇതെഴുതിയവനുമാകുന്നു; അവന്റെ സാക്ഷ്യം സത്യം എന്ന് ഞങ്ങളറിയുന്നു. യേശു ചെയ്തത് മറ്റ് പലതും ഉണ്ട്; അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ലായെന്ന് ഞാൻ നിരൂപിക്കുന്നു.''

ഈ വാക്യങ്ങളിലെ ''ഈ ശിഷ്യൻ'', ''ഞങ്ങൾ'', ''ഞാൻ'' മുതലായവ ആരെയാണ് സൂചിപ്പിക്കുന്നത്? മേലുദ്ധരിച്ച വാക്യങ്ങൾ ശ്രദ്ധിച്ച് വായിച്ചുനോക്കുക. യോഹന്നാൻ എന്ന അപ്പോസ്തലൻ ആണ് ഇതെഴുതിയതെന്ന് എങ്ങനെ പറയാൻ സാധിക്കും?

1611-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷിലുള്ള ആധികാരിക ബൈബിളിലും (Authorised Version) മറ്റു ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ബൈബിളുകളിലും ഉള്ളതോ ഉണ്ടായിരുന്നതോ ആയ ഒരു വാക്യം, 1952-ൽ പ്രസിദ്ധീകരിച്ച 'റിവൈസ്ഡ് സ്റ്റാന്റേർഡ് വേർഷൻ (R. S. V)' എന്ന ബൈബിളിൽ ഇല്ല. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിലെ അഞ്ചാം അധ്യായത്തിലെ ഏഴാം വാക്യമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ആധികാരിക ബൈബിളിൽ (ഇംഗ്ലീഷ്) ഇങ്ങനെയാണത് കൊടുത്തിരിക്കുന്നത്: "For there are three that bear record in heaven, the Father, the Word and the Holy Ghost; and these three are one". (സ്വർഗത്തിൽ സാക്ഷ്യം വഹിക്കുന്നവർ മൂന്ന് ആണ്- പിതാവ്, വചനം, പരിശുദ്ധാത്മാവ്. ഇത് മൂന്നും ഒന്നു തന്നെയാണ്.) ബാംഗ്ലൂരിലുള്ള ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ, 1972-ൽ പ്രസിദ്ധീകരിച്ച മലയാളം ''പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങിയ സത്യവേദപുസ്തക''ത്തിലും മേൽപറഞ്ഞ വാക്യം ഇല്ല. യഥാർഥത്തിൽ, 'പരിശുദ്ധ ത്രിത്വം' എന്ന ക്രിസ്തീയാശയത്തിനോടേറ്റവും അടുത്ത ഒരേയൊരു വാക്യമായിരുന്നു ഇത്. 1952-ൽ പ്രസിദ്ധീകരിച്ച 'റിവൈസ്ഡ് സ്റ്റാന്റേർഡ് വേർ ഷൻ' തയ്യാറാക്കിയ പ്രശസ്ത പണ്ഡിതൻമാർ, മേലുദ്ധരിച്ച വാക്യം ഒഴിവാക്കിയതിന് തക്കതായ കാരണമുണ്ട്: ആ വാക്യം മൂലകൃതിയായ ഗ്രീക്ക് ബൈബിളിൽ അവർ കണ്ടില്ല. അത് മനസ്സിലായപ്പോൾ, യാതൊരു വിശദീകരണവും നല്കാതെ അവർ അത് മാറ്റിയിരിക്കുകയാണ്.

ഇത് ഒരുദാഹരണം മാത്രം. R. S. V എന്ന ബൈബിൾ തയ്യാറാക്കിയ പ്രഗല്ഭരായ പണ്ഡിതൻമാർ പറയുന്നു: ''19ാം നൂറ്റാണ്ടിന്റെ മധ്യത്തോട് കൂടി ബൈബിൾ പഠനത്തിലുണ്ടായ പുരോഗതിയുടെയും പഴയ കൈയെഴുത്തു പ്രതികളുടെ കണ്ടുപിടിത്തങ്ങളുടെയും ഫലമായി, ആധികാരിക ബൈബിളിൽ ഗൗരവമേറിയ വളരെയധികം തകരാറുകളുള്ളതായി തെളിഞ്ഞു. അതിന്റെ ഫലമായി ഇംഗ്ലീഷ് ബൈബിളിൽ മാറ്റം വരുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്.''[7]

ആംഗ്ലിക്കൻ സഭയുടെ അംഗീകാരത്തോടെയാണ് ഈ ബൈബിൾ പരിഷ്കരണം ആരംഭിച്ചത്. പിന്നീട് മറ്റ് പല സഭകളും ഈ വഴിക്ക് ചിന്തിച്ചുതുടങ്ങി. ഇതേ സമയം പഴയ ബൈബിൾ തന്നെ ആധികാരികമെന്ന് വിശ്വസിച്ചു വരുന്നവരും ഉണ്ട്. ഏതായാലും, പഴയതായാലും പുതിയതായാലും, സാക്ഷാൽ യേശുവിന്റെ ചരിത്രവും അധ്യാപനങ്ങളും, ഈ തകരാറുകളും തിരുത്തലുകളും മുഖേന എത്രമാത്രം വ്യത്യാസപ്പെട്ട നിലയിലാണ് ഇന്നത്തെ ബൈബിളിലുണ്ടാവുക എന്നത് ഇതിൽ നിന്നും ഊഹിക്കാവുന്നതേയുള്ളൂ.

## അധ്യായം ആറ്



ടെയോ സാധ്യമല്ല. അതിനാൽ ദൈവം തന്നത്താൻ മറുവിലയായിക്കൊടുത്ത്, മനുഷ്യനെ രക്ഷിക്കാൻ വേണ്ടി ഭൂമിയിൽ മനുഷ്യനായി പിറന്നു, പാപം ഏറ്റെടുത്ത് മരണശിക്ഷയനുഭവിച്ചു. അങ്ങനെ മനുഷ്യനെ പാപത്തിൽ നിന്നും അവൻ വീണ്ടെടുത്തു. ഈ വീണ്ടെടുപ്പിന്റെ ദൗത്യനിർവഹണത്തിന്നായിട്ടാണ് യേശുക്രിസ്തു എന്ന രക്ഷകനായ ദൈവപുത്രൻ അഥവാ ദൈവം യരൂശലേമിൽ വന്നത്.

ദൈവം മനുഷ്യനെ ഇങ്ങനെ ആദിപാപത്തിൽ നിന്ന് രക്ഷിച്ചെങ്കിലും ഇതിന്റെ ഫലം എല്ലാവർക്കും ലഭിക്കുകയില്ല. മറിച്ച്, 'യേശു എന്റെ പാപം പരിഹരിക്കാനായി കുരിശിൽ മരിച്ചിട്ടു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു' എന്ന് വിശ്വസിച്ചുകൊണ്ട് ഒരു സഭയിൽ അംഗത്വം നേടാതെ ഒരു മനുഷ്യന്നും ഈ രക്ഷ ലഭിക്കുന്നതല്ല'.

♦ ♦ ♦

വാസ്തവത്തിൽ, മേൽപറഞ്ഞ ദൗത്യം നിർവഹിക്കാനാണ് തന്റെ നിയോഗമെന്ന് യേശു പറഞ്ഞതായി ബൈബിളിലില്ല. സകല മനുഷ്യരിലേക്കും തനിക്കു ദൗത്യമുണ്ടെന്നും അദ്ദേഹം പറഞ്ഞിട്ടില്ല. മറിച്ച്, ഇസ്രയേൽ ഗൃഹത്തിലേക്ക് മാത്രമായിരുന്നു തന്റെ നിയോഗമെന്ന് അദ്ദേഹം വ്യക്തമായി പറയുകയും ചെയ്തിരുന്നു: ''യേശു അവിടം വിട്ടു സോർ സീദോൻ എന്ന പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദേശത്തുനിന്ന് ഒരു കനാന്യ സ്ത്രീ വന്നു, അവനോടു: കർത്താവേ, ദാവീദു പുത്രാ എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു, എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോടു ഒരു വാക്കും ഉത്തരം പറഞ്ഞില്ല; അവന്റെ ശിഷ്യൻമാർ അടുക്കെ വന്നു, അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു; അവളെ പറഞ്ഞയക്കേണമേ എന്ന് അവനോടു അപേക്ഷിച്ചു. അതിന്നു അവൻ: യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല, എന്നു ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു: കർത്താവേ, എന്നെ സഹായിക്കേണമേ, എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. അവനോ: മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല എന്ന് ഉത്തരം പറഞ്ഞു. അതിന്നു അവൾ: അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു. യേശു അവളോട്: സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്. നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ എന്നു ഉത്തരം പറഞ്ഞു. ആ നാഴിക മുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു.'' (മത്തായി 15: 21-28)

''യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾ'' എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നത് മോശയുടെ അനുയായികളായ യഹൂദരിൽ വഴിതെറ്റിയ ആളുകൾ ആണെന്നത് വ്യക്തമാണ്. സ്വന്തം മകളുടെ രോഗം സുഖപ്പെടുത്തണമെന്ന അപേക്ഷയുമായി കരഞ്ഞുകൊണ്ടു വന്ന ആ കനാന്യസ്ത്രീയോട് (ഇസ്രായേൽ കുടുംബത്തിന് പുറത്തുള്ള ഒരു സ്ത്രീ) കരുണയില്ലാഞ്ഞിട്ടല്ല, യേശു ഇങ്ങനെ പറഞ്ഞത്. മറിച്ച്, തന്റെ ദൗത്യം സകല ജനങ്ങളിലേക്കുമാണെന്ന ഒരു തെറ്റിദ്ധാരണ ആളുകളിലുണ്ടാവാതിരിക്കാൻ വേണ്ടിയാണദ്ദേഹം, മറക്കാൻ പ്രയാസമുള്ള ശക്തമായ ശൈലിയിൽ തന്റെ ദൗത്യത്തിന്റെ പരിമിതിയെസ്സംബന്ധിച്ച് ഊന്നിപ്പറഞ്ഞത്.

യേശു ആരായിരുന്നു എന്ന ചോദ്യത്തിന് സുവിശേഷങ്ങളിൽ നിന്നും ലഭിക്കുന്ന മറുപടികൾ നോക്കുക:

''അവൻ അവരോട്: എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചതിന്ന്, നീ ക്രിസ്തു ആകുന്നു എന്ന് പത്രോസ് ഉത്തരം പറഞ്ഞു.'' (മർക്കോസ് 8: 29)

'ക്രിസ്തു' എന്ന പദം ഗ്രീക്കുഭാഷയിലെ ക്രിസ്തോസ് (Christos) എന്ന പദത്തിന്റെ മറ്റൊരു രൂപമാണ്. 'മിശിഹാ' (Messiah) എന്ന ഹീബ്രുപദത്തിന് തുല്യമായിട്ടാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. 'മിശിഹാ' (അറബിയിൽ – 'മസീഹ്') എന്ന പദം ബൈബിളിൽ 'അഭിഷിക്തൻ' എന്ന് ഭാഷാന്തരം ചെയ്തുപയോഗിച്ചിട്ടുണ്ട്. യേശുവിനെ പരാമർശിക്കുന്ന സ്ഥലത്ത് ഒന്നുകിൽ 'മിശിഹാ' എന്ന മൂലപദമോ അല്ലെങ്കിൽ ക്രിസ്തു (Christos-Christ) എന്ന പദമോ നിലനിർത്തുകയാണ് ബൈബിൾ പരിഭാഷകർ ചെയ്തിട്ടുള്ളത്.

യഹൂദന്മാർ പണ്ടുമുതലേ ഒരു വാഗ്ദത്ത മിശിഹായെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. പല പ്രവാചകരും അതെസ്സംബന്ധിച്ച് അവരെ അറിയിച്ചിട്ടുണ്ട്. ദീർഘകാലം വിദേശ ഭരണാധികാരികളുടെ കീഴിൽ ഞെരിഞ്ഞമർന്നു കഴിഞ്ഞ ഇസ്രയേൽ മക്കൾക്ക് ബഹുദൈവാരാധകരായ വിദേശികളിൽ നിന്ന് മോചനം നല്കി, ദൈവത്തിന്റെ നിയമം അനുസരിച്ച് ജീവിക്കാൻ അവസരമുണ്ടാക്കി ക്കൊടുക്കുന്ന ഒരു മിശിഹാ അഥവാ 'യഹൂദന്മാരുടെ ഒരു രാജാവ്' വരുമെന്ന പ്രതീക്ഷ അവരിൽ ഉണ്ടായിരുന്നു. ഒടുവിൽ, റ്റൈബീരിയസ് സീസർ റോമാ ചക്രവർത്തിയായിരിക്കുമ്പോൾ, ഹെരോദാവ് ഗലീലയിലും, പീലാത്തോസ് യഹൂദിയായിലും വാഴുമ്പോൾ യേശു യരൂശലേമിൽ പ്രവേശിക്കുന്നു. യഹൂദന്മാർ പ്രതീക്ഷിച്ച മിശിഹായാണ് താനെന്ന യേശുവിന്റെ അവകാശവാദം വകവച്ചുകൊടുക്കാൻ യഹൂദപുരോഹിതർക്ക് വിഷമമുണ്ടായി. അവർ അദ്ദേഹത്തിന്റെ മുമ്പിൽ നേരിട്ടു ചെല്ലാതെ 'ഒറ്റുകാരെ' പറഞ്ഞയച്ച് ചോദ്യങ്ങൾ ചോദിപ്പിച്ച് പരീക്ഷിച്ചുകൊണ്ടിരുന്നു. യേശുവിന്റെ മിശിഹാ എന്ന പദവി അംഗീകരിച്ചു കൊടുത്താൽ, തങ്ങൾ റോമാക്കാരുടെ കീഴിൽ വഹിച്ചുപോരുന്ന സ്ഥാനങ്ങളും പദവികളും അവർക്കു നഷ്ടപ്പെടുമായിരുന്നു. കൂടാതെ, റോമാക്കാർക്കെതിരെ സമരം ചെയ്യാൻ അവർ സന്നദ്ധരാകേണ്ടി വരികയും ചെയ്യും. ഇതായിരുന്നു അവരുടെ പ്രധാന പ്രശ്നം. സ്വാർഥമതികളായ ഈ പുരോഹിതവർഗം വിദേശികളോട് കൂട്ടുചേർന്നുകൊണ്ട് യേശുവിനെ പിടിച്ചു ക്രൂശിക്കാൻ മുൻകൈയെടുത്ത വിവരം നമുക്ക് സുവിശേഷങ്ങളിൽ നിന്നും മനസ്സിലാക്കാം.

ഒടുവിൽ ഈ മഹാ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകരുമൊക്കെ ചേർന്ന് യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിക്കൊണ്ടു പറഞ്ഞ ആരോപണമിതായിരുന്നു: ''ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചു കളകയും താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ട് കൈസർക്കു കരം കൊടുക്കുന്നത് വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു........ പീലാത്തോസ് അവനോട്: നീ യഹൂദൻമാരുടെ രാജാവോ എന്നു ചോദിച്ചതിന്: ഞാൻ ആകുന്നു എന്ന് അവനോടു ഉത്തരം പറഞ്ഞു.'' (ലൂക്കോസ് 23: 2, 3)

ഇതിനർഥം യഹൂദൻമാരുടെ രാജാവ് എന്ന അർഥത്തിൽ ക്രിസ്തുവായിരുന്നു താനെന്ന് യേശു സമ്മതിച്ചു എന്നാണ്.

മത്തായിയുടെ സുവിശേഷത്തിൽ (മറ്റൊരു സന്ദർഭത്തിൽ) നമുക്കിങ്ങനെയും കാണാം: ''ഈ ഉപമകളെ പറഞ്ഞു തീർന്നശേഷം യേശു അവിടം വിട്ടു തന്റെ പിതൃനഗരത്തിൽ വന്നു അവരുടെ പള്ളിയിൽ അവർക്കു ഉപദേശിച്ചു. അവർ വിസ്മയിച്ചു: ഇവന്ന് ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെ നിന്ന്? ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നവർ അല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടു കൂടെയില്ലയോ? ഇവന്നു ഇതൊക്കെ എവിടെ നിന്ന് എന്നു പറഞ്ഞ് അവങ്കൽ ഇടറിപ്പോയി. യേശു അവരോട്: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു.'' (മത്തായി 13: 53–57)



ഈ വാക്യങ്ങളിൽ നിന്നും യേശുവിന്റെ നാട്ടുകാർക്ക് അദ്ദേഹത്തെപ്പറ്റിയുണ്ടായിരുന്ന ധാരണ നമുക്ക് മനസ്സിലാക്കാം. ഒപ്പം യേശു സ്വയം ഒരു പ്രവാചകനായി, തന്നെ വിശേഷിപ്പിക്കുന്നതും നമുക്ക് കാണാം.

യേശു, തന്നെ എതിർക്കുന്ന യഹൂദന്മാരോട് നടത്തുന്ന പ്രതിവാദം യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: ''എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു.'' (യോഹന്നാൻ 8: 40)

ഈ വാക്യത്തിൽ നിന്നും, യേശുക്രിസ്തു ജനങ്ങൾക്കു നല്കുന്ന ഉപദേശം ദൈവത്തിങ്കൽ നിന്നും കേട്ടതാണെന്നും, ക്രിസ്തു ദൈവമായിരുന്നില്ല; ഒരു മനുഷ്യൻ മാത്രമായിരുന്നെന്നും സ്പഷ്ടമാകുന്നു.

''എനിക്കു സ്വതേ ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ ഇച്ഛിക്കുന്നതു കൊണ്ട് എന്റെ വിധി നീതിയുള്ളത് ആകുന്നു.'' (യോഹന്നാൻ 5: 30)

യേശുക്രിസ്തു, ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു സന്ദേശവാഹകൻ ആയിരുന്നുവെന്നും, അദ്ദേഹം ദൈവത്തിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക മാത്രമായിരുന്നു ചെയ്തത് എന്നും ഈ വാക്യം വ്യക്തമാക്കുന്നു. തുടർന്നിങ്ങനെയും അദ്ദേഹം പറഞ്ഞു:

''എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ.'' (യോഹ 7: 16)

''ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവുതന്നെ ഞാൻ ഇങ്ങനെ പറയണം എന്നും ഇന്നതു സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു.........'' (യോഹ: 12: 49,50)

സുവിശേഷങ്ങൾ നല്കുന്ന ഈ ചിത്രത്തിന്നു നിരക്കാത്ത ചില വാചകങ്ങൾ അവിടവിടെയായി കാണുന്നുണ്ടെങ്കിൽ, അതെങ്ങനെ സംഭവിച്ചു എന്നുകൂടി അന്വേഷിക്കേണ്ടതുണ്ട്. ക്രിസ്തുവിനു ശേഷം, ആദിപാപ പരിഹാരാർഥം ക്രിസ്തു ക്രൂശിൽ മരിച്ചു എന്ന വാദവുമായി കടന്നുവന്ന പൗലോസിന്റെ സ്വാധീനം സുവിശേഷങ്ങളിൽ കാണുന്നു എന്നതാണ് വാസ്തവം. പൗലോസ് പ്രസംഗിച്ച ''മറ്റൊരു സുവിശേഷം'' ചർച്ചാ വിഷയമാക്കുന്നതിനു മുമ്പ് ക്രിസ്തു പ്രസംഗിച്ച ''രാജ്യത്തിന്റെ സുവിശേഷം'' എന്താണെന്ന് നമുക്ക് നോക്കാം.

## അധ്യായം ഏഴ്

# ക്രിസ്തു പ്രസംഗിച്ച ''രാജ്യത്തിന്റെ സുവിശേഷം''

7.The preface to the Revised Standard Version of the Bible published in 1971.

“...........യോഹന്നാൻ തടവിലായ ശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു: കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു.'' (മർക്കോസ് 1: 14,15)

ഇവിടെ പരാമർശിക്കപ്പെടുന്ന ''ദൈവരാജ്യത്തിന്റെ സുവിശേഷം'' മത്തായിയോ മർക്കോസോ മറ്റേതെങ്കിലും ശിഷ്യനോ എഴുതിയ സുവിശേഷമല്ലെന്ന് വ്യക്തമാണ്. പുതിയ നിയമത്തിൽ കാണുന്ന നാലു കാനോനിക സുവിശേഷങ്ങളും പിൽക്കാലത്തു വന്നവർ എഴുതിയ ക്രിസ്തുചരിത്രമാണ്. ക്രിസ്തുതന്നെ പറയുകയുണ്ടായി:

''സത്യത്തിനു സാക്ഷി നില്ക്കേണ്ടതിന്നായി ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു.'' (യോഹന്നാൻ 18: 37)

ഇവിടെ ക്രിസ്തു 'സത്യം' എന്നതുകൊണ്ടുദ്ദേശിച്ചത് ''ദൈവരാജ്യത്തിന്റെ സുവിശേഷം'' തന്നെയായിരുന്നു എന്ന് മറ്റു വചനങ്ങളിൽ നിന്നും തെളിയുന്നു. അപ്പോൾ ക്രിസ്തുവിന്റെ തന്നെ വാക്കുകളിൽ, ക്രിസ്തു ജനിച്ചത് സത്യത്തിന് സാക്ഷി നിൽക്കാനായിരുന്നു, അതിനാണദ്ദേഹം ലോകത്തിലേക്കു വന്നത്.

എന്തു സത്യമാണ് ക്രിസ്തു ലോകത്തോട് പ്രസംഗിച്ചത്? സുവിശേഷകാരൻ പറയട്ടെ: ''യേശു പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു.'' (മത്തായി 9: 35)

എന്താണീ 'ദൈവരാജ്യം?'

'അതു സഭയുടെ ഭരണമാണ്,' 'ജന്മപാപത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവരുടെ ആത്മീയരാജ്യമാണ്' എന്നിങ്ങനെയുള്ള വിശദീകരണങ്ങൾ സഭാവക്താക്കൾ നല്കാറുണ്ട്. എന്നാൽ ക്രിസ്തുതന്നെ ദൈവരാജ്യത്തെപ്പറ്റി എന്തുപറഞ്ഞു എന്നു നോക്കാം.

ക്രിസ്തുവിന്റെ ഉപദേശം പ്രധാനമായും ഉപമകളിലൂടെയായിരുന്നു. എങ്കിലും അത് സത്യം ഗ്രഹിക്കാൻ മനസ്സുള്ളവർക്ക് തടസ്സമല്ല:

''വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു, പറവകൾ വന്നു അതു തിന്നുകളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു, മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു, സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി, വേർ ഇല്ലായ്കയാൽ അതുണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിനിടയിൽ വീണു, മുള്ളുമുളച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റുചിലതു നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ.''(മത്തായി 13: 3-9)

ഈ ഉപമയുടെ അർഥം യേശുതന്നെ വിശദീകരിച്ചു കൊടുത്തതു ശ്രദ്ധിക്കുക:

''എന്നാൽ വിതെക്കുന്നവന്റെ ഉപമ കേട്ടുകൊൾവിൻ. ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തു കളയുന്നു; ഇതത്രെ വഴിയരികെ വിതക്കപ്പെട്ടത്. പാറ സ്ഥലത്ത് വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊളളുന്നതു ആകുന്നു. എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിന്നിടയിൽ വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നുവെങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായിത്തീരുന്നതാകുന്നു. നല്ല നിലത്തു വിതക്കപ്പെട്ടതോ ഒരുത്തൻ വചനം



കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു. (മത്തായി 13: 19 - 23)

''സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ട്, തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളത് ഒക്കെയും വിറ്റു ആ വയൽ വാങ്ങി.

''പിന്നെയും, സ്വർഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ, ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി'' (മത്തായി 13: 44 -46).

മേലുദ്ധരിക്കപ്പെട്ട ക്രിസ്തുവിന്റെ ഉപമകളിലൂടെ ക്രിസ്തു വ്യക്തമായും പഠിപ്പിക്കുന്ന ഒരു തത്ത്വം, ''ദൈവരാജ്യം'' എന്നത് കേവലം ഒരു വിശ്വാസം സ്വീകരിക്കുന്നതിലൂടെ കിട്ടുന്ന ഒരു രക്ഷ അല്ല എന്നും, മറിച്ച് ക്രിസ്തു പഠിപ്പിക്കുന്ന വചനം ഉൾക്കൊണ്ട് ജീവിതത്തിൽ പകർത്തി ഫലം വിളയിക്കുന്ന ഒരു പ്രക്രിയയാണെന്നും ആണ്. തന്നെയുമല്ല, ദൈവരാജ്യം സ്വജീവിതത്തിൽ പുലരുന്നതിനു വേണ്ടി, മറ്റെല്ലാം ത്യജിക്കാൻ നാം തയ്യാറാകണമെന്നാണ് യേശുക്രിസ്തു പഠിപ്പിച്ചത്. അതാണ് എല്ലാം വിറ്റു വാങ്ങേണ്ട ''വയലും'' ''മുത്തും'' സൂചിപ്പിക്കുന്നത്. ദൈവവചനം കേട്ട് അതുൾക്കൊണ്ട് ജീവിക്കുന്ന മനുഷ്യൻ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നല്കത്തക്ക വണ്ണം പ്രവർത്തിക്കേണ്ടതുണ്ട്. അതിന്റെ ഫലമായി ദൈവവചനം ജീവത്തിൽ പുലരുന്ന ജനങ്ങളുടെ ഒരു രാജ്യം ഭൂമിയിൽ സാക്ഷാൽക്കരിക്കുന്നതാണ്.

ഈ ദൈവവചനത്തിന്റെ ആകത്തുക ക്രിസ്തു തന്നെ പഠിപ്പിച്ചു: ''ശാസ്ത്രിമാരിൽ ഒരുവൻ അടുത്തു വന്നു. എല്ലാറ്റിലും മുഖ്യകല്പന ഏതു എന്ന് അവനോടു ചോദിച്ചു. അതിനു യേശു: എല്ലാറ്റിലും മുഖ്യകല്പനയോ? യിസ്രായേലേ കേൾക്ക, 'നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കേണം' എന്നു ആകുന്നു. രണ്ടാമത്തേതോ? 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം' എന്നത്രേ. ഇവയിൽ വലുതായിട്ട് മറ്റൊരു കൽപനയും ഇല്ല എന്നുത്തരം പറഞ്ഞു. ശാസ്ത്രി അവനോടു നന്ന് ഗുരോ, നീ പറഞ്ഞതു സത്യം തന്നെ. ഏകനേയുള്ളൂ; അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവാംഗ ഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നേ എന്നു പറഞ്ഞു. അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്നു യേശു കണ്ടിട്ട്: നീ ദൈവരാജ്യത്തോട് അകന്നവനല്ല, എന്നു പറഞ്ഞു'' (മർക്കോസ് 12: 28 -34).

''ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാർ ചോദിച്ചതിന്ന്: ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്. ഇതാ ഇവിടെ, എന്നും അതാ അവിടെ എന്നും പറയുകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ എന്ന് അവൻ ഉത്തരം പറഞ്ഞു: (ലൂക്കോസ് 17: 20,21)

''നിത്യജീവനെ പ്രാപിപ്പാൻ താൻ എന്തു നന്മ ചെയ്യേണം' എന്നു ഒരാൾ ക്രിസ്തുവിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി, 'കല്പനകളെ പ്രമാണിക്ക' എന്നായിരുന്നു. ഏവ എന്ന് അവൻ ചോദിച്ചതിനു യേശു: കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ള സാക്ഷ്യം പറയരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്ക, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക എന്നിവ

തന്നെ എന്നു പറഞ്ഞു'' (മത്തായി 19: 16-19).

ഇവിടെ ക്രിസ്തു ഉപദേശിക്കുന്നത് മോശയുടെ ന്യായപ്രമാണത്തിന്റെ കല്പനകൾ പാലിക്കാനാണ്. അല്ലാതെ, ക്രിസ്തു ന്യായപ്രമാണം എന്ന നിയമം റദ്ദു ചെയ്തു കൊണ്ടു ഒരു 'പുതിയ നിയമം' പഠിപ്പിക്കുന്നില്ല. 'പുതിയ നിയമം' കൊണ്ടുവരുന്നത് ക്രിസ്തുവിനെ നേരിട്ടറിയാതിരുന്നവനും ക്രിസ്തീയ മർദകനുമായിരുന്ന പൗലോസ് ആണ്. ക്രിസ്തു പഠിപ്പിച്ച ദൈവരാജ്യത്തിന്റെ സുവിശേഷം മോശയുടെ ന്യായപ്രമാണത്തിന്റെ പൂർത്തീകരണമായിരുന്നെങ്കിൽ (മത്തായി 5: 17- 20), പൗലോസ് പഠിപ്പിച്ചത് ന്യായപ്രമാണത്തിന് നിരക്കാത്തതും അതിനെ റദ്ദുചെയ്യുന്നതുമായ തികച്ചും പുതിയ ഒരു നിയമമാണ്. ഈ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്നത്തെ ക്രിസ്തുമതം ക്രിസ്തുവിന്റെ മതമായിരുന്നില്ല, പൗലോസിന്റെ മതമായിരുന്നു എന്നതാണ് യാഥാർഥ്യം.

## അധ്യായം എട്ട്

# പൗലോസ് പ്രസംഗിച്ച "വേറൊരു സുവിശേഷം"

**ക്രി**സ്തുവിന്റെ കാലശേഷം, ക്രിസ്തുവിന്റെ ദൗത്യത്തിന് വാക്ചാതുരിയോടെ മറ്റൊരു വ്യാഖ്യാനം നല്കിക്കൊണ്ട് ക്രിസ്തു പ്രസംഗിച്ച ''രാജ്യത്തിന്റെ സുവിശേഷത്തെ'' തകിടം മറിച്ച സ്വയം പ്രഖ്യാപിത അപ്പോസ്തലനായിരുന്നു 'വിശുദ്ധ' പൗലോസ്. ക്രിസ്തു സ്വയം തെരഞ്ഞെടുത്ത പന്ത്രണ്ടു അപ്പോസ്തലന്മാരിലൊരാളായിരുന്നില്ല പൗലോസ്. മറിച്ച്, അദ്ദേഹം ക്രിസ്തുവിനെ കണ്ടിട്ടു പോലുമില്ല. ക്രിസ്തുവിന്റെ തിരോധാനം കഴിഞ്ഞ് അദ്ദേഹത്തിന്റെ അനുയായികളെ മർദിച്ചൊതുക്കാനും എറിഞ്ഞു കൊല്ലാനും കച്ചകെട്ടിയിറങ്ങിയവരിൽ പ്രമുഖനായിരുന്ന പൗലോസ്, കിലീക്യയിലെ തർസൊസ് എന്ന സ്ഥലത്തു ജനിച്ച പരീശനായ ഒരു റോമൻ പൗരനായിരുന്നു.( അപ്പോസ്തല പ്രവൃത്തികൾ 22: 3-5, 25, 23: 6)

ദമസ്കസിലേക്കുള്ള യാത്രാമധ്യേ അദ്ഭുതകരമായി യേശുക്രിസ്തു പൗലോസിന് വെളിപാടു നല്കുകയും തുടർന്നു അദ്ദേഹത്തെ വിജാതീയരിലേക്കുള്ള അപ്പോസ്തലനായി നിയമിക്കുകയും ചെയ്തു എന്ന് പൗലോസ് തന്നെ സാക്ഷ്യം പറയുന്നു (അപ്പോ: 22: 6-21). എന്നാൽ ആദിമ ക്രൈസ്തവരിൽ മിക്കവരും പൗലോസിന്റെ അവകാശവാദം സ്വീകരിച്ചില്ല. അവരിൽപ്പെട്ട എബ്യോനൈറ്റ്സിന്റെ ലിഖിതങ്ങളിൽ, പൗലോസ് ഗ്രീക്ക് മാതാപിതാക്കളുടെ മകനായ ഒരു വിജാതീയനായിരുന്നുവെന്നും, ഒരു യഹൂദനായിരുന്നുവെന്ന് പൗലോസ് പറഞ്ഞത് കളവാണെന്നും കാണുന്നു. (The New Catholic Encyclopaedia. Article: Ebionites, Mc Graw Hill Book Co. 1967, P. 34)

1947-ൽ ചാവുകടൽത്തീരത്തുള്ള ഖുംറാൻ പ്രദേശത്ത് നിന്നു കണ്ടെടുത്ത തുകൽ ലിഖിതങ്ങളാണ് ''ചാവുകടൽ ചുരുളുകൾ'' (Dead sea scrolls) എന്നറിയപ്പെടുന്നത്. ഇവ മുഴുവൻ ക്രിസ്തീയ സഭാ വക്താക്കളുടെ കൈവശമായിരുന്നു. ആകെയുണ്ടായിരുന്ന അഞ്ഞൂറു ചുരുളുകളിൽ നൂറെണ്ണം മാത്രമാണ് സഭാവക്താക്കൾ



പുറത്തു വിട്ടത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലുള്ള ഗവേഷകരുടെ ആവശ്യം അവഗണിച്ചു കൊണ്ട് സഭ കൈവശം വച്ചിരുന്ന ബാക്കി ലിഖിതങ്ങളുടെ ഫോട്ടോഗ്രാഫിക് പ്രിന്റുകൾ പേരു വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരാൾ വഴി രണ്ടു അമേരിക്കൻ ഗവേഷകർ അടുത്ത കാലത്ത് നേടിയെടുത്തു. കാലിഫോർണിയാ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിലെ ഡോ. റോബർട്ട് ഇ. ഐസൻമൻ, ഷിക്കാഗോ യൂനിവേഴ്സിറ്റിയിലെ ഡോ. മൈക്കേൽ വൈസ് എന്നിവരായിരുന്നു ഇവർ. അതീവ ശ്രമകരമായ പഠന പരിശ്രമങ്ങളിലൂടെ പുരാതന ഹീബ്രുവിൽ എഴുതപ്പെട്ടതും മിക്കവാറും ദ്രവിച്ചു പോയതുമായ ആ തുകൽ ലിഖിതങ്ങൾ വായിച്ചു പരിഭാഷപ്പെടുത്തി അവർ പ്രസിദ്ധീകരിച്ചത് ബൈബിൾ പണ്ഡിതന്മാരുടെയിടയിൽ വലിയ വിവാദം സൃഷ്ടിച്ചു. എസ്സീനർ എന്നറിയപ്പെട്ട ഒരു വിഭാഗം യഹൂദന്മാരാൽ രചിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന ഈ ലിഖിതങ്ങളിൽ നിന്നും ബി. സി. ഒന്നാംനൂറ്റാണ്ടിലെയും ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിലെയും പാലസ്തീനിലെ സ്ഥിതിഗതികൾ വിശ്വസനീയമാംവണ്ണം ലഭിക്കുന്നു. ഡോക്ടർ ഐസൻമൻ എഴുതുന്നു: ''യേശുവിന്റെ കാലത്തെ പാലസ്തീനിൽ എന്തു സംഭവിച്ചു എന്നറിയണമെങ്കിൽ, സുവിശേഷങ്ങളിലേക്ക് പോകണ്ട. അവ മുന്നൂറും നാനൂറും വർഷങ്ങൾക്കു ശേഷം ഗ്രീസിലും റോമിലും വച്ച് എഴുതപ്പെട്ടവയാണ്. നിങ്ങൾ പാലസ്തീൻകാരുടെ കൃതികൾ, അതായത് ചാവുകടൽച്ചുരുളുകൾ വായിക്കുക.''

കൂടാതെ അദ്ദേഹം ഇങ്ങനെയും പറയുന്നു: ''സുവിശേഷങ്ങളിലെ കഥകളെപ്പറ്റി ഒന്നും പറയാൻ എനിക്കു കഴിയില്ല. എന്നാൽ ഒരു കാര്യം പറയാം. നാമിന്നറിയുന്ന ക്രിസ്തുമതം, ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിലെ പാലസ്തീനിൽ നിലവിലില്ലായിരുന്നു. അത് ഗ്രീസിലും റോമിലും പൗലോസിന്റെ വിശ്വാസ പുനരവതരണത്തിനു ശേഷം വികസിച്ചു വന്നതാണ്'' ("Scroll Secrets" by Partha S. Banerjee in Los Angeles-article published in Indian Express Sunday Magazine, Sept.5,1993. Quotation from Eisenman.)

ചാവുകടൽച്ചുരുളുകളെപ്പറ്റി B.B.C ടെലിവിഷൻ സംപ്രേഷണം ചെയ്ത ഒരു പരിപാടിയിൽ (Horizon) ഡോക്ടർ ഐസൻമൻ പറയുകയുണ്ടായി: ''ഈ പുരാതന കൃതികളിൽ പല പ്രമുഖരായ ആളുകളുടെയും പേരുകൾക്കു പകരം ചില വിശേഷണ നാമങ്ങളാണ് കാണപ്പെടുന്നത്. ഉദാഹരണമായി, സച്ചരിതനായ ഗുരു (The Righteous Teacher), ദുഷ്ട പുരോഹിതൻ (The Wicked Priest) കപടൻ (The Liar) എന്നിങ്ങനെ.'' പ്രധാനപ്പെട്ട ഒരു ലിഖിതത്തിൽ പരാമർശിക്കപ്പെടുന്ന ''സച്ചരിതനായ ഗുരു'' ക്രിസ്തുവിന് ശേഷം യരൂശലേം സഭയുടെ നേതൃസ്ഥാനമേറ്റെടുത്ത, ക്രിസ്തുവിന്റെ സഹോദരനായ, യാക്കോബ് (James) ആയിരുന്നു എന്നും, ''കപടൻ'' പൗലോസ് ആയിരുന്നുവെന്നും ആണ് തെളിവുകളുടെ അടിസ്ഥാനത്തിൽ ഐസൻമൻ പറയുന്നത്. നീതിമാനായ യാക്കോബും (James the Just) അനുയായികളും പൗലോസിനെതിരായിരുന്നുവെന്ന കാര്യം പുതിയ നിയമ പുസ്തകങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണ്. അവർ പൗലോസിനെ ''അന്തിക്രിസ്തു'' (Antichrist) എന്നും ''കപടൻ'' എന്നും വിളിച്ചിരുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ മിക്കവയിലും അവർക്കെതിരെയുള്ള പ്രതിവാദങ്ങളും മറുപടികളും കാണാവുന്നതാണ്:

''ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നത് ഭോഷ്ക്കല്ല'' (റോമർ 9: 1).

''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ ഞാൻ ഭോഷ്ക്കല്ല പറയുന്നത് എന്നറിയുന്നു''(2 കൊരി

ന്ത്യർ 11: 31)

''ഞാൻ പ്രശംസിപ്പാൻ വിചാരിച്ചാലും മൂഢനാകയില്ല; സത്യമല്ലോ പറയുന്നത്'' (2 കൊരിന്ത്യർ 12: 6).

''ഞങ്ങൾ കൊള്ളരുതാത്തവർ അല്ല, എന്ന് നിങ്ങൾ അറിയും എന്നു ഞാൻ ആശിക്കുന്നു'' (2 കൊരിന്ത്യർ 13: 6).

''ഞാൻ നിങ്ങൾക്ക് എഴുതുന്നത് ഭോഷ്ക്കല്ല എന്നതിന് ദൈവം സാക്ഷി'' (ഗലാത്യർ 1: 20).

''നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ, ദ്രവ്യാഗ്രഹത്തിന്റ ഉപായമോ പ്രയോഗിച്ചിട്ടില്ല, ദൈവം സാക്ഷി.'' (തെസ്സലോനിക്യർ 2: 5)

''തക്ക സമയത്ത് അറിയിക്കേണ്ടിയ ഈ സാക്ഷ്യത്തിനായി ഞാൻ പ്രസംഗിയും അപ്പോസ്തലനുമായി - ഭോഷ്ക്കല്ല, പമാർത്ഥം തന്നെ പറയുന്നു - ജാതികളെ വിശ്വാസവും സത്യവും ഉപദേശിപ്പാൻ നിയമിക്കപ്പെട്ടിരിക്കുന്നു'' (തിമോഥെയോസ് 2: 7).

പൗലോസ് പറയുന്നത് ഭോഷ്ക്കാണ് (കളവ്) എന്ന മറുപക്ഷത്തിന്റെ ആരോപണം നിലവിലുള്ളതു കൊണ്ടാണ്, പൗലോസ് ഇങ്ങനെ ആവർത്തിച്ച് സത്യം ചെയ്യുന്നത്. എന്നാൽ ഒരു സന്ദർഭത്തിൽ പൗലോസ് ഇങ്ങനെയും പറയുന്നു: ''ദൈവത്തിന്റെ സത്യം എന്റെ ഭോഷ്ക്കിനാൽ അവന്റെ മഹത്ത്വത്തിനായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിളിക്കുന്നതെന്ത്?'' (റോമർ 3: 6)

''എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും'' (യോഹന്നാൻ 8: 31) എന്നു പറഞ്ഞ ക്രിസ്തു എവിടെ നില്ക്കുന്നു, ദൈവത്തിന്റെ മഹത്ത്വം തെളിയിക്കാൻ കാപട്യം ആകാമെന്ന് പഠിപ്പിക്കുന്ന പൗലോസ് എവിടെ നില്ക്കുന്നു?

പൗലോസ് പറയുന്നു: ''ന്യായപ്രമാണമോ കോപത്തിനു ഹേതു ആകുന്നു, ന്യായപ്രമാണമില്ലാത്തിടത്ത് ലംഘനവുമില്ല... ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു....'' (റോമർ 4: 15; റോമർ 10: 4)

''എന്നാൽ ന്യായപ്രമാണത്തിന്റ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു. ....ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം.'' (ഗലാത്യർ 3: 10, 11)

ക്രിസ്തു ന്യായപ്രമാണത്തെപ്പറ്റി പറഞ്ഞതുമായി മേൽവചനങ്ങൾ താരതമ്യം ചെയ്യുക:

(ക്രിസ്തു പറഞ്ഞു:) ''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു, എന്നു നിരൂപിക്കരുത്; നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നത്.... ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും. അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും.'' (മത്തായി 5: 17,19)

പരിഛേദനയെപ്പറ്റി പൗലോസ് പറയുന്നത് നോക്കുക:

''അബ്രഹാമിന് വിശ്വാസം നീതിയായി കണക്കിട്ടു എന്നല്ലോ നാം പറയുന്നത്. എങ്ങനെ കണക്കിട്ടത്? പരിഛേദനയിലോ അഗ്രചർമത്തിലോ? പരിഛേദനയിലല്ല, അഗ്രചർമത്തിലത്രേ..''

''ഒരുത്തൻ പരിഛേദനയോടെ വിളിക്കപ്പെട്ടുവോ? അഗ്രചർമം വരുത്തരുത്. ഒരുത്തൻ അഗ്രചർമത്തോടെ വിളിക്കപ്പെട്ടുവോ? പരിഛേദന ഏൽക്കരുത്. പരിഛേദന ഒന്നുമില്ല, അഗ്രചർമവും ഒന്നുമില്ല.'' (1 കൊരിന്ത്യർ 18,19)

യഹോവയായ ദൈവം അബ്രഹാമിന് നല്കിയ കല്പന പ്രകാരമാണ് പരിഛേദന നിർബന്ധകർമമാകുന്നത്. യേശുവും സ്നാപക യോഹന്നാനും പരിഛേദനയേറ്റിട്ടുണ്ട്. യേശു അതിനെ തള്ളിപ്പറഞ്ഞിട്ടുമില്ല. ഉൽപത്തി പുസ്തകത്തിൽ പരിഛേദനയുടെ കല്പന എത്ര ശക്തമായിട്ടാണ് വന്നിട്ടുള്ളത് എന്ന് കൂടി നോക്കുമ്പോൾ പരിഛേദന സംബന്ധമായി പൗലോസ് കൈക്കൊണ്ടിട്ടുള്ള സമീപനം തികഞ്ഞ ലാഘവബുദ്ധിയോടെയുള്ളതാണെന്നു വ്യക്തമാകുന്നതാണ്. ഉൽപത്തി 17: 9-14 നോക്കുക:

''നീയും നിന്റെ ശേഷം തലമുറ തലമുറയായി നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിക്കും നിങ്ങൾക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആവിത്: നിങ്ങളിൽ പുരുഷപ്രജയൊക്കെയും പരിഛേദന ഏല്ക്കണം. നിങ്ങളുടെ അഗ്രചർമം പരിഛേദന ചെയ്യേണം; അതു എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിഛേദന ഏല്ക്കേണം, വീട്ടിൽ ജനിച്ച ദാസനായാലും നിന്റെ സന്തതിയല്ലാത്തവനായി അന്യനോടു വിലക്കുവാങ്ങിയവനായാലും ശരി; നിന്റെ വീട്ടിൽ ജനിച്ച ദാസനും നീ വിലകൊടുത്തു വാങ്ങിയവനും പരിഛേദന ഏറ്റേ കഴിയൂ. എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കേണം. അഗ്രചർമിയായ പുരുഷപ്രജയെ പരിഛേദന ഏല്ക്കാതിരുന്നാൽ ജനത്തിൽ നിന്നു ഛേദിച്ചു കളയേണം; അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു.''

യഹോവയുടെ കർശനമായ ഈ കല്പന,''പരിഛേദന ഒന്നുമില്ല, അഗ്ര ചർമവും ഒന്നുമില്ല'' എന്നു പറഞ്ഞുകൊണ്ട് പൗലോസ് തള്ളുകയാണ്!

'മനുഷ്യർക്കായി മരിച്ചിട്ടുയിർക്കുന്ന ദൈവം എന്ന ആശയം പുരാതന ഈജിപ്ഷ്യൻ, പേർഷ്യൻ, ഗ്രീക്ക്, റോമൻ മതപുരാണങ്ങളിൽ അറിയപ്പെട്ട ഒരു വിശ്വാസമായിരുന്നു. ഈ വിശ്വാസം ക്രിസ്തുവിന്റെ കാര്യത്തിൽ പ്രചരിപ്പിച്ചുകൊണ്ട്, ബഹുദൈവാരാധകരായ അനേകം അനുയായികളെ ആകർഷിക്കാൻ പൗലോസിനു കഴിഞ്ഞു. അവർക്കുണ്ടായിരുന്ന ഒരു തടസ്സം പരിഛേദനയായിരുന്നു. അതു കൂടി റദ്ദു ചെയ്തതോടുകൂടി പൗലോസ് പക്ഷത്തിന്റെ സംഖ്യാബലം കൂടി. ''പരിഛേദനക്കാർ'' എന്ന പേരിൽ പൗലോസ് ആക്ഷേപിച്ച ക്രിസ്തു ശിഷ്യന്മാരെയും അനുയായികളെയും നേരിടാൻ ഇതു സഹായകമായി.

ന്യായപ്രമാണത്തിന്റെ കർശനമായ നിയമങ്ങൾ പാലിക്കേണ്ട ആവശ്യമില്ലെന്നും, പരിഛേദന വേണ്ടെന്നും പറഞ്ഞ പൗലോസ് പഠിപ്പിച്ച ദൈവശാസ്ത്രത്തിന്റെ കാതൽ ക്രിസ്തുവിലുള്ള ഈ വിശ്വാസമാണ്.

''യേശുവിനെ കർത്താവ് എന്നു വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.'' (റോമർ 10: 9,10)

ഈ വിശ്വാസം സ്വീകരിച്ച പൗലോസ് അനുകൂലികൾ, ക്രിസ്തുവിന്റെ യഥാർഥ അപ്പോസ്തലന്മാരുടെ പ്രസംഗം കേട്ടപ്പോൾ അങ്ങോട്ടു മാറുന്ന സംഭവമുണ്ടായി. അവരെ താക്കീതു ചെയ്തുകൊണ്ട് പൗലോസ് എഴുതിയ ഒരു ലേഖനമാണ് ഗലാത്യർക്കുള്ള ലേഖനം. അതിൽ പറയുന്നത് നോക്കുക:

''ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങ

ളുടെ കണ്ണിനു മുമ്പിൽ വരച്ചുകിട്ടിയിരിക്കെ, നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആർ?'' (ഗലാത്യർ 3: 11)

''ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതു കൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞാൻ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ, സ്വർഗത്തിൽ നിന്നു ഒരു ദൂതൻ ആകട്ടെ, നിങ്ങളോടു അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ.'' (ഗലാത്യർ 1: 6, 7,8)

പൗലോസ് എതിർക്കുന്ന ഈ മറുകക്ഷി, യഥാർഥ അപ്പോസ്തലന്മാരുടെ കക്ഷിയല്ല എന്നതാണ് സഭാവക്താക്കളുടെ വാദം. എന്നാൽ പൗലോസിന്റെ തന്നെ ചില വചനങ്ങൾ പരിശോധിച്ചാൽ, ഇക്കാര്യത്തിലുള്ള സംശയം നീങ്ങേണ്ടതാണ്.

''ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും, നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം. ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പോസ്തലന്മാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നു'' (II കൊരിന്ത്യർ 11: 4, 5).

ഈ ''അതിശ്രേഷ്ഠതയുള്ള അപ്പോസ്തലന്മാർ'' ആരാണ്? തീർച്ചയായും അവർ പൗലോസിനെക്കാൾ ശ്രേഷ്ഠതയുള്ളവരായി സ്വയം അവകാശപ്പെടുകയോ മറ്റുള്ളവർ കണക്കാക്കുകയോ ചെയ്ത ആരെങ്കിലുമായിരിക്കണം. അവർ ക്രിസ്തുവിന്റെ സന്തത സഹചാരികളും ശുശ്രൂഷക്കാരുമായിരുന്ന അപ്പോസ്തലന്മാരാവാനല്ലേ സാധ്യത? വീണ്ടും നോക്കുക:

''അവർ എബ്രായരോ? ഞാനും അതേ. അവർ യിസ്രായേല്യരോ? ഞാനും അതേ. അവർ അബ്രാഹാമിന്റെ സന്തതിയോ? ഞാനും അതേ. ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ?-ഞാൻ ബുദ്ധി ഭ്രമമായി സംസാരിക്കുന്നു - ഞാൻ അധികം....'' (II കൊരിന്ത്യർ 11 : 22 -23)

ഇവിടെ പൗലോസ്, തന്നെ ആരുമായിട്ടാണ് താരതമ്യം ചെയ്യുന്നത്? ക്രിസ്തുവിന്റെ ശുശ്രൂഷക്കാരായിരുന്ന അപ്പോസ്തലന്മാരെക്കാൾ കൂടുതൽ പദവി പൗലോസിന് അവകാശപ്പെടാൻ എന്തു ന്യായമാണുള്ളത്?

''ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു'' എന്നു പറഞ്ഞത് വിമർശകരുടെ പരിഹാസവാക്ക് എടുത്തുദ്ധരിച്ചതാവാം. അല്ലെങ്കിൽ ബുദ്ധിഭ്രമമായി പൗലോസ് സംസാരിക്കുന്നു എന്നു തോന്നാനിടയുണ്ടെങ്കിലും, ഇതു പറയാതിരിക്കാൻ കഴിയില്ല എന്നാവാം സൂചന.

''പ്രശംസിക്കുന്നതിനാൽ പ്രയോജനമില്ല, എങ്കിലും അത് ആവശ്യമായിരിക്കുന്നു'' എന്ന് പറഞ്ഞുകൊണ്ട് പൗലോസ് തന്റെ ആത്മ പ്രശംസ തുടർന്നുകൊണ്ട് വീണ്ടും പറയുന്നു: ''.....നിങ്ങൾ എന്നെ ശ്ലാഘിക്കേണ്ടതായിരുന്നു. ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ഠതയുള്ള അപ്പോസ്തലന്മാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല.''(2 കൊരിന്ത്യർ 12: 11)

പൗലോസിന്റെ പ്രതിപക്ഷം ആരെന്ന് സംശയം അവശേഷിക്കുന്നുവെങ്കിൽ ഇതുകൂടി നോക്കുക:

''...അവർ പ്രശംസിക്കുന്ന കാര്യത്തിൽ ഞങ്ങളെപ്പോലെ അവരെ കാണട്ടെ. ഇങ്ങനെയുള്ളവർ കള്ളയപ്പോസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ...'' (2 കൊരിന്ത്യർ 11: 12,13)

''ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവർ.'' എന്നതു കൊണ്ടുദ്ദേശ്യം, യഥാർഥ അപ്പോസ്തലന്മാരായിരുന്നില്ലെങ്കിൽ, യഥാർഥ അപ്പോസ്തലന്മാർ എവിടെയായിരുന്നു? അവർ പൗലോസിനോടൊപ്പമായിരുന്നു എന്ന് പൗലോസ് പറയുന്നുമില്ല. തന്നെയുമല്ല, പൗലോസിനോട് ആരംഭത്തിൽ അനുഭാവം പുലർത്തിയിരുന്ന പത്രോസും (കേഫാവ്) ബർന്നബാസും തെറ്റിപ്പോയ കാര്യവും പൗലോസ് പറയുന്നുണ്ട്:

''എന്നാൽ കേഫാവ് അന്ത്യോക്ക്യയിൽ വന്നാറെ അവനിൽ കുറ്റം കാണുകയാൽ ഞാൻ അഭിമുഖമായി അവനോടു എതിർത്തു നിന്നു. യാക്കോബിന്റെ അടുക്കൽ നിന്നു ചിലർ വരും മുമ്പെ അവൻ ജാതികളോടു കൂടെ തിന്നുപോന്നു, അവർ വന്നപ്പോഴും അവൻ പരിച്ഛേദനക്കാരെ ഭയപ്പെട്ടു പിൻവാങ്ങി പിരിഞ്ഞു നിന്നു. ശേഷം യഹൂദന്മാരും അവനോടു കൂടെ കപടം കാണിച്ചതുകൊണ്ടു ബർന്നബാസും അവരുടെ കപടത്താൽ തെറ്റിപ്പോവാൻ ഇടവന്നു.'' (ഗലാത്യർ 2:11-13)

ചിത്രം ഇപ്പോൾ വ്യക്തമാണ്. തനിക്ക് ഒരു വെളിപാടു മുഖേന മാനസാന്തരം സംഭവിച്ചു എന്നു പറഞ്ഞു പൗലോസ് ക്രിസ്തുശിഷ്യന്മാരുടെയടുക്കൽ വന്നപ്പോൾ അവരിൽ പത്രോസും ബർന്നബാസും മാത്രമാണ് പൗലോസിനോട് അനുഭാവം കാട്ടിയത്. എന്നാൽ പൗലോസിന്റെ പിന്നീടുള്ള പ്രസംഗവും പ്രവൃത്തിയും കണ്ടപ്പോൾ, അവരും പൗലോസുമായി വഴിപിരിഞ്ഞു.

പൗലോസിന്റെ സുവിശേഷ പ്രവർത്തനം ആദ്യം മുതലേ, അപ്പോസ്തലന്മാരുമായി സഹകരിച്ചു കൊണ്ടല്ല നടത്തിയതെന്നതിന്, പൗലോസു തന്നെ സാക്ഷ്യം നല്കുന്നു:

''എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിനു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഞാൻ മാംസരക്തങ്ങളോടു ആലോചിക്കുകയോ, എനിക്കു മുമ്പേ അപ്പോസ്തലന്മാരായവരുടെയടുക്കൽ യരുശലേമിലേക്കു പോകയോ ചെയ്യാതെ നേരെ അറബിയിലേക്കു പോകയും ദമെസ്ക്കൊസിലേക്ക് മടങ്ങിപ്പോരുകയും ചെയ്തു. മൂവാണ്ടു കഴിഞ്ഞിട്ടു കേഫാവുമായി മുഖപരിചയമുണ്ടാകേണ്ടതിന് യരുശലേമിലേക്കു പോയി . പതിനഞ്ചു ദിവസം അവനോടു കൂടെ പാർത്തു. എന്നാൽ കർത്താവിന്റെ സഹോദരനായ യാക്കോബിനെ അല്ലാതെ അപ്പോസ്തലന്മാരിൽ വേറൊരുത്തനെയും കണ്ടില്ല. ഞാൻ നിങ്ങൾക്കെഴുതുന്നതു ഭോഷ്ക്കല്ല, എന്നതിന് ദൈവം സാക്ഷി.''(ഗലാത്യർ 1: 15 - 20)

പൗലോസിന്റെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും ക്രിസ്തു സ്വന്തം ജീവിതത്തിൽ നടത്തിയ അദ്ഭുതങ്ങളിലൊന്നും വിശദീകരിക്കുന്നില്ല; ക്രിസ്തു പ്രസംഗിച്ചു പഠിപ്പിച്ച കാര്യങ്ങളൊന്നും എടുത്തു പറയുന്നുമില്ല, എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

''ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരച്ചു കിട്ടിയിരിക്കെ, നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആർ?'' (ഗലാത്യർ 3: 1)

ഈ വാക്യത്തിൽ നിന്നും മനസ്സിലാവുന്നത്, ''ക്ഷുദ്രം ചെയ്തു മയക്കാ''ൻ വന്ന

ക്കുന്നു; മരിച്ചവരുടെ ന്യായാധിപനും ആണ്. അത് പോലെ ഡയോനീസസ് പരിശുദ്ധിയുടെയും ചാരിത്ര്യത്തിന്റെയും ദേവനായി അറിയപ്പെട്ടു. പച്ചവെള്ളം വീഞ്ഞാക്കുന്ന ഡയോനീസസിന്റെ ദിവ്യാദ്ഭുതം യേശു നടപ്പിലാക്കുകയും ചെയ്തു. അഡോനിസ്, ഒസൈരിസ്, ഡയോനീസസ് എന്നീ ദേവന്മാർ യേശുവിനെപ്പോലെ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. മിത്രായിസത്തിൽ നിന്ന് സ്വർഗ നരകങ്ങളുടെ താക്കോലിന്റെ ആശയം കിട്ടി. മിത്രായെയും മെറോഡോക്കിനെയും പോലെ യേശു, മുഖ്യദേവനിപ്പുറമുള്ള ഒരു മധ്യസ്ഥൻ ആണ്. ഖോൺസു, ഹോറസ്, മെറോഡാക്ക് എന്നീ ദേവന്മാരെപ്പോലെ യേശുവും ത്രിത്വത്തിലെ ഒരംഗമാണ്. ഹോറസിനെപ്പോലെ യേശുവും ദിവ്യത്വമുള്ള ഒരമ്മയുടെ മകനാണ്. ഖോൺസുവിനെപ്പോലെ വചനവു (Logos)മായി യേശു ബന്ധപ്പെട്ടിരിക്കുന്നു. മെറോഡാക്കിനെപ്പോലെ യേശുവും പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. മെറോഡാക്കിന്റെ പരിശുദ്ധാത്മാവിന്റെ അടയാളങ്ങളിൽ ഒന്ന് തീയാണെന്നുള്ളതും പ്രസ്താവ്യമാണ്. ഇങ്ങനെ ക്രിസ്തീയ ദൈവശാസ്ത്രത്തിലെ മിക്ക ആശയങ്ങളും പുരാതന ബഹുദൈവ വിശ്വാസത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്ന് തെളിയുന്നു. ഇതിൽ അദ്ഭുതമില്ല. കാരണം, ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ പൗലോസ് ബഹുദൈവാരാധകരുടെ ഇടയിൽ നിന്നും വന്ന ഒരു റോമാക്കാരനായിരുന്നു. ജാതികളുടെ മനഃശാസ്ത്രം മനസ്സിലാക്കിയ കൂർമബുദ്ധിയായ പൗലോസ് അവരെ തൃപ്തിപ്പെടുത്തുന്ന ഒരു ക്രിസ്തീയ പുരാണം ഉണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇനി, കുർബാനയുടെ കാര്യം നോക്കാം. ബഹുദൈവാരാധകരുടെ ക്ഷേത്രങ്ങളിൽ നിന്ന് ആഹാര ശകലങ്ങൾ (പ്രസാദം) കൊണ്ടുപോയി ഭക്ഷിക്കുന്ന ഏർപ്പാട് ക്രിസ്തുവിന് വളരെക്കാലം മുമ്പ് തന്നെ നിലവിലുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ കുർബാനയിലെ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ മാംസവും രക്തവുമാണെന്നുള്ള ആശയം നിലവിലില്ലായിരുന്നു. പിന്നീട് ഈ ആശയം വന്നപ്പോൾ ''മനുഷ്യമാംസ ഭോജനം'' എന്ന പേരിൽ ഈ ചടങ്ങ് വിമർശന വിധേയമായി. അപ്പോൾ അത് വെറും ആലങ്കാരിക പ്രയോഗമാണെന്ന് സഭാ മേലധ്യക്ഷന്മാർ വിശദീകരിച്ചു. പക്ഷേ, ബഹുദൈവാരാധകരുടെ സംസ്കാരം ക്ഷയിച്ചപ്പോൾ, പഴയ സിദ്ധാന്തം പുതിയ വ്യാഖ്യാനത്തോടെ സ്വീകരിക്കപ്പെട്ടു. കുർബാനയുടെ അപ്പവും വീഞ്ഞും ഉള്ളിൽചെന്നാൽ പദാർഥ പരിണാമം (transubstantiation) മുഖേന മാംസവും രക്തവും ആയിത്തീരുന്നു എന്നതായിരുന്നു പുതിയ വിശദീകരണം. ഈ അദ്ഭുതം ഓരോ പ്രാവശ്യവും കുർബാന നടക്കുമ്പോൾ നടക്കുന്നു എന്നും ഇത് പുരോഹിതന്മാരിൽ കൂടിയാണ് നടക്കുന്നതെന്നുമുള്ള വിശ്വാസവും നിലവിൽ വന്നു. ഇത് പുരോഹിതൻമാരുടെ അധികാരം ജനങ്ങളുടെ മേൽ നിലനിർത്താൻ ഉപകരിക്കുമെന്നതുകൊണ്ട് അവരുടെ പ്രത്യേക താൽപര്യം മുഖേന പ്രചരിപ്പിക്കപ്പെട്ടതാണ്. ഇതിന്റെ ഫലമായി വിശ്വസിക്കുന്നതിനേക്കാളുപരി, സ്വന്തം അയൽക്കാരനെ സ്നേഹിക്കുന്നതിനേക്കാളുപരി കുർബാനയുടെ അപ്പവും വീഞ്ഞും പുണ്യമുള്ള കരങ്ങളിൽ നിന്ന് കഴിക്കുന്നതിനാണ് ദൈവത്തിങ്കൽ സ്വീകാര്യത എന്ന വിശ്വാസം ബലപ്പെട്ടു. അങ്ങനെയെങ്കിൽ മാത്രമേ ആത്മാവ് രക്ഷപ്പെടുകയുള്ളൂ എന്നും വന്നു. പതിനൊന്നാം നൂറ്റാണ്ടിന് ശേഷം, ജനങ്ങൾക്ക് വീഞ്ഞ് കൊടുക്കുന്ന സമ്പ്രദായം നിർത്തി, പുരോഹിതന്മാർക്ക് മാത്രമായി ചുരുക്കി. ഇതിനനുകൂലമായ വ്യാഖ്യാനം 'യേശുവിന്റെ മാംസത്തിൽ രക്തവുമുണ്ട്' എന്നതായിരുന്നു.

കുർബാനയുടെ സമയത്ത് പുരോഹിതർ വട്ടം കറങ്ങുന്ന സമ്പ്രദായം പുരോ



ളോടും അലങ്കാരങ്ങളോടും കൂടിയ ഘോഷയാത്ര അഥവാ എഴുന്നള്ളിപ്പ് ഇന്നും പഴയത് പോലെ തുടരുന്നു. അവയിലൊക്കെ കാണുന്ന മിക്ക ചടങ്ങുകളും യേശുവിന് മുമ്പുള്ള ബഹുദൈവ വിശ്വാസികളിൽ നിന്നും രൂപാന്തരം പ്രാപിച്ചു വന്നവയാണ്. (ക്രിസ്തുമതവും ബഹുദൈവവിശ്വാസവും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ ജെ. എം. റോബർട്സൺ എഴുതിയ 'പാഗൻ ക്രൈസ്റ്റ്സ്' [Pagan Christs] എന്ന ഗ്രന്ഥം നോക്കുക.)

## അധ്യായം പത്ത്

# യേശുവിനെന്ത് സംഭവിച്ചു?

**യേ**ശു യഹൂദൻമാർക്ക് വേണ്ടി അവരുടെയിടയിൽ ജനിച്ച ഒരു പ്രവാചകനായിരുന്നു. അതായിരുന്നു ദൈവനിശ്ചയം. അദ്ദേഹം പുതിയ ഒരു മതം സ്ഥാപിക്കാനുദ്ദേശിച്ചിരുന്നില്ല. അദ്ദേഹം ലോകത്തുള്ള സകല ജനങ്ങൾക്കും വേണ്ടി നിയുക്തനായ ഒരു പ്രവാചകനുമായിരുന്നില്ല. ഇതിന്നുപോദ്ബലകമായ ബൈബിൾ വാക്യങ്ങൾ നേരത്തെ ഉദ്ധരിച്ചു കഴിഞ്ഞു.

അക്രമികളായ റോമൻ ഭരണാധികാരികളോട് എതിർക്കേണ്ടി വന്നാൽ, അപ്രകാരം ചെയ്തുകൊണ്ടുതന്നെ ദൈവരാജ്യം സ്ഥാപിക്കാനുള്ള വഴിയൊരുക്കുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. ഇതിനു വേണ്ടി അദ്ദേഹം പന്ത്രണ്ട് ശിഷ്യന്മാരെയും അവരെക്കൂടാതെ വേറെ എഴുപത് അനുയായികളെയും നിയമിച്ചു. ഇതിനുപുറമേ, യേശുവിനെ പിൻപറ്റിയ അനേകം യഹൂദർ വേറെയുമുണ്ടായിരുന്നു. അവർക്ക് വേണ്ട പരിശീലനങ്ങൾ രഹസ്യമായിട്ടാണ് കൊടുത്തു കൊണ്ടിരുന്നത്. ഭരണാധികാരികളെ നേരിടാൻ വേണ്ടി ഒരുങ്ങിക്കൊണ്ടാണ് യേശു അനുയായികളോട് ഇങ്ങനെ പറഞ്ഞത്: ''എന്നാൽ ഇപ്പോൾ മടിശ്ശീലയുള്ളവർ അത് എടുക്കട്ടെ, അവ്വണ്ണം തന്നെ പൊക്കണമുള്ളവനും. ഇല്ലാത്തവനോ, തന്റെ വസ്ത്രം വിറ്റു വാൾ കൊള്ളട്ടെ.'' (ലൂക്കോസ് 22: 36)

രണ്ടായിരത്തിനും നാലായിരത്തിനുമിടക്ക് ആയുധധാരികളായ അനുചരന്മാർ യേശുവിനുണ്ടായിരുന്നതായി ഒരു പുരാതന ഹീബ്രു ചരിത്രരേഖയിൽ കാണുന്നു. ഇക്കാര്യം ജോവൽ കാർമൈക്കേൽ, തന്റെ ഗ്രന്ഥത്തിൽ പറയുന്നുണ്ട്.[8] ഈ സന്നാഹങ്ങളൊക്കെ യേശു ഭൗതികമായ രാജത്വമോ മറ്റേതെങ്കിലും പദവിയോ മോഹിച്ചുകൊണ്ട് സമാഹരിച്ചതല്ല. പക്ഷേ, അദ്ദേഹത്തോട് ജനങ്ങൾക്കുള്ള ആദരവും അദ്ദേഹത്തിന്റെ അനുയായികളുടെ വർധിച്ചുവരുന്ന ബാഹുല്യവും കണ്ട റോമക്കാരും അവരുടെ പിണിയാളുകളായിരുന്ന യഹൂദ പുരോഹിതന്മാരും, അദ്ദേഹത്തിന്റെ ഉദ്ദേശ്യം അധികാരം കൈയടക്കുക എന്നതാണെന്ന് തെറ്റിദ്ധരിച്ചു. തദ്ഫലമായി അവർ അദ്ദേഹത്തിന്നെതിരെ തിരിഞ്ഞു. സ്രഷ്ടാവായ ദൈവം ആജ്ഞാപിച്ചതു പോലുള്ള ആരാധനയും ജീവിതവും സ്ഥാപിക്കാൻ വേണ്ടി, അതിന് വിഘാതമാവുന്ന സകലതിനോടും സന്ധിയില്ലാ സമരം ചെയ്യാൻ യേശുവും അനുയായികളും തയ്യാറായിരുന്നു. യേശുവിന്റെ അനുയായികളിലൊരാളായിരുന്ന ബാർ ജീസസ് ബാരബാസ്, നേരത്തെ റോമൻ അനുകൂലികളായ യഹൂദൻമാരുമായി ഒരു സംഘട്ടനത്തിലേർപ്പെ

ടുകയും അക്കാരണത്താൽ തടവിലാക്കപ്പെടുകയും ചെയ്തിരുന്നു.

യേശുവിന്റെ അടുത്ത ലക്ഷ്യം യെരൂശലേം ദൈവാലയമായിരുന്നു. യഹൂദരുടെ വാർഷികോത്സവം സമീപിച്ചിരുന്നത് കൊണ്ട് ധാരാളം റോമൻ പടയാളികൾ യെരൂശലേമിലുണ്ടായിരുന്നു. ഈ അവസരത്തിൽ യേശുവും അനുയായികളും ദൈവാലയത്തിൽ പ്രവേശിക്കുകയും, ദൈവാലയം നിയന്ത്രണത്തിലെടുക്കുകയും ചെയ്തു. റോമൻ പടയാളികൾക്കും ദൈവാലയ പരിസരത്തുണ്ടായിരുന്ന നിക്ഷിപ്ത താൽപര്യക്കാരായ കച്ചവടക്കാർക്കും അപ്രതീക്ഷിതമായ ഈ ആക്രമണത്തെ ചെറുക്കാൻ കഴിഞ്ഞില്ല. യോഹന്നാന്റെ സുവിശേഷത്തിൽ ഈ സംഭവം വർണിച്ചിരിക്കുന്നതിപ്രകാരമാണ്: ''ദേവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വില്ക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടെ എല്ലാവരെയും ദേവാലയത്തിൽ നിന്ന് പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു .....'' (യോഹന്നാൻ 2: 14, 15)

ഇതേപ്പറ്റി ജോവൽ കാർമൈക്കേൽ ഇങ്ങനെ പറയുന്നു: ''യരുശലേം ദേവാലയത്തിന്റെ വലുപ്പത്തെപ്പറ്റിയും അവിടെ വരുന്ന പതിനായിരക്കണക്കിന് തീർഥാടകരെപ്പറ്റിയും അവിടത്തെ അനേകം പരിചാരകരെപ്പറ്റിയും കാവൽക്കാരായ റോമൻ പടയാളികളെപ്പറ്റിയും ഒക്കെ ഒന്ന് സങ്കൽപിച്ചുനോക്കുക. കൂടാതെ, യേശു അടിച്ചു പുറത്താക്കിയ കാളവിൽപനക്കാരുടെയും പൊൻവാണിഭക്കാരുടെയും പ്രതികരണത്തെപ്പറ്റിയും ചിന്തിച്ചുനോക്കുക.''[9] അപ്പോൾ യേശു പത്തോ പന്ത്രണ്ടോ അനുയായികളോടൊപ്പം വന്ന് നിഷ്പ്രയാസം ദേവാലയ ശുദ്ധീകരണം നടത്താൻ പറ്റിയ സാഹചര്യമായിരുന്നോ അവിടെ നിലവിലിരുന്നത്? യഥാർഥത്തിൽ, അനേകം ശക്തൻമാരായ അനുയായികൾ, നല്ല ആയുധസന്നാഹങ്ങളോടെ യേശുവിനോടൊപ്പം ഉണ്ടായിരുന്നത് കൊണ്ടാണ് അദ്ദേഹത്തിന് യരുശലേം ദേവാലയത്തിലെ പ്രതാപശാലികളായ പൊൻവാണിഭക്കാരെയും കാളക്കച്ചവടക്കാരെയും ചമ്മട്ടികൊണ്ടടിച്ചു പുറത്താക്കാൻ കഴിഞ്ഞത്. സുവിശേഷ കർത്താവ് സംഭവത്തിന്റെ ആധ്യാത്മികവശത്തിന് മാത്രം പ്രാധാന്യം നല്കിയിരിക്കുന്നത് കൊണ്ട്, അദ്ദേഹത്തിന്റെ വിവരണം വസ്തുതകളിൽ നിന്ന് വളരെ അകന്നു പോയിരിക്കുന്നു.

മേൽവിവരിച്ച വിധത്തിൽ റോമാക്കാർക്ക് ഒരു തിരിച്ചടി കിട്ടിയെങ്കിലും കൂടുതൽ പടയാളികൾ യരൂശലേമിലേക്ക് വന്നപ്പോൾ യേശുവിനും അനുയായികൾക്കും യരൂശലേമിൽ നിന്നും പിൻവലിയേണ്ടിവന്നു. യേശുവിനെ കണ്ടുപിടിക്കാൻ വേണ്ടി റോമാക്കാർ ഒരു തെരച്ചിൽ ആരംഭിച്ചു. ഇതെപ്പറ്റി വ്യക്തമായ ഒരു ധാരണ ബൈബിളിൽ നിന്നും ലഭിക്കുകയില്ല.

കാരണം, യേശുവിന്റെ ''ബന്ധനവും'' ''വിചാരണയും'' ''ക്രൂശിക്കലും'' സംബന്ധിച്ച സുവിശേഷങ്ങളിലെ വർണനകൾ വൈരുധ്യങ്ങളും അവാസ്തവങ്ങളും നിറഞ്ഞവയാണ്. വാസ്തവമെന്തായിരുന്നുവെന്ന് അവയിൽ നിന്നും മനസ്സിലാക്കുവാൻ പ്രയാസമാണ്. എങ്കിലും റോമൻ ഭരണം തുടരുന്നതിൽ താൽപര്യമുണ്ടായിരുന്ന ഒരു വിഭാഗം യഹൂദരുടെ സേവനങ്ങൾ മുതലെടുക്കുന്നതിൽ റോമൻ ഭരണകൂടം വിജയിച്ചു എന്ന് ആ വിവരണങ്ങളിൽ നിന്ന് നമുക്ക് കാണാം.

യരുശലേമിൽ നിന്ന് മാറിനില്ക്കേണ്ടി വന്ന യേശുവിനെ പിടികൂടുന്നതിന് വേണ്ട സഹായം ചെയ്യാൻ ജൂദാസിനെ, കൈക്കൂലി കൊടുത്ത് അവർ വശത്താക്കി. ഇത് പ്രകാരം ഒരു രാത്രി, യേശുവും അനുയായികളും ഉണ്ടായിരുന്ന സ്ഥലത്ത് ജൂദാസ് പടയാളികളെയും കൊണ്ടെത്തി. ജൂദാസ് മുന്നിട്ട് ചെന്ന് യേശുവിനെ ചുംബിച്ചു.



അപ്പോൾ ഇരുട്ടത്ത് നിന്ന പടയാളികൾ മുന്നോട്ട് വന്നു. തുടർന്നുണ്ടായ ബഹളത്തിൽ, പടയാളികൾക്ക് പിടികിട്ടിയത് ജൂദാസിനെത്തന്നെയാണ്. ഈ സമയം യേശു രക്ഷപ്പെടുകയും ചെയ്തു.

ന്യായാധിപനായ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയ തടവുകാരനെ ചോദ്യം ചെയ്തപ്പോൾ സത്യം വെളിവായി. എങ്കിലും ജനങ്ങളുടെ ആവശ്യപ്രകാരം ജൂദാസിന് ക്രൂശുമരണം വിധിച്ച പീലാത്തോസ് കൈകഴുകുകയും ചെയ്തു. ഭൂരിപക്ഷം യഹൂദന്മാരും, വഞ്ചകനായ ജൂദാസ് അദ്ഭുതകരമായി ശിക്ഷിക്കപ്പെടുന്നത് കണ്ട് സന്തോഷിച്ചു. റോമൻ പക്ഷപാതികളായ യഹൂദർ, തങ്ങൾ ചെയ്ത തെറ്റിന്റെ തെളിവ് ജൂദാസിനോടൊപ്പം നശിക്കുന്നത് കണ്ട് സംതൃപ്തി നേടി. റോമാക്കാർക്കും സംഭവങ്ങളുടെ ഗതിയിൽ വിഷമം തോന്നിയില്ല. കാരണം, ജൂദാസ് ക്രൂശിക്കപ്പെട്ടപ്പോൾ യേശു ഔദ്യോഗികമായി മരിച്ചു കഴിഞ്ഞു. അതുകൊണ്ട് യേശു മേലിൽ പൊതുരംഗത്തു വരാൻ ധൈര്യപ്പെടുകയില്ലെന്നവർ ധരിച്ചു.[10]

പീലാത്തോസിന്റെ വിധി, ക്രൂശിക്കപ്പെടാൻ പോകുന്നയാളിനോടുള്ള അനുകൂല മനോഭാവം, അതുപോലെ യഹൂദനേതാക്കളോടുള്ള ചായ്‌വ്- ഇവയെല്ലാം വിശദീകരിക്കാൻ പ്രയാസമുള്ള വിധത്തിലാണ് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത്. ക്രൂശിക്കലിന്റെ ഉത്തരവാദിത്വം പൂർണമായി യഹൂദൻമാരുടെ ചുമലിലാക്കിക്കൊണ്ട് വിദേശഭരണാധികാരികളെ നല്ലവരാക്കി ചിത്രീകരിക്കാനുള്ള വ്യഗ്രത നിമിത്തമാണ് ഈ തകരാറുകൾ സുവിശേഷ കർത്താക്കൾ വരുത്തിവെച്ചിട്ടുള്ളത്. കാരണം, ഔദ്യോഗിക നിലപാടിന് വിരുദ്ധമായി സത്യം തുറന്നുപറയാനുള്ള ധൈര്യം അവർക്കുണ്ടായിരുന്നില്ല.

ശക്തമായ ഒരു പാരമ്പര്യമനുസരിച്ച് ഒരു വലിയ തുക പീലാത്തോസിന് കൈക്കൂലിയായി കിട്ടിയിരുന്നുവത്രേ. ഇതു ശരിയെങ്കിൽ, ആ ദിവസം അരങ്ങേറിയ നാടകത്തിൽ പീലാത്തോസിന് നിക്ഷിപ്ത താൽപര്യമുണ്ടായിരുന്നു എന്നത് വ്യക്തമാണ്. ഏതായാലും, ഈജിപ്റ്റിലും എത്യോപ്യയിലുമുള്ള കോപ്റ്റിക് സഭയിൽ പീലാത്തോസും ഭാര്യയും പുണ്യാത്മാക്കൾ (saints) ആണ്. കാരണം, അവരുടെ വിശ്വാസപ്രകാരം പീലാത്തോസ്, ജൂദാസിനെ ക്രൂശിച്ചുകൊണ്ട് യേശുവിനെ രക്ഷപ്പെടാനനുവദിച്ചു.

യേശുവിന്റെ ശിഷ്യനായ ബർന്നബാസ് എഴുതിയ സുവിശേഷമനുസരിച്ച് ജൂദാസിനെ പിടികൂടിയ സമയത്ത്, ദൈവശക്തിയാൽ ജൂദാസിന്റെ മുഖം യേശുവിന്റേതു പോലെയായി മാറി എന്നു പറയുന്നു.[11] ദൃക്സാക്ഷികളല്ലാത്തവരെഴുതിയ ചില രേഖകളിൽ, ക്രൂശിക്കപ്പെട്ടത് യേശുവാണ് എന്ന് കാണാൻ കാരണം ഇതുമൂലമുണ്ടായ ആശയക്കുഴപ്പമാണ്. സെറീന്തിയാക്കാർ, ബാസിലീഡിയാക്കാർ എന്നിവർ ആദ്യകാല ക്രിസ്ത്യാനികളായിരുന്നു. അവർ യേശു ക്രൂശിക്കപ്പെട്ടു എന്ന് വിശ്വസിച്ചില്ല. പകരം സൈറീൻകാരനായ ശീമോനാണ് ക്രൂശിക്കപ്പെട്ടതെന്ന് അവർ വിശ്വസിച്ചു. ഇതുപോലെ, കാർപ്പൊക്രേഷ്യാക്കാർ വിശ്വസിച്ചതും, യേശുവിന് പകരം യേശുവിനോട് സാമ്യമുള്ള ഒരു ശിഷ്യനായിരുന്നു ക്രൂശിക്കപ്പെട്ടത് എന്നാണ്. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്ലോട്ടിനസ് ''അപ്പോസ്തലന്മാരുടെ യാത്രകൾ'' വായിച്ച കാര്യം പറയുന്നുണ്ട്. പത്രോസ്, യോഹന്നാൻ, അന്ത്രെയാസ്, തോമസ്, പൗലോസ് എന്നിവരുടെ പ്രവർത്തനങ്ങളാണ് പുസ്തകത്തിന്റെ പ്രതിപാദ്യവിഷയം. ആ ഗ്രന്ഥത്തിൽ യേശു ക്രൂശിക്കപ്പെട്ടിട്ടില്ല എന്നും മറിച്ച് അദ്ദേഹത്തോട് സാമ്യമുള്ള മറ്റൊരാളായിരുന്നു ക്രൂശിക്കപ്പെട്ടത് എന്നും പറയുന്നുണ്ട്.[12]

കാർവേരി എഴുതിയ 'യേശുവിന്റെ ജീവിതം' എന്ന പുസ്തകത്തിൽ ഇങ്ങനെ പറ

യുന്നു: ''പഴയ നിയമത്തിൽ റോമൻ പടയാളികളെപ്പറ്റി പറയുന്ന കാര്യങ്ങൾ അതേപടി പുതിയ നിയമത്തിൽ യേശുവിന്റെ ക്രൂശീകരണം വർണിക്കുന്ന ഭാഗത്ത് ആവർത്തിച്ചിരിക്കുന്നത് കാണുമ്പോൾ..........വർണനാ വിഷയം മുഴുവനും ഭാവനാസൃഷ്ടിയാണെന്നു തന്നെ സംശയിച്ചു പോകും.''[13]

യേശുവിന്റെ 'ക്രൂശീകരണ'ത്തിന് ശേഷം യേശുവിന് എന്തു സംഭവിച്ചു എന്ന് ചരിത്രത്തിന്റെ ദൃഷ്ടികളിലൂടെ വർണിച്ചിരിക്കുന്നത് ബർന്നബാസിന്റെ സുവിശേഷത്തിലും ഖുർആനിലും മാത്രമാണ്. നാലു ഔദ്യോഗിക സുവിശേഷങ്ങളിലും ''സ്വർഗാരോഹണം'' എന്ന് പറഞ്ഞിരിക്കുന്ന കാര്യമാണ് ഈ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതും.

## അധ്യായം പതിനൊന്ന്

# ബർന്നബാസിന്റെ സുവിശേഷം

**ഇ**ന്ന് നിലവിലുള്ള സുവിശേഷങ്ങളിൽ, യേശുവിന്റെ ഒരു ശിഷ്യൻ എഴുതിയത് എന്ന് തീർത്തു പറയാവുന്ന ഒരേ ഒരു സുവിശേഷമാണ് ബർന്നബാസിന്റേത്. യേശു തന്റെ പ്രവർത്തനങ്ങൾ നടത്തിയ മൂന്നു വർഷത്തിൽ മിക്ക സമയവും ബർന്നബാസ് യേശുവിനോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം മർക്കോസി (John Mark)നോടൊപ്പം സൈപ്രസിലേക്ക് മടങ്ങിയെത്തിക്കഴിഞ്ഞായിരിക്കാം സുവിശേഷം എഴുതിയത്. പക്ഷേ എപ്പോൾ എഴുതിയാലും, പരിഭാഷയിൽ കൂടിയും മറ്റും, മറ്റ് സുവിശേഷങ്ങളെപ്പോലെ മാറ്റങ്ങൾ വന്നുഭവിച്ചിട്ടുണ്ടെങ്കിലും, ബർന്നബാസിന്റെ സുവിശേഷം ഇന്ന് നിലവിലുള്ള ഒരേ ഒരു ദൃക്സാക്ഷി വിവരണമാണ്. ക്രി. വ. 325 വരെ അലക്സാൻഡ്രിയായിലെ പള്ളികളിൽ ഒരു അംഗീകൃത സുവിശേഷമായി ബർന്നബാസിന്റേത് സ്വീകരിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ ഏകത്വത്തെപ്പറ്റി ഐറേനിയസ് (ക്രി. വ. 130–200) എഴുതിയ ഗ്രന്ഥങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് ബർന്നബാസിന്റെ സുവിശേഷം ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ പ്രചാരത്തിലുണ്ടായിരുന്നു എന്നാണ്. റോമൻ ബഹുദൈവാരാധകരുടെ ആചാരങ്ങളും ഗ്രീക്ക് തത്ത്വചിന്തയും ക്രിസ്തുമതത്തിലേക്ക് പൗലോസ് കൊണ്ടുവന്നതിനെ എതിർത്തുകൊണ്ടെഴുതിയ ഐറേനിയസും, ബർന്നബാസിന്റെ സുവിശേഷത്തെ ശരിക്കും ഉപയോഗപ്പെടുത്തിയിരുന്നു.

ക്രി. വ. 325-ൽ നികിയായിലെ (Nicea) പ്രസിദ്ധമായ കൗൺസിൽ കൂടി. ആ കൗൺസിലിൽ വച്ച് അന്ന് നിലവിലുണ്ടായിരുന്ന മുന്നൂറോളം സുവിശേഷങ്ങളിൽ നിന്ന് സഭയ്ക്ക് സ്വീകാര്യമായ നാലെണ്ണം മാത്രം തെരഞ്ഞെടുത്ത് ഔദ്യോഗിക പദവി നല്കി. ബർന്നബാസിന്റേതുൾപ്പെടെ ബാക്കിയുണ്ടായിരുന്ന സുവിശേഷങ്ങൾ നശിപ്പിക്കുവാനും തീരുമാനിച്ചു. അതുപോലെത്തന്നെ, ഹീബ്രുവിലുണ്ടായിരുന്ന സുവിശേഷങ്ങളെല്ലാം നശിപ്പിക്കുവാനും തീരുമാനിച്ചു. അനധികൃതമായ സുവിശേഷം കൈവശമുള്ളയാളെ മരണശിക്ഷക്ക് വിധിക്കും എന്ന നിയമവും കൊണ്ടുവന്നു. യേശുവിന്റെ യഥാർഥ അധ്യാപനങ്ങളും അവയെ കുറിച്ചുള്ള രേഖകളും ത്രിത്വസിദ്ധാന്തത്തിനെതിരായി വന്നാൽ നശിപ്പിക്കാനുള്ള ആദ്യത്തെ സംഘടിത



മായ ശ്രമമായിരുന്നു ഇത്. പക്ഷേ, ബർന്നബാസിന്റെ സുവിശേഷം മാത്രം ഈ ശ്രമങ്ങളെ അതിജീവിച്ചു. ക്രി. വ. 366-ലും 395-ലും മാർപാപ്പ പുറപ്പെടുവിച്ച ഔദ്യോഗിക വിജ്ഞാപനങ്ങളിൽ ബർന്നബാസിന്റെ സുവിശേഷം വായിക്കാൻ പാടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രി. 383-ൽ അന്നത്തെ മാർപ്പാപ്പയുടെ കൈയിൽ ബർന്നബാസിന്റെ സുവിശേഷത്തിന്റെ ഒരു പകർപ്പ് കിട്ടി. അദ്ദേഹം അത് തന്റെ സ്വകാര്യ ലൈബ്രറിയിൽ സൂക്ഷിച്ചു. ക്രി. വ. 465- ലും അതിനു ശേഷവും അനേകം പ്രാവശ്യം പുറത്തുവന്ന ഔദ്യോഗിക വിജ്ഞാപനങ്ങളിൽ ബർന്നബാസിന്റെ സുവിശേഷത്തെപ്പറ്റി പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്.

പോപ് സെക്സ്റ്റസ് എന്ന മാർപ്പാപ്പയുടെ സുഹൃത്തായിരുന്നു, ഫ്രാമാരിനോ എന്ന പുരോഹിതൻ. അദ്ദേഹത്തിന് ബർന്നബാസിന്റെ സുവിശേഷം കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. ഒരു ദിവസം മാർപ്പാപ്പയോടൊത്ത് ഉച്ചഭക്ഷണം കഴിച്ചിട്ട്, മാർപ്പാപ്പയുടെ സ്വകാര്യ ലൈബ്രറിയിൽ അദ്ദേഹം വിശ്രമിക്കുകയായിരുന്നു. ലൈബ്രറിയിലുള്ള പുസ്തകങ്ങളിൽ കണ്ണോടിച്ചു നടന്ന അദ്ദേഹം ഇറ്റാലിയൻ ഭാഷയിലുള്ള ബർന്നബാസിന്റെ സുവിശേഷം കണ്ടെത്തി. മാർപ്പാപ്പ കാണാതെ ആ പുസ്തകമദ്ദേഹം കൈക്കലാക്കി വസ്ത്രങ്ങൾക്കുള്ളിൽ ഒളിച്ചുവച്ച് പുറത്ത് കൊണ്ടുവന്നു. അദ്ദേഹത്തിൽ നിന്ന് ഈ കൈയെഴുത്ത് പ്രതി അനേകം കരങ്ങളിൽക്കൂടി കടന്ന് വിയന്നായിലെ 'ഹോഫ് ബിബ്ളിയോത്തിക്' എന്ന ലൈബ്രറിയിലെത്തി. അത് ഇപ്പോൾ അവിടെയുണ്ട്.

നാല് ഔദ്യോഗിക സുവിശേഷങ്ങളിൽ ഏറ്റവും ആദ്യം രചിക്കപ്പെട്ടത് മർക്കോസിന്റേതാണ്. അദ്ദേഹം ബർന്നബാസിന്റെ സഹോദരീ പുത്രനാണ്. മർക്കോസ്, തന്റെ സുവിശേഷത്തിൽ ബർന്നബാസ് നല്കിയ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുവാൻ സാധ്യതയുണ്ട്. ബർന്നബാസിന്റെ സുവിശേഷത്തിൽ, മർക്കോസിന്റെയും മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ള എല്ലാ സംഭവങ്ങളും വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു പക്ഷേ മത്തായിയും ലൂക്കോസും അവലംബിച്ചത് ബർന്നബാസിന്റെ സുവിശേഷത്തെയായിരിക്കാം. ഏതായാലും പൗലോസ് കൊലോസ്സ്യർക്ക് എഴുതിയ ലേഖനത്തിൽ ബർന്നബാസിനെപ്പറ്റി ഇങ്ങനെ പറയുന്നു: ''അവനെക്കുറിച്ച് നിങ്ങൾക്ക് കല്പന കിട്ടീട്ടുണ്ടല്ലോ. അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളുവിൻ.'' (കൊലോസ്സ്യർ 4: 10)

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു കാര്യം വ്യക്തമാവുന്നു: നാലു ഔദ്യോഗിക സുവിശേഷങ്ങളെക്കാൾ വിശ്വാസ്യത, യേശുവിന്റെ ശിഷ്യനായിരുന്ന ബർന്നബാസ് എഴുതിയ സുവിശേഷത്തിനാണ്. ബർന്നബാസ് പറയുന്നത് ദൈവത്തിന്റെ പ്രവാചകനായ യേശുവിനെ ദൈവം, ശപിക്കപ്പെട്ട ക്രൂശുമരണത്തിൽ നിന്ന് രക്ഷപ്പെടുത്തി എന്നാണ്. ഇത് ഖുർആനുമായി പൂർണമായി യോജിക്കുന്നു.

''അവർ അദ്ദേഹത്തെ കൊല്ലുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല. പക്ഷേ, അവർക്കങ്ങനെ തോന്നാനിടയായി. ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുള്ളവർ സംശയങ്ങളിൽപ്പെട്ടുഴലുകയാണ്. അവർക്ക്, ഊഹാപോഹങ്ങളല്ലാതെ യാതൊരുറച്ച വിവരവുമില്ല. കാരണം, നിശ്ചയമായും അവർ അദ്ദേഹത്തെ കൊന്നിട്ടില്ല'' (വിശുദ്ധ ഖുർആൻ 4: 157).

## അധ്യായം പന്ത്രണ്ട്

# നികിയായിലെ കൗൺസിൽ

**ക്രി.** വ. 325-ൽ നികിയാ എന്ന സ്ഥലത്ത് കൂടിയ ബിഷപ്പുമാരുടെ സമ്മേളനത്തിലെ ഭൂരിപക്ഷപ്രകാരമാണ് ത്രിത്വം മുതലായ ഇന്നത്തെ പല സിദ്ധാന്തങ്ങളും ഔദ്യോഗികമായി സ്വീകരിച്ചത് എന്നു പറഞ്ഞുവല്ലോ. അന്ന് കൂടിയ സമ്മേളനം റോമാ ചക്രവർത്തിയായ കോൺസ്റ്റന്റൈന്റെ അധ്യക്ഷതയിലായിരുന്നു. സൂര്യാരാധകനായിരുന്ന കോൺസ്റ്റന്റൈൻ, ജനങ്ങളെ ഏകോപിപ്പിക്കുവാനുള്ള ഒരു ഉപകരണമായി സഭയെ ഉപയോഗപ്പെടുത്തുകയായിരുന്നു. അക്കാലത്ത് സൂര്യദേവനെ ആരാധിക്കുന്ന സമ്പ്രദായം റോമാ സാമ്രാജ്യം മുഴുവൻ നിലനിന്നിരുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തി സൂര്യദേവന്റെ പ്രതിബിംബമായി കണക്കാക്കപ്പെടുകയും ചെയ്തിരുന്നു. അതിനാൽ, ചക്രവർത്തിയെയും ചക്രവർത്തിയുടെ വിഭാഗത്തെയും പ്രീണിപ്പിച്ചു കൊണ്ട് സഭ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. സൂര്യദേവന്റെ പുണ്യദിനമായി റോമക്കാർ കൊണ്ടാടിയിരുന്ന ഞായറാഴ്ച (Sun = ഞായർ = സൂര്യൻ) ശബ്ബത്ത് ദിനമായി ആഘോഷിക്കുക. അതുവരെയുള്ള വരെപ്പോലെ ക്രിസ്ത്യാനികളും ശബ്ബത്ത്, ശനിയാഴ്ചയാണ് ആഘോഷിച്ചിരുന്നത്.

2. സൂര്യദേവന്റെ ജന്മദിനമായി ആഘോഷിക്കപ്പെട്ടിരുന്ന ഡിസംബർ 25-ാം തീയതി യേശുവിന്റെ ജന്മദിനമായി (ക്രിസ്തുമസ്) ആഘോഷിക്കുക. യേശു ജനിച്ച തീയതിയോ വർഷമോ ഏതാണെന്ന് വ്യക്തമായി തെളിവില്ലാത്തതിനാൽ ഇത് വളരെ സൗകര്യമായി സഭയ്ക്ക് തോന്നി. (ജനുവരി 6-ന് ക്രിസ്തുമസ് ആഘോഷിക്കുന്ന സഭകൾ ഇന്നും നിലവിലുണ്ട്.)

3. പ്രകാശത്തിന്റെ ഒരു കുരിശായിരുന്നു സൂര്യദേവന്റെ അടയാളം. അതുതന്നെ ക്രിസ്തുമത ചിഹ്നമായി അംഗീകരിക്കുക.

(ഇത് കുരിശു മരണവുമായി ബന്ധിപ്പിക്കാൻ സഭയ്ക്ക് പ്രയാസമുണ്ടായില്ല.)

4. സൂര്യദേവന്റെ പേരിൽ നടത്തപ്പെട്ട പല ആചാരങ്ങളും ആഘോഷങ്ങളും യേശുവിന്റെ പേരിൽ നടത്തുക.

നികിയാ സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ബഹുഭൂരിപക്ഷം ബിഷപ്പുമാരും മതപരമായി വലിയ പാണ്ഡിത്യമുള്ളവരായിരുന്നില്ല. പണ്ഡിതന്മാരിൽ ഒരു വിഭാഗം മേൽപറഞ്ഞ തീരുമാനങ്ങളെ അനുകൂലിച്ചില്ല. എങ്കിലും, ഭൂരിപക്ഷപ്രകാരം തീരുമാനമെടുത്തതു കൊണ്ട് വന്നുഭവിച്ചത് മേൽപറഞ്ഞ പ്രകാരമാണ്. നികിയൻ കൗൺസിലിനെ പറ്റിയും അക്കാലത്തെ ക്രിസ്തീയ ചരിത്രത്തെപ്പറ്റിയും വസ്തുനിഷ്ഠമായി പരാമർശിക്കുന്ന ചരിത്രഗ്രന്ഥങ്ങൾ പാശ്ചാത്യർതന്നെ എഴുതിയവയുണ്ട്. അവയിൽ ഇക്കാര്യം വിശദമായി വിവരിച്ചിട്ടുണ്ട്.[14]

ക്രിസ്തുമത ചിഹ്നമായി സഭ കുരിശ് അംഗീകരിച്ചെന്ന് പറഞ്ഞുവല്ലോ. യഥാർഥത്തിൽ കുരിശ് ഒരാരാധ്യവസ്തുവായിത്തീരുവാൻ പാടുണ്ടോ? ''ദൈവപുത്രനെ'' പീഡിപ്പിക്കാനുപയോഗിച്ച ഒരു ഉപകരണത്തെ ആരാധ്യവസ്തുവാക്കുന്നത് ഭോഷത്തമല്ലേ? യേശുവിനെ കുന്തംകൊണ്ട് കുത്തിയിരുന്നുവെങ്കിൽ കുന്തം ആകുമായിരുന്നില്ലേ ഇന്നത്തെ കുരിശിന്റെ സ്ഥാനത്ത്? തൂക്കുമരത്തിൽ കയറ്റിയിരുന്നുവെങ്കിൽ ഒരു തൂക്കുമരത്തെ സഭ അടയാളമായി സ്വീകരിക്കുമായിരുന്നില്ലേ? വാസ്തവത്തിൽ കുരിശും ഒരു തൂക്കുമരം തന്നെയല്ലേ?

ഇതിന് സഭ പറയുന്ന മറുപടിയിതാണ്: മനുഷ്യപുത്രൻ അഥവാ ദൈവപുത്രൻ മനുഷ്യരുടെ പാപം ശിരസാവഹിക്കാൻ വേണ്ടി കുരിശുമരണം വരിക്കണം എന്നത് ദൈവനിശ്ചയമാണ്. അപ്പോൾ കുരിശുമരണമേ സാധിക്കുകയുള്ളൂ. മറ്റു മരണങ്ങളെപ്പറ്റിയോ മറ്റു അടയാളങ്ങളെപ്പറ്റിയോ ചിന്തിക്കുന്നതിൽ പ്രസക്തിയില്ല എന്നാണ് ശരി. ഇതിൽ കാര്യമുണ്ടെന്ന് സമ്മതിക്കാം. കാരണം, ദൈവം നിശ്ചയിച്ചാൽ നിശ്ചയിച്ചതുപോലെ തന്നെ നടക്കും, ആര് അതിനെതിര് വിചാരിച്ചിട്ടും കാര്യമില്ല. പത്രോസ് തന്നെ യേശുവിനെ തള്ളിപ്പറയാൻ ഇഷ്ടപ്പെട്ടിരുന്നില്ലല്ലോ. പക്ഷേ, ദൈവനിശ്ചയം അതായിരുന്നു. അപ്പോൾ പത്രോസിന് അത് ചെയ്യാതിരിക്കാൻ നിർവാഹമില്ല. അതുകൊണ്ടാണ് പത്രോസിനെ നാം കുറ്റം പറയാത്തതും. ഇതേ കാരണത്താലാണ് കർത്താവിനെ തള്ളിപ്പറഞ്ഞ കുറ്റത്തിൽ നിന്ന് സഭ പത്രോസിനെ ഒഴിവാക്കിയതും. അല്ലെങ്കിൽ, സ്വർഗത്തിന്റെ താക്കോൽ അദ്ദേഹത്തെ ഏല്പിച്ചതിന് യാതൊരു ന്യായീകരണവുമില്ല.

മേലുദ്ധരിച്ച വാദം ശരിയെങ്കിൽ ഒരു ചോദ്യമുണ്ട്. പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞത് ദൈവനിശ്ചയമായിരുന്നതു പോലെതന്നെ, ജൂദാസ് കർത്താവിനെ ഒറ്റിക്കൊടുക്കണമെന്നുള്ളതും ദൈവനിശ്ചയമായിരുന്നില്ലേ? പീലാത്തോസ് കർത്താവിനെ ക്രൂശിക്കാൻ വിധിക്കണമെന്നുള്ളതും ദൈവനിശ്ചയമായിരുന്നി ല്ലേ. ജൂദാസും പീലാത്തോസും വിചാരിച്ചാൽ ദൈവനിശ്ചയം മാറ്റാൻ സാധിക്കുമോ? തന്നെയുമല്ല, അവർ കർത്താവിനെ കുരിശിലേറ്റിയില്ലെങ്കിൽ മനുഷ്യവർഗത്തിന്റെ പാപം തീരുമോ?

ഇങ്ങനെ ചിന്തിക്കുമ്പോൾ ജൂദാസിനെയും പീലാത്തോസിനെയും യഥാർഥത്തിൽ പുണ്യവാളന്മാരായി കണക്കാക്കേണ്ടതല്ലേ? യേശുവിനെ കുരിശിലേറ്റാൻ കൂട്ടുനില്ക്കാതിരുന്ന യേശുവിന്റെ ശിഷ്യരെക്കാൾ അവരല്ലേ മനുഷ്യവർഗത്തിന്റെ പാപം തീർക്കാൻ വേണ്ടത് ചെയ്തവർ? അവരല്ലേ യഥാർഥ മനുഷ്യസ്നേഹികൾ? യേശുവിനെ പിടിക്കാൻ വന്ന റോമൻ പടയാളികളെ ശിഷ്യന്മാർ വേണ്ട വിധത്തിൽ ചെറുത്തില്ലെന്ന് ബൈബിളിൽ നിന്നും മനസ്സിലാക്കാം. അവരെല്ലാം വേഗം സ്ഥലം വിട്ടോടിപ്പോവുകയാണുണ്ടായത്. കർത്താവിന്റെ വിഷമഘട്ടത്തിൽ അവനെ കൈവെടിയുകമൂലം ശത്രുക്കൾക്ക് പരോക്ഷമായ സഹായം ചെയ്യുകയാണവർ ചെയ്തത്. ഇതൊക്കെ ദൈവനിശ്ചയമാണെങ്കിൽ ജൂദാസിനെയും പീലാത്തോസിനെയും മാത്രം പഴിക്കുന്നതിലെന്തർഥമാണുള്ളത്?

മേൽ കാര്യങ്ങൾ തെളിയിക്കുന്നത് ബൈബിളിൽ വർണിച്ചിരിക്കുന്ന ക്രൂശിക്കലും അതോടു ബന്ധപ്പെട്ട കാര്യങ്ങളും ആധികാരികമല്ലെന്നാണ്.

### ഭാഗം രണ്ട്

## മുഹമ്മദ് നബിയെപ്പറ്റിയുള്ള ബൈബിൾ പ്രവചനങ്ങൾ



### അധ്യായം ഒന്ന്

# പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും

**ആ**ദിമ മനുഷ്യനും ആദ്യ പ്രവാചകനുമായിരുന്ന ആദാം (ആദം നബി) മുതൽ അന്ത്യ പ്രവാചകനായ മുഹമ്മദ് നബി (സ) വരെ അനേകായിരം പ്രവാചകൻമാർ ഭൂമിയിൽ, വിവിധ കാലഘട്ടങ്ങളിൽ, വിവിധ ജനവിഭാഗങ്ങളിലേക്ക് ദൈവത്താൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഏകദൈവ വിശ്വാസത്തിലേക്കും സൻമാർഗത്തിലേക്കും ജനങ്ങളെ ക്ഷണിക്കുക എന്നതായിരുന്നു ഈ പ്രവാചകൻമാരുടെയെല്ലാം കർത്തവ്യം. ഇവരിൽ പ്രധാനപ്പെട്ട ചില പ്രവാചകൻമാരായിരുന്നു നോഹ (നൂഹ്), അബ്രഹാം (ഇബ്റാഹീം), മോശ (മൂസാ), ദാവീദ് (ദാവൂദ്), സോളമൻ (സുലൈമാൻ), യേശു (ഈസാ), മുഹമ്മദ് നബി (സ) എന്നിവർ.

യഹൂദൻമാർ മോശയുടെ ജനതയായിരുന്നു. അവർ യേശുവിലോ മുഹമ്മദ് നബിയിലോ വിശ്വസിക്കുന്നില്ല. യഥാർഥത്തിൽ യേശു വന്നപ്പോൾ അവർ യേശുവിനെ കൈക്കൊള്ളേണ്ടതായിരുന്നു. പക്ഷേ, അവരിൽ ഒരു നല്ല വിഭാഗം അങ്ങനെ ചെയ്തില്ല. അതുപോലെ മുഹമ്മദ് നബി വന്നപ്പോൾ യഹൂദരും ക്രിസ്ത്യാനികളും മുഹമ്മദ് നബിയിൽ വിശ്വസിക്കേണ്ടതായിരുന്നു. പക്ഷേ, അവരിൽ പലരുമതിന് തയ്യാറായില്ല.

പ്രവാചകനായിരുന്ന യേശു പല അദ്ഭുതങ്ങളും പ്രവർത്തിക്കുകയുണ്ടായി. ഇതൊക്കെ അദ്ദേഹത്തിന് കഴിഞ്ഞത്, ദൈവം നല്കിയ കഴിവുകൾ കൊണ്ടാണ്. ഇക്കാര്യം പറഞ്ഞുകൊണ്ട്, ജനങ്ങളോട് ദൈവ വിശ്വാസത്തിലേക്കും അതനുസരിച്ചുള്ള ജീവിതത്തിലേക്കും മടങ്ങാൻ അദ്ദേഹം ആവശ്യപ്പെട്ടു. മോശയും അബ്രഹാമും മറ്റെല്ലാ പ്രവാചകന്മാരും ചെയ്തതിതു തന്നെയാണ്. എങ്കിലും ചില പ്രവാചകൻമാർക്ക് അവരുടെ കാലഘട്ടത്തിലെ സ്വേഛാധികാരികളായ ഭരണകർത്താക്കളുമായി ഇടയേണ്ട സന്ദർഭം ഉണ്ടായിട്ടുണ്ട്. ഇതിന് ഏറ്റവും നല്ല ഉദാഹരണം മോശയുടെതാണ്. അടിച്ചമർത്തപ്പെട്ട ഇസ്രാഈൽ സന്തതികളെ ഫറവോയുടെ (ഫിർഔൻ) ദുർഭരണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന കടമ കൂടി അദ്ദേഹത്തിന് നിർവഹിക്കേണ്ടിവന്നു. ഇതുപോലെ തന്നെ, ഏകദൈവത്തെ ആരാധിക്കുവാനും അതനുസരിച്ച്

ജ്ീവിക്കാനുമുള്ള സ്വാതന്ത്ര്യം ഇസ്രയേൽ കുടുംബത്തിനെ പുനഃസ്ഥാപിച്ചു കൊടു
ക്കാനുള്ള കടമ യേശുവിനുണ്ടായിരുന്നു.

എല്ലാ പ്രവാചകൻമാരും മനുഷ്യരായിരുന്നു. ദൈവത്തിന്റെ സന്ദേശം ജന
ങ്ങൾക്കെത്തിച്ചു കൊടുക്കുക എന്ന കർത്തവ്യം നിർവഹിക്കാനായി ദൈവം അവരെ
തെരഞ്ഞെടുത്തു എന്ന പ്രത്യേകത മാത്രമേ അവർക്കുള്ളൂ. അവരെല്ലാം പാപരഹിത
രായിരുന്നു. (ചില പ്രവാചകൻമാരുടെ മേൽ മനം മടുപ്പിക്കുന്ന ചില വൈകൃത
ങ്ങളും ദുഷ്കൃത്യങ്ങളും പഴയനിയമ ഗ്രന്ഥകാരൻമാർ ആരോപിച്ചിട്ടുണ്ടെന്ന്
നേരത്തെ പറഞ്ഞുകഴിഞ്ഞു. വിലക്ഷണ ശൈലിയിലെഴുതിയിട്ടുള്ള ഈ കഥകൾ
‘‘ദൈവ വചനമായ’’ ബൈബിളിൽ കാണുന്നു എന്നത് ആ ഗ്രന്ഥം സത്യത്തിൽ നിന്ന്
എത്രമാത്രം വ്യതിചലിച്ചു എന്നതിന് തെളിവാണ്.)

എല്ലാ പ്രവാചകൻമാരും അവർക്ക് നിർവഹിക്കാനുണ്ടായിരുന്ന ദൗത്യത്തിൽ
വിജയിച്ചിട്ടില്ല. ചിലർ കൊല്ലപ്പെട്ടു. പലരും ദുർവൃത്തരായ ജനങ്ങളുടെ എതിർപ്പിന്
മുമ്പിൽ പരാജയപ്പെട്ടു. പലരും പഠിപ്പിച്ച കാര്യങ്ങൾ അവരുടെ അനുയായികൾ മറ
ന്നുപോയി. പലരുടെയും അധ്യാപനങ്ങൾ തിരിച്ചറിയാനാവാത്തവിധം മാറിപ്പോയി.
ലോകത്തുള്ള ഒരു ജനതയിലേക്കും ദൈവം പ്രവാചകൻമാരെ അയക്കാതിരുന്നിട്ടില്ല.
എല്ലാ മഹത്തായ മതങ്ങളും ദൈവത്തിൽ നിന്നും അവതരിച്ചിട്ടുള്ളതാണ്. അതു
കൊണ്ട് അവയുടെ മൗലികമായ സ്വഭാവം ഒന്നുതന്നെയാണ്. പക്ഷേ, മിക്ക മതവിഭാ
ഗങ്ങളും അവരുടെ വഴികാട്ടികളായിരുന്ന പ്രവാചകൻമാരെ ദൈവിക പദവിയിലേ
ക്കുയർത്തിയിട്ടുണ്ട്. മഹാൻമാരെ ബഹുമാനിക്കാനുള്ള മനുഷ്യരുടെ ആവേശം
എങ്ങനെയാണ് ആരാധനയായി മാറുന്നതെന്നതിന് നമുക്കിപ്പോഴും അനേകം ഉദാഹ
രണങ്ങളുണ്ട്. ആരാധന എന്ന് പറയുമ്പോൾ ദൈവം മാത്രം അർഹിക്കുന്ന ഒരു കാര്യ
മാണത്. അടുത്ത കാലത്ത് കേരളത്തിൽ ജീവിച്ചിരുന്ന മഹാനായ ഒരു സമൂഹപരി
ഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരു. അനുയായികൾ അദ്ദേഹത്തെ ഇപ്പോൾ
ദൈവിക പദവിയിലേക്കുയർത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ പേരിൽ ക്ഷേത്ര
ങ്ങൾ, അവിടെ ആരാധന ഇതൊക്കെ നാം കാണുന്നുണ്ട്. ഈ പ്രവണത എല്ലാ ജനവി
ഭാഗങ്ങളിലുമുണ്ടായിട്ടുണ്ട്. ഇതിനെ ഗണ്യമായി ചെറുത്തു നില്ക്കാൻ കഴിഞ്ഞ
രണ്ടു മതങ്ങളാണ് യഹൂദ മതവും ഇസ്ലാംമതവും.

ക്രിസ്ത്യാനികൾ അവരുടെ പ്രവാചകനായ യേശുവിനെ ദൈവപുത്രനാക്കി.
ത്യാഗിവര്യനായ ബുദ്ധനെ അദ്ദേഹത്തിന്റെ അനുയായികൾ ദൈവമായി ആരാധി
ക്കുന്നു. ഹിന്ദുമതത്തിൽ അനേകം മഹാത്മാക്കൾ ദൈവങ്ങളായി മാറിയിട്ടുണ്ട്.
മുസ്ലിംകളിൽ തന്നെ ഒരു വിഭാഗം ആരാധനയ്ക്കർഹൻ സർവശക്തനായ ദൈവം
മാത്രമേയുള്ളൂ എന്ന് വിശ്വസിക്കുന്നതോടൊപ്പം, അവന്റെയടുക്കൽ ശുപാർശ
ചെയ്യാൻ മരിച്ചുപോയ മഹാത്മാക്കൾക്ക് കഴിയുമെന്നെങ്ങനെയോ ധരിച്ചു വശായി
ട്ടുണ്ട്. ഇങ്ങനെ ചെയ്യുന്നതുവഴി അവർ ദൈവത്തിന്റെ പരമാധികാരത്തിൽ ഈ മഹാ
ത്മാക്കളെ പങ്കാളികളാക്കുന്നു. ഇത് ബഹുദൈവാരാധനയുടെ ആദ്യത്തെ പടിയാ
ണെന്നവരറിയുന്നില്ല. എല്ലാ പ്രധാന മതങ്ങളുടെയും ആചാര്യൻമാർ പറയുന്നു,
ദൈവം ഒന്നേയുള്ളൂ; സത്യം ഒന്നുമാത്രം. പക്ഷേ, അവരുടെ ആരാധനാ സമ്പ്രദാ
യവും പ്രവർത്തനങ്ങളും നോക്കുക. ഈ വിശ്വാസത്തോടവർ നീതി പാലിക്കുന്നില്ല.
ഈ വിശ്വാസത്തിൽ നിന്ന് മിക്ക മതങ്ങളും വ്യതിചലിച്ചു പോയിരിക്കുന്നു.

ദൈവിക സന്ദേശങ്ങൾ പ്രവാചകൻമാർക്ക് കിട്ടുന്നതെങ്ങനെയാണ്? ദൈവം

8. ` The Death of Jesus' by Joel Carmichael



തന്റെ മാലാഖ ഗബ്രിയേൽ അഥവാ ജിബ്രീൽ (അ) മുഖേന ദൈവിക വചനങ്ങൾ
അവരെ കേൾപ്പിച്ചു കൊടുക്കുന്നു. ഇങ്ങനെ അവതരിച്ചിട്ടുള്ള ദൈവവചനങ്ങളാണ്
വേദഗ്രന്ഥങ്ങളുടെ ഉള്ളടക്കം. പൗരാണിക ഭാരതത്തിൽ നിലവിലുണ്ടായിരുന്ന വേദ
ങ്ങൾ അവയുടെ മൗലികരൂപത്തിൽ ഇങ്ങനെ അവതരിച്ച ദൈവവാക്യങ്ങളാണ്.
അവയ്ക്ക് ‘ശ്രുതി’ അഥവാ കേട്ടറിഞ്ഞത് എന്നു പേരുണ്ടല്ലോ. എല്ലാ ജനങ്ങളി
ലേക്കും പ്രവാചകൻമാർ വന്നിട്ടുള്ളതു കൊണ്ട് ഇതിൽ അദ്ഭുതമില്ല. വേദങ്ങളിൽ
വന്ന മഹത്തായ ആശയങ്ങളും, യഹൂദരുടേയും ക്രിസ്ത്യാനികളുടേയും മുസ്ലിം
കളുടേയും വേദഗ്രന്ഥങ്ങളിലുള്ള ആശയങ്ങളും തമ്മിൽ സാമ്യമുള്ളത് ഇതുകൊ
ണ്ടാണ്. വ്യത്യാസങ്ങൾ തീർച്ചയായും ഉണ്ട്. നൂറ്റാണ്ടുകളിലൂടെ, അനേകം തലമുറ
കളിലൂടെ കടന്നുവന്ന പുരാതന വേദഗ്രന്ഥങ്ങളിലൊക്കെയും അവയെ തിരിച്ചറിയാ
നാവാത്ത വിധം മാറ്റങ്ങൾ വന്ന് ഭവിക്കുക എന്നതും സ്വാഭാവികമാണ്. പക്ഷേ,
അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) എല്ലാ കാലത്തേക്കും എല്ലാ ജനങ്ങളി
ലേക്കും നിയോഗിക്കപ്പെട്ട പ്രവാചകനാണ്. അതുകൊണ്ട്, അദ്ദേഹത്തിന് ദൈവം
ഇറക്കിക്കൊടുത്ത വേദഗ്രന്ഥമായ ഖുർആൻ വള്ളിക്കും പുള്ളിക്കും വ്യത്യാസമി
ല്ലാതെ നിലനില്ക്കണമെന്നത് അത്യാവശ്യമാണ്. ഇക്കാരണത്താൽ, ദൈവം ഖുർആ
നിൽ തന്നെ അരുളിയിരിക്കുന്നു, സകല മാറ്റത്തിരുത്തലുകളിൽ നിന്നും ഖുർആൻ
സംരക്ഷിക്കപ്പെടുമെന്ന്. പതിനാല് നൂറ്റാണ്ടുകൾ പിന്നിട്ട ഖുർആൻ ഇതിന് ജീവി
ക്കുന്ന ദൃഷ്ടാന്തമാണ്.

ദൈവത്തിൽ നിന്നവതീർണമായ വേദഗ്രന്ഥങ്ങളിൽ മനുഷ്യരുടെ കൈകടത്ത
ലുകൾ പാടില്ല. പക്ഷേ, ഖുർആനിന്ന് മുമ്പവതരിച്ച എല്ലാ വേദഗ്രന്ഥങ്ങളിലും മനു
ഷ്യയിടപെടലുകൾ നടന്നിട്ടുണ്ട്. ബൈബിൾ ദൈവവചനങ്ങളുടേയും പ്രവാചകന്മാ
രുടെ ജീവചരിത്രങ്ങളുടേയും, അവ രേഖപ്പെടുത്തിയവരുടെ അഭിപ്രായങ്ങളുടേയും
ഒരു സമാഹാരമാണ്. യേശുവിന്റെ ശിഷ്യൻമാർ യേശുവിനെപ്പറ്റി പറയുന്നത് ദൈവ
വചനമാകുന്നില്ല. ദൈവവചനം അവ അവതരിച്ച ഭാഷയിൽ തന്നെ നിലനില്ക്കേണ്ട
തുണ്ട്. ആ ഭാഷ അറിയാത്തവർക്കു വേണ്ടി അവ പരിഭാഷപ്പെടുത്താമെങ്കിലും, പരി
ഭാഷയിൽ മനുഷ്യരുടേതായ വൈകല്യങ്ങൾ കടന്നുകൂടിയേക്കാം. അതുകൊണ്ട്
മൂലഗ്രന്ഥം മാറ്റമില്ലാതെ എക്കാലവും സൂക്ഷിക്കേണ്ടതാണ്. യേശുവിന് ലഭിച്ച
‘ഇൻജീൽ’ എന്ന വേദഗ്രന്ഥം സുറിയാനി ഭാഷ (അരമായിക്)യിലായിരുന്നു. പക്ഷേ,
ആ ഗ്രന്ഥം തെറ്റു പറ്റാത്ത വിധത്തിൽ എഴുതി സൂക്ഷിച്ചതായി യാതൊരു തെളിവു
മില്ല. എഴുതിവച്ചിരുന്നെങ്കിൽ, അതു നശിച്ചുപോയിട്ടുമുണ്ട്. ഇന്ന് നിലവിലുള്ളത്
പിന്നീട് രചിക്കപ്പെട്ട കൃതികളാണ്. അവയിൽ, ‘ഇൻജീലിലെ’ വാക്യങ്ങളുണ്ടാവാം
എന്ന് മാത്രം. ഇതുപോലെ തന്നെയാണ് മോശക്ക് ലഭിച്ച ‘‘തൗറാത്ത്’’ എന്ന ഗ്രന്ഥത്തി
ന്റെയും സ്ഥിതി. ബൈബിളിന്റെ പഴയ നിയമത്തിൽ തൗറാത്തിലെ ചില അംശങ്ങ
ളുണ്ട് എന്നതിൽ തർക്കമില്ല. പക്ഷേ, ഭൂരിഭാഗവും വിശ്വസനീയമല്ലാത്ത ഒരു ഗ്രന്ഥ
മാണ് ഇന്നത്തെ പഴയ നിയമം.

മേൽപറഞ്ഞ എല്ലാ പുരാതന വേദഗ്രന്ഥങ്ങളിലേയും അടിസ്ഥാന പ്രമാണങ്ങൾ
ഖുർആനിലുണ്ട്. അന്ത്യപ്രവാചകൻ ‘ഖുർആൻ’ എന്ന ഗ്രന്ഥവുമായി സകല ജന
ങ്ങൾക്കും വേണ്ടി അവതരിക്കുമെന്ന പ്രവചനം ബൈബിളുൾപ്പെടെ എല്ലാ വേദഗ്ര
ന്ഥങ്ങളിലുമുണ്ട്. ഉള്ള ബൈബിളിൽ സത്യവും അസത്യവും കെട്ടുപിണഞ്ഞു കിട
ക്കുന്നുവെന്ന് നാം കണ്ടു. ആ ഗ്രന്ഥത്തിൽ അവശേഷിക്കുന്ന സത്യത്തിന്റെ ഭാഗ

9. 'The Death of Jesus' by Joel Carmichael

സൃഷ്ടിച്ചു വിരിക്കയും ഭൂമിയെയും അതിൽ ഉൽപന്നങ്ങളെയും പരത്തുകയും അതിലെ ജനത്തിന് ശ്വാസത്തെയും അതിൽ നടക്കുന്നവർക്ക് പ്രാണനെയും കൊടുക്കുകയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ കൈപിടിച്ച് നിന്നെ കാക്കും. നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവുമാക്കും. മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദമുയർത്തട്ടെ.'' (യെശയ്യാവ് 42: 1-6,11)

ഈ പ്രവചനം ഒരു ഹീബ്രു പ്രവാചകന് യോജിക്കുകയില്ല. യേശു വളരെ വ്യക്തമായി പറഞ്ഞു: അദ്ദേഹത്തിന്റെ സന്ദേശം സകല ജാതികൾക്കും വേണ്ടിയുള്ളതല്ലെന്ന്. ''ഇസ്രായേൽ ഗൃഹത്തിലെ കാണാതായ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല'' (മത്തായി 15: 24). അതായത് അദ്ദേഹത്തിന്റെ ദൗത്യം പരിമിതമായിരുന്നു. പിന്നീട് ക്രിസ്തുമതം സ്വീകരിച്ച യഹൂദരല്ലാത്തവരാണ് ക്രിസ്തുമതത്തെ സകല ജാതികൾക്കും വേണ്ടിയുള്ള ഒരു മതമാക്കി മാറ്റിയത്.[16] അതുപോലെ യേശുവോ മറ്റേതെങ്കിലും പ്രവാചകനോ കേദാറുമായി ബന്ധപ്പെട്ടിട്ടുമില്ല. അറബികൾക്ക് മഹാത്മാവായ ഒരു പ്രവാചകനെ യെശയ്യാവ് വാഗ്ദാനം ചെയ്യുന്നതിൽ, നേരത്തെ മോശ നടത്തിയ പ്രവചനത്തെ വിശദീകരിക്കുക മാത്രമാണ് ചെയ്യുന്നത്. യെബ്രായരുടെ സഹോദരരുടെയിടയിൽ നിന്ന് ഒരു പ്രവാചകനുണ്ടാവുമെന്ന് ദൈവം മോശക്ക് വെളിവാക്കി കൊടുത്തു. എബ്രായരുടെ സഹോദരർ എന്ന് പറഞ്ഞത് ഇസ്ഹാഖിന്റെ സഹോദരനായ യിശ്മായേലിന്റെ പുത്രന്മാരായ അറബികളെയാണെന്ന് വ്യക്തം. അങ്ങനെ ലോകത്തിന്റെ ബഹുമാനവും ശ്രദ്ധയും അറബികൾ അഥവാ യിശ്മായേൽ സന്തതികൾ നേടി.

''നിന്നെപ്പോലെ ഒരു പ്രവാചകനെ നാം അവർക്ക് അവരുടെ സഹോദരന്മാരുടെയിടയിൽ നിന്നും എഴുന്നേല്പിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിൻ മേലാക്കും. ഞാൻ അവനോട് കല്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ ഞാനവനോട് ചോദിക്കും'' (ആവർത്തന പുസ്തകം 18: 18-19).

ഈ പ്രവാചകൻ ''നിന്നെപ്പോലെ'' (മോശയെപ്പോലെ) ആയിരിക്കണം. അതായത് വിശ്വാസികളുടെ സമൂഹത്തിന്റെ സ്ഥാപകനും നേതാവും മാതൃകയും. കാരണം, മോശ ഇതൊക്കെയായിരുന്നു. അതുപോലെ, എല്ലാവരെയും സംയോജിപ്പിക്കാൻ ഉതകുന്ന വ്യക്തമായ ഫലം ഉണ്ടാകുന്നതുവരെ ദീർഘമായ ഒരു ജീവിതവും നയിക്കണം. ഈ പ്രവചനം യേശുവിനെ സംബന്ധിച്ച് ശരിയാവുകയില്ലെന്ന് താഴെ കൊടുക്കുന്ന വസ്തുതകൾ തെളിയിക്കുന്നു:

1. ഒരു മാതാവിന്റെയും പിതാവിന്റെയും പുത്രനായിട്ടാണ് മോശ പിറന്നത്. യേശുവിനാകട്ടെ പിതാവില്ലായിരുന്നു.

2. മോശയുടെ ജീവിതവും പ്രവാചക ദൗത്യവും ദീർഘമായതായിരുന്നു. യേശുവിന്റേത് ഹ്രസ്വമായ ജീവിതവും ഹ്രസ്വമായ ദൗത്യവും ആയിരുന്നു.

3. മോശ ന്യായപ്രമാണം കൊണ്ടുവരികയും ഒരു പുതിയ സമുദായത്തിന് അതിന്റെ അടിസ്ഥാനത്തിൽ ജന്മം നല്കുകയും ചെയ്തു. യേശുവാകട്ടെ ആ സമുദായത്തിലെ വഴിതെറ്റിയവരെ ന്യായപ്രമാണത്തിൽ ഉറപ്പിച്ച് നിർത്താനാണ് ഉദ്യമിച്ചത്; അല്ലാതെ ഒരു പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സമൂഹത്തെ കെട്ടിപ്പടുക്കാനല്ല.

4. മോശ സ്വന്തം സമുദായത്തിന് മാതൃകയായിരുന്നു. അതേ സമയം അദ്ഭുതപ്രവർത്തനം നിറഞ്ഞ യേശുവിന്റെ ജീവിതം മാതൃകയാക്കാൻ സാധിക്കത്തക്ക രീതി



അസത്യവും വേർതിരിക്കുവാനുള്ള ഒരന്തിമ വിവേചന മാനദണ്ഡമായി ഇതു ഉപയോഗിക്കാമെന്നും വ്യക്തമാക്കപ്പെട്ടു. (ഖുർആൻ 5: 44-48)

ഇപ്പോഴത്തെ ബൈബിൾ, ദൈവം അവതരിപ്പിച്ച തൗറാത്തും സുവിശേഷവും അതിന്റെ യഥാർഥ രൂപത്തിൽ ഉൾക്കൊള്ളുന്നില്ല. ബൈബിൾ പണ്ഡിതൻമാർ തന്നെ ബൈബിളിന്റെ മാനുഷിക സ്വഭാവം അംഗീകരിച്ചിട്ടുണ്ട് എന്ന് നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. എങ്കിലും ആ ഗ്രന്ഥത്തിന്റെ പേജുകളിൽ നിന്ന് യഥാർഥ തൗറാത്തിന്റെയും സുവിശേഷത്തിന്റെയും ചില ഭാഗങ്ങൾ വേർതിരിച്ചെടുക്കുന്നതിന് വലിയ ബുദ്ധിമുട്ടില്ല; അൽപം ശ്രദ്ധാപൂർവമായ പഠനം ആവശ്യമാണെന്ന് മാത്രം.

ബൈബിളിന്റെ അദ്ഭുതകരമായ ഒരു പ്രത്യേകത, ഇപ്പോഴത്തെ രൂപത്തിലും അത് ഒരു കാര്യം വ്യക്തമാക്കുന്നുവെന്നതാണ്. അതായത്, ദൈവിക വെളിപാട് പല പ്രവാചകരിലും സന്ദേശവാഹകരിലും കൂടി അവതരിച്ച് അവസാനം ഒരാൾ മുഖേന പൂർത്തീകരിക്കപ്പെടുമെന്നും, അദ്ദേഹത്തിന്റെ സന്ദേശം എല്ലാം ഉൾക്കൊള്ളുന്നതും ലോകം മുഴുവനും വേണ്ടിയുള്ളതായിരിക്കുമെന്നും അതുകൊണ്ട് വേറെ പ്രവാചകന്മാരുടെ ആവശ്യം വേണ്ടിവരില്ലയെന്നുമുള്ളതാണത്.

നടക്കാനിരിക്കുന്ന സംഭവങ്ങൾ ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് പ്രവചിക്കാൻ ദൈവത്തിന് നിസ്സാരമായി കഴിയും. പക്ഷേ, മനുഷ്യന് സാധ്യമല്ല. പഴയനിയമ പ്രകാരം അബ്രഹാമിന് അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യത്തിന് പ്രതിഫലമായി ദൈവം വാഗ്ദാനം ചെയ്തത്, അദ്ദേഹത്തിന്റെ സന്തതിപരമ്പരകളിൽക്കൂടി മനുഷ്യവർഗത്തിന് ഒട്ടാകെയുള്ള അനുഗ്രഹം എത്തിച്ചു കൊടുക്കുമെന്നാണ്. ദൈവിക മാർഗദർശനം മുഖേനയും പ്രവചനം മുഖേനയും അദ്ദേഹത്തിന്റെ പരമ്പര മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായിരിക്കും:

''നീ ഈ കാര്യം ചെയ്തു. നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ട്, ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും. നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽ പോലെയും അത്യന്തം വർധിപ്പിക്കും ........നിന്റെ സന്തതി മുഖാന്തിരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നു.'' (ഉൽപത്തി 22: 77-18)

അബ്രഹാമിന്റെ രണ്ടാമത്തെ പുത്രനായ ഇസ്ഹാഖിന്റെ പരമ്പരയിലാണ് മോശയും യേശുവും പിറന്നത്. ദൈവം ഇസ്ഹാഖിന് നല്കിയ പ്രത്യേകാനുഗ്രഹത്തിന്റെ കഥയാണ്, പ്രധാനമായും ബൈബിൾ നല്കുന്നത്. അതേ സമയം അബ്രഹാമിന്റെ ആദ്യപുത്രനായ യിശ്മായേലിന്റെ (ഇസ്മാഈൽ) കഥയെന്താണ്?

അബ്രഹാമിന്റെ ഭാര്യയായിരുന്ന സാറായുടെ ദാസിയായിരുന്ന ഹാഗാരിനെയും (ഹാജറ) പുത്രനായ യിശ്മായേലിനേയും പുറത്താക്കിയ കഥ; അതായത്, സാറായ്ക്ക് അബ്രഹാമിന്റെ ആദ്യജാത പുത്രനോടുള്ള അസൂയയും വിദ്വേഷവും കാരണം അവരെ പുറത്താക്കിയ കഥ, ഉൽപത്തി (ബൈബിളിലെ ഒന്നാം പുസ്തകം) പുസ്തകത്തിൽ പറയുന്നു. പരസ്പര വിരുദ്ധമായ പല കാര്യങ്ങളും ഉൾക്കൊള്ളുന്ന ഈ

11. Gospel according to Barnabas.
12. 'The Nazarenes' by John Toland.
13. 'The Life of Jesus' by Carvery.

കഥ, ഹീബ്രു വർഗീയ സങ്കുചിതത്വത്തിന്റെ ഒരാദ്യകാല ഉദാഹരണമാണ്. ഫല ത്തിൽ, ഉൽപത്തി പുസ്തകം, ഹാഗാറിന്റെയും യിശ്മയേലിന്റെയും മേൽ വാതിൽ കൊട്ടിയടക്കുന്നു. ഇവിടം മുതൽ പഴയനിയമത്തിൽ ഇസ്ഹാഖും സാറായും മാത്രമേ പ്രശ്നമാകുന്നുള്ളു. പക്ഷേ, ദൈവം അബ്രഹാമിന് നല്കിയ വാഗ്ദാനം ഏകപ ക്ഷീയമായിരുന്നില്ല: അബ്രഹാമിന്റെ കുടുംബവുമായി ദൈവം കരാർ (Covenant) ഏറ്റെടുത്തപ്പോൾ ഇസ്ഹാഖ് ഇല്ലായിരുന്നു. അബ്രഹാമിന് സന്തതിയായി യിശ്മാ യേൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദൈവം പറഞ്ഞു: ''യിശ്മായേലിനെക്കുറിച്ചും ഞാൻ നിന്റെ അപേക്ഷ കേട്ടിരിക്കുന്നു. ഞാൻ അവനെ അനുഗ്രഹിച്ച് അത്യന്തം സന്താനപുഷ്ടിയുള്ളവനാക്കി വർധിപ്പിക്കും. അവൻ പന്ത്രണ്ട് പ്രഭുക്കന്മാരെ ജനി പ്പിക്കും. ഞാൻ അവനെ വലിയോരു ജാതിയാക്കും'' (ഉൽപത്തി 17: 20). ഇത് പഴയ നിയമത്തിലെ തന്നെ വാക്യമാണ്.

യിശ്മായേൽ ഒരു ദാസിയുടെ പുത്രനായതു കൊണ്ട് ആദ്യജാത പുത്രന്റെ അനു ഗ്രഹം അദ്ദേഹത്തിന് ലഭിക്കുകയില്ലെന്നും, നേരെമറിച്ച്, സ്വതന്ത്ര സ്ത്രീയിൽ ജനിച്ച ഇസ്ഹാഖിനാണതിന്റെ അനുഗ്രഹമെന്നും വരുത്തിത്തീർക്കാൻ തെറ്റായ ഒരു ശ്രമം പഴയനിയമം എഴുതിയവർ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തൗറാത്തിലെ കുടുംബ നിയമങ്ങൾ അവർ പാടേ അവഗണിച്ചിരിക്കുകയാണ്. ഈ നിയമമനുസരിച്ച് ആദ്യ ജാത പുത്രന്റെ അവകാശങ്ങൾ അമ്മയുടെ സാമൂഹികനില കണക്കിലെടുത്ത് അസാ ധുവാക്കാൻ സാധ്യമല്ല. ഇത്, ബഹുഭാര്യാത്വ സമ്പ്രദായം സ്വീകരിച്ച അബ്രഹാമിന്റെ കാര്യത്തിൽ പ്രത്യേകിച്ചും പ്രസക്തമാണ്. തൗറാത്തിൽ പറയുന്നു: ''ഒരുത്തി ഇഷ്ട യായും മറ്റവൾ അനിഷ്ടയായും, ഇങ്ങനെ ഒരാൾക്ക് രണ്ട് ഭാര്യമാർ ഉണ്ടായിരി ക്കയും അവർ ഇരുവരും അവന് പുത്രന്മാരെ പ്രസവിക്കുകയും, ആദ്യജാതൻ അനി ഷ്ടയുടെ മകൻ ആയിരിക്കുകയും ചെയ്താൽ, തന്റെ സ്വത്ത് പുത്രൻമാർക്ക് ഭാഗിച്ചു കൊടുക്കുമ്പോൾ അനിഷ്ടയുടെ മകനായ ആദ്യജാതന് പകരം ഇഷ്ടയുടെ മകന് ജ്യേഷ്ഠാവകാശം കൊടുത്തുകൂടാ. തനിക്കുള്ള സകലത്തിലും രണ്ടു പങ്ക് അനിഷ്ട യുടെ മകന് കൊടുത്ത് അവന് ആദ്യജാതനെ സ്വീകരിക്കേണം. അവൻ അവന്റെ ബലത്തിന്റെ ആരംഭമല്ലോ. ജ്യേഷ്ഠാവകാശം അവനുള്ളതാകുന്നു'' (ആവർത്തന പുസ്തകം 22: 15, 16, 17).

മേലുദ്ധരിച്ചതിൻ പ്രകാരം, ന്യായപ്രമാണത്തിലെ നിയമമായിരുന്നു ഇരട്ടി അവ കാശം ആദ്യജാതപുത്രന് നല്കണമെന്നത്. ഇക്കാര്യത്തിൽ, ആദ്യജാതപുത്രന്റെ അമ്മ യുടെ പദവി (ഇഷ്ടയോ അനിഷ്ടയോ എന്നത്, അല്ലെങ്കിൽ യജമാനത്തിയോ ദാസി യോ എന്നത്) കണക്കിലെടുക്കേണ്ട കാര്യമില്ല എന്നും ഇവിടെ വ്യക്തമാണ്. പക്ഷേ, പഴയനിയമ ഗ്രന്ഥകാരന്മാർ ഈ ന്യായമായ പഴയനിയമ തത്ത്വം അവഗണിക്കുന്നു. എന്നിട്ട് ഇരട്ടി അവകാശം രണ്ടാമത്തെ പുത്രനായ ഇസ്ഹാഖിനാണെന്നു വരുത്താൻ ശ്രമിക്കുന്നു:

''നിന്റെ ഭാര്യയായ സാറാ തന്നെ നിനക്ക് ഒരു മകനെ പ്രസവിക്കും. നീ അവന് ഇസ്ഹാഖ് എന്ന് പേരിടേണം; ഞാൻ അവനോടും അവന്റെ ശേഷം അവന്റെ സന്ത തിയോടും എന്റെ നിയമത്തെ നിത്യനിയമമായി ഉറപ്പിക്കും'' (ഉൽപത്തി 17: 19). ''എന്റെ നിയമം ഞാൻ ഉറപ്പിക്കുന്നതോ ഇനിയത്തെ ആണ്ട് ഈ സമയത്ത് സാറാ നിനക്ക് പ്രസവിപ്പാനുള്ള ഇസ്ഹാഖിനോടാകുന്നു'' (ഉൽപത്തി 17:21).

പഴയനിയമത്തിലെ ഈ നിയമം, 'തൗറാത്തി'ലെ (ന്യായപ്രമാണത്തിലെ) നിയമ ത്തിന് വിരുദ്ധമാണ്. യഥാർഥത്തിൽ ജന്മാവകാശമായ ഇരട്ടി ബഹുമതി യിശ്മായേ ലിന്റെ വംശപരമ്പരക്കുള്ളതാണ്. യിശ്മായേലിന്റെ അമ്മയുടെ സാമൂഹികസ്ഥിതി ഈ അവകാശത്തിൽ യാതൊരു കുറവും വരുത്തുന്നില്ല. [15]

യിശ്മയേലിന്റെ പിൻഗാമികൾ അറബികളെന്നറിയപ്പെട്ടു. ഹീബ്രുഭാഷയിൽ 'അറബ്' യെന്നാൽ മരുഭൂമിയെന്നാണർഥം. അപ്പോൾ അറബികളെന്നാൽ മരുഭൂ നിവാസികളെന്നർഥം. (ജയിംസ് ഹേസ്റ്റിംഗ്സ് രചിച്ച ബൈബിൾ നിഘണ്ടു-Dictionary of the Bible നോക്കുക.) യിശ്മായേലിന്റെ പന്ത്രണ്ട് സന്താനങ്ങളിൽ (ഉൽപത്തി 25: 12-16) ഏറ്റവും പ്രധാനമായി പരാമർശിക്കപ്പെടുന്നത് കേദാർ (ഖൈദർ) ആണ്. ചില ബൈബിൾ വാക്യങ്ങളിൽ 'കേദാർ' എന്നുപയോഗിച്ചിരിക്കുന്നത് അറബികളെ പൊതുവായി ഉദ്ദേശിച്ചുകൊണ്ടാണ്. ഉദാ: യിരമ്യാവ് 2:1 0, യെഹെസ്കേൽ 27: 21, യെശയ്യാവ് 60: 7 മുതലായവ.

കേദാറിന്റെ പരമ്പരയെ ദൈവം പ്രത്യേകമായ ഒരുദ്ദേശ്യത്തോടെ ഗണിക്കുന്നു വെന്നിത് വ്യക്തമാക്കുന്നു. അവരിൽ നിന്ന് ഒരാളിന്റെ ജീവിതവും പ്രവർത്തനവും യിശ്മയേലിന്റെ പരമ്പരക്ക് ഇരട്ടി ബഹുമതി കൊണ്ടുവരും എന്നുള്ളതാണ് ഇതിന്റെ കാരണം. ഈ ഇരട്ടി ബഹുമതിയുടെ പ്രത്യേകതകൾ വ്യക്തമാക്കുന്നത് പഴയ നിയ മത്തിലെ യെശയ്യാവിന്റെ പുസ്തകത്തിലാണ്. അബ്രഹാമിന്റെ കുടുംബത്തിൽക്കൂടി മനുഷ്യ വർഗത്തെ മുഴുവൻ അനുഗ്രഹിക്കാനുള്ള ദൈവത്തിന്റെ വാഗ്ദാനം പൂർത്തീ കരിക്കുന്നതിനെ സംബന്ധിക്കുന്ന വളരെയധികം കഥകളും ഉപമകളും യെശയ്യാ വിലുണ്ട്. ഇവയിൽ ചിലത് താരതമ്യേന സൗമ്യവും പ്രത്യക്ഷവുമായ യേശുവിന്റെ മിശിഹായെന്ന നിലക്കുള്ള ദൗത്യത്തെ സംബന്ധിക്കുന്നവയാണ് എന്നാണ് ക്രിസ്ത്യാ നികൾ വിശ്വസിക്കുന്നത്. പക്ഷേ, യെശയ്യാവിന്റെ 42-ാം അധ്യായം വ്യക്തമായും അബ്രഹാമിന്റെ കുടുംബത്തിലെ അറബിവംശത്തെപ്പറ്റിയാണ്, അല്ലാതെ ഹീബ്രുവം ശത്തെ പറ്റിയല്ല പരാമർശിക്കുന്നത്. ഹീബ്രു പ്രവാചകരിൽ എല്ലാവരുടേയും ദൗത്യം ഇസ്രായേൽ കുടുംബത്തിനുള്ളിൽ പരിമിതമായിരുന്നു; ഇതിൽനിന്ന് വ്യത്യസ്ത മായി, ലോകത്തിനാകമാനമുള്ള ദൗത്യമായി വരുന്ന തെരഞ്ഞെടുക്കപ്പെട്ട ''ദൈവദാ സനെ'' യെശയ്യാവ് ചൂണ്ടിക്കാണിക്കുന്നു. ദൈവം അദ്ദേഹത്തിന് മാർഗദർശനം നല്കുമെന്നും ഭൂമിയിൽ അദ്ദേഹം നീതി സ്ഥാപിക്കുമെന്നും പറയുന്നു. ഉച്ചത്തിൽ പ്രഭാഷണം നടത്തുന്ന ഒരു പ്രസംഗകനായിരിക്കുകയില്ല അദ്ദേഹം. യേശുവിന്റെ ഭൂമിയിലെ ദൗത്യത്തിൽ നിന്നും വ്യതിരിക്തമായി ഭൂമിയിൽ നന്മ സ്ഥാപിക്കാൻ ആവശ്യമായത്ര ദീർഘകാലം അദ്ദേഹം തന്റെ പ്രവാചകത്വം തുടരും. അതുപോലെ സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയും എല്ലാ ജാതികൾക്കും അദ്ദേഹം ഒരു പ്രകാശമായിത്തീരുകയും ചെയ്യും. അതിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം ദൈവത്തിന്റെ ഈ ദാസന് മാത്രമേ 11-ാം വാക്യ ത്തിലെ കേദാറുമായി ബന്ധമുള്ളൂ എന്നതാണ്:

''ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ. ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു; അവൻ ജാതിക ളോട് ന്യായം പ്രസ്താവിക്കും; അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല, ചതഞ്ഞ ഓട അവൻ ഒടിച്ചുകള കയില്ല; പുകയുന്ന തിരി കെടുത്തുകളയില്ല. അവൻ സത്യത്തോടെ ന്യായം പ്രസ്താ വിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുന്നതുവരെ അവൻ തളരുകയില്ല; അധൈര്യ പ്പെടുകയില്ല. അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നു. ആകാശത്തെ

ല്ലെങ്കിൽ സാർവലൗകിക സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു മഹത്തായ പ്രത്യയ ശാസ്ത്രം ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കാനും അയാൾക്ക് കഴിയുമോ? ആ പ്രത്യയ ശാസ്ത്രം വിവിധ ഭൂഖണ്ഡങ്ങളിലുള്ള ജനകോടികളുടെ ജീവിതാദർശമായി മാറുമോ? എന്തിനേറെ, പതിനാലു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും അതിന്റെ മൗലികസ്വഭാവത്തിന് യാതൊരു കോട്ടവും തട്ടാതെ, യാതൊരു മാറ്റവും സംഭവിക്കാതെ, മറ്റെല്ലാ പ്രത്യയ ശാസ്ത്രങ്ങളെക്കാളും ഉജ്വലമായ ഒരു സമ്പൂർണ ജീവിത വ്യവസ്ഥയായി നിലകൊള്ളുമോ?

ഇതിനൊക്കെപ്പുറമേയുള്ള ഒരു കാര്യം, ബൈബിളിൽ ഇങ്ങനെ ഒരു പ്രവാചകനെപ്പറ്റി പറഞ്ഞിട്ടുണ്ടെന്ന് പത്താം നൂറ്റാണ്ടിന് മുമ്പ് ഒരു അറബിക്കും അറിയുക സാധ്യമല്ല എന്നതാണ്. കാരണം, ബൈബിൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയത് 10-ാം നൂറ്റാണ്ടിലാണ്. (ജെയിംസ് ഹേസ്റ്റിംഗ്സ് രചിച്ച 'ഡിക്ഷനറി ഓഫ് ദി ബൈബിൾ' നോക്കുക.) ഈ ഉപാധികളെല്ലാം ഇത്ര കൃത്യമായി ഒരു മനുഷ്യനിൽ സമ്മേളിക്കണമെങ്കിൽ അത് ദൈവാനുഗ്രഹംകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ.

അപ്പോൾ യഥാർഥ വസ്തുത ഇതാണ്. മക്കത്ത് ജനിച്ച അബ്ദുല്ലയുടെ മകനായ മുഹമ്മദ് ആണ് ആ പ്രവാചകൻ. ആ പ്രവാചകൻ ചെയ്തത്, മുൻ പ്രവാചകന്മാരായ അബ്രഹാമും മോശയും ദാവീദും യേശുവുമെല്ലാം ചേർന്നു പടുത്തുയർത്തിക്കൊണ്ടുവന്ന 'ഇസ്ലാം' എന്ന മനോഹരസൗധം പൂർത്തിയാക്കുക എന്നതാണ്. 'ഇസ്ലാം' എന്നാൽ ദൈവത്തിന് കീഴടങ്ങി ജീവിക്കൽ, സമാധാനം എന്നീ രണ്ട് അർഥങ്ങളുണ്ടെന്ന് പറഞ്ഞുകഴിഞ്ഞു. യോഹന്നാൻ 5: 27- ൽ യേശു തന്റെ ജനതയോട് പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: ''സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു.'' അഥവാ 'ഇസ്ലാം' ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു എന്നർഥം. ആ ഇസ്ലാമിന് പൂർണത കൈവന്നത് യേശു പ്രവചിച്ചതുപോലെത്തന്നെ സത്യത്തിന്റെ ആത്മാവായ മുഹമ്മദ് നബി(സ)യുടെ ദൗത്യനിർവഹണത്തോടെയാണെന്ന് മാത്രം.



ഞാൻ ഈ ആലയത്തെ മഹത്ത്വപൂർണമാക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു..... ഈ സ്ഥലത്ത് ഞാൻ സമാധാനം നല്കും'' (ഹഗ്ഗായി: 2. 6,7,9).

ഈ വാക്യങ്ങളിലെ 'മനോഹരവസ്തു' എന്നതിന് തുല്യമായി പഴയനിയമത്തിലെ ഹീബ്രുവിലുള്ള മൂലഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന വാക്ക് 'ഹിംദ' എന്നാണ്. അതുപോലെ 'സമാധാനം' എന്നതിന് തുല്യമായി കൊടുത്തിട്ടുള്ള വാക്ക് 'ഷാലോം' എന്നുമാണ്. ഹീബ്രു ഉൾപ്പെടുന്ന സെമിറ്റിക് ഭാഷകളിലെ പല പദങ്ങളുടെയും മൂലരൂപം ഒന്ന് തന്നെയാണ്. മറ്റൊരു സെമിറ്റിക് ഭാഷയായ അറബിയിൽ 'ഹിംദ' എന്നതിന് തുല്യമായ പദം 'അഹ്മദ്' എന്നാണ്. അതുപോലെ 'ഷാലോം' എന്നതിന് തുല്യമായ പദം 'സലാം' എന്നുമാണ്. അഹ്മദ് എന്നതിന്റെ വേറൊരു രൂപമാണ് 'മുഹമ്മദ്'. 'സലാം' എന്നതിന്റെ മറ്റൊരു രൂപമാണ് 'ഇസ്ലാം.'

മുഹമ്മദ് എന്ന വാക്കിന്റെ അർഥം വാഴ്ത്തപ്പെട്ടവൻ എന്നാണ്. 'ഹിംദ' എന്ന വാക്കിന് ഇതേ അർഥമുണ്ട്. ഇസ്ലാം എന്നാൽ സമാധാനം, ദൈവത്തിന് കീഴടങ്ങി ജീവിക്കൽ എന്നാണർഥം. 'ഷാലോം' എന്ന വാക്കിന് സമാധാനം എന്ന അർഥമാണുള്ളത്. ഇത്രയും വസ്തുതകളുടെ വെളിച്ചത്തിൽ, 'ഹഗ്ഗായി'യുടെ പ്രവചനം സൂചിപ്പിക്കുന്നതിതാണ്: ''യഹോവ അരുളിച്ചെയ്യുന്നു: സകല ജാതികൾക്കും വേണ്ടി വാഴ്ത്തപ്പെട്ടവനായ പ്രവാചകൻ (മുഹമ്മദ്) വരും...... ഞാൻ ഇസ്ലാമിനെ നല്കുകയും ചെയ്യും.'' [17]

പഴയനിയമത്തിന്റെ വളരെ പഴയ ഹീബ്രു പകർപ്പുകൾ ഇപ്പോഴും നിലവിലുള്ളത് കൊണ്ടും മേൽപറഞ്ഞ അറബി - ഹീബ്രു പദങ്ങളുടെ അർഥം നിഘണ്ടുക്കളിലുള്ളതു കൊണ്ടും ഇപ്പറഞ്ഞതിന്റെ നിജസ്ഥിതി പരിശോധിക്കാവുന്നതാണ്. അപ്പോൾ ഈ പ്രവചനത്തിന്റെ അർഥം, മേൽ കൊടുത്തിരിക്കുന്നത് തന്നെയാണെന്ന് വ്യക്തമാകും.

അധ്യായം മൂന്ന്

# സുവിശേഷത്തിലെ പ്രവചനം

**'യി**ശ്മായേലിന്റെ പരമ്പരയെ ഒരു മഹത്തായ ജനതയാക്കു'മെന്ന ഉൽപത്തിപുസ്തകത്തിലെ (17: 20) പ്രവചനം പൂർത്തീകരിക്കാൻ വരുന്ന പ്രവാചകനെങ്ങനെയുള്ളവനായിരിക്കുമെന്ന് യേശുവിന്റെ സുവിശേഷം കൂടുതൽ വ്യക്തമായി വർണിക്കുന്നു. ഇത് യോഹന്നാന്റെ സുവിശേഷത്തിലാകുന്നു. യേശുവിന്റെ ദൗത്യം കഴിയാറായെന്നും അദ്ദേഹത്തിന് കുറേക്കാലം കഴിഞ്ഞ് ദൗത്യം മുന്നോട്ട് കൊണ്ടുപോകാൻ വേറൊരാളെ ദൈവം അയയ്ക്കുമെന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യോഹന്നാൻ 14: 16,17: ''എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും.''

ഇവിടെ 'സത്യത്തിന്റെ ആത്മാവ്' എന്ന് പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെ

14. 'Constantine the Great' by J. B. Firth; `Arius' by Prof. Gwatkin; The Council of Nicea' by J. Kaye; 'A History of Christianity in the Apostolic Age' by A. C. Mac.Giffert etc...

ഉദ്ദേശിച്ചാണെന്നാണ് ക്രിസ്തീയ പണ്ഡിതർ പറയുന്നത്. ഇതേപ്പറ്റി കൂടുതൽ വിശദീകരിക്കുന്നതിന് മുമ്പ് പരിശുദ്ധാത്മാവ് ആരാണെന്ന് കൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു.

'പരിശുദ്ധ ത്രിത്വ'ത്തിലെ ഒരംഗമാണ് പരിശുദ്ധാത്മാവെന്ന് ക്രിസ്ത്യാനികളെല്ലാവരും വിശ്വസിക്കുന്നു. ദൈവം മൂന്നാണെന്ന് അംഗീകരിച്ചാൽ മാത്രമേ, ഈ നിലയിൽ പരിശുദ്ധാത്മാവിന് പ്രത്യേകമായ ഒരസ്തിത്വമുണ്ടെന്ന് പറയാൻ കഴിയൂ. പക്ഷേ, ദൈവം ഒന്നു മാത്രമാണ്. ഇക്കാര്യം ഈ ഗ്രന്ഥത്തിന്റെ ആദ്യത്തിൽ തന്നെ സ്ഥാപിച്ചു കഴിഞ്ഞു. അപ്പോൾ പിന്നെ, പരിശുദ്ധാത്മാവ് ആരാണ്? യഥാർഥത്തിൽ ദൈവത്തിന്റെ സന്ദേശങ്ങൾ പ്രവാചകർക്കെത്തിച്ചു കൊടുക്കുന്ന മാലാഖയാണ് പരിശുദ്ധാത്മാവ്. അങ്ങനെ വരുമ്പോൾ, പരിശുദ്ധാത്മാവ് ദൈവത്തിന്റെ സൃഷ്ടിയാണെന്ന് കാണാം. യഥാർഥത്തിൽ പരിശുദ്ധാത്മാവ്, ദൈവമോ ദൈവത്തിന്റെ മൂന്നിലൊരു ഘടകമോ മൂന്നു ദൈവങ്ങളിലൊന്നോ അല്ല എന്ന് ബൈബിൾ തന്നെ തെളിവ് നല്കുന്നു. ബൈബിളിലെ താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ പരിശോധിക്കുക:

1. ലൂക്കോസ് 11: 11, 12, 13: ''എന്നാൽ, നിങ്ങളിൽ ഒരു അപ്പനോട് മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുമോ? അല്ല, മീൻ ചോദിച്ചാൽ മീനിന് പകരം പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.''

ഈ വാക്യങ്ങളിൽ ഒരു പിതാവ് പുത്രന് നല്കുന്ന ദാനം അഥവാ സമ്മാനമായിട്ടാണ് പരിശുദ്ധാത്മാവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു ദാനത്തിന് അഥവാ സമ്മാനത്തിന് ശരിയായ ഒരു വ്യക്തിത്വം ഉണ്ടെന്ന് വിശ്വസിക്കാൻ പറ്റുന്നതെങ്ങനെയാണ്? പരിശുദ്ധ പിതാവ് അവന്റെ ഭൂമിയിലെ മക്കൾക്ക് പരിശുദ്ധാത്മാവ് എന്ന ദൈവത്തെ തന്നെ സമ്മാനമായി നല്കിയെന്നാണോ കർത്താവ് ഉദ്ദേശിച്ചത്? അതായത് ത്രിത്വത്തിലെ ഒരംഗത്തെ മറ്റേയംഗം സമ്മാനമായി നല്കുമോ? സർവശക്തനായ ദൈവം സർവശക്തനായ ദൈവത്തെത്തന്നെ സമ്മാനമായി മനുഷ്യർക്ക് നല്കിയെന്ന ആശയം തന്നെ ഭക്തിയുള്ള ഒരു വിശ്വാസിക്ക് ഉൾക്കൊള്ളുക സാധ്യമല്ല.

2) 1, കൊരിന്ത്യർ 2: 12: ''നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്.''

അതായത്, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ പ്രാപിച്ചു എന്നല്ലാതെ, ദൈവത്തെ തന്നെ പ്രാപിച്ചു എന്നിതിനർഥമില്ല. വേറൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ജ്ഞാനം നമുക്ക് നല്കാൻ ദൈവം ഉപയോഗപ്പെടുത്തുന്ന ഒരു മാധ്യമം, അല്ലെങ്കിൽ മാർഗം ആണ് പരിശുദ്ധാത്മാവ്.

ഗാന്ധിയുടെ സിദ്ധാന്തങ്ങൾ പഠിച്ച ഒരാൾക്ക് ഒരു ഗാന്ധിയൻ ആകാൻ സാധിക്കും. അയാളിൽ നിന്ന് വേറൊരാൾക്കും ഗാന്ധിയൻ ആദർശങ്ങൾ പഠിക്കാം. ഇവിടെ ഗാന്ധിയൻ ആദർശങ്ങൾ പഠിപ്പിക്കുന്നത് ഗാന്ധിയല്ലാത്തത് പോലെ, നമുക്ക് ദൈവജ്ഞാനം പകർന്നു തരുന്ന മാധ്യമം ദൈവമല്ല. മേലുദ്ധരിച്ച വാക്യത്തിന്റെ അർഥം ദൈവത്തെപ്പറ്റിയുള്ള സത്യങ്ങൾ മനസ്സിലാക്കാൻ മനുഷ്യർക്ക് സാധിക്കണമെങ്കിൽ അതിന് ദൈവം നിശ്ചയിച്ച മാർഗമായ പരിശുദ്ധാത്മാവിൽ കൂടിയേ സാധിക്കൂ എന്ന് മാത്രമാണ്. ആ പരിശുദ്ധാത്മാവ് ദൈവം തന്നെയാണെന്ന് പറയുന്നതിന് യാതൊരു ന്യായീകരണവുമില്ല.

3) 1, കൊരിന്ത്യർ 6: 19: ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ സങ്കേതമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?''

ഈ വാക്യമനുസരിച്ച് ശരീരം മന്ദിരവും, പരിശുദ്ധാത്മാവ് അതിൽ കുടികൊള്ളുന്ന ചൈതന്യവുമാണ്. ആ നിലക്ക് പരിശുദ്ധാത്മാവ് ഒരാളല്ല. മറിച്ച് ഒരു ഗുണം, അല്ലെങ്കിൽ ശക്തിയാണെന്ന് അർഥം വരുന്നു. അപ്പോൾ പരിശുദ്ധാത്മാവ് ദൈവത്തിലുള്ള മൂന്നാളുകളിലൊരാളാവാൻ സാധ്യതയില്ല.

മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്ന് പരിശുദ്ധാത്മാവ് ദൈവമല്ല എന്ന് കാണാം. അതുപോലെ പരിശുദ്ധാത്മാവ് ത്രിത്വത്തിലെ ഒരാളാണെന്ന് പറയാനും കഴിയില്ല.

ക്രിസ്തുവർഷം 110-നും 180- നും ഇടയ്ക്ക് ജീവിച്ചിരുന്ന അത്തീനാഗോറസ് എന്ന ക്രിസ്തീയ പണ്ഡിതൻ പറയുന്നു, പരിശുദ്ധാത്മാവ് ദൈവത്തിൽ നിന്നുദ്ഭവിച്ച് ദൈവത്തിലേക്ക് മടങ്ങുന്ന രശ്മികൾ പോലെയാണെന്ന്. 130- നും 202 -നും ഇടയ്ക്ക് ജീവിച്ചിരുന്ന ഐറേനിയസ് പറയുന്നു: പരിശുദ്ധാത്മാവും പുത്രനും ദൈവത്തിന്റെ രണ്ടു ദാസന്മാരാണ്. മാലാഖമാർ അവർക്ക് വഴങ്ങുന്നു എന്ന്.

അത്തീനാഗോറസും ഐറേനിയസും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പ്രകടമാണ്. പക്ഷേ, അവർ രണ്ടുപേരും പരിശുദ്ധാത്മാവിനെ ദൈവമായി കരുതുന്നില്ല. പ്രസിദ്ധനായ ഓറിജൻ (185-254) പറയുന്നത്, പരിശുദ്ധാത്മാവ് പുത്രന്റെ സൃഷ്ടിയാണെന്നാണ്. അതേ സമയം, പുത്രൻ അഥവാ വചനം പിതാവിന്റെ സൃഷ്ടിയാണ്. ക്രി. വ. 325-ലെ നികിയാ കൗൺസിൽ പോലും പരിശുദ്ധാത്മാവിനെ ശരിയായി നിർവചിച്ചിരുന്നില്ല. 386-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ എക്യൂമിനിക്കൽ കൗൺസിലിലാണ് പിതാവിനോടും പുത്രനോടുമൊപ്പം അസ്തിത്വമുള്ള ത്രിത്വത്തിലെ മൂന്നാമത്തെ ആളായി പരിശുദ്ധാത്മാവിനെ ഉയർത്തിയത്.

ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധാത്മാവ് ദൈവത്തിന്റെ ഒരു മാലാഖയായിരുന്നു. പിന്നീട് സഭ നല്കിയ വ്യാഖ്യാനമനുസരിച്ചാണ് പരിശുദ്ധാത്മാവ് ദൈവം ആയത്. നേരത്തെ ഉദ്ധരിച്ച യോഹന്നാന്റെ വാക്യത്തിലെ 'സത്യത്തിന്റെ ആത്മാവ്' 'പരിശുദ്ധാത്മാവ്' ആണെന്നാണല്ലോ സഭാ വക്താക്കളുടെ വാദം. ബൈബിൾ മൊത്തം പരിശോധിച്ചു നോക്കിയാൽ ഇതിനുപോദ്ബലകമായി ഒരേയൊരു പരാമർശമേ ഉള്ളൂ: യോഹന്നാൻ 14: 26-ൽ. ഇത് ഏതോ ഒരു ബൈബിൾ പണ്ഡിതൻ അയാളുടെ വിശ്വാസപ്രകാരം ''സത്യത്തിന്റെ ആത്മാവ്'' ആരാണെന്ന് സ്ഥാപിക്കാൻ വേണ്ടി നടത്തിയ ശ്രമത്തിന്റെ ഫലമായിരിക്കാം. കാരണം, ഈ വ്യാഖ്യാനം യേശു പറഞ്ഞതിന് വിരുദ്ധമാണ്. യോഹന്നാനിൽ തന്നെയുള്ള മറ്റു ചില വാക്കുകളുടെ അടിസ്ഥാനത്തിൽ ഇത് നിലനില്ക്കുകയുമില്ല. മറ്റു വചനങ്ങളനുസരിച്ച് യേശുവിന്റെ ദൗത്യം പൂർത്തിയാവാതെ 'പാർക്കലീത്താ' (സത്യത്തിന്റെ ആത്മാവ്) വരികയില്ല. ഉദാഹരണമായി യോഹന്നാൻ 16: 7: ''ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ (പാർക്കലീത്താ) നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും.''

ഈ വാക്യമനുസരിച്ച് യേശുവിന്റെ കാലശേഷം മാത്രമേ സത്യത്തിന്റെ

ആത്മാവ് അഥവാ പാർക്കലീത്താ എന്ന കാര്യസ്ഥൻ വരികയുള്ളൂ എന്ന് പറഞ്ഞിരിക്കുന്നു. പാർക്കലീത്താ പരിശുദ്ധാത്മാവായിരുന്നുവെങ്കിൽ യേശുവിന്റെ കാലശേഷമല്ലേ വരേണ്ടത്? യഥാർഥത്തിൽ, പരിശുദ്ധാത്മാവ് നേരത്തെതന്നെ പ്രവർത്തന നിരതനായിരുന്നു എന്നതിന് ബൈബിളിലെ എത്രയോ വാക്യങ്ങൾ തെളിവാണ്. ഉദാഹരണമായി മത്തായി 4: 1-ൽ, യേശുവിനെ പരിശുദ്ധാത്മാവ് മരുഭൂമിയിലേക്ക് കൊണ്ടുപോയ കാര്യം പറയുന്നു. 3: 16- ൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ, യേശുവിന്റെ മേൽ വന്നു എന്ന് പറയുന്നു. ഈ വാക്യങ്ങളിൽ നിന്ന് പരിശുദ്ധാത്മാവ് ദൈവത്തിൽ നിന്നും, പ്രവാചകനായ യേശുവിന്റെ അടുത്തേക്ക് വരുന്ന ഒരു മാലാഖയാണെന്ന് തെളിയുന്നു. ''നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ'' എന്ന് സങ്കീർത്തനങ്ങൾ 51: 11-ലും കാണാം.

ഇങ്ങനെ നോക്കുമ്പോൾ, പരിശുദ്ധാത്മാവ് യേശുവിന് മുമ്പും, യേശുവിന്റെ ജീവിതകാലത്തും പ്രവർത്തനനിരതനായിരുന്നു എന്ന് ബൈബിളിൽ നിന്നു തന്നെ തെളിയുന്നതായി കാണാം. അഥവാ ''ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല'' എന്ന് യേശു പറഞ്ഞ ആ കാര്യസ്ഥൻ പരിശുദ്ധാത്മാവല്ല എന്നത് വ്യക്തമാകുന്നു.

ദൈവത്തിനെ ഒരു ത്രിത്വമായും പരിശുദ്ധാത്മാവിനെ അതിന്റെ ഭാഗമായും ക്രിസ്ത്യാനികൾ വ്യാഖ്യാനിക്കാൻ തുടങ്ങിയ ശേഷമാണ് വിചിത്രമായ ഈ 'പരിശുദ്ധാത്മാവ് വ്യാഖ്യാനം' പ്രചാരത്തിലായത്. സഭയുടെ ഈ വിശ്വാസം അംഗീകരിച്ചാൽ തന്നെ, 'സത്യത്തിന്റെ ആത്മാവ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ആൾ പരിശുദ്ധാത്മാവ് അല്ല എന്ന് ഇനി പറയുന്ന കാരണങ്ങളാൽ തെളിയുന്നു.

## അധ്യായം നാല്

# 'പാരക്ലീറ്റോസ്' എന്ന ആശ്വാസ ദായകൻ

**ഒ**ന്നാമതായി, യേശു പരിശുദ്ധാത്മാവെന്നാണുദ്ദേശിച്ചിരുന്നതെങ്കിൽ, പരിശുദ്ധാത്മാവ് എന്നോ ദൈവാത്മാവ് എന്നോ പറയാമായിരുന്നു. അതിന് പകരം, 'ആശ്വസിപ്പിക്കുന്നവൻ', 'സത്യത്തിന്റെ ആത്മാവ്', 'കാര്യസ്ഥൻ' എന്നിങ്ങനെ പലവിധത്തിൽ വിവർത്തകർ പരിഭാഷപ്പെടുത്തിയിട്ടുള്ള 'പാർക്കലീത്താ' അഥവാ പാരക്ലീറ്റോസ് (parakletos) എന്ന വാക്കാണ് ഗ്രീക്ക് ബൈബിളിൽ ആ സ്ഥാനത്ത് ഉപയോഗിച്ചിട്ടുള്ളത്. 'പാരക്ലീറ്റോസ്' എന്ന ഗ്രീക്ക് പദത്തിന് 'മറ്റുള്ളവരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്നവൻ' എന്ന അർഥവും ഉണ്ട്. അതായത് എല്ലാ ജീവികൾക്കും അനുഗ്രഹമായവൻ എന്നർഥം. ലോകങ്ങൾക്ക് ഒരനുഗ്രഹം (''റഹ്മത്തുൻ ലിൽ ആലമീൻ'') എന്നും നിങ്ങളുടെ ക്ഷേമത്തിൽ അതീവതൽപരൻ (''ഹരീഥുൻ അലൈക്കും'') എന്നും ഖുർആനിൽ മുഹമ്മദ് നബി(സ)യെ വിശേഷിപ്പിച്ചിരിക്കുന്നതോർക്കുക. കൂടാതെ, ''വിശ്വസിക്കുന്നവരെയും സത്കർമങ്ങൾ അനുഷ്ഠിക്കുന്നവരെയും അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന മാർഗദർശി'' (ഖുർആൻ 65: 11) ആണ് അദ്ദേഹമെന്നും ഖുർആൻ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യ വർഗത്തിന്റെ ക്ഷേമത്തിന് പ്രത്യേകമായി പ്രവർത്തിക്കുന്നു, അവർക്ക് വേണ്ടി ദൈവത്തോട് പ്രാർഥിക്കുന്ന, ദൈവമെന്ന ന്യായാധിപന്റെ അനുഗ്രഹം നേടാനുള്ള മാർഗം കാണിച്ചുകൊടുക്കുന്ന ശരിയായ മാർഗ ദർശിയാണ് മുഹമ്മദ് നബി(സ)യെന്ന ഖുർആനിലെ വിശദീകരണവും 'പാർക്കലീത്താ' എന്ന ബൈബിൾ വിശേഷണവും പൂർണമായും യോജിക്കുന്നു.

യേശുവിന്റെ സ്വന്തം ഭാഷയായ അരമായിക്കിൽ അദ്ദേഹം പറഞ്ഞതിനോടേറ്റവും അടുത്ത ഗ്രീക്ക് പദം 'പാരക്ലീറ്റോസ്' അല്ല, 'പെരിക്ലീറ്റോസ്' ആണെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. 'പെരിക്ലീറ്റോസ്' എന്നത് വാഴ്ത്തപ്പെട്ടവൻ എന്നർഥം വരുന്ന 'മുഹമ്മദി'ന് തുല്യമായ ഗ്രീക്ക് പദമാണ്. ഒരു വാക്കിന് പകരം അതിനോട് സാമ്യമുള്ള വേറൊരു വാക്ക് ഉപയോഗിച്ച അനേകം ഉദാഹരണങ്ങൾ പുതിയ നിയമത്തിലുണ്ട്. ഒരു പക്ഷേ, ഗ്രീക്ക് ബൈബിളിൽ ഈ രണ്ട് വാക്കുകളും ഉപയോഗിച്ചിട്ടുണ്ടാകാം. പക്ഷേ, 'പാരക്ലീറ്റോസ്','പെരിക്ലീറ്റോസ്' എന്നീ പദങ്ങളുടെ സാദൃശ്യം കാരണം പകർത്തിയെഴുതിയവർ അവയിലൊന്ന് വിട്ടുപോയതാവാം. ''അവൻ നിങ്ങൾക്ക് 'സത്യത്തിന്റെ ആത്മാവ്' എന്ന മറ്റൊരു കാര്യസ്ഥനെ നല്കും'' എന്ന ഇപ്പോഴത്തെ വാക്യത്തിനു പകരം ''അവൻ നിങ്ങൾക്ക് 'സത്യത്തിന്റെ ആത്മാവ്' എന്ന വാഴ്ത്തപ്പെട്ടവനായ മറ്റൊരു കാര്യസ്ഥനെ നല്കും'' എന്ന് മൂലഗ്രന്ഥത്തിലുണ്ടായിരുന്നിരിക്കാൻ സാധ്യതയുണ്ട്. കൂടാതെ, ഗ്രീക്കിലുള്ള 'പാരക്ലീറ്റോസ്', 'പെരിക്ലീറ്റോസ്' എന്നീ പദങ്ങളടുത്തുവന്നപ്പോൾ അവയിലൊന്നു മാത്രം പരിഭാഷപ്പെടുത്തി മറ്റേത് അബദ്ധത്തിൽ വിട്ടുകളഞ്ഞതാവാനും സാധ്യതയുണ്ട്. ഇതിന് ഒരു കാരണം ഗ്രീക്ക്ഗ്രന്ഥത്തിൽ വാക്കുകൾ വളരെ അടുപ്പിച്ചാണ് എഴുതിയിരുന്നത് എന്നതാണ്. അതുകൊണ്ട് പകർത്തിയെഴുതുന്നയാളുടെ കണ്ണ് സാമ്യമുള്ള രണ്ട് വാക്കുകൾ അടുത്തുവന്നാൽ അതിൽ ഒന്നുകാണാതെ വിട്ടുപോകുന്നത് സ്വാഭാവികമാണ്.

ഈ നിഗമനങ്ങളൊക്കെ വസ്തുതകളിൽ നിന്നകന്നുപോയിട്ടില്ലേ എന്ന സംശയം ചിലർക്കെല്ലാം തോന്നിയേക്കാം. പക്ഷേ, നൂറ്റാണ്ടുകൾക്ക് മുമ്പ്, കൈയെഴുത്തു പ്രതികൾ, അതും തുകൽ പോലുള്ള സാധനങ്ങളിൽ രേഖപ്പെടുത്തിയിരുന്നത് കൈകാര്യം ചെയ്തിരുന്നവർക്ക് മേൽപറഞ്ഞ തരത്തിലുള്ള തെറ്റുകൾ പറ്റുകയെന്നത് സംഭവ്യമാണ്. തന്നെയുമല്ല, യേശു അരമായിക്ക് ഭാഷയിൽ പറഞ്ഞ കാര്യങ്ങൾ അതേ ഭാഷയിൽ തന്നെ യഥാർഥ ശിഷ്യന്മാർ എഴുതിവെച്ചിരുന്നത് നിശ്ശേഷം നശിപ്പിക്കപ്പെട്ടുപോയി എന്നും നാം ഓർക്കണം. ഇന്ന് നിലവിലുള്ള സുവിശേഷങ്ങളുടെ മൂലഗ്രന്ഥങ്ങൾ ഗ്രീക്കിലുള്ളവയായിരുന്നു. അവതന്നെ പരിഭാഷയെന്ന മാറ്റത്തിന് പണ്ടേ വിധേയമായിക്കഴിഞ്ഞതാണ്. അത് വീണ്ടും പകർത്തിയെഴുതപ്പെടുകയും പരിഭാഷപ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ കൂടുതൽ വ്യതിയാനങ്ങൾ വരികയെന്നതും സ്വാഭാവികം മാത്രമാണ്.

'പാരക്ലീറ്റോസ്' എന്നായാലും 'പെരിക്ലീറ്റോസ്' എന്നായാലും ഈ രണ്ട് പേരുകളും യോജിക്കത്തക്ക വിധത്തിൽ ഒരേ ഒരു പ്രവാചകൻ മാത്രമേ ഈ പ്രവചനത്തിന് ശേഷം വന്നിട്ടുള്ളൂ. അത് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യാണ്. വരും പ്രവാചകൻ 'നിങ്ങളോടൊപ്പം എന്നും ഉണ്ടായിരിക്കും' എന്ന് യേശു പറഞ്ഞപ്പോൾ അദ്ദേഹത്തെ പിൻതുടർന്ന് വരാൻ വേറെ പ്രവാചകന്മാരുടെ ആവശ്യമുണ്ടാവുകയില്ല എന്നതാണ് ഉദ്ദേശിച്ചത്. അഥവാ അദ്ദേഹം അന്ത്യപ്രവാചകനായിരിക്കും എന്നർഥം. കാരണം, അദ്ദേഹം മനുഷ്യവർഗത്തെ ''സകല സത്യത്തിലും വഴിന

ടത്തും.'' അതിനാൽ കൂടുതൽ സത്യവുമായി വേറെ ഒരാൾ വരേണ്ട ആവശ്യമുണ്ടാവുകയില്ല. അദ്ദേഹം ''സത്യത്തിന്റെ ആത്മാവ്'' എന്ന വിശേഷണം അർഹിക്കുന്ന വിധത്തിൽ അത്ര സത്യസന്ധനായിരിക്കും. മുഹമ്മദ് നബി(സ)യെ മക്കാ നിവാസികൾ 'ഏറ്റവും സത്യസന്ധൻ' എന്ന അർഥത്തിൽ 'അൽഅമീൻ' എന്ന് പ്രവാചകത്വലബ്ധിക്ക് മുമ്പ് തന്നെ വിളിച്ചിരുന്നു എന്നതോർക്കുക. ചുരുക്കത്തിൽ അദ്ദേഹത്തെപ്പറ്റി ഇങ്ങനെ പറയാം: ''അദ്ദേഹം അവർക്കുവേണ്ടി (യഥാർഥ) സത്യം കൊണ്ടുവന്നു.'' (ഖുർആൻ 23: 70)

ആത്മാവ് എന്ന് പറഞ്ഞതുകൊണ്ട് വരുംപ്രവാചകൻ മനുഷ്യനായിരിക്കുകയില്ലെന്നർഥമില്ല. സുവിശേഷങ്ങളുടെ മൂലഗ്രന്ഥങ്ങളിൽ ഈ വാക്ക് ''വെളിപാട് ലഭിച്ച ഒരു വ്യക്തി'' അഥവാ ''ആത്മീയജ്ഞാനം കിട്ടിയ ഒരാൾ'' എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

'പാർക്കലീത്ത' (പാരക്ലീറ്റോസ് എന്ന വാക്ക് ബൈബിളിൽ മേൽപറഞ്ഞ അർഥത്തിൽ യേശുവിനെപ്പറ്റിത്തന്നെ ഉപയോഗിച്ചിട്ടുണ്ട്. 1-യോഹന്നാൻ 2: 1 നോക്കുക: ''നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ (പാർക്കലീത്ത) നമുക്ക് പിതാവിന്റെ അടുക്കലുണ്ട്.'' കാരണം, യഹൂദന്മാർക്കും യേശുവിന്റെ മറ്റനുയായികൾക്കും യേശു ഒരു പാർക്കലീത്ത ആയിരുന്നു. അതുപോലെ വരാനിരിക്കുന്ന പ്രവാചകനും യേശുവിനെപ്പോലെ ഒരു 'പാർക്കലീത്ത' ആയിരിക്കും. അതുകൊണ്ടാണ് ''സത്യത്തിന്റെ ആത്മാവ്'' എന്ന മറ്റൊരു കാര്യസ്ഥൻ എന്ന് യേശു പറഞ്ഞത്. ഗ്രീക്കു ഭാഷയിൽ 'ഒരേ തരത്തിലുള്ള മറ്റൊരു' എന്നതിനും 'വ്യത്യസ്ത തരത്തിലുള്ള മറ്റൊരു' എന്നതിനും രണ്ട് വ്യത്യസ്ത വാക്കുകളുണ്ട്. 'Allos, Hetaros.' ഇതിൽ Allos എന്ന വാക്കിന്റെ പുല്ലിംഗരൂപമായ Allon ആണ് വരുംപ്രവാചകനെപ്പറ്റി പറയുന്ന സ്ഥലത്ത് പ്രയോഗിച്ചിരിക്കുന്നത്. അതായത് അദ്ദേഹം ഒരേതരത്തിലുള്ള, അല്ലെങ്കിൽ യേശുവിനെപ്പോലെയുള്ള ഒരു 'പാർക്കലീത്ത' ആയിരിക്കുമെന്ന് അർഥം. അപ്പോൾ 'പാർക്കലീത്ത' ഒരു ആത്മാവോ ഭൂതമോ അരൂപിയോ ആയിരിക്കുകയില്ല; മറിച്ച് ഒരു പ്രവാചകൻ, ഒരു മനുഷ്യൻ ആയിരിക്കും.[18] ആ പ്രവാചകന് ദൈവത്തിൽ നിന്ന് സത്യം ലഭിക്കും. അതായിരിക്കും അദ്ദേഹത്തിന്റെ അധ്യാപനം; അല്ലാതെ അദ്ദേഹത്തിന്റെ അനുയായികളുടെ അഭിപ്രായങ്ങളോ അവരുടെ ലേഖനങ്ങളോ ആയിരിക്കുകയില്ല.

പഴയനിയമത്തിലെ ആവർത്തന പുസ്തകത്തിലെ പ്രവചനവും യോഹന്നാന്റെ പുസ്തകത്തിലെ പ്രവചനവും പരിപൂർണമായും യോജിക്കുന്നു എന്നതാണ് ഇവിടെ എടുത്തുപറയേണ്ട കാര്യം: ''എന്റെ വചനങ്ങളെ അവന്റെ നാവിൻമേലാക്കും. ഞാൻ അവനോട് കല്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും'' (ആവർത്തന പുസ്തകം 18: 18). ഇസ്രയേൽ മക്കളുടെ സഹോദരരുടെ ഇടയിൽ നിന്നും എഴുന്നേല്പിക്കപ്പെടുമെന്ന് പ്രചരിപ്പിക്കപ്പെടുന്ന ആ പ്രവാചകനും യേശു പറഞ്ഞ മറ്റൊരു 'പാർക്കലീത്ത'യും ഒരാൾതന്നെ- മുഹമ്മദ് നബി(സ) തന്നെ-ആണെന്ന് ഇവിടെ സ്പഷ്ടമാകുന്നു.

മോശക്കും യേശുവിനും സത്യത്തിന്റെ ആത്മാവിനും (മുഹമ്മദ് നബി) ദൈവിക സന്ദേശത്തിന്റെ വാഹകരെന്ന നിലയിൽ നിർവഹിക്കേണ്ടി വന്ന ദൗത്യങ്ങളുടെ സാമ്യം എത്രയും വ്യക്തമാണ്. (ആവർത്തന പുസ്തകം 18: 15, 17, 18, 19; യോഹന്നാൻ 12: 49, 16: 12, 13; ഖുർആൻ 73: 15 എന്നിവ താരതമ്യപ്പെടുത്തി വായിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകുന്നു) ആയിരക്കണക്കിന് വർഷങ്ങളുടെ അകലമുണ്ടായിട്ടും ബൈബിളിൽ കൈകടത്തലുകൾ നടന്നിട്ടും ഈ മൂന്ന് വ്യക്തികളെ പരാമർശിക്കുന്ന വാക്യങ്ങൾ സദൃശങ്ങളാണ്. യഥാർഥ ന്യായപ്രമാണവും യഥാർഥ സുവി



ശേഷവും ഖുർആനും ഒരേ ഉറവിടത്തിൽ നിന്നും വന്ന നിത്യമായ സത്യത്തെ വെളിവാക്കുന്നു.

അന്ത്യപ്രവാചകനെ തിരിച്ചറിയാൻ വേണ്ടി യേശു ഒരു അസാധാരണ ഉപാധി വെച്ചിരിക്കുന്നത് ആർക്കും അവഗണിക്കാവതല്ല. അതായത് ''അവൻ എന്നെ (യേശുവിനെ) മഹത്ത്വപ്പെടുത്തും'' (യോഹന്നാൻ 16: 14) എന്ന വാക്യം ആരെങ്കിലും അന്ത്യപ്രവാചകനാണെന്ന് അവകാശപ്പെട്ട് വന്നിട്ട് യേശുവിന് മിശിഹാ (മസീഹ്) എന്നും പ്രവാചകൻ എന്നുമുള്ള അർഹമായ ബഹുമതി നല്കിയില്ലായെങ്കിൽ അദ്ദേഹം ശരിയായ പ്രവാചകനായിരിക്കുകയില്ല. ഒരു ജനതയെന്ന നിലയിൽ യഹൂദന്മാർ യേശുവിനെ നിഷേധിച്ചു എന്നത് വസ്തുതയാണ്.

അതേ സമയം മുഹമ്മദ് നബി യേശുവിന്നർഹമായ എല്ലാ ബഹുമതിയും നല്കി. അങ്ങനെ 'അവൻ എന്നെ മഹത്ത്വപ്പെടുത്തും' എന്ന പ്രവചനം ശരിയായി വന്നു.

വരാനുള്ള പ്രവാചകൻ ഒരു ക്രിസ്ത്യാനിയാവുകയില്ല എന്നത് യേശുവിന്റെ പ്രവചനത്തിൽ നിന്നും മനസ്സിലാക്കാം. കാരണം, യേശു പഠിപ്പിച്ചതിനപ്പുറമുള്ള കാര്യങ്ങൾ അദ്ദേഹം പഠിപ്പിക്കും.[19] അപ്പോൾ അദ്ദേഹം യേശുവിന്റെ അനുയായി എന്നതിനെക്കാൾ യേശു അപൂർണമാക്കിയിട്ടിട്ടുപോയ സംഗതികൾ പൂർത്തീകരിക്കുന്നയാളാണ്. യോഹന്നാൻ 16: 12, 13: ''ഇനിയും വളരെ നിങ്ങളോട് പറവാനുണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. യേശു സകലസത്യവും കൊണ്ട് വന്നിരുന്നുവെങ്കിൽ സകല സത്യവുമായി വേറൊരാൾ വരുമെന്ന ദ്ദേഹം പറയുകയില്ലായിരുന്നു. അതുപോലെത്തന്നെ, ഈ പ്രവാചകൻ സകല സത്യവുമായി വരുന്നതുകൊണ്ട് അദ്ദേഹം അന്ത്യപ്രവാചകനാകാതെ തരമില്ല. അബ്രഹാമിന്റെ സന്തതി പരമ്പരയിൽപ്പെട്ട യഹൂദനും ക്രിസ്ത്യാനിയുമല്ലാത്ത - അതേസമയം ദൈവവിശ്വാസിയുമായ - ഒരാളെ മാത്രമേ ഈ പ്രവാചകനായി മേൽപറഞ്ഞ പ്രവചനങ്ങളുടെ വെളിച്ചത്തിൽ, അംഗീകരിക്കാൻ സാധ്യമാവുകയുള്ളൂ. യഹൂദന്മാരുടെ നിലപാടിൽനിന്ന് വ്യത്യസ്തമായി യേശു യഥാർഥ മിശിഹാ ആണെന്നും ദൈവദൂതനാണെന്നും പറഞ്ഞ് യേശുവിനെ മഹത്ത്വപ്പെടുത്തുന്ന ഒരാളായിരിക്കുമത്. അതേസമയം ഈ പ്രവാചകന്റെ അധ്യാപനങ്ങൾ ദൈവത്തിൽ നിന്ന് ലഭിച്ചതുമായിരിക്കും. ഈ അന്ത്യപ്രവാചകന്റെ സന്ദേശം ദൈവികജ്ഞാനമെന്ന നിലയിൽ യഥാർഥ 'തൗറാത്തി'ലും (ന്യായപ്രമാണം) യഥാർഥ 'ഇൻജീലി'ലും (സുവിശേഷം) പറഞ്ഞ കാര്യങ്ങളെ ഉറപ്പിക്കുകയും അതേ സമയം അവയുടെ വെറും ഒരു പകർപ്പോ സംക്ഷിപ്തമോ ആകാതിരിക്കുകയും ചെയ്യും. സർവശക്തനായ ദൈവം പറഞ്ഞു: ''എന്റെ വാക്കുകളെ ഞാൻ അവന്റെ നാവിൽ ആക്കും.'' അതിനാൽ അതേ ഏകദൈവത്തിന്റെ നേരത്തെ വെളിവാക്കപ്പെട്ട വചനങ്ങളുമായി ഈ വാക്കുകൾ യോജിക്കണമെന്നത് നിർബന്ധവുമാണ്. കാരണം, ''ദൈവത്തിൽ നിന്ന് കേൾക്കുന്നത് അവൻ സംസാരിക്കും.''

## അധ്യായം - അഞ്ച്

# ദൈവിക വ്യവസ്ഥിതിയുടെ

# പൂർത്തീകരണം മുഹമ്മദിലൂടെ

**മേ**ലുദ്ധരിക്കപ്പെട്ട ബൈബിൾ പ്രവചനങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ വരും പ്രവാചകനെപ്പറ്റി ഇത്രയും കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.
അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രണ്ടു പ്രത്യേകതകൾ ഇവയാണ്:

1) അദ്ദേഹം അവസാനത്തെ പ്രവാചകനായിരിക്കും.

2) അദ്ദേഹത്തിന്റെ സന്ദേശം എല്ലാവർക്കും വേണ്ടിയുള്ളതുമായിരിക്കും.

പഴയ നിയമവും പുതിയ നിയമവും അനുസരിച്ച്, ഈ പ്രവാചകൻ താഴെ പറയുന്ന വിധത്തിൽ പ്രവർത്തിക്കും:

യെശയ്യാവ് 42: 1-11 അനുസരിച്ച്,

1) ഉറച്ച തീരുമാനങ്ങളെടുക്കും; അതേസമയം കരുണയുള്ളയാളായിരിക്കും.

2) നീതിയിൽ അധിഷ്ഠിതമായ ഒരു സമുദായം സ്ഥാപിക്കും.

3) എല്ലാ ജനങ്ങൾക്കും ഒരു പ്രകാശമായിരിക്കും.

4) കേദാറുമായി ബന്ധമുള്ളയാളായിരിക്കും.

ഉൽപത്തി 17: 20, 22: 16-18, ആവർത്തന പുസ്തകം 21: 15-17 എന്നീ വാക്യങ്ങളനുസരിച്ച്,

5) യിശ്മായേലിന്റെ പിൻഗാമി ആയിരിക്കും; എബ്രായരുടെ സഹോദരരുടെ കൂട്ടത്തിൽപെട്ടവനായിരിക്കും.

6) അദ്ദേഹത്തിൽ കൂടി അബ്രഹാമിനും യിശ്മായേലിനും ദൈവം നല്കിയ താഴെപ്പറയുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടും.

(i) അദ്ദേഹം ജനങ്ങൾക്ക് ഒരനുഗ്രഹമാകും.

(ii) അറബികളെ ഒരു ജനതയാക്കും.

(iii) യിശ്മായേൽ സന്തതികൾക്ക് ഇരട്ടി ബഹുമതി നേടിക്കൊടുക്കും.

7) ദൈവത്തിൽ നിന്ന് നേരിട്ട് വെളിപാട് സ്വീകരിക്കും.

യോഹന്നാൻ 14: 16, 17, 16: 13, 14 എന്നിവയുടെ അടിസ്ഥാനത്തിൽ ഇനി പറയുന്ന കാര്യം മനസ്സിലാക്കാം:

8) അദ്ദേഹത്തിന് ഒരു സാർവലൗകിക ദൗത്യം നിർവഹിക്കാനുണ്ടാവും.

9) പ്രവാചകന്മാരിൽ അവസാനത്തെ ആളായിരിക്കുമദ്ദേഹം.

10) അദ്ദേഹം ഒരറബി ആയിരിക്കും. അതുപോലെ യിശ്മായേലിന്റെ 12 മക്കളിൽ ഒരാളായ കേദാറിന്റെ പരമ്പരയിൽ ജനിച്ച ആളായിരിക്കും. ഉൽപത്തി പുസ്തകത്തിന്റെയും നബിചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ അബ്രഹാം മുതൽ മുഹമ്മദ് നബി വരെയുള്ള വംശാവലി ഇനി പറയുംപ്രകാരമാണ്:

അബ്രഹാം (ഇബ്റാഹീം)
യിശ്മായേൽ (ഇസ്മാഈൽ)
കേദാർ (ഖൈദർ)
അദ്നാൻ
മആദ്
നിസാർ
മുദർ
ഇല്യാസ്
മുദ്‌രിക്ക
ഖുസൈമ



കിനാനാ
അന്നദ്ർ
മാലിക്
ഖുറൈശ്
ഗാലിബ്
ലുഅയ്യ്
കഅ്ബ്
മുർറാ
കിലാബ്
ഖുസയ്യ്
അബ്ദു മനാഫ്
ഹാശിം
അബ്ദുൽ മുത്തലിബ്
അബ്ദുല്ല
മുഹമ്മദ് (സ)

നാം ഇതുവരെ പറഞ്ഞ കാര്യങ്ങൾ ബൈബിളിന്റെ അടിസ്ഥാനത്തിൽ ആണ് സ്ഥാപിച്ചത്. മുൻകാല തിരുവെഴുത്തുകൾ പ്രവചിച്ച ഈ ഉപാധികളെല്ലാം ഒരാളിൽ യാദൃഛികമായി സമ്മേളിക്കുകയില്ലെന്നതിൽ സംശയമില്ല. അതുപോലെ ശരിയായ അർഹത ഇല്ലാത്ത ആർക്കും ഈ പദവി അവകാശപ്പെടാൻ സാധിക്കുകയുമില്ല. ഉദാഹരണമായി, ഒരാളിന്റെ പൂർവികന്മാരുടെ കാര്യം അയാളുടെ നിയന്ത്രണത്തിലാക്കാൻ സാധിക്കുമോ? ഏതെങ്കിലും ഒരാൾ ഈ പ്രവാചകനെന്ന് നടിച്ച് മുന്നോട്ടു വന്നു എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ അയാൾ ഒരു അറബിയായിരിക്കണം, യിശ്മായേലിന്റെ പന്ത്രണ്ടു മക്കളുടെ പരമ്പരയിൽപെട്ട ആളായിരിക്കണം. പോരാ, കേദാറിന്റെ പരമ്പരയിൽ പെട്ടയാളായിരിക്കണം. ഇതൊക്കെ ശരിയായിക്കിട്ടിയാൽതന്നെ ദൈവം ഉദ്ദേശിച്ച ആളല്ലെങ്കിൽ സാർവലൗകിക സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു മഹത്തായ പ്രത്യയ ശാസ്ത്രം ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കാനും അയാൾക്ക് കഴിയുമോ? ആ പ്രത്യയ ശാസ്ത്രം വിവിധ ഭൂഖണ്ഡങ്ങളിലുള്ള ജനകോടികളുടെ ജീവിതാദർശമായി മാറുമോ? എന്തിനേറെ, പതിനാലു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും അതിന്റെ മൗലികസ്വഭാവത്തിന് യാതൊരു കോട്ടവും തട്ടാതെ, യാതൊരു മാറ്റവും സംഭവിക്കാതെ, മറ്റെല്ലാ പ്രത്യയ ശാസ്ത്രങ്ങളെക്കാളും ഉജ്വലമായ ഒരു സമ്പൂർണ ജീവിത വ്യവസ്ഥയായി നിലകൊള്ളുമോ?

ഇതിനൊക്കെപ്പുറമേയുള്ള ഒരു കാര്യം, ബൈബിളിൽ ഇങ്ങനെ ഒരു പ്രവാചകനെപ്പറ്റി പറഞ്ഞിട്ടുണ്ടെന്ന് പത്താം നൂറ്റാണ്ടിന് മുമ്പ് ഒരു അറബിക്കും അറിയുക സാധ്യമല്ല എന്നതാണ്. കാരണം, ബൈബിൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയത് 10-ാം നൂറ്റാണ്ടിലാണ്. (ജെയിംസ് ഹേസ്റ്റിംഗ്സ് രചിച്ച 'ഡിക്ഷനറി ഓഫ് ദി ബൈബിൾ' നോക്കുക.) ഈ ഉപാധികളെല്ലാം ഇത്ര കൃത്യമായി ഒരു മനുഷ്യനിൽ സമ്മേളിക്കണമെങ്കിൽ അത് ദൈവാനുഗ്രഹംകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ.

അപ്പോൾ യഥാർഥ വസ്തുത ഇതാണ്. മക്കത്ത് ജനിച്ച അബ്ദുല്ലയുടെ മകനായ മുഹമ്മദ് ആണ് ആ പ്രവാചകൻ. ആ പ്രവാചകൻ ചെയ്തത്, മുൻ പ്രവാചകന്മാരായ അബ്രഹാമും മോശയും ദാവീദും യേശുവുമെല്ലാം ചേർന്നു പടുത്തുയർത്തിക്കൊണ്ടുവന്ന 'ഇസ്‌ലാം' എന്ന മനോഹരസൗധം പൂർത്തിയാക്കുക എന്നതാണ്.

‘ഇസലാം’ എന്നാൽ ദൈവത്തിന കീഴടങ്ങി ജീവിക്കൽ, സമാധാനം എന്നീ രണ്ട അർഥങ്ങളുണ്ടെന്ന് പറഞ്ഞുകഴിഞ്ഞു. യോഹന്നാൻ 5: 27- ൽ യേശു തന്റെ ജനതയോട് പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: ‘‘സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു.’’ അഥവാ ‘ഇസ്‌ലാം’ ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു എന്നർഥം. ആ ഇസ്‌ലാമിന് പൂർണത കൈവന്നത് യേശു പ്രവചിച്ചതുപോലെത്തന്നെ സത്യത്തിന്റെ ആത്മാവായ മുഹമ്മദ് നബി(സ)യുടെ ദൗത്യനിർവഹണത്തോടെയാണെന്ന് മാത്രം.



## മൂന്ന്

# ഇസ്‌ലാം ഒരു സമ്പൂർണ ജീവിത പദ്ധതി

### അധ്യായം ഒന്ന്

# ആമുഖം

ഇസ്‌ലാം എന്താണെന്നുള്ളതിന്റെ ഒരു രൂപരേഖ നല്കുക എന്നതാണീ അധ്യായത്തിന്റെ ഉദ്ദേശ്യം. ഇന്നറിയപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളിൽ ഒരുപക്ഷേ, ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളത് ഇസ്‌ലാം ആയിരിക്കും. ഇക്കാര്യത്തിൽ അമുസ്‌ലിം സഹോദരങ്ങളെ യാതൊരു വിധത്തിലും കുറ്റം പറയുക സാധ്യമല്ല. കാരണം, തെറ്റിദ്ധാരണ തുടങ്ങുന്നത് മുസ്‌ലിംകളിൽ തന്നെയാണ്. ഇസ്‌ലാമിന്റെ പ്രണേതാക്കളും പ്രയോക്താക്കളുമാണെന്നവകാശപ്പെടുന്ന ആളുകൾ തന്നെ ഈ പ്രസ്ഥാനത്തെ തെറ്റിദ്ധരിക്കുകയും അവർ ആ തെറ്റിദ്ധാരണ മറ്റുള്ളവരിലേക്ക് പരത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ മഹാ പ്രസ്ഥാനങ്ങളെ സംബന്ധിച്ചും ഇങ്ങനെ കുറേയൊക്കെ തെറ്റിദ്ധാരണകൾ ജനങ്ങളിലുണ്ടാവുക സ്വാഭാവികമാണെന്നും ഇസ്‌ലാമിന്റെ കാര്യത്തിൽ മാത്രം ഇതേപ്പറ്റി ഊന്നിപ്പറയാനെന്തിരിക്കുന്നു എന്നും ചോദിച്ചേക്കാം. വാസ്തവത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള തെറ്റിദ്ധാരണകൾ അടിസ്ഥാനപരമായവയാണെന്നുള്ളതാണ് ഈ വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്ന ഒരു കാര്യം. തന്നെയുമല്ല, ഇന്ന് ലോകത്തിന് ഏറ്റവുമധികം ആവശ്യമുള്ളത് ഇസ്‌ലാമാണ്; അഥവാ ആധുനിക കാലഘട്ടത്തെ കുഴയ്ക്കുന്ന സങ്കീർണ പ്രശ്നങ്ങളിൽ നിന്ന് ലോകത്തെ മോചിപ്പിക്കാൻ കഴിയുന്ന ഒരേയൊരു പ്രസ്ഥാനം ഇസ്‌ലാമാണ് എന്ന വസ്തുതകൂടി കണക്കിലെടുക്കുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാവുന്നതാണ്.

സാധാരണ മതങ്ങളെപ്പറ്റി 'മതം' എന്ന് പറയുന്നതുപോലെ ഇസ്‌ലാമിനെപ്പറ്റി പറയുന്നതിൽ അല്പം പന്തികേടുള്ളതുകൊണ്ടാണ് 'മതം' എന്ന വാക്ക് കഴിയുന്നതും ഉപയോഗിക്കാതിരിക്കുവാൻ ശ്രമിക്കുന്നത്. 'മതം' എന്ന വാക്ക് സാധാരണ ഉപയോഗിക്കുന്നത്, മനുഷ്യനും ദൈവവുമായുള്ള സ്വകാര്യബന്ധം എന്ന നിലക്കാണ്. അതായത് ഒരാളുടെ മതം സാധാരണഗതിയിൽ പൊതുകാര്യങ്ങളോ ജീവിതത്തിന്റെ മറ്റു വിവിധ പ്രശ്നങ്ങളോ അയാൾ കൈകാര്യം ചെയ്യുന്നതിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുന്നില്ല. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഇത് ശരിയല്ല. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കാൻ യേശു പഠിപ്പിച്ചപ്പോൾ യേശു ഉദ്ദേശിച്ചത് അക്കാലത്തെ ഭരണാധികാരികളുമായി സഹകരിച്ചുകൊണ്ട് വിശ്വാസികളായി തുടരുകയാവാം. ഇത് ഈ അർഥത്തിൽ മുസ്‌ലിംകൾക്കും സ്വീകരിക്കാം, ഒരുപാധിക്ക് വിധേയമായി.[20] ആ ഉപാധി ഇതാണ്: ഭരണാധികാരികൾ ഇസ്‌ലാമിനെ തുരങ്കം വെയ്ക്കാൻ ശ്രമിക്കുന്നവരാകരുത്. ഈ ഉപാധി

15. ബൈബിൾപ്രകാരം, യിസ്ഹാഖിനെ ബലികഴിക്കാനാണ് ദൈവം അബ്രഹാമിനോട് കൽപിച്ചത്: ''നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ ഇസ്ഹാഖിനെ തന്നെ ഹോമ



യുടെ അർഥം മനസ്സിലാകണമെങ്കിൽ, ഇസ്‌ലാം എന്താണെന്ന് മനസ്സിലാകണം.

സീസറിനുള്ളത് സീസറിന്നും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക എന്ന് യേശു പറഞ്ഞപ്പോൾ ഉദ്ദേശിച്ചത്, 'നിന്റെ മതം വേറെ, രാഷ്ട്രീയം വേറെ' എന്നാണ് എങ്കിൽ അതുമായി മുസ്‌ലിംകൾക്ക് യാതൊരു യോജിപ്പുമില്ല. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം മതം എന്നത് ജീവിതത്തിന്റെ ഭരണഘടനയാണ്. ജീവിതം എന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ ഒരു ഏകകമാണ്. അതിനെ കള്ളികള്ളികളാക്കി തിരിക്കുന്ന ഏർപ്പാടിന് ഇസ്‌ലാമിക വീക്ഷണത്തിൽ യാതൊരു പ്രസക്തിയുമില്ല. കാരണം, ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഇസ്‌ലാം ചൂഴ്ന്നുനിൽക്കുന്നു. ജീവിതത്തിന്റെ ഒരു മണ്ഡലവും ഇസ്‌ലാമിന്റെ നിയന്ത്രണത്തിൽനിന്ന് വിമുക്തമല്ല. ഇതു പറയുമ്പോൾ ഇസ്‌ലാം വളരെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഒരു മതമാണെന്നല്ല ഉദ്ദേശിക്കുന്നത്. പ്രത്യുത, സാമാന്യയുക്തിക്കും പ്രായോഗികതക്കും എതിരായിട്ടുള്ളതൊന്നും ഇസ്‌ലാം വിധിക്കുന്നില്ല. ഇസ്‌ലാമിന്റെ നിയന്ത്രണങ്ങളിലൊന്നും തന്നെ മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും യഥാർഥ സന്തോഷത്തിനും എതിരായി നിലകൊള്ളുന്നില്ല. മറിച്ച് അവ, മനുഷ്യവർഗത്തിന്റെ അഭിവൃദ്ധിക്കും സമാധാനത്തിനും വേണ്ടിയുള്ളതാണ്.

മനുഷ്യജീവിതത്തിന് രണ്ട് വ്യക്തമായ വശങ്ങളുണ്ട്: ഒന്ന്, വ്യക്തിപരം. രണ്ട്, സാമൂഹികം. മനുഷ്യന്റെ വ്യക്തിപരമായ വളർച്ചയെ അഥവാ വികാസത്തെ ത്വരിതപ്പെടുത്താനുതകുന്ന എല്ലാ സ്വാതന്ത്ര്യവും ഇസ്‌ലാം നല്കുന്നു. അതോടൊപ്പം ആ സ്വാതന്ത്ര്യം, എവിടെയെങ്കിലും ഏതെങ്കിലും വിധത്തിൽ മനുഷ്യന്റെ സാമൂഹിക വളർച്ചയ്ക്ക്, അഥവാ പുരോഗതിക്ക് വിഘാതമാവും എന്ന് കണ്ടാൽ അവിടെ ഇസ്‌ലാം നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യുന്നു. കാരണം, സാമൂഹിക പുരോഗതിക്ക് തടസ്സമാകുന്ന വിധത്തിൽ വ്യക്തികളെ വളർത്താനനുവദിക്കുന്നത് ദീർഘകാല വീക്ഷണത്തിൽ മനുഷ്യവർഗത്തിന് ഗുണം ചെയ്യില്ല എന്ന് തീർച്ച. വളരെ വ്യക്തമായ ഒരുദാഹരണം നല്കാം: ഹിറ്റ്ലർ എന്ന വ്യക്തിയുടെ വളർച്ച എങ്ങനെയാണ് ലക്ഷക്കണക്കായ മനുഷ്യരുടെ നാശത്തിൽ കലാശിച്ചത്; എങ്ങനെയാണ് മനുഷ്യസംസ്കാരത്തിന്റെ അഭിമാനകരമായ നേട്ടങ്ങളെ തകർത്ത് തരിപ്പണമാക്കിയത് എന്ന് നാം രണ്ടാം ലോകമഹായുദ്ധത്തിൽ നിന്നും പഠിച്ചു. കൂടാതെ, ഹിറ്റ്ലറെ സ്വേഛാധിപതിയാകാനനുവദിക്കുന്ന ഒരു പ്രസ്ഥാനമുണ്ടെങ്കിൽ അത് മനുഷ്യവർഗത്തിന് ഗുണം ചെയ്യില്ല എന്നും നാം മനസ്സിലാക്കുന്നു.[21]

ഇനി ഒരു ചെറിയ ഉദാഹരണമെടുക്കാം: ഒരു മനുഷ്യൻ എന്നും മൂക്കറ്റം കുടിച്ച് ലക്കില്ലാതെ വന്നിട്ട് അയാളുടെ വിവാഹപ്രായമായ മകളെ ഉപദ്രവിക്കുമായിരുന്നു. മനംമടുത്ത ആ പെൺകുട്ടിയുടെ സഹോദരൻ ഒരു ദിവസം അയാളെ വെട്ടി കൊലപ്പെടുത്തി. ഈ സംഭവത്തെ നാം അപഗ്രഥിച്ചാൽ ഒരു കാര്യം വ്യക്തമാകും. കൊല്ലപ്പെട്ട മനുഷ്യൻ മൃഗതുല്യനായി പെരുമാറുന്നത് മദ്യത്തിനടിമപ്പെടുമ്പോഴാണ്. അയാൾ ഒരു മുസ്‌ലിം (യഥാർഥ അർഥത്തിൽ) ആയിരുന്നുവെങ്കിൽ കള്ളുകുടിക്കുകയില്ലായിരുന്നു. ഇത് വായിക്കുമ്പോൾ ചി ലർക്ക് തോന്നാം, ഒരുത്തൻ കള്ളുകുടിച്ച് അപകടമുണ്ടാക്കി എന്ന് വെച്ചിട്ട് ആ രും കള്ള് കുടിക്കേണ്ട എന്നുപറയുന്നതിനെന്താ

യാഗം കഴിക്ക'' (ഉൽപത്തി 22: 2). ഇസ്ഹാഖ് അബ്രഹാമിന്റെ രണ്ടാമത്തെ പുത്രനായതുകൊണ്ട് ''ഏകജാതനായ'' എന്ന വിശേഷണം ചേരുകയില്ല. അതായത്, യഥാർഥത്തിൽ ദൈവം യിശ്മയേലിനെ ബലികഴിക്കാനാണ് ആവശ്യപ്പെട്ടത്. പക്ഷേ, പഴയ നിയമ ഗ്രന്ഥകാരന്മാർ മനഃപൂർവം, ''തൗറാത്തി''ലെ നിയമവും വസ്തുതകളും അവഗണിച്ചുകൊണ്ട്, ഇസ്ഹാഖിന് പ്രാധാന്യം നല്കുകയാണ്.

ണർഥം? കള്ള് മനുഷ്യരുടെ ദുഃ ഖങ്ങളെ മറക്കാനും, ഈ ലോകത്തെ കഷ്ടപ്പാടുകളിൽ നിന്ന് താൽക്കാലികമായിട്ടെങ്കിലും മോചനം നേടാനുമുള്ള ഒരു മാർഗമല്ലേ? ശരിയായിരിക്കാം. മദ്യത്തിൽനിന്ന് ഇങ്ങനെയൊരു പ്രയോജനം, സ്വബോധം നഷ്ടപ്പെട്ടുകൊണ്ടായാ ലും, ചിലർക്ക് ലഭിച്ചേക്കാം. പക്ഷേ, അതിന്റെ ദൂഷ്യവശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ പ്രയോജനം എത്രയോ നിസ്സാരമാണ്. ദൂഷ്യങ്ങൾ വളരെക്കൂടുതൽ ഉണ്ടെങ്കിൽ ബുദ്ധിയുള്ള മനുഷ്യൻ എന്ത് തീരുമാനമാണ് എടുക്കുക?

ഈ ഉദാഹരണത്തിലൂടെ പറഞ്ഞുവരുന്നത്, ഇസ്‌ലാമിന്റെ നിയന്ത്രണങ്ങൾ മനുഷ്യരുടെ നന്മക്കുള്ളതാണ് എന്നാണ്. ആദ്യം തന്നെ അത് മനസ്സിലാകുന്നില്ലെങ്കിൽ, അന്തിമവിശകലനത്തിൽ അത് മനസ്സിലാകും. മനുഷ്യന്റെ ഐശ്വര്യത്തിനും പുരോഗതിക്കും അവനെ സഹായിക്കുന്ന നിയമങ്ങൾ അവൻ തന്നെ രൂപപ്പെടുത്തിയാൽ അവ എല്ലാ സാഹചര്യങ്ങളിലേക്കും ഒരുപോലെ നന്മ ചെയ്യുന്നതോ, എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ സ്വീകാര്യമായതോ ആയിക്കൊള്ളണമെന്നില്ല. ആ നിലയ്ക്ക് അവ സമ്പൂർണമാവുകയില്ല. സമ്പൂർണമായ ഒരു നിയമസംഹിത രൂപപ്പെടുത്തണമെങ്കിൽ, സാർവലൗകിക വീക്ഷണത്തിൽ തെറ്റേത്, ശരിയേത് എന്ന് തീരുമാനിക്കപ്പെടണം. തെറ്റ്, ശരി എന്നതുകൊണ്ടുദ്ദേശിക്കുന്നത്, മനുഷ്യർക്ക് യഥാർഥത്തിൽ ദോഷകരമായത്, ഗുണകരമായത് എന്നീ അർഥങ്ങളിലാണ്.

ആത്യന്തികമായി മനുഷ്യന് ഗുണം ചെയ്യുന്നതെന്ത്, ദോഷം ചെയ്യുന്നതെന്ത് എന്ന കാര്യത്തിൽ മനുഷ്യരെടുക്കുന്ന തീരുമാനങ്ങൾ അവരുടെ സങ്കുചിത താൽപര്യങ്ങൾക്കും വികാരങ്ങൾക്കും വിധേയമായിരിക്കും. സ്ഥലകാല പരിമിതികൾക്കും മറ്റു സങ്കുചിതത്വങ്ങൾക്കും ഉപരിയായി നിന്നുകൊണ്ട് തെറ്റും ശരിയും നിശ്ചയിക്കാൻ മനുഷ്യർക്ക് സാധ്യമല്ല. അതുപോലെ മനുഷ്യപുരോഗതിക്കാവശ്യമായ നിയമങ്ങൾ തയ്യാറാക്കാൻ മനുഷ്യർ ശ്രമിച്ചാലും അവയിൽ മനുഷ്യസഹജമായ വൈകല്യങ്ങളുണ്ടാകും. പക്ഷേ, മനുഷ്യർക്കാവശ്യമായ നിയമ നിർദേശങ്ങൾ നല്കാൻ, ജീവിതത്തിന് ശരിയായ മാർഗനിർദേശം നല്കാൻ, അവന്റെ സ്രഷ്ടാവായ ദൈവം ഉള്ളപ്പോൾ, മനുഷ്യരെപ്പറ്റി വ്യാകുലപ്പെടേണ്ട കാര്യവുമില്ല. കാരണം, ഈ പ്രപഞ്ചവും മനുഷ്യനുൾപ്പെടെ അതിലുള്ള സകലതിനും കാരണഭൂതനായ ദൈവം കരുണാമയനാണ്.

ഈ പ്രപഞ്ചത്തിലെ മനുഷ്യനൊഴികെയുള്ള സകല വസ്തുക്കളും ജീവികളും ദൈവത്തിന്റെ നിയമങ്ങൾ അക്ഷരം പ്രതി അനുസരിക്കുന്നു. മനുഷ്യൻ എന്ന ദൈവത്തിന്റെ ഒരേയൊരു സൃഷ്ടിക്കു മാത്രം ദൈവത്തെ അനുസരിക്കാതിരിക്കുവാനുള്ള സ്വാതന്ത്ര്യം, ഒരു നിശ്ചിത കാലയളവുവരെ ദൈവം നല്കിയിരിക്കുന്നു. ഇതാണ് മനുഷ്യന് ദൈവം നല്കിയ ഏറ്റവും വലിയ അനുഗ്രഹം. ദൈവം മനുഷ്യനെ, ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധിയായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ മനുഷ്യന് ദൈവം കനിഞ്ഞു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ മനുഷ്യൻ ദുർവിനിയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ നിയമനിർദേങ്ങൾ ദൈവം നല്കിയിട്ടുമുണ്ട്. ഈ നിർദേശങ്ങൾ പാലിക്കാൻ മനുഷ്യൻ

16. യേശുവിന്റെ കാലശേഷം പൗലോസിന്റെ നേതൃത്വത്തിൽ ക്രിസ്ത്യാനികൾ അന്ത്യോക്യാ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചപ്പോഴാണ് ''ക്രിസ്ത്യാനികൾ'' എന്ന പേര് തന്നെ ഉണ്ടായതെന്ന് പുതിയ നിയമത്തിലെ 'അപ്പോസ്തലന്മാരുടെ പ്രവൃത്തി'കളിൽ പറയുന്നു (അപ്പോ. പ്രവൃത്തികൾ 11: 26). അതുവരെ യേശുവിന്റെ അനുയായികൾ യഹൂദരായിട്ടാണ് അറിയപ്പെട്ടിരുന്നത്.



ബാധ്യസ്ഥനാണ്. അഥവാ മനുഷ്യനിത് അവഗണിച്ചാൽ ദൈവത്തിന് യാതൊരു ദോഷവും വരാനില്ല. മറിച്ച്, മനുഷ്യർക്ക് ശാശ്വതമായ അനുഗ്രഹം നല്കാൻ ദൈവം ഇഛിക്കുന്നു. പക്ഷേ, ആ അനുഗ്രഹം അർഹതയുള്ളവർക്ക് മാത്രമുള്ളതാണ്. മനുഷ്യന് ദൈവം നല്കിയ സ്വാതന്ത്ര്യത്തിന്റെയും അനുഗ്രഹങ്ങളുടെയും ബുദ്ധിപൂർവകമായ ഉപയോഗംകൊണ്ടാണീ അർഹത മനുഷ്യൻ നേടേണ്ടത്. മനുഷ്യൻ, ഇവ ദുരുപയോഗപ്പെടുത്തിയാൽ, ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലുള്ള അവന്റെ മഹനീയ സ്ഥാനം നഷ്ടപ്പെടുന്നു. അവൻ പരാജയമടയുന്നു. അതുകൊണ്ട്, ദൈവത്തിന്റെ പ്രപഞ്ചത്തിൽ, ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യർ, ദൈവത്തിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കണം. പക്ഷേ, ദൈവത്തിന്റെ ഈ നിയമങ്ങൾ മനുഷ്യർക്ക് ദുരിതമുണ്ടാക്കാനോ, അവന്റെ ജീവിതം ദുസ്സഹമാക്കാനോ ഉള്ളതാണോ? ഒരിക്കലുമല്ല. നേരെമറിച്ച് ഈ നിയമങ്ങൾ, എപ്പോൾ മനുഷ്യർ അവഗണിക്കുന്നുവോ, എവിടെ ചോദ്യം ചെയ്യുന്നുവോ അപ്പോൾ അവിടെയാണ് മനുഷ്യന്റെ പതനം ആരംഭിക്കുന്നത്.

ചുരുക്കത്തിൽ, മനുഷ്യന്റെ ശക്തിയും ദൗർബല്യവും ശരിക്കും അറിയുന്നവൻ, അവന്റെ സ്രഷ്ടാവായ ദൈവം മാത്രമാണ്. ആ നിലക്ക് മനുഷ്യന് എന്താണ് ഗുണം ചെയ്യുക, എന്താണ് ദോഷം ചെയ്യുക എന്ന് തീരുമാനിക്കാനുള്ള അർഹതയും സർവശക്തനായ ദൈവത്തിന് മാത്രമേയുള്ളൂ. ഇവിടെ ഉദ്ഭവിക്കുന്ന പ്രസക്തമായ ചോദ്യം, ദൈവം അങ്ങനെയുള്ള നിയമങ്ങൾ മനുഷ്യർക്ക് അവതരിപ്പിച്ചുതന്നിട്ടുണ്ടോ? എങ്കിൽ അവയേതാണെന്നുള്ളതാണ്. അതിന് മറുപടി പറയുന്നതിന് മുമ്പ്, ദൈവം ആരാണെന്ന് വിശദീകരിച്ചേ പറ്റൂ.

ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസം ഏകദൈവത്വം (തൗഹീദ്) ആണ്. പ്രപഞ്ചത്തെയും അതിലുള്ള സകലതിനെയും സൃഷ്ടിച്ച ആദിയും അന്ത്യവും ഇല്ലാത്ത സർവശക്തനും സർവജ്ഞാനിയുമായ സ്രഷ്ടാവാണ് ദൈവം. മുസ്‌ലിംകൾ ''അല്ലാഹു'' എന്ന് വിളിക്കുന്നത് സർവശക്തനും ഏകനുമായ ഈ ദൈവത്തെയാണ്.[22] വിശുദ്ധ ഖുർആനിലെ വിവിധ അധ്യായങ്ങളിൽ ദൈവം സ്വയം വർണിച്ചിരിക്കുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്: അല്ലാഹു ഏകനാണ്, അവൻ ആരേയും ആശ്രയിക്കുന്നില്ല, അവൻ ആരുടെയും പിതാവല്ല, അവൻ ആരുടെയും പുത്രനുമല്ല, അവനു തുല്യനായി ആരുമില്ല, അവൻ സകല പ്രപഞ്ചത്തിന്റെയും പ്രകാശമാണ്, എല്ലാം അവനോട് കടപ്പെട്ടിരിക്കുന്നു, എല്ലാ മനോഹര നാമങ്ങളും അവന്റേതാണ്, അവന് ഏതെങ്കിലും വിധത്തിലുള്ള പങ്കാളികളുണ്ടാവുക സാധ്യമല്ല, എല്ലാം അവന്റെ സൃഷ്ടികൾ മാത്രമാണ്. സ്തുതിഗീതങ്ങൾ ആലപിച്ചതുകൊണ്ടോ നൃത്തം ചെയ്തതുകൊണ്ടോ തൃപ്തിപ്പെടുത്താവുന്ന ഒരു ശക്തിവിശേഷമല്ല ദൈവം. മറിച്ച്, ദൈവം മനുഷ്യനെ ഏൽപിച്ച മനുഷ്യന്റെ തന്നെ ഐഹികവും പാരത്രികവുമായ വിജയത്തിന് നിദാനമായ നിയമനിർദേശങ്ങൾ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വീകരിച്ചുകൊണ്ട് ജീവിക്കുന്ന, വേറൊരുവിധത്തിൽ പറഞ്ഞാൽ അല്ലാഹുവിന്റെ പരമാധികാരം മനസ്സിലാക്കിക്കൊണ്ട് മറ്റ് സകലവിധ അടിമത്തങ്ങളിൽനിന്നും മോചിതനാകുന്ന ഒരു വ്യക്തിക്ക് മാത്രമേ വിജയം അതിന്റെ യഥാർഥാർഥത്തിൽ ലഭിക്കുകയുള്ളൂ. ഇത് ദൈവത്തിന്റെ നിയമമാണ്. മാറ്റമില്ലാത്തതുമാണ്. ദൈവത്തിന്റെ കാരുണ്യത്തിനുവേണ്ടി പ്രാർഥിക്കാൻ നമുക്ക് കഴിയും. ചെയ്ത തെറ്റുകളെക്കുറിച്ച് പശ്ചാത്തപിച്ച് നല്ല ജീവിതത്തിലേക്ക് മടങ്ങാനാകും. ഇതൊക്കെ നമ്മുടെ ആത്മാർഥതയുടെ അടിസ്ഥാനത്തിൽ മാത്രമേ അവൻ കൈക്കൊള്ളുകയുള്ളൂ. പൂർണമായും ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുക എന്നതാണ് മനുഷ്യന്റെ കടമ. അത് ചെയ്യുന്നവനാണ് യഥാർത്ഥ മുസ്‌ലിം.

മനുഷ്യൻ ഈ ലോകത്ത് അവതരിച്ച കാലം മുതൽ അവന് വേണ്ട മാർഗ നിർദേശം നല്കാൻ കാലാകാലങ്ങളിൽ ദൈവം മനുഷ്യരിൽ നിന്നുതന്നെ മാതൃകാ പുരുഷൻമാരെ തെരഞ്ഞെടുത്തയച്ചിട്ടുണ്ട്. വിവിധ ദേശങ്ങളിൽ വിവിധ കാലഘട്ട ങ്ങളിൽ ജീവിച്ചിരുന്ന അവരെല്ലാം പ്രചരിപ്പിച്ചിരുന്ന സന്ദേശം ഒന്നായിരുന്നു. ഏക ദൈവത്തിൽ വിശ്വസിക്കുക, അവന്റെ ആജ്ഞ അനുസരിച്ച് ജീവിക്കുക. ഇന്ന് ലോകത്തുള്ള പ്രധാന മതങ്ങളുടെയെല്ലാം ഉറവിടം ഇങ്ങനെ തന്നെയാണ്. അഥവാ എല്ലാ മതങ്ങളിലെയും ദൈവികാംശം ഇസ്‌ലാം അംഗീകരിക്കുന്നു.

സാധാരണയായി യുക്തിവാദികളും നിർമതവാദികളും പ്രചരിപ്പിക്കുന്ന ഒരു പല്ലവിയുണ്ട്. മനുഷ്യൻ ആദികാലത്ത് പ്രകൃതിശക്തികളെ ഭയപ്പെട്ട് ആരാധിച്ച് തുട ങ്ങിയെന്നും ഈ ആരാധനാഭാവം പല ദൈവങ്ങളെ സൃഷ്ടിക്കാൻ അവനെ പ്രേരി പ്പിച്ചുവെന്നും അതുപോലെതന്നെ മനുഷ്യൻ ആദികാലത്ത് ബഹുദൈവവിശ്വാസി യായിരുന്നുവെന്നും അതിൽനിന്ന് പുരോഗമിച്ച് ഏകദൈവവിശ്വാസത്തിൽ എത്തിച്ചേരുകയാണുണ്ടായതെന്നും കൂടി അവർ ചില സാമൂഹിക ശാസ്ത്രജ്ഞന്മാ രുടെ പിൻബലത്തോടെ വാദിക്കുന്നു.

യഥാർഥത്തിൽ ആദിമ മനുഷ്യൻ ഏകദൈവവിശ്വാസിയായിരുന്നു[23]. ഈ ഏക ദൈവവിശ്വാസം അവൻ കണ്ടുപിടിച്ചതല്ല. അവനെ സൃഷ്ടിച്ച ദൈവം അവന് ശരി യായ മാർഗദർശനം നല്കിയതിൻ പ്രകാരമാണ് ഏകദൈവവിശ്വാസം സ്വീകരിച്ചത്. പക്ഷേ, മനുഷ്യവർഗം എണ്ണത്തിൽ പെരുകിയപ്പോൾ ജീവിതത്തിനുവേണ്ടി വിവിധ തരം ജോലികളിലേർപ്പെട്ട് വിവിധ ദേശങ്ങളിലായി പാർക്കാൻ തുടങ്ങിയപ്പോൾ ഐഹികമായ ഭിന്ന ലക്ഷ്യങ്ങളുടെ പിന്നാലെ പോകാനുള്ള അവന്റെ അഭിവാഞ്ഛ വർധിച്ചു. തൽഫലമായി അവൻ സത്യമാർഗത്തിൽ നിന്നും വഴിതെറ്റിപ്പോകാനിട യായി. പല അക്രമങ്ങളും അനീതികളും അവൻ ജീവിത സമ്പ്രദായമായി സ്വീക രിച്ചു. അപ്പോൾ അവന് മാർഗനിർദേശം നല്കാൻ മനുഷ്യരുടെ ഇടയിൽനിന്ന് തന്നെ ദൈവം പ്രവാചകന്മാരെ നിയോഗിച്ച് ഏകദൈവവിശ്വാസത്തിലേക്കും അതുവഴി മനുഷ്യന്റെ ഏകീഭാവത്തിലേക്കും ക്ഷണിച്ചു. ഈ ക്ഷണം സ്വീകരിച്ച് നന്മയുടെ മാർഗം ചിലർ തെരഞ്ഞെടുത്തു. ചിലർ വഴികേടിൽ തുടർന്നു. ഇത് കാലാകാലങ്ങ ളിൽ സംഭവിച്ചുപോന്നിട്ടുള്ളതാണ്.

മനുഷ്യരുടെ ഇടയിൽ നന്മചെയ്ത് ജീവിച്ച് മരിച്ച മഹാത്മാക്കളെ ദൈവിക പദ വിയിലേക്കുയർത്തി അവരെ ആരാധിക്കാനുള്ള മനുഷ്യന്റെ പ്രവണത എക്കാലത്തും നിലനിന്നിരുന്നു. ഇന്നും ഈ പ്രവണത തുടരുന്നതിന്റെ അനേകം ഉദാഹരണം നമ്മുടെ മുന്നിലുണ്ട് താനും. കൂടാതെ ശരിയായ മാർഗനിർദേശം നഷ്ടപ്പെട്ട മനു ഷ്യൻ നിക്ഷിപ്ത താൽപര്യക്കാരായ പുരോഹിതന്മാരുടെ ദുർവ്യാഖ്യാനങ്ങൾക്കും അബദ്ധ സിദ്ധാന്തങ്ങൾക്കും വശംവദരായി ദുർഭൂതങ്ങളുടെ ആരാധകരായി മാറുന്നു. മാരകരോഗം, വരൾച്ച, ദാരിദ്ര്യം, അതിവൃഷ്ടി, ഭൂകമ്പം, കടൽക്ഷോഭം മുതലായ മനുഷ്യർക്ക് കീഴടക്കാൻ കഴിയാത്ത ദുരിതങ്ങളിൽ നിന്നും രക്ഷനേടാൻ വേണ്ടി മിഥ്യാവിശ്വാസങ്ങളാകുന്ന വൈക്കോൽ തുരുമ്പുകളിൽ പിടിച്ചുതൂങ്ങുകയെന്നത് മനുഷ്യന്റെ പ്രത്യേകതയാണ്. കുറുക്കുവഴികളിലും ഞൊടുക്കുവിദ്യകളിലും വിശ്വ സിക്കാനുള്ള ഈ പ്രവണതയാണ് ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ പല കപട ദൈവങ്ങളുടെയും പിന്നാലെ പോകാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ഈ ദൗർബ ല്യത്തെ തൽപരകക്ഷികളായ രാഷ്ട്രീയക്കാരും കുബുദ്ധികളായ പുരോഹിതന്മാരും ചൂഷണം ചെയ്യുന്ന കാഴ്ചകളും നാം കാണുന്നുണ്ട്. ദൈവവിശ്വാസം ഇല്ലെന്നും പുരോഗമനവാദിയാണെന്നവകാശപ്പെട്ടുകൊണ്ടും, അന്ധവിശ്വാസപരമായ പല പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന അനേകം പേരെ നമുക്കുചുറ്റും കാണാൻ കഴിയും.[24]

ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വാസമായ 'ലാ ഇലാഹ ഇല്ലല്ലാഹ് ' (ആരാധന ക്കർഹനായി ആരുമില്ല, അല്ലാഹുവല്ലാതെ) എന്ന വാക്യത്തിന്റെ ശരിയായ പൊരുൾ, മേൽപറഞ്ഞ തരത്തിലുള്ള എല്ലാ കപട ദൈവങ്ങളെയും അന്ധവിശ്വാസങ്ങളെയും ആദ്യംതന്നെ മനസ്സിൽനിന്ന് തൂത്തെറിഞ്ഞിട്ട് ശരിയായ ഏകദൈവ വിശ്വാസം ഉറപ്പി ക്കുക എന്നതാണ്. അല്ലാഹുവിൽ മാത്രം എല്ലാം അർപ്പിച്ചുകൊണ്ട്, അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്ന ഒരാളിന് മാത്രമേ ജീവിതത്തിന് ഒരു ഏകീഭാവവും ശാന്തതയും കൈവരൂ. ഭിന്ന ലക്ഷ്യങ്ങളുടെ പിന്നാലെയുള്ള വിഭ്രാന്തി നിറഞ്ഞ പര ക്കംപാച്ചിൽ, ഇന്നത്തെ മനുഷ്യരെ ശാരീരികവും മാനസികവുമായ വിവിധ രോഗ ങ്ങളുടെ അടിമകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ചിന്തയെയും പ്രവർത്ത നങ്ങളെയും ചിന്നിച്ചിതറിക്കുന്ന ക്ഷണിക സ്വഭാവമുള്ള അസംഖ്യം ലക്ഷ്യങ്ങ ളിൽനിന്നും അവനെ ഏകത്വത്തിന്റേതായ ശാശ്വത സമാധാനത്തിലേക്ക് ചെന്നെത്തി ക്കാൻ ഏകദൈവവിശ്വാസത്തിനേ കഴിയൂ. അതുകൊണ്ട് ഏകദൈവവിശ്വാസം പൂർണമായി കൈക്കൊള്ളുക; അതനുസരിച്ച് ജീവിതത്തെ ക്രമീകരിച്ച് മുന്നോട്ടു പോകുക എന്നതാണ് ഓരോ മനുഷ്യന്റെയും കടമ.

ജീവിതത്തിന്റെ നാനാമുഖമായ പ്രശ്നങ്ങളിൽ ഇടപെട്ടുതന്നെ ഈ ഏകീഭാവം സാധിക്കുന്നതെങ്ങനെയെന്ന് മനുഷ്യസമൂഹത്തിന് സ്വന്തം ജീവിതത്തിലൂടെ മാതൃക കാണിച്ചുകൊടുത്ത മഹാത്മാവായിരുന്നു, മുഹമ്മദ് നബി (സ). അദ്ദേഹത്തിന്റെ ജീവിത മാതൃക പിൻപറ്റിയാൽ മനുഷ്യർക്ക് മേൽപറഞ്ഞ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

മുഹമ്മദ് നബി(സ)യുടെ ജീവിതം മാതൃകയാക്കുക എന്ന് പറഞ്ഞതിന്റെ വിശദ മായ അർഥം നാം പരിശോധിക്കുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ ജീവചരിത്രം ലഘുവായിട്ടെങ്കിലും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

17. "Muhammed in the Bible" by Dr. Benjamin Keldani

### അധ്യായം രണ്ട്

# മുഹമ്മദ് നബിയുടെ ജീവിതം

**പാ**ശ്ചാത്യ ചരിത്രകാരൻമാർ ഇത്രയധികം വികൃതമായി ചിത്രീകരിച്ചിട്ടുള്ള വേറൊരു ചരിത്രപുരുഷനും ഈ ലോകത്ത് ജീവിച്ചിരുന്നിട്ടില്ല. മുഹമ്മദ് നബി(സ)യെപ്പറ്റിയും ഇസ്‌ലാമിനെപ്പറ്റിയും പാശ്ചാത്യലോകത്ത് പ്രചരിച്ചിരുന്ന തെറ്റിദ്ധാരണകളിൽ

ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം പറയാം:

ഫ്രാൻസിലെ ദേശീയ ഇതിഹാസമായ 'റോളറിന്റെ ഗീതം' എന്ന പുസ്തകത്തിൽ മുഹമ്മദിനെ പിശാചുക്കളുടെ നേതാവായി ചിത്രീകരിച്ചിരിക്കുന്നു. ഇംഗ്ലീഷിലുള്ള 'മമ്മറി' (Mummery) എന്ന വാക്കിന്റെ അർഥം അന്ധവിശ്വാസം നിറഞ്ഞ ആചാരം എന്നാണ്. 'മുഹമ്മദ്' എന്ന പദത്തിൽനിന്നാണാ വാക്കിന് രൂപംകിട്ടിയത് എന്ന് വാക്കുകളുടെ ചരിത്രം പറയുന്ന നിഘണ്ടു വിശദീകരിക്കുന്നു. ഷേക്സ്പിയർ പോലും 'മമ്മറ്റ്' (Mummet) എന്നു പ്രയോഗിച്ചിരിക്കുന്നത് ഒരു വിഗ്രഹം എന്ന അർഥത്തിലാണ്. ഡാന്റെ എന്ന ഇറ്റാലിയൻ കവി നരകത്തെ വർണിക്കുന്ന കൂട്ടത്തിൽ പറയുന്നു, നരകത്തിന്റെ ഒമ്പതാം സർക്കിളിൽ മുഹമ്മദിനെ കണ്ടു എന്ന് (Divine Comedy by Dante).

ക്രിസ്തീയ സഭയിൽ ത്രിത്വത്തിന്റെ ആശയത്തിന്റെ പ്രണേതാവായിരുന്ന അത്തനേഷ്യസും അനുയായികളും യേശു പഠിപ്പിച്ച യഥാർഥ ഏകദൈവവിശ്വാസത്തിന് വേണ്ടി നിലകൊണ്ട അരിയൂസിനെപ്പറ്റി പറഞ്ഞതുപോലെ, സങ്കല്പിക്കാവുന്ന സകല നീചകൃത്യങ്ങളും മുഹമ്മദിന്റെ മേൽ ആരോപിക്കപ്പെട്ടിട്ടുണ്ട്. ഒരു ചരിത്രകാരൻ എഴുതിവിട്ടിരിക്കുന്നത് മുഹമ്മദിന്റെ ഏറ്റവും പ്രിയപ്പെട്ട വിനോദം, ശത്രുക്കളുടെ മുറിച്ചിട്ട തലകൾ മണലിലുരുളുന്നത് നോക്കി രസിക്കുകയായിരുന്നു എന്നാണ്. [25]

കാലം കുറേ കഴിഞ്ഞതിന് ശേഷമാണ് നബി(സ)യെപറ്റി കുറച്ചെങ്കിലും വസ്തുനിഷ്ഠമായ വിവരങ്ങൾ പാശ്ചാത്യലോകത്ത് പ്രചരിച്ചത്. ജോർജ് സെയ്ലിന്റെ ഖുർആൻ പരിഭാഷ, എഡ്വേർഡ് ഗിബൺ എഴുതിയ ലോകചരിത്രം, തോമസ് കാർലൈലിന്റെ 'വീരൻമാരും വീരാരാധനയും' തുടങ്ങിയ പുസ്തകങ്ങൾ പുറത്തു വന്നതോടെയാണ് തെറ്റിദ്ധാരണകൾ കുറച്ചെങ്കിലും മാറിയത്.

പാശ്ചാത്യ ചരിത്രകാരൻമാരുടെ ചുവട് പിടിച്ച് നിക്ഷിപ്ത താൽപര്യക്കാരായ ചില പൗരസ്ത്യൻമാരും ചരിത്രമെഴുതിയിട്ടുണ്ട്. യുക്തിവാദത്തിന്റെ മറവിൽ രംഗപ്രവേശം ചെയ്തിട്ടുള്ള ഇവരിൽ ചിലർ ഇസ്ലാമിനോടു മാത്രമുള്ള രോഷം കൊണ്ടല്ല ഇങ്ങനെ ചെയ്യുന്നത്. അവരുടെ രാഷ്ട്രീയ സാമ്പത്തിക മുതലെടുപ്പ് നടത്തുന്നതിന് വിഘാതമായവയെ ഒക്കെ എതിർക്കുക എന്നതിന്റെ ഭാഗമായി തങ്ങളാലാവുന്നത് ചെയ്തുകൊണ്ടിരിക്കുന്നു എന്നുമാത്രം.

ഏഷ്യയുടെ പടിഞ്ഞാറുഭാഗത്തെ ഉപഭൂഖണ്ഡമായ അറേബ്യയിലെ ഒരു പ്രവിശ്യയാണ് ഹിജാസ്. ഈ പ്രവിശ്യയിലാണ് മക്ക, മദീന എന്നീ നഗരങ്ങൾ. 'കഅ്ബ' എന്ന ഏറ്റവും പുരാതന ദേവാലയം മക്കയിലായിരുന്നു. അബ്രഹാമും പുത്രനായ യിശ്മയേലും ദൈവരാധനയ്ക്കായി പണികഴിപ്പിച്ച ദേവാലയമായിരുന്നു അത്. വർഷങ്ങൾ പിന്നിട്ടപ്പോൾ അപരിഷ്കൃതരും കിരാതരുമായ അറബി ഗോത്രങ്ങളുടെ അധീനത്തിലായി കഅ്ബ. അനേകം വിഗ്രഹങ്ങളുടെ ആസ്ഥാനവുമായി. വർഷം തോറും അനേകായിരങ്ങൾ ഈ ദേവാലയത്തിലേയ്ക്ക് തീർഥയാത്ര നടത്തുന്ന പതിവ് പണ്ടേ നിലനിന്നിരുന്നു. മക്കയിൽ ജീവിച്ചിരുന്ന ഒരു കച്ചവട വിഭാഗത്തിന്റെ ഒരു വരുമാനമാർഗമായിരുന്നു ഈ തീർഥയാത്ര. കച്ചവടത്തിലേർപ്പെട്ട ഗോത്രങ്ങളിൽ ഏറ്റവും പ്രമുഖർ ഖുറൈശികളായിരുന്നു. നഗരവാസികളായാലും ഗ്രാമീണരായാലും വിവിധ ഗോത്രങ്ങളുടെ അഭിമാനം രക്ഷിക്കാൻവേണ്ടി ഏറ്റവും നിസ്സാരമായ കാര്യങ്ങളുടെ പേരിൽ ഘോരസംഘട്ടനങ്ങളിലേർപ്പെടുക അവരുടെ പതിവായിരുന്നു. ഒരു രാജാവിനോ ഒരു ചക്രവർത്തിക്കോ ഈ ഗോത്രങ്ങളെ സ്ഥിരമായി അടക്കിഭരിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്ന ചില തത്ത്വങ്ങളും നിയമങ്ങളുമുണ്ടായിരുന്നതുകൊണ്ട് ജീവിതം തുടർന്നുപോയി



എന്നുമാത്രം.

ഏറ്റവും നിന്ദ്യമായ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂത്തരങ്ങായിരുന്നു അറേബ്യ. പെൺകുട്ടികൾ പിറക്കുന്നത് കുടുംബത്തിന് ശാപമായി അവർ കണക്കാക്കിയിരുന്നു. തൽഫലമായി ചില കിരാതർ തങ്ങളുടെ പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടാൻപോലും തയ്യാറായിരുന്നു. അവർ ആരാധിച്ചിരുന്ന ദുർദേവതകളുടെ പ്രീതിക്കുവേണ്ടി നരബലി തുടങ്ങി ഏറ്റവും ക്രൂരവും പ്രാകൃതവുമായ ആരാധനാസമ്പ്രദായങ്ങളാണവർ സ്വീകരിച്ചിരുന്നത്. ധനാഢ്യരായ അറബികൾ മനുഷ്യരെ അടിമകളാക്കി വെയ്ക്കുകയും അവരോട് നീചമായി പെരുമാറുകയും ചെയ്തിരുന്നു. പരസ്പര സ്നേഹമോ കരുണയോ അവരുടെയിടയിൽ കാണുക പ്രയാസമായിരുന്നു. ഗോത്രങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ സാധാരണ സംഭവങ്ങളായിരുന്നു. ഇങ്ങനെയുള്ള അറേബ്യയിലെ മക്കയിലാണ് ക്രി. വ. 571-ൽ മുഹമ്മദ് നബി(സ) ഭൂജാതനാവുന്നത്.

നബി(സ)യുടെ ജനനത്തിന് മുമ്പ് തന്നെ പിതാവ് അബ്ദുല്ല മരണമടഞ്ഞിരുന്നു. ആറ് വയസ്സായപ്പോൾ മാതാവ് ആമിനയും മരിച്ചു. അങ്ങനെ അനാഥനായിത്തീർന്ന മുഹമ്മദിനെ മുത്തഛനായ അബ്ദുൽ മുത്തലിബാണ് പിന്നീട് വളർത്തിയത്. 12 വയസ്സായ മുഹമ്മദിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്ത അബൂത്വാലിബ് എന്ന പിതൃസഹോദരൻ കച്ചവടകാര്യങ്ങൾക്കായി ഒരിക്കൽ ബസ്റയിൽ പോയപ്പോൾ കൂട്ടത്തിൽ മുഹമ്മദിനെയും കൊണ്ടുപോയി.

ബസ്റയിൽവെച്ച് മുഹമ്മദിനെ കണ്ട ക്രിസ്തീയ സന്യാസിവര്യനായ ബഹീറാ, അബൂത്വാലിബിനോട് പറഞ്ഞു: ''ഈ കുട്ടിക്ക് മഹത്തായ ഒരു ഭാവിയുണ്ട്... അതു കൊണ്ട് ഇവനെ നന്നായി സംരക്ഷിക്കണം.'' വിശേഷിച്ച് സംഭവങ്ങളൊന്നുമില്ലാതെ, നബി(സ)യുടെ ജീവിതം സാധാരണ ഒരു അറബി ബാലന്റേത് പോലെ കടന്നുപോയി. പക്ഷേ, എല്ലാ ചരിത്രകാരൻമാരും ഉറപ്പിച്ചു പറയുന്ന ഒരു കാര്യമുണ്ട്. മുഹമ്മദിന്റെ സ്വഭാവം അങ്ങേയറ്റം മാതൃകാപരമായിരുന്നു. എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയ മുഹമ്മദിനെ മക്കാനിവാസികൾ ഏറ്റവും സത്യസന്ധൻ എന്നർഥം വരുന്ന 'അൽഅമീൻ' എന്ന് വിളിച്ചു.

യുവാവായ മുഹമ്മദ്(സ) ഖദീജ എന്ന് പേരുള്ള ധനാഢ്യയായ ഒരു ഖുറൈശി വിധവയുടെ വ്യാപാര കാര്യങ്ങൾ നോക്കുന്ന ചുമതലയിൽ നിയമിതനായി. അവരുടെ വിശ്വാസവും പ്രശംസയും ആർജിച്ച അദ്ദേഹം 25-ാമത്തെ വയസിൽ അവരെ വിവാഹം ചെയ്തു. ഖദീജ 40 വയസ്സുള്ള ഒരു വിധവയായിരുന്നുവെങ്കിലും അവരുടെ വിവാഹജീവിതം സന്തുഷ്ടിയും സംതൃപ്തിയും നിറഞ്ഞതായിരുന്നു. ഖദീജയിൽ നബി(സ)യ്ക്കു ജനിച്ച പുത്രിയായിരുന്നു ഫാത്വിമ.

മുഹമ്മദ് നബി(സ)യ്ക്ക് 35 വയസ്സായപ്പോൾ അറേബ്യ മുഴുവൻ യുദ്ധത്തിലാണ്ടു പോകാൻ തക്ക ബഹളമുണ്ടാകുമായിരുന്ന ഒരു പ്രശ്നം അദ്ദേഹം പരിഹരിക്കുകയുണ്ടായി. ക്രി. 605-ൽ 'കഅ്ബ' എന്ന വിശുദ്ധ ദേവാലയം പുതുക്കിപ്പണിതപ്പോൾ കഅ്ബാലയത്തിലുണ്ടായിരുന്ന അതിപുരാതനമായ കറുത്തശില (ഹജറുൽ അസ്വദ്) അതിന്റെ സ്ഥാനത്തേക്ക് ആര് ഉയർത്തിവെയ്ക്കുമെന്ന പ്രശ്നം ഉദ്ഭവിച്ചു. നാലു പ്രധാന ഗോത്രങ്ങളും അവകാശവാദങ്ങളുമായി മുന്നോട്ടുവന്നു. അറബികളുടെ സ്വഭാവമനുസരിച്ച് രക്തച്ചൊരിച്ചിൽ കൂടാതെ പരിഹരിക്കാവുന്ന ഒരു പ്രശ്നമായിരുന്നില്ല അത്. അപ്പോൾ അവരിലെ മുതിർന്ന ഒരാൾ ഒരു നിർദേശംവച്ചു. ദേവാലയത്തിലേക്കുള്ള ഒരു പ്രത്യേക വഴിയിൽകൂടി ആദ്യം കടന്നുവരുന്ന ആളിന്റെ തീരുമാനത്തിന് വിട്ടുകൊടുക്കുക. അപ്പോഴാണ് ബനൂഹാശിം ഗോത്രത്തിൽപ്പെട്ട

മുഹമ്മദ്(സ) ആ വഴിയിലൂടെ കടന്നുവന്നത്. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ അദ്ദേഹം ഒരു വിരിപ്പിന്റെ മധ്യത്തിൽ 'ഹജറുൽ അസ്‌വദ്' എന്ന കറുത്ത കല്ല് എടുത്തുവച്ചു. എന്നിട്ടു നാലു ഗോത്രങ്ങളുടെയും നേതാക്കളോട് വിരിപ്പിന്റെ നാല് കോണിലും പിടിച്ച് കല്ല് വയ്ക്കേണ്ട സ്ഥലത്ത് കൊണ്ടുവരാൻ പറഞ്ഞു. എത്തേണ്ട സ്ഥലത്തെത്തിയപ്പോൾ നബി(സ) തന്നെ കല്ല് എടുത്തുവയ്ക്കുകയും ചെയ്തു. ഇത് എല്ലാവരെയും തൃപ്തിപ്പെടുത്തിയതുകൊണ്ട് യാതൊരു തടസ്സവും കൂടാതെ കഅ്ബയുടെ പുനർനിർമാണം പൂർത്തിയാവുകയും ചെയ്തു.

മധ്യവയസ്കനായ മുഹമ്മദ് നബി(സ) പലപ്പോഴും ചിന്താധീനനായി കാണപ്പെട്ടു. മക്കയുടെ സമീപമുള്ള 'നൂർ' എന്ന മലയിലെ 'ഹിറാഗുഹ'യുടെ ഏകാന്തതയിൽ സമയം ചെലവഴിക്കുക അദ്ദേഹത്തിന്റെ പതിവായി. പ്രാർഥനയിലും ധ്യാനത്തിലും മുഴുകിക്കഴിയവേ ഒരു ദിവസം ദൈവത്തിന്റെ മാലാഖയായ ജിബ്‌രീൽ (ഗബ്രിയേൽ) മുഹമ്മദ് നബി(സ)യുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പരിഭ്രാന്തനായ നബി ഞെട്ടിത്തരിച്ചുപോയി. 'വായിക്കൂ' എന്നാരംഭിക്കുന്ന ഖുർആൻ സൂക്തങ്ങൾ ജിബ്‌രീൽ(അ) ഓതിക്കേൾപ്പിച്ചപ്പോൾ, 'എനിക്ക് വായിക്കാനറിയില്ല' എന്ന് നിരക്ഷരനായ അദ്ദേഹം പറഞ്ഞു. വീണ്ടും വീണ്ടും ജിബ്‌രീൽ പറഞ്ഞപ്പോൾ മുഹമ്മദ് നബി (സ) ''എനിക്ക് വായിക്കാനറിയില്ല'' എന്നാവർത്തിച്ചു. ''വായിക്കൂ! നിന്നെ സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കൂ! അവൻ മനുഷ്യനെ ഒരു രക്തബിന്ദുവിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. വായിക്കൂ! നിന്റെ നാഥൻ അത്യുദാരൻ, പേനകൊണ്ടു പഠിപ്പിച്ചവൻ, മനുഷ്യനെ അവൻ അറിയാത്തത് പഠിപ്പിച്ച (നിന്റെ നാഥന്റെ നാമത്തിൽ വായിക്കൂ!)'' (ഖു: 96: 1–5) എന്ന് പറഞ്ഞുകൊണ്ട് ജിബ്‌രീൽ നബിയെ ഗാഢമായി പുണർന്നു. അപ്പോൾ വിറയ്ക്കുന്ന ഹൃദയവുമായി അദ്ദേഹം ആ വാക്യങ്ങൾ ആവർത്തിച്ചു. ഈ അനുഭവത്തിന്റെ ആഘാതവുമായി ഭയചകിതനായി വീട്ടിലെത്തിയ മുഹമ്മദ് (സ) കിടക്കയിൽവീണു. ''എന്നെ പുതപ്പിക്കൂ'' എന്ന് ഭാര്യയോട് പറഞ്ഞു. ഓടിയെത്തി പുതപ്പെടുത്ത് പുതപ്പിച്ച ഖദീജയ്ക്ക് കാര്യം മനസ്സിലായില്ല. മുഹമ്മദ്(സ) കാര്യങ്ങൾ പറഞ്ഞപ്പോൾ, പരിഭ്രാന്തനായ അദ്ദേഹത്തെ ഖദീജ സമാധാനിപ്പിച്ചു. അവർ പറഞ്ഞു: ''.... നിശ്ചയമായും അല്ലാഹു ഒരിക്കലും താങ്കളെ വിഷമിപ്പിക്കുകയില്ല. കാരണം, താങ്കൾ ബന്ധുക്കളെ അടുപ്പിക്കുന്നവനാണ്; സത്യസന്ധനാണ്; അഗതി സംരക്ഷകനാണ്; അതിഥി സൽക്കാര പ്രിയനാണ്; സത്യത്തിന്റെ വിജയത്തിന് വേണ്ടി പരിശ്രമിക്കുന്നവനാണ്.''

ഖദീജ, അവരുടെ ഒരു ബന്ധുവും ക്രിസ്തീയ പണ്ഡിതനുമായിരുന്ന, വറഖത്തുബ്നു നൗഫലിനെ ചെന്നുകണ്ട് വിവരം പറഞ്ഞു. ''തീർച്ചയായും മോശയുടെ അടുക്കൽ വന്ന അതേ പരിശുദ്ധാത്മാവ് (ഗബ്രിയേൽ) ആണ് താങ്കളുടെ അടുക്കലും വന്നത്. താങ്കൾ നിഷേധിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്യും. അവർ താങ്കളോട് യുദ്ധംചെയ്യും. അന്ന് ഞാൻ ജീവിച്ചിരുന്നാൽ ഞാൻ താങ്കളെ (ദൈവമാർഗത്തിൽ) സഹായിക്കുമെന്ന് ദൈവത്തിനറിയാം.'' തന്നിലർപ്പിക്കപ്പെട്ട ഭാരിച്ച ഉത്തരവാദിത്വത്തെപ്പറ്റിയോർത്ത് ഭയപ്പെട്ട മുഹമ്മദ് നബി(സ)യെ ശരിയായി സമാധാനിപ്പിക്കാനും അദ്ദേഹത്തിന് ധൈര്യം നല്കാനും ജിബ്‌രീൽ വീണ്ടും വന്നു. ദൈവത്തിൽനിന്നുള്ള സന്ദേശങ്ങൾ വീണ്ടും നല്കപ്പെട്ടു. മനുഷ്യരുടെയിടയിൽ ഇറങ്ങിച്ചെന്ന് അവരെ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കാൻ ദൈവത്തിന്റെ കല്പന ലഭിച്ചു. അതിൻപ്രകാരം പ്രവാചകദൗത്യം നാൽപതാമത്തെ വയസ്സിൽ ആരംഭിച്ച മുഹമ്മദ്, നീണ്ട ഇരുപത്തിമൂന്ന് വർഷക്കാലം നിരന്തരമായി ജനങ്ങളെ ഉണർത്തിയും അക്രമങ്ങളെ ചെറുത്തും അശരണർക്ക് ആലംബം നല്കിയും മനുഷ്യവർഗത്തിന് മൊത്തം മാതൃകയായി ജീവിച്ചു.

പ്രവാചകദൗത്യത്തിന്റെ ആരംഭകാലത്ത് ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോഴെല്ലാം സകലതും സഹിച്ച് അദ്ദേഹം ക്ഷമയോടുകൂടി കഴിഞ്ഞുകൂടി. നേരത്തെ മുഹമ്മദിനോട് സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചിരുന്ന, അദ്ദേഹത്തെ 'അൽഅമീൻ' എന്ന് വിളിച്ചിരുന്ന സ്വന്തം ബന്ധുക്കളും മിത്രങ്ങളും അദ്ദേഹത്തിനെതിരെ തിരിഞ്ഞു. പരമ്പരാഗതമായി അവർ കൈക്കൊണ്ടിരുന്ന വിശ്വാസാചാരങ്ങൾ ഉപേക്ഷിച്ചു സത്യത്തിലും ധർമത്തിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി സ്വീകരിക്കാനദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു എന്നതാണ് അദ്ദേഹം ചെയ്ത തെറ്റ്. അദ്ദേഹം അവരോട് പറഞ്ഞതിന്റെ ചുരുക്കം ഇതായിരുന്നു: ''ജനങ്ങളേ, നിങ്ങളുടെ കരങ്ങൾകൊണ്ട് രൂപംനല്കി നിങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്ന ജീവനില്ലാത്ത കരിങ്കൽ വിഗ്രഹങ്ങളെ നിങ്ങൾ കൈവെടിയുക. പ്രപഞ്ചത്തിന്റെ ചൈതന്യവും ധർമത്തിന്റെ ഉറവിടവും സകല ചരാചരങ്ങളുടെയും രക്ഷിതാവുമായ ദൈവത്തിന് മാത്രം നിങ്ങൾ ആരാധനയർപ്പിക്കുക. അവന്റെ മുമ്പിൽ മാത്രം തലകുനിക്കുക. സകല വിധ അടിമത്തങ്ങളും പൊട്ടിച്ചെറിഞ്ഞ് പരമകാരുണികനായ സ്രഷ്ടാവിന്റെ പരമാധികാരം മാത്രം സ്വീകരിക്കുക. കാരണം, മനുഷ്യരെല്ലാം സമന്മാരാണ്. ദേശത്തിന്റെയോ വർണത്തിന്റെയോ ജാതിയുടെയോ കുടുംബത്തിന്റെയോ സമ്പത്തിന്റെയോ പേരിലുള്ള മേൽക്കോയ്മക്കൊന്നും സ്ഥാനമില്ല. നിങ്ങൾക്ക് ദൈവം കനിഞ്ഞ് നല്കിയ അനുഗ്രഹം (ആരോഗ്യം, വിജ്ഞാനം, സമ്പത്ത്...) മറ്റുള്ളവർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ചെലവഴിക്കുക. നിങ്ങളുടെ ധനത്തിൽ നിന്നൊരു ഭാഗം അഗതികൾക്കും അനാഥർക്കും നല്കുക. പരസ്പരം സഹായിച്ചും സദുപദേശം നല്കിയും സ്നേഹത്തോടെ വർത്തിക്കുക.'' ഈ ഉപദേശങ്ങൾ നല്കിയ അദ്ദേഹത്തിന് മക്കാ നിവാസികൾ എന്ത് തരം സ്വീകരണമാണ് നല്കിയതെന്നോ? അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു; ഒട്ടകത്തിന്റെ ചീഞ്ഞ കുടൽമാല കഴുത്തിലണിയിച്ചു; ഭ്രാന്തനെന്നും മായാജാലക്കാരനെന്നും വിളിച്ചു. ചുരുക്കത്തിൽ, ജനിച്ചുവളർന്ന നാട്ടിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കി.

മക്കത്തുണ്ടായിരുന്ന സമ്പന്നരായ ദുഷ്പ്രഭുക്കൻമാർ അദ്ദേഹത്തെ എതിർത്തപ്പോൾ അടിമകളും അശരണരും അദ്ദേഹത്തിൽ ഒരു വിമോചകനെ കണ്ടു. അവർ അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചു. നിഷ്ഠുര മർദനങ്ങൾക്കും പീഡനങ്ങൾക്കും അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. എതിർപ്പുകളുടെ ഇടയിലൂടെ നടന്ന് അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നവരുടെ എണ്ണം വർധിക്കുന്നത് കണ്ടപ്പോൾ ആശങ്കാകുലരായ ശത്രുക്കൾ അദ്ദേഹത്തിന് എതിരെ പല തന്ത്രങ്ങളും പ്രയോഗിച്ചു. ഭീഷണികൾ ചെലവാകാതിരുന്നപ്പോൾ പ്രലോഭനങ്ങൾ പരീക്ഷിച്ചു. സുന്ദരികളെ വിവാഹം ചെയ്തുകൊടുക്കാമെന്ന് പറഞ്ഞു, ധനം എത്രവേണമെങ്കിലും തരാമെന്ന് പറഞ്ഞു. പക്ഷേ, ഇവക്കൊന്നും നബി (സ)യുടെ മനസ്സിൽ ചാഞ്ചല്യം ഉണ്ടാക്കാൻ സാധിച്ചില്ല. ശാശ്വതമായ സത്യം കണ്ടെത്തിയവൻ ഈ ലോകത്തിലെ മിന്നിമറയുന്ന കളിപ്പാട്ടങ്ങളിൽ ആകൃഷ്ടനാകുന്നതെങ്ങനെ? ദൈവം അദ്ദേഹത്തെ ഏൽപിച്ച ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ കടുകിട പിന്നോട്ടുപോകുവാൻ അദ്ദേഹം തയ്യാറായില്ല. ഖുറൈശി നേതാക്കളുടെ മർദനം അസഹ്യമായപ്പോൾ സുരക്ഷിതത്വബോധം നഷ്ടപ്പെട്ട അനുയായികളിൽ ഒരു വിഭാഗത്തെ നബി(സ) അബിസീനിയയിലേക്ക് അയച്ചു. അബിസീനിയയിലെ ക്രിസ്തീയ രാജാവായിരുന്ന നജ്ജാശി (Negus) നീതിമാനായ ഭരണകർത്താവായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കീഴിൽ

മുസ്‌ലിംകൾക്ക് സംരക്ഷണം ലഭിക്കുമെന്ന് നബി(സ)ക്ക് ഉറപ്പുണ്ടായിരുന്നു. ക്രി. വ. 615-ൽ ഇങ്ങനെ അബിസീനിയായിലെത്തിയ മുസ്‌ലിംകളുടെ സംഘത്തിന് അവിടെ സമാധാനത്തോടെ കഴിയാമായിരുന്നുവെങ്കിലും വിവരമറിഞ്ഞ് ഖുറൈശികൾ അവരുടെ പ്രതിനിധിയെ നജ്ജാശിയുടെയടുത്തേക്കയച്ചു. ഖുറൈശികളുടെ ആരോപണങ്ങൾ കേട്ട നജ്ജാശി മുസ്‌ലിംകളെ കൊട്ടാരത്തിൽ വിളിച്ച് അവർ വിശ്വസിക്കുന്ന പുതിയ മതത്തെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ അവരുടെ നേതാവായ ജഅ്ഫറുബ്നു അബീത്വാലിബ് ഇങ്ങനെ പറഞ്ഞു: ‘‘മഹാരാജാവേ, ഞങ്ങൾ അജ്ഞരായ ഒരു ജനതയായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കുകയും മൃഗങ്ങളുടെ ശവം തിന്നുകയും അസാന്മാർഗിക പ്രവർത്തനങ്ങൾ നടത്തുകയും കുടുംബബന്ധങ്ങൾ വേർപ്പെടുത്തുകയും അയൽവാസികളെ ദ്രോഹിക്കുകയും അശക്തനെ ചൂഷണം ചെയ്യുകയും ചെയ്തിരുന്നൊരു ജനത. അങ്ങനെയിരിക്കെ അല്ലാഹു ഞങ്ങൾക്ക് തങ്ങളുടെയിടയിൽനിന്ന് തന്നെ ഒരു ദൈവദൂതനെ അയച്ചുതന്നു. അദ്ദേഹത്തിന്റെ തറവാടും കുലീനതയും സത്യസന്ധതയും വിശ്വസ്തതയും ഞങ്ങൾക്കറിയാം. അദ്ദേഹം ഞങ്ങളെ ഏകദൈവത്വത്തിലേക്ക് ക്ഷണിച്ചു. ദൈവത്തിന് ആരെയും പങ്കാളികളാക്കരുതെന്ന് പഠിപ്പിച്ചു. സത്യം പറയണമെന്നും കരാറുകൾ പാലിക്കണമെന്നും ദയ കാണിക്കണമെന്നും അയൽപക്കക്കാരുടെ അവകാശങ്ങൾ പാലിക്കണമെന്നും സ്ത്രീകളെ അപമാനിക്കരുതെന്നും അനാഥരുടെ സ്വത്ത് സ്വന്തമാക്കരുതെന്നും ഉപദേശിച്ചു. ദുഷ്ചെയ്തികളിൽനിന്നൊഴിഞ്ഞ് നിൽക്കാനും തിന്മകളിൽ നിന്നകലാനും ആരാധനകളും ദാനധർമങ്ങളും നടത്താനും വ്രതമനുഷ്ഠിക്കാനും ഇദ്ദേഹം ആവശ്യപ്പെട്ടു. ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹത്തിന്റെ പാഠങ്ങൾ സ്വീകരിച്ചു. ഇക്കാരണത്താൽ ഞങ്ങളുടെ ആളുകൾ ഞങ്ങൾക്കെതിരെ നീങ്ങുകയും ഞങ്ങളെ പലതരത്തിലും ദ്രോഹിക്കുകയും ചെയ്തു. ഞങ്ങൾ പഴയ ദുർമാർഗത്തിലേക്ക് തിരിച്ചുപോകാനാണവർ നിർബന്ധിക്കുന്നത്. അവരുടെയിടയിൽ രക്ഷ കിട്ടാത്തതുകൊണ്ട് അഭയംതേടി ഞങ്ങൾ അങ്ങയുടെ നാട്ടിൽ വന്നിരിക്കുന്നു. അവരുടെ മർദനത്തിൽനിന്ന് അങ്ങ് ഞങ്ങളെ രക്ഷിക്കണം.’’

യേശുവിനേയും കന്യാമർയത്തേയും പ്രകീർത്തിച്ചുകൊണ്ടുള്ള ഖുർആൻ സൂക്തങ്ങൾ മുസ്‌ലിംകൾ ചക്രവർത്തിയെ ഓതിക്കേൾപ്പിച്ചു. അപ്പോൾ ചക്രവർത്തിയോടൊപ്പമുണ്ടായിരുന്ന പണ്ഡിതൻമാർ പറഞ്ഞു: ‘‘നമ്മുടെ നേതാവായ യേശുവിന്റെ വചനങ്ങളുടെ ഉറവിടംതന്നെയാണ് ഈ വചനങ്ങളുടെയും ഉറവിടം.’’ സന്തോഷവാനായ നജ്ജാശി ഖുറൈശികളെ മടക്കി അയക്കുകയും മുസ്‌ലിംകളെ അവിടെ താമസിക്കാനനുവദിക്കുകയും ചെയ്തു.

സമ്പത്തും ബഹുമതിയും വാഗ്ദാനം ചെയ്തുകൊണ്ട് വീണ്ടും നബി (സ)യുടെ അടുത്തു വന്ന ഖുറൈശികളോട് അദ്ദേഹം പറഞ്ഞു: ‘‘സമ്പത്തോ ബഹുമതിയോ അധികാരമോ ഞാൻ ആഗ്രഹിക്കുന്നില്ല. (ദൈവത്തിന്റെ അനുഗ്രഹങ്ങളെപ്പറ്റിയുള്ള) സന്തോഷവാർത്ത അറിയിക്കാനും (അവന്റെ ശിക്ഷയെപ്പറ്റി) മുന്നറിയിപ്പ് തരാനും നിയുക്തനായ ദൈവത്തിൽനിന്നുള്ള ഒരു സന്ദേശവാഹകനാണ് ഞാൻ. ഞാൻ കൊണ്ടുവരുന്ന സന്ദേശം നിങ്ങൾ സ്വീകരിച്ചാൽ ദൈവം നിങ്ങൾക്ക് ഇഹലോകത്തും പരലോകത്തും പ്രതിഫലം നല്കും. എന്റെ മുന്നറിയിപ്പുകളെ നിങ്ങൾ അവഗണിച്ചാൽ ദൈവം നമുക്കിടയിൽ തീർപ്പുകൽപ്പിക്കാൻ ഞാൻ ക്ഷമയോടെ കാത്തിരിക്കും.’’ ജനങ്ങളദ്ദേഹത്തെ പരിഹസിക്കുകയും അദ്ഭുതങ്ങൾ കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘നിങ്ങളുടെ മുന്നിൽ അദ്ഭുതങ്ങൾ പ്രവർത്തിക്കാനല്ല ദൈവം എന്നെ നിയോഗിച്ചിട്ടുള്ളത്. മറിച്ച്, നിങ്ങളോട് 



പ്രബോധനം ചെയ്യാനാണ്.’’ നബി(സ) അദ്ദേഹത്തിന്റെ അധ്യാപനങ്ങളുടെ മഹത്വത്തിലൂടെയും അവയുടെ സത്യസന്ധമായ പ്രയോഗവൽക്കരണത്തിലൂടെയുമാണ് തന്റെ ദൗത്യത്തിന്റെ സത്യാവസ്ഥ തെളിയിച്ചത്. അദ്ദേഹം പറഞ്ഞു: ‘‘ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. ഏകനായ ദൈവം മാത്രമേ ആരാധനയർഹിക്കുന്നുള്ളൂ എന്ന് എനിക്ക് വെളിവാക്കപ്പെട്ടിരിക്കുന്നുവെന്ന് മാത്രം. അതുകൊണ്ട് ആ ദൈവത്തെ മാത്രം ആരാധിക്കുക. അവനോട് പാപമോചനം അർഥിക്കുകയും ചെയ്യുക.’’

ദൈവത്തിൽ വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള സന്തോഷവാർത്തയും തിന്മ ചെയ്യുന്നവർക്ക് കിട്ടാൻ പോകുന്ന ശിക്ഷകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും നല്കുക എന്നതായിരുന്നു നബി(സ) ചെയ്തത്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ശ്രവിച്ച ആത്മാർഥതയുള്ള അനേകം അറബികൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. അക്കൂട്ടത്തിൽ മക്കയിലെ ധനാഢ്യനായിരുന്ന അബൂബക്കറും ഹംസയും ഉമറുബ്നുൽ ഖത്താബും അലിയും പ്രധാനികളായിരുന്നു. ചെറുതെങ്കിലും കെട്ടുറപ്പുള്ള ഒരു സമൂഹത്തിന്റെ അടിത്തറയായി വർത്തിക്കാൻ പറ്റിയ വിശ്വാസദാർഢ്യമുള്ള ഒരുവിഭാഗം. റോമക്കാർ വീഞ്ഞിനെ സ്നേഹിച്ചതിനെക്കാൾ ഉപരി ദൈവമാർഗത്തിലുള്ള മരണത്തെ സ്നേഹിച്ചവർ. ഇപ്പോൾ ആരാധനാനുഷ്ഠാനങ്ങൾ പരസ്യമായി നിർവഹിക്കുവാനവർക്ക് ധൈര്യം കിട്ടി. പരിഭ്രാന്തരായ ഖുറൈശികൾ കൂടുതൽ ശക്തമായ മർദനമുറകൾ നബിയുടേയും കൂട്ടുകാരുടേയും നേരെ അഴിച്ചുവിട്ടു.

പുരാതന ദേവാലയമായിരുന്ന കഅ്ബയിലേക്ക് അറേബ്യയുടെ നാനാഭാഗത്തുനിന്നും വർഷംതോറും തീർഥാടനം നടത്തുന്ന സമ്പ്രദായം അന്നേ നിലവിലുണ്ടായിരുന്നു. തീർഥയാത്രയുടെ സമയമായപ്പോൾ ജനങ്ങൾ കൂട്ടംകൂട്ടമായി അവിടെ വന്നുതുടങ്ങി. നബി(സ) തീർഥാടകരെ അഭിമുഖീകരിച്ച് സംസാരിക്കുകയും തൽഫലമായി പലരും ഇസ്‌ലാം ആശ്ലേഷിക്കുകയും ചെയ്തു. ഇക്കൂട്ടത്തിൽ മദീനയിൽനിന്നുള്ള ഒരു സംഘവും ഉൾപ്പെട്ടിരുന്നു. ഇസ്‌ലാംമതാശ്ലേഷം നടത്തിയ ഒരു ചെറുസംഘം മദീനാവാസികൾ നാട്ടിൽ മടങ്ങിച്ചെന്ന് നബി(സ)യെ പറ്റി നാട്ടുകാരോട് പറഞ്ഞു. ഏകദൈവത്വത്തിലേക്ക് ക്ഷണിക്കാനും, സമൂഹത്തിലെ അനീതി അവസാനിപ്പിക്കാനും നിയുക്തനായ പുതിയ പ്രവാചകനെക്കുറിച്ച് കേട്ടപ്പോൾ മദീനാവാസികളിൽ പലർക്കും മതിപ്പ് തോന്നുകയും അവരിൽ ഒരു സംഘം നബി(സ)യെ കാണാൻ മക്കയിൽ വരികയും ചെയ്തു. അവർ ‘അഖബ’യിൽ വച്ച് ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു: ‘‘ഞങ്ങൾ ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കുകയില്ല; ഞങ്ങൾ മോഷ്ടിക്കുകയോ വ്യഭിചരിക്കുകയോ ഇല്ല;’ ഞങ്ങളുടെ സന്താനങ്ങളെ കുഴിച്ചുമൂടുകയില്ല; നല്ലവരെ അപകീർത്തിപ്പെടുത്തുകയില്ല; എല്ലാ നല്ല കാര്യത്തിലും ഞങ്ങൾ നബിയെ അനുസരിക്കും; സന്തോഷത്തിലും ദുഃഖത്തിലും ഞങ്ങൾ നബിയോട് കൂറ് പുലർത്തും.’’ ഇതായിരുന്നു ആ ഉടമ്പടി. നബി(സ)യുടെ അനുയായികളുടെ പ്രവർത്തനങ്ങളുടെ ഫലമായി മദീനാവാസികളിൽ ഒരു നല്ല വിഭാഗം ഇസ്‌ലാം സ്വീകരിച്ചു. അവരും അവിശ്വാസികളായവരും ഉൾപ്പെടുന്ന മദീനയിലെ ജനങ്ങൾ നബി(സ)യെ മദീനയിലേക്ക് ക്ഷണിച്ചു.

മക്കയിൽ ജീവിക്കുക എന്നത് ദുഷ്കരമായിത്തീർന്ന ഒരു സാഹചര്യത്തിലാണ് മദീനക്കാരുടെ ഈ ക്ഷണം നബി സ്വീകരിച്ചത്. മുസ്‌ലിംകളുടെ ജീവൻ അപകട

18. "Bible's preview of Muhammed" by shahid Sulayman Mufassar

ത്തിലായിരുന്ന ഈ സാഹചര്യത്തിൽ നൂറോളം മുസ്‌ലിം കുടുംബങ്ങൾ
നബി(സ)യുടെ നിർദേശപ്രകാരം മദീനയിലേക്ക് പോയി. മക്കത്ത് നബി(സ)യും
അബൂബക്കറും അലിയും അവശേഷിച്ചു. മക്കയിൽനിന്ന് മുസ്‌ലിംകൾ രക്ഷപ്പെട്ട
കാര്യം മനസ്സിലാക്കിയ ഖുറൈശികൾ നബി(സ)യെ വകവരുത്താൻ തീരുമാനിച്ചു.
രാത്രി അദ്ദേഹത്തിന്റെ താമസസ്ഥലം വളഞ്ഞ ശത്രുക്കൾക്കിടയിൽകൂടി അദ്ദേഹം
അദ്ഭുതകരമായി രക്ഷപ്പെട്ടു. അബൂബക്കറും നബി(സ)യും കൂടി മക്കയിൽ നിന്നു
അല്പം അകലെയുള്ള ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. നബി(സ) ഗുഹയിലു
ണ്ടെന്ന് സംശയിച്ച് ഗുഹാമുഖം ശത്രുക്കൾ വളഞ്ഞപ്പോൾ നബി(സ)യെപറ്റി ആശ
ങ്കാകുലനായ അബൂബക്കറിനെ അദ്ദേഹം ഇങ്ങനെ പറഞ്ഞ് സാന്ത്വനപ്പെടുത്തി:
''വിഷമിക്കേണ്ട, നമ്മോടൊപ്പം അല്ലാഹുവുമുണ്ട്.'' ഗുഹാമുഖത്ത് ചിലന്തിവലയും
പക്ഷിക്കൂടും കണ്ട ശത്രുക്കൾ ഗുഹയ്ക്കുള്ളിൽ ആരുമുണ്ടാകില്ലെന്ന് തീരുമാനിച്ച്
മടങ്ങിപ്പോയി. അവിടെനിന്ന് രക്ഷപ്പെട്ട് ക്രി. വ. 622 ജൂലൈ 2-ാം തീയതി മദീനയിൽ
പ്രവേശിച്ച നബി(സ)ക്ക് വമ്പിച്ച വരവേൽപ്പാണ് ലഭിച്ചത്. നബിയുടെയും അനുയാ
യികളുടെയും ഈ മദീനയിലേക്കുള്ള യാത്രയ്ക്കാണ് 'ഹിജ്റ' എന്നു പറയുന്നത്.
'ഹിജ്റ വർഷം' ഈ സംഭവം മുതലാണ് ആരംഭിക്കുന്നത്.

മക്കയിൽനിന്ന് സർവവും ഉപേക്ഷിച്ച് വന്നവർക്ക് മദീനയിലെ മുസ്‌ലിംകൾ
സകല സൗകര്യങ്ങളും ചെയ്തുകൊടുത്തു. അവരെ തങ്ങളുടെ വീടുകളിൽ താമ
സിപ്പിക്കുകയും കൃഷിയിലും കച്ചവടത്തിലും പങ്കുകാരാക്കുകയും ചെയ്തു. അവ
രുടേതുപോലെ ഗോത്ര ദേശ വ്യത്യാസങ്ങൾ മറന്നുകൊണ്ടുള്ള ത്യാഗസുരഭിലമായ
സാഹോദര്യം ലോകചരിത്രത്തിൽ കാണുക സാധ്യമല്ല. അവരെപ്പറ്റി ഖുർആനിൽ
അല്ലാഹു പറയുന്നു: ''സത്യത്തിൽ വിശ്വസിക്കുകയും സ്വദേശം വെടിയുകയും
സമ്പത്തുകൊണ്ടും ശരീരംകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ അധ്വാനിക്കു
കയും അഭയം നല്കുകയും സഹായിക്കുകയും ചെയ്തവർ പരസ്പരം സുഹൃത്തു
ക്കളും സംരക്ഷകരുമാണ്.'' (ഖു: 8: 72)

മദീനയിലെത്തിയ മുസ്‌ലിംകളും മദീനാവാസികളായ മുസ്‌ലിംകളും യഹൂ
ദൻമാരുമടങ്ങിയ മദീനയിലെ സമ്മിശ്ര സമൂഹത്തെ ഐക്യബോധത്തോടെ ജീവി

19. ഇത്തരുണത്തിൽ യേശു പറഞ്ഞ ഒരു ഉപമ പ്രസക്തമാണ്. മത്തായി 21: 33-43: '' ...ഗൃഹസ്ഥ
നായ ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി. അതിന് വേലികെട്ടി. അതിൽ ചക്ക് കുഴി
ച്ചിട്ടു. ഗോപുരവും പണിതു. പിന്നെ കുടിയാന്മാരെ പാട്ടത്തിന് ഏല്പിച്ചിട്ട് പരദേശത്തു പോയി.
ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് അവൻ ദാസന്മാരെ കുടി
യാന്മാരുടെ അടുക്കലേക്കയച്ചു. കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ചു ഒരുവനെ തല്ലി,
ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു..... ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ
വരുമ്പോൾ ആ കുടിയാന്മാരോട് എന്തുചെയ്യും? അവൻ ആ വല്ലാത്തവരെ, വല്ലാതെ നിഗ്രഹിച്ച്
തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക് തോട്ടം ഏൽപിക്കും....''
ഇവിടെ തോട്ടമുടമ ദൈവവും ദാസന്മാർ പ്രവാചകരുമാണ്. കുടിയാന്മാർ ദൈവത്തിന്റെ പ്രത്യേ
കാനുഗ്രഹം ലഭിച്ച ഇസ്രായീൽ സന്തതികളാണ്. അവർ പ്രവർത്തിച്ച അക്രമങ്ങൾ കാരണ
മായി തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക്, അതായത് യിശ്മായേൽ
സന്തതികൾക്ക് തോട്ടം ഏൽപിച്ചു കൊടുക്കുമെന്നർഥം. കൂടാതെ, ഇങ്ങനെ കൂടി യേശു
പറഞ്ഞു: ''വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു; ഇത്
കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു.'' സാറായുടെ
നിർദേശപ്രകാരം നാടുകടത്തപ്പെട്ട യിശ്മായേലിന്റെ സന്തതികളാണ് അറബികൾ. അവരുടെ
ഇടയിൽ നിന്നുമാണല്ലോ അന്ത്യപ്രവാചകൻ തെരഞ്ഞെടുക്കപ്പെട്ടത്. അങ്ങനെയാണ് തള്ളിക്ക
ളഞ്ഞ കല്ല് മൂലക്കല്ലായത്. ഉൽപത്തി പുസ്തകം 21-ാം അധ്യായം 8 മുതൽ 21 വരെയുള്ള
അധ്യായങ്ങൾ നോക്കുക.

ക്കാൻ പ്രേരിപ്പിക്കുന്ന ഒരു സന്ധിക്ക് നബി(സ) രൂപംനല്കി. ഇതിൻപ്രകാരം ജനങ്ങ
ളുടെയിടയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ അന്തിമ പരിഹാരം നബി(സ) നിർദേശി
ക്കുന്ന തരത്തിലായിരിക്കണമെന്നും അംഗീകരിക്കപ്പെട്ടു. മദീന കേന്ദ്രമാക്കിയുള്ള
ഒരു രാഷ്ട്രത്തിന്റെ തുടക്കമാണ് നാം ഇവിടെ കാണുന്നത്. നബിയുടെയും അനുയാ
യികളുടെയും മദീനയിലെ പദവി മനസ്സിലാക്കിയ ശത്രുക്കൾ മക്കയിൽനിന്ന് കരു
നീക്കങ്ങളാരംഭിച്ചു. കാരണം, അവർ ചെയ്ത അക്രമങ്ങളുടെ പേരിൽ നബി(സ)
അവരെ ശിക്ഷിക്കുകതന്നെ ചെയ്യുമെന്നവർ ഭയന്നു. മുഹമ്മദ് കൂടുതൽ ശക്തി
യാർജിക്കുംമുമ്പ് അദ്ദേഹത്തെ നിലക്ക് നിർത്തണമെന്ന തീരുമാനവുമായിട്ടാണ്
അവർ ഈ കരുനീക്കങ്ങളാരംഭിച്ചത്. താമസിയാതെ അബൂജഹലിന്റെ നേതൃത്വ
ത്തിൽ ആയിരംപേരടങ്ങുന്ന ഒരു സൈന്യം മദീനയിലേക്ക് നീങ്ങി. അവരെ മദീനക്ക്
പുറത്ത് വച്ച് നേരിടാൻ നബി(സ) തീരുമാനിച്ചു. നേരത്തെയുള്ള കരാർ പ്രകാരം മദീ
നക്കു പുറത്തുവെച്ചുള്ള യുദ്ധത്തിൽ മുസ്‌ലിംകളെ സഹായിക്കാൻ യഹൂദർ ബാധ്യ
സ്ഥരായിരുന്നില്ല. മുസ്‌ലിംകൾ മദീനയിൽതന്നെ നിന്നിരുന്നെങ്കിൽ മദീനാവാസിക
ളുടെ സഹായം അവർക്ക് ലഭിക്കുമായിരുന്നു. പക്ഷേ, നബി(സ)യേയും കൂട്ടരേയും
സ്വീകരിച്ച നല്ലവരായ മദീനാ വാസികളെയും അവരുടെ സ്ത്രീകളെയും കുട്ടിക
ളെയും യുദ്ധത്തിൽനിന്ന് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ശത്രുക്കളെ മാർഗ
മധ്യേ നേരിടാൻ നബി(സ) തീരുമാനിച്ചു. വെറും 313 അനുയായികളോടൊപ്പം
നബി(സ) ബദ്ർ എന്ന സ്ഥലത്തുവച്ച് ആയിരത്തിലധികം വരുന്ന ശത്രുക്കളെ നേരി
ടുകയും അവരെ നിശ്ശേഷം പരാജയപ്പെടുത്തുകയുമുണ്ടായി. ഇത് ചരിത്രത്തിലെ
ഒരദ്ഭുതമായി ഇന്നും കണക്കാക്കപ്പെടുന്നു. തടവുകാരായി പിടിക്കപ്പെട്ടവരോട് കാരു
ണ്യത്തോടെ പെരുമാറണമെന്ന നബി(സ)യുടെ നിർദേശം മുസ്‌ലിംകൾ കർശന
മായി പാലിച്ചു. ഒരു തടവുകാരൻ മുസ്‌ലിംകളെപറ്റി പറഞ്ഞതായി വില്യം മൂർ എന്ന
ചരിത്രകാരൻ പറയുന്നു: ''ഞങ്ങളെ സവാരി ചെയ്യാൻ അനുവദിച്ചുകൊണ്ടവർ
നടന്നു. ഗോതമ്പ് അപ്പം ആവശ്യത്തിനില്ലാതെവന്നപ്പോൾ ഉള്ളത് ഞങ്ങൾക്ക് തന്നിട്ട്
കാരക്കകൊണ്ടവർ തൃപ്തിപ്പെട്ടു.''

തടവുകാരിൽ അക്ഷരാഭ്യാസമുള്ളവർക്ക് മോചനമൂല്യമായി നബി(സ) നിശ്ച
യിച്ചത് നിരക്ഷരരായ മുസ്‌ലിംകളെ എഴുത്തും വായനയും പഠിപ്പിക്കുക എന്നതാ
യിരുന്നു. ലോകചരിത്രത്തിൽ ഇതിന് സമാന്തരമായി ഉദ്ധരിക്കാൻ വേറൊരു സംഭവ
മില്ല.

നബി(സ)യുടെ അനുദിനം ഏറിവരുന്ന ജനപ്രീതിയും അനുയായികളുടെ എണ്ണ
ത്തിലുള്ള വർധനയും കണ്ടമ്പരന്ന ഖുറൈശികൾ മക്കയിൽനിന്നും വീണ്ടും പല
പടനീക്കങ്ങളും നടത്തുകയുണ്ടായി. മക്കയിൽ ജീവിക്കാൻ സാധ്യമല്ലാതെ മദീനയി
ലെത്തിയ നബിയേയും അനുയായികളേയും നിശ്ശേഷം വകവരുത്താൻ കരുതി
ക്കൂട്ടി ഇങ്ങനെ ആക്രമണം നടത്തിയ ശത്രുക്കൾക്കെതിരിൽ സ്വരക്ഷക്കുവേണ്ടി
യുദ്ധം ചെയ്യാൻ മുസ്‌ലിംകൾ നിർബന്ധിതരായി. ഈ യുദ്ധങ്ങളിൽ തടവുകാരായി
പിടിക്കപ്പെട്ടവരോട് കാരുണ്യത്തോടെ മുസ്‌ലിംകൾ പെരുമാറിയത് അവരിൽ പലരും
ഇസ്‌ലാം സ്വീകരിക്കുന്നതിന് കാരണമായി.

ഹിജ്റ ആറാംവർഷത്തിൽ കഅ്ബയിലേക്ക് പുണ്യയാത്ര ചെയ്യാൻ ആഗ്രഹം
പ്രകടിപ്പിച്ച നബിയും അനുയായികളും ഒരു സംഘമായി മക്കയിലേക്ക് പുറപ്പെട്ടു.
അവരെ മക്കയിൽ പ്രവേശിക്കാൻ ഖുറൈശികൾ അനുവദിച്ചില്ല. എങ്കിലും ഹുദൈ
ബിയ എന്ന സ്ഥലത്ത് വച്ച് അവരുമായി അങ്ങേയറ്റം വിട്ടുവീഴ്ചാമനോഭാവത്തോടെ

ഒരു സന്ധിയിൽ ഏർപ്പെടാൻ നബി(സ) തയ്യാറായി. ഖുറൈശികൾക്ക് ഒരു വിജയവും മുസ്‌ലിംകൾക്ക് ഒരു പരാജയവും ആയി വ്യാഖ്യാനിക്കപ്പെട്ട പ്രസ്തുത സന്ധിപ്രകാരം അടുത്ത വർഷം മക്കയിൽ പ്രവേശിക്കാൻ മുസ്‌ലിംകൾക്ക് അനുവാദം ലഭിച്ചു. ഈ സന്ധിയിൽ മുസ്‌ലിംകളിൽ മിക്കവരും അതൃപ്തരായിരുന്നു. പക്ഷേ, താമസിയാതെ തന്നെ നബി(സ)യുടെ വിദൂരവീക്ഷണത്തെപ്പറ്റിയും വിവേകത്തെപ്പറ്റിയും ബോധ്യപ്പെടാൻ മുസ്‌ലിംകൾക്കവസരം കിട്ടി. ഹുദൈബിയാ സന്ധിയിലെ ചില ഉപാധികൾ ഖുറൈശികൾ ലംഘിക്കുകയും തൽഫലമായി പതിനായിരം മുസ്‌ലിംകളുമായി നബി മക്കയിലേക്ക് മാർച്ച് ചെയ്യുകയും ചെയ്തു. എട്ടു ദിവസത്തെ യാത്രക്കുശേഷം മാർഗമധ്യേ വിശ്രമിച്ച നബിയെ മക്കയിൽനിന്നുള്ള ഒരു പ്രതിനിധി സംഘം സന്ദർശിക്കുകയും മക്കയിൽ പ്രവേശിക്കുന്നതിൽനിന്ന് പിന്തിരിയുവാൻ നബിയോടഭ്യർഥിക്കുകയും ചെയ്തു. ഈ അവസരത്തിൽ, മുസ്‌ലിംകളുടെ ബദ്ധശത്രുവായിരുന്ന അബൂസുഫ്യാനോട് നബി(സ) ചോദിച്ചു: ''അബൂസുഫ്യാൻ, താങ്കൾക്ക്, അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണെന്നും അംഗീകരിക്കാൻ ഇനിയും സമയമായില്ലേ?'' ഇതു കേട്ട അബൂസുഫ്യാൻ അല്പം ആലോചിച്ചതിന് ശേഷം ഇസ്‌ലാം സ്വീകരിക്കുകയും മടങ്ങിപ്പോയി നബിക്കും അനുയായികൾക്കും സമാധാനത്തോടെ മക്കയിൽ പ്രവേശിക്കാനുള്ള മാർഗമൊരുക്കുകയും ചെയ്തു. ഒരു ചെറുവിഭാഗത്തിന്റെ എതിർപ്പിനെ നേരിടേണ്ടിവന്നെങ്കിലും താരതമ്യേന സമാധാനപരമായി മുസ്‌ലിംകൾ മക്കയിൽ പ്രവേശിച്ചു. തനിക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുകയും തന്നെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്ത മർദകർ ഇപ്പോൾ നബിയുടെ കരുണയിൻകീഴിലായി. ക്രിസ്ത്വബ്ദം 630 ജനുവരിയിൽ നടന്ന ഈ സംഭവമാണ് 'മക്കാവിജയം' എന്ന സംജ്ഞകൊണ്ടുദ്ദേശിക്കപ്പെടുന്നത്. ഖുർആനിലെ 'നസ്വ്ർ' (സഹായം) എന്ന അധ്യായത്തിലെ സൂക്തങ്ങൾ ചൊല്ലിക്കൊണ്ട് മക്കയിൽ പ്രവേശിച്ച നബി(സ) എല്ലാവർക്കും പൊതുമാപ്പ് നല്കി. ഈ സംഭവം നബിയുടെ ക്ഷമയുടെയും മഹാമനസ്കതയുടെയും മകുടോദാഹരണമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. കഅ്ബയിൽ പ്രവേശിച്ച നബി(സ) ആ ദേവാലയത്തിനുള്ളിലെ വിഗ്രഹങ്ങളെല്ലാം നീക്കംചെയ്ത് ശുദ്ധീകരിച്ചു. അതിനുശേഷം, ജനങ്ങളെ അഭിമുഖീകരിച്ച് പ്രസംഗിച്ച അദ്ദേഹം മനുഷ്യരുടെ സാഹോദര്യത്തെപ്പറ്റിയുള്ള ഖുർആൻ വാക്യങ്ങൾ ഉദ്ധരിക്കുകയും അവയിൽ ഊന്നി സംസാരിക്കുകയും ചെയ്തു. ഇതോടുകൂടി കൂട്ടംകൂട്ടമായി ജനങ്ങൾ നബി(സ)യുടെ അടുത്ത് വരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ ഖുർആനിലെ പ്രവചനം നിവൃത്തിയായി: ''അല്ലാഹുവിന്റെ സഹായവും വിജയവും വന്നാൽ, അല്ലാഹുവിന്റെ മതത്തിൽ ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിച്ചാൽ (അപ്പോൾ) നിന്റെ നാഥനെ നീ വാഴ്ത്തുകയും പാപമോചനത്തിനായർഥിക്കുകയും ചെയ്യുക. നിശ്ചയം, അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്.'' (ഖു. 110: 1–3).

ഹിജ്റ 9–ാം വർഷം അറേബ്യയുടെ നാനാഭാഗങ്ങളിൽനിന്നും അനേകം പ്രതിനിധി സംഘങ്ങൾ നബി(സ)യുടെ അടുക്കൽവന്നു. അനേകം ഗോത്രങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളും അനുഷ്ഠാനങ്ങളും ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കാൻ പ്രാപ്തരായ അനേകം അധ്യാപകരെ നബി(സ) നാടിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചു. അവരോടദ്ദേഹം പറഞ്ഞു: ''ജനങ്ങളോട് സൗമ്യമായി പെരുമാറുക... ഒരിക്കലും അപമര്യാദയോടെ പെരുമാറരുത്. അവർക്ക് സന്തോഷം പകർന്നുകൊടുക്കുക. അവരെ താണവരായി ഒരിക്കലും കാണരുത്.



അവരുടെയിടയിൽ, വേദഗ്രന്ഥങ്ങൾ ലഭിച്ചവരെ നിങ്ങൾ കണ്ടെത്തും.'' അവർ നിങ്ങളോട് ചോദിക്കും: ''സ്വർഗത്തിന്റെ താക്കോൽ ഏതാണ്?'' അവരോട് പറയുക: ''അത് ഏകദൈവം എന്ന സത്യത്തിൽ വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും ആണ് എന്ന്.''

ഏറെ താമസിയാതെ അറേബ്യ മുഴുവൻ ഇസ്‌ലാം സ്വീകരിക്കുകയും നബി(സ) മുസ്‌ലിംകളുടെ ആത്മീയവും ഭൗതികവുമായ എല്ലാ മണ്ഡലങ്ങളിലെയും നേതാവായിത്തീരുകയും ചെയ്തു. ഇസ്‌ലാമിക പ്രമാണങ്ങളിലധിഷ്ഠിതമായ ഒരു രാഷ്ട്രം സ്ഥാപിക്കുകയും സത്യമാർഗത്തിന്റെ സന്ദേശം ലോകമെമ്പാടും എത്തിക്കാനുള്ള ചുമതല വിശ്വാസദാർഢ്യമുള്ള ഒരു സമൂഹത്തെ ഏല്പിക്കുകയും ചെയ്തതോടെ മുഹമ്മദ് നബി(സ)യുടെ ദൗത്യം പൂർത്തിയായി. വിഗ്രഹാരാധനയും അതോട് ബന്ധപ്പെട്ട സകല അനാചാരങ്ങളും നിശ്ശേഷം തുടച്ചുനീക്കപ്പെട്ടു. അന്ധവിശ്വാസത്തിലും അക്രമത്തിലും മുഴുകി ജീവിച്ചിരുന്ന ഒരു ജനതയെ ആത്മീയ ജീവിതത്തിന്റെ ഔന്നത്യത്തിലേക്കുയർത്തി. തൽഫലമായി, നിരന്തരമായ കലഹങ്ങളാൽ ബദ്ധശത്രുക്കളായി കഴിഞ്ഞിരുന്ന ഗോത്രങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ ഐക്യത്തിലും സ്നേഹത്തിലും സമാധാനപരമായ സഹവർത്തിത്വത്തിലും ജീവിച്ചു. നിഷ്ഠുരമായ ദുഷ്പ്രഭുത്വം, സാമൂഹിക നീതിക്കും സമത്വത്തിനും വഴിമാറിക്കൊടുത്തു. മനുഷ്യർ കല്ലിൽ കൊത്തിവെച്ചതോ മരംകൊണ്ടുണ്ടാക്കിയതോ അല്ല ദൈവം എന്നും മറിച്ച്, ലോകാലോകങ്ങളുടെ സ്രഷ്ടാവും സർവശക്തനും കരുണാവാരിധിയുമായ അല്ലാഹുവാണ് ദൈവമെന്നും അവർ മനസ്സിലാക്കി.

ക്രി. വ. 632 ഫെബ്രുവരിയിൽ നബി(സ) മദീനയിൽനിന്ന് പതിനായിരക്കണക്കിൽ മുസ്‌ലിംകളോടൊപ്പം മക്കത്തേയ്ക്ക് ഹജ്ജ് എന്ന പുണ്യകർമം നിർവഹിക്കാനായി യാത്ര പുറപ്പെട്ടു. അറഫാകുന്നിന്റെ മുകളിൽവെച്ച് ഒരു ലക്ഷത്തിപതിനാലായിരം വരുന്ന ജനങ്ങളെ അദ്ദേഹം അഭിസംബോധനചെയ്തു സംസാരിച്ചു. അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ കാതലായ ഭാഗം ഇതായിരുന്നു:

''ജനങ്ങളേ, എന്റെ വാക്കുകൾ ശ്രദ്ധിക്കൂ. ഇനി മറ്റൊരിക്കൽ ഈ സ്ഥലത്ത് ഞാൻ നിങ്ങളുടെ കൂടെ ഉണ്ടാകുമോ എന്നെനിക്കറിയില്ല. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുന്നതുവരെ നിങ്ങൾ പരസ്പരം, നിങ്ങളുടെ ജീവനും സ്വത്തും ഈ ദിവസത്തെയും മാസത്തെയും നഗരത്തെയും പോലെ പാവനവും അലംഘനീയവുമായി പരിഗണിക്കണം. നിങ്ങളുടെ ഓരോ പ്രവൃത്തിയെക്കുറിച്ചും നിങ്ങൾക്ക് അല്ലാഹുവിന്റെ മുമ്പിൽ ഉത്തരവാദിത്വമുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരുടെ മേലും അവർക്ക് നിങ്ങളുടെ മേലും അവകാശങ്ങളുണ്ട്. ഭാര്യമാരോട് നിങ്ങൾ സ്നേഹത്തിലും ദയയിലും വർത്തിക്കണം. അല്ലാഹുവിനെ സാക്ഷിയാക്കിയാണ് നിങ്ങൾ അവരെ സ്വീകരിച്ചത്. അവർ നിങ്ങൾക്ക് വിധേയരായതും അല്ലാഹുവിന്റെ വാക്കുകൾ വഴിയാണ്. നിങ്ങളിൽ ഏല്പിക്കപ്പെട്ട ബാധ്യതകൾ സത്യസന്ധമായി നിർവഹിക്കുക. പാപങ്ങളിൽ നിന്നകന്നു നിൽക്കുക. പലിശ നിരോധിക്കപ്പെട്ടതാണ്. കടക്കാരൻ കടംവാങ്ങിയ മുതൽ മാത്രമേ തിരിച്ചു കൊടുക്കേണ്ടതുള്ളൂ. അജ്ഞതയുടെ കാലത്ത് സ്വീകരിക്കപ്പെട്ട രക്തംകൊണ്ടുള്ള പ്രതികാരവും നിരോധിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ അടിമകൾക്ക് നിങ്ങൾ കഴിക്കുന്ന ഭക്ഷണവും നിങ്ങൾ ധരിക്കുന്ന വസ്ത്രവും നല്കണം. അവർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും അവരോട് പരുഷമായി പെരുമാറാവതല്ലെന്നും ഓർമിക്കണം. മുസ്‌ലിംകൾ പരസ്പരം സഹോദരൻമാരെന്നറിയുക. ഒരാൾക്ക് അവകാശപ്പെട്ടത് മറ്റൊരാൾ ഒരിക്കലും സ്വന്തമാക്ക

രുത്. അനീതി പ്രവർത്തിക്കാതിരിക്കാൻ സൂക്ഷിക്കുക. ഈ കാര്യങ്ങൾ, ഇവിടെ സമ്മേളിച്ചവർ ഇവിടെ എത്തിച്ചേരാത്തവരെ അറിയിക്കുക.''

ഇതോടുകൂടി പൂർത്തിയാക്കപ്പെട്ട ഇസ്‌ലാം എന്ന വ്യവസ്ഥിതിയെ സ്ഥിരീകരിച്ചുകൊണ്ടുള്ള ഒരു ദൈവവചനം ആ അവസരത്തിൽ അവതരിക്കുകയുണ്ടായി. അതിങ്ങനെയാണ്: ''ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പൂർത്തിയാക്കിത്തരികയും എന്റെ അനുഗ്രഹത്തെ ഞാൻ (അതുവഴി) നിറവേറ്റിത്തരികയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.'' (ഖു: 5: 4)

ആ ഹജ്ജ് (മക്കയിലേക്കുള്ള പുണ്യയാത്ര) 'ഹജ്ജത്തുൽ വദാഅ്' അഥവാ വിടവാങ്ങലിന്റെ പുണ്യയാത്ര എന്ന പേരിലാണറിയപ്പെടുന്നത്. കാരണം, അത് നബി(സ)യുടെ ജീവിതത്തിലെ അവസാനത്തെ ഹജ്ജായിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ  ആരോഗ്യനില മോശമായിക്കൊണ്ടിരുന്നു. എങ്കിലും കഴിയുന്നിടത്തോളം അദ്ദേഹം പൊതുപ്രാർഥനകളിൽ പങ്കെടുത്തിരുന്നു. പള്ളിയിൽ അവസാനമായി ചെന്നപ്പോൾ അദ്ദേഹം ജനങ്ങളോട് പറഞ്ഞു: ''ഞാൻ ആരോടെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ഞാനിതാ സമാധാനം പറയാൻ തയ്യാറായി നിൽക്കുന്നു. ഞാൻ ആർക്കെങ്കിലും എന്തെങ്കിലും തരാനുണ്ടെങ്കിൽ ഇതാ എനിക്കുള്ളതൊക്കെയും നിങ്ങളുടേതാണ്.'' സദസ്സിൽ നിന്നൊരാൾ എഴുന്നേറ്റ് മൂന്ന് ദിർഹം (നാണയം) ആവശ്യപ്പെട്ടു. നബി(സ) ആവശ്യപ്പെട്ടതനുസരിച്ച് ഒരു സാധുവിന് അയാൾ കൊടുത്തതായിരുന്നു, ആ പണം. നബി അത് ഉടൻ തിരിച്ചുകൊടുത്തു. എന്നിട്ടു പറഞ്ഞു: ''ഈ ലോകത്തിൽ ലജ്ജിക്കേണ്ടിവരുന്നതാണ് പരലോകത്തിൽ ലജ്ജിക്കേണ്ടിവരുന്നതിനേക്കാൾ നല്ലത്.'' തുടർന്ന് അദ്ദേഹം പിന്നോട്ട് തിരിഞ്ഞ് സ്വന്തം മകളോടും മറ്റ് സ്ത്രീകളോടുമായി പറഞ്ഞു: ''അല്ലാഹുവിന്റെ മുമ്പിൽ സ്വീകാര്യമായ കാര്യങ്ങൾ ചെയ്യുക. കാരണം, നിങ്ങളെ രക്ഷപ്പെടുത്താൻ എനിക്ക് യാതൊരു കഴിവുമില്ല.'' ഇതിന് ശേഷം ഏറെത്താമസിയാതെ ക്രി. വ. 632 ജൂൺ 8-ാം തീയതി അദ്ദേഹം മരണമടയുകയും ചെയ്തു.

നബി(സ)യുടെ മരണവാർത്തയറിഞ്ഞ ഉമർ ഫാറൂഖ് (രണ്ടാം ഖലീഫ) ആ വാർത്ത വിശ്വസിക്കാൻ തയ്യാറായില്ല. നബി മരിച്ചുവെന്ന് പറയുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളാണെന്നുവരെ അദ്ദേഹം പറഞ്ഞു. പക്ഷേ, ഒന്നാം ഖലീഫയും ശാന്തഗംഭീരനുമായ അബൂബക്കർ ഇതുകേട്ട് ഇങ്ങനെ പറഞ്ഞു: ''മുസ്‌ലിംകളേ, നിങ്ങളാരെങ്കിലും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അദ്ദേഹം മരണപ്പെട്ടിരിക്കുന്നു. അതല്ല നിങ്ങൾ ദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽ അവൻ എന്നും ജീവിക്കുന്നവനാണ്. അവൻ ഒരിക്കലും മരിക്കുകയില്ല.'' അതിനുശേഷമദ്ദേഹം ഈ ഖുർആൻ സൂക്തം ഓതി: ''മുഹമ്മദ് ഒരു പ്രവാചകൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പ് അനേകം പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മൃതിയടയുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്തിരിഞ്ഞോടുകയോ? ആരെങ്കിലും പിന്തിരിഞ്ഞാൽ അവൻ അല്ലാഹുവിന് ഒരു ദോഷവും ചെയ്യുന്നില്ല. കൃതജ്ഞത കാണിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുന്നതാണ്'' (ഖു: 3: 144). അബൂബക്കറിന്റെ ഈ വാക്കുകൾ കേട്ട ഉമറിന് തന്റെ തെറ്റ് മനസ്സിലാവുകയും നബി(സ) മരണപ്പെട്ടു എന്ന സത്യവുമായി പൊരുത്തപ്പെടുകയും ചെയ്തു.

അങ്ങനെ ധന്യമായ ആ ജീവിതം അവസാനിച്ചു. ആ പ്രകാശത്തിലൂടെ നടന്ന അറബികൾ ഒരേ വിശ്വാസത്തിൽ, ഒരേ കൊടിക്കീഴിൽ അണിനിരക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുകയും ചെയ്തു. ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചു നടന്ന അജ്ഞരായ ഒരു ജനതയെ സാമ്രാജ്യങ്ങളുടെ ചുക്കാൻപിടിക്കാൻ പ്രാപ്തരാക്കിയ നബി(സ)യുടെ നേട്ടത്തെപ്പറ്റി ലമാർട്ടിൻ എന്ന ഫ്രഞ്ചു ചരിത്രകാരൻ പറയുന്നു: ''ലക്ഷ്യത്തിന്റെ മാഹാത്മ്യവും വിഭവങ്ങളുടെ കുറവും അദ്ഭുതകരമായ ഫലങ്ങളുമാണ് മനുഷ്യ പ്രതിഭ അളക്കാനുള്ള മൂന്നു മാനദണ്ഡങ്ങളെങ്കിൽ ആധുനിക ചരിത്രത്തിൽ മുഹമ്മദുമായി താരതമ്യമർഹിക്കുന്ന ആരാണുള്ളത്? ഏറ്റവും പ്രസിദ്ധരായ മനുഷ്യർ ആയുധങ്ങളും നിയമങ്ങളും സാമ്രാജ്യങ്ങളും മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. അവരുടെ കൺമുന്നിൽതന്നെ തകർന്നു വീണ ഭൗതിക ശക്തിമാത്രമേ അവർക്ക് സമാഹരിക്കാൻ സാധിച്ചുള്ളൂ. അതേസമയം, ഈ മനുഷ്യൻ സൈന്യങ്ങളെയും നിയമങ്ങളെയും സാമ്രാജ്യങ്ങളെയും ജനതതികളെയും രാജവംശങ്ങളെയും മാത്രമല്ല ചലിപ്പിച്ചത്. മറിച്ച്, അന്നത്തെ ലോകത്തിന്റെ മൂന്നിലൊന്നോളം വരുന്ന ജനലക്ഷങ്ങളെ കൂടിയാണ്. ഇതിനെല്ലാമുപരി അദ്ദേഹം അൾത്താരകളെയും ദേവൻമാരെയും മതങ്ങളെയും ആശയങ്ങളെയും വിശ്വാസങ്ങളെയും ആത്മാക്കളെയും മാറ്റി സ്ഥാപിച്ചു. ഓരോ അക്ഷരവും നിയമമായി മാറിയ ഒരു ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന വ്യത്യസ്ത വർഗക്കാരായ ജനങ്ങളെ യോജിപ്പിക്കുന്ന ഒരു ആത്മീയ രാഷ്ട്രത്തിന് രൂപം നല്കി...''

ഇംഗ്ലീഷ് ചരിത്രകാരനായ ബോസ്‌വർത്ത് സ്മിത്ത് തന്റെ 'മുഹമ്മദും മുഹമ്മദനിസവും' എന്ന പുസ്തകത്തിൽ പറയുന്നു: ''രാഷ്ട്രത്തലവനും മതനേതാവുമായിരുന്ന മുഹമ്മദ് ഒരേസമയം മാർപ്പാപ്പയും കൈസറുമായിരുന്നു; പക്ഷേ അദ്ദേഹം മാർപ്പാപ്പയുടെ നാട്യങ്ങളില്ലാത്ത മാർപ്പാപ്പയായിരുന്നു; കൈസറിന്റെ സൈന്യങ്ങളില്ലാത്ത കൈസറും. സ്ഥിരമായ ഒരു സൈന്യമോ സ്ഥിരമായ ഒരു വരുമാനമോ ഇല്ലാതെ ആരെങ്കിലും ദൈവത്തിൽനിന്നു ലഭിച്ച അധികാരത്തിൽ ഭരിച്ചു എന്ന് പറയാമെങ്കിൽ അത്, മുഹമ്മദ് മാത്രമാണ്. കാരണം, അദ്ദേഹത്തിന് ഭരണകർത്താവെന്ന നിലയിൽ അധികാരത്തിന്റെ ഉപകരണങ്ങളോ അധികാരത്തെ താങ്ങിനിർത്തുന്ന മറ്റു ഘടകങ്ങളോ ഉണ്ടായിരുന്നില്ല... മതനേതാക്കളും പുണ്യവാളൻമാരും സഭാധ്യക്ഷൻമാരുമായി അദ്ദേഹത്തെ താരതമ്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഏറ്റവും വലിയ അദ്ഭുതമായി ഞാൻ കാണുന്നത് ഒരദ്ഭുതവും താൻ ചെയ്തതായി അദ്ദേഹം അവകാശപ്പെട്ടില്ല എന്നതാണ്. അദ്ദേഹത്തിന് ചെയ്യാൻ കഴിയുമെന്ന് പറഞ്ഞ കാര്യങ്ങൾ അദ്ദേഹം ചെയ്തു. അദ്ദേഹത്തിന്റെ അനുയായികൾ അവ കാണുകയും ചെയ്തു.... അദ്ദേഹം തന്റെ ദൗത്യാരംഭം മുതൽ അവകാശപ്പെട്ട ഒരേ ഒരു പദവി മാത്രമേ തന്റെ ജീവിതാന്ത്യം വരെ അദ്ദേഹം അവകാശപ്പെട്ടുള്ളൂ. ഏറ്റവും ഉന്നതമായ ദർശനവും ഏറ്റവും സത്യസന്ധമായ ക്രിസ്തുമതവും ഒരു പ്രവാചകനെന്ന അദ്ദേഹത്തിന്റെ ആ പദവി, ദൈവത്തിന്റെ യഥാർഥ പ്രവാചകനെന്ന ആ പദവി, ഒരു കാലത്ത് അദ്ദേഹത്തിന് അംഗീകരിച്ചുകൊടുക്കുമെന്ന് തന്നെയാണെന്റെ വിശ്വാസം.''

മനുഷ്യരോട്, അവരുടെ പദവിയോ ജാതിയോ നോക്കാതെ സ്നേഹത്തിലും സൗമ്യതയിലും ആയിരുന്നു നബി(സ) പെരുമാറിയത്. സെയ്ദ് എന്ന ക്രിസ്ത്യാനിയായ ഒരടിമയുടെ കഥ പ്രസിദ്ധമാണ്. സെയ്ദിന്റെ അച്ഛൻ മകനെ കൂട്ടിക്കൊണ്ടുപോകാൻ വന്നപ്പോൾ സെയ്ദ് നബിയോട് പറഞ്ഞു: ''ഞാൻ താങ്കളെ വിട്ടുപോകുകയില്ല. താങ്കൾ എനിക്കു അച്ഛനും അമ്മയുമാണ്.'' ഈ സെയ്ദ് മരിച്ചപ്പോൾ ഖബ്റി

നു മുകളിൽ കണ്ണീരൊഴുക്കിക്കൊണ്ടിരുന്ന നബിയെക്കണ്ട് സെയ്ദിന്റെ പുത്രി ചോദിച്ചു: ''ഞാനെന്താണിക്കാണുന്നത്?'' അപ്പോളദ്ദേഹം പറഞ്ഞു: ''ഒരാൾ അയാളുടെ കൂട്ടുകാരന്റെ വേർപാടിൽ കരഞ്ഞുകൊണ്ടിരിക്കുന്നതാണ് നീ കാണുന്നത്.''[26]

വ്യക്തിപരമായ ഇടപെടലുകളിൽ സൗമ്യതയും വിനയവും നബിയുടെ പ്രത്യേകതകളായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ആഇശ(റ) പറയുന്നു: ''മൂടുപടമണിഞ്ഞ ഒരു കന്യകയേക്കാൾ ലജ്ജാശീലമുണ്ടായിരുന്നു അദ്ദേഹത്തിന്... ഒരിക്കലും ഒരു ക്ഷണം എത്ര താഴ്ന്നവന്റേതായാലും അദ്ദേഹം നിരസിച്ചിട്ടില്ല. എത്ര ചെറുതായാലും വച്ചുനീട്ടിയ ഒരു സമ്മാനം അദ്ദേഹം സ്വീകരിക്കാതിരുന്നിട്ടില്ല... അദ്ദേഹത്തെ സന്ദർശിക്കുന്ന ഒരു കൂട്ടം ആളുകളിൽ ഓരോരുത്തർക്കും തോന്നിയിരുന്നു, താനാണ് അദ്ദേഹത്തിന് ഇഷ്ടപ്പെട്ട അതിഥി എന്ന്. വിജയത്തിൽ ആഹ്ലാദിക്കുന്നവരെ അദ്ദേഹം ആവേശത്തോടെ കൈപിടിച്ചഭിനന്ദിക്കുകയും ദുഃഖങ്ങളനുഭവിക്കുന്നവരോട് അനുകമ്പയോടെ പെരുമാറുകയും ചെയ്തു. കുട്ടികളോട് സ്നേഹവും കാരുണ്യവുമായിരുന്നു അദ്ദേഹത്തിന്.... ദാരിദ്ര്യത്തിലും ഭക്ഷണം മറ്റുള്ളവരുമായി പങ്കുവെച്ചു. ചുറ്റുമുള്ള ഓരോരുത്തരുടെയും സുഖസൗകര്യങ്ങളിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു.''

ശത്രുക്കളോട് പോലും നീതിയും മര്യാദയും വിട്ട് ഒരിക്കൽപോലുമദ്ദേഹം പെരുമാറിയില്ല. മക്കാനഗരം അദ്ദേഹത്തിന് കീഴടങ്ങിയപ്പോൾ അദ്ദേഹത്തെ മുമ്പുപദ്രവിച്ചവർക്കെല്ലാം പൊതുമാപ്പു കൊടുത്ത സംഭവം പ്രസിദ്ധമാണ്. പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും ഏറ്റവും വലിയ പരിശുദ്ധിയും മാന്യതയും പുലർത്തിയിരുന്ന നബി(സ)യെ മനഃപൂർവം തേജോവധം ചെയ്യുന്ന തരത്തിലുള്ള ഗ്രന്ഥങ്ങളും ലേഖനങ്ങളും ഇസ്‌ലാമിന്റെ ശത്രുക്കൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ആരോപണങ്ങളുടെ കഴമ്പില്ലായ്മ അദ്ദേഹത്തിന്റെ ജീവചരിത്രം പഠിച്ചവർക്കെല്ലാമറിയാം. കാരണം, അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. വേറൊരു മഹാന്റെയും ജീവചരിത്രം ഇത്ര വിശദമായി അനുയായികളോ മറ്റുള്ളവരോ രേഖപ്പെടുത്തിയിട്ടില്ല. ഏറ്റവും നിസ്സാര കാര്യങ്ങൾ മുതൽ അത്യുന്നത കാര്യങ്ങൾ വരെ വളരെ നിഷ്കർഷയോടെ സ്വഹാബികൾ (അദ്ദേഹത്തിന്റെ അനുയായികൾ, ശിഷ്യർ) രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ദാമ്പത്യ-കുടുംബ കാര്യങ്ങളിലുള്ള വ്യക്തിപരമായ സംഗതികൾപോലും നമ്മെ അറിയിച്ചുതരുന്നത് അദ്ദേഹത്തിന്റെ ഭാര്യയായ ആഇശ(റ)യാണ്. ഇങ്ങനെ അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനവും മുഴുവൻ പരിശോധിക്കാനും വിശകലനം ചെയ്യാനും ഭാവി തലമുറയ്ക്കവസരം ലഭിക്കുന്നു. ഇത് അത്യാവശ്യവുമാണ്. കാരണം, ഒരു സമുദായത്തിന്റെ മുഴുവൻ ജീവിതവും അദ്ദേഹത്തിന്റെ ജീവിത മാതൃകയിലാണ് കെട്ടിപ്പടുക്കേണ്ടത്. അതിന്റെ അടിസ്ഥാന പ്രമാണങ്ങൾ നല്കുന്നത് ഖുർആനാണ്. ഒരിക്കൽ നബി(സ)യുടെ സ്വഭാവത്തെപ്പറ്റി പത്നി ആഇശയോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു, 'നബി(സ)യുടെ സ്വഭാവം ഖുർആനാണ്' എന്ന്. അഥവാ ഖുർആൻ ജീവിച്ചുകാണിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അങ്ങനെ നൂറുശതമാനവും പ്രായോഗികമായ ഒരു ജീവിത പദ്ധതിയാണ് ഖുർആൻ അവതരിപ്പിക്കുന്നത് എന്ന് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു.

**അധ്യായം - മൂന്ന്**

20. മത്തായി 22 : 21-22.
21. ഹിറ്റ്ലറിൻെറ നാസിസം (Nazism) പോലെ സ്വന്തം ദേശത്തിനോ വർഗത്തിനോ അമിത പ്രാധാന്യം നൽകുന്ന ഒരു പ്രസ്ഥാനം മറ്റുള്ളവരോടുള്ള വിദ്വേഷത്തിലധിഷ്ഠിതമായിരിക്കും. അവരുടെ സമീപനം നിഷേധാത്മകമായിരിക്കും.



# വിശുദ്ധ ഖുർആൻ

നബി (സ)യുടെ 23 വർഷത്തെ ദൗത്യനിർവഹണത്തിനിടയിൽ വിവിധ സന്ദർഭങ്ങളിലായി ദൈവം അവന്റെ മാലാഖ മുഖേന അവതരിപ്പിച്ചുകൊടുത്ത വചനങ്ങളുടെ സമാഹാരമാണ് ഖുർആൻ. അമുസ്‌ലിം സഹോദരർ ധരിച്ചിരിക്കുന്നത് പോലെ ഖുർആൻ നബി(സ) രചിച്ച കൃതിയല്ല. അക്ഷരാഭ്യാസമില്ലാത്ത പ്രവാചകനായിരുന്ന മുഹമ്മദ് നബി(സ)ക്ക് പ്രവാചകത്വ ലബ്ധിക്ക് മുമ്പ് ആടിനെ മേച്ചും കച്ചവടത്തിലേർപ്പെട്ടും മാത്രമുള്ള പരിചയമാണ് ഉണ്ടായിരുന്നത്. അങ്ങനെയുള്ള ഒരാൾ അറബിഭാഷയിലെ ഏറ്റവും മനോഹരമായ ഗ്രന്ഥം രചിച്ചു എന്ന് പറയുന്നത് എത്രയോ ഭോഷത്തമായിരിക്കും. അദ്ദേഹം ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന എത്രയോ സംഭവങ്ങൾ ഖുർആനിലുണ്ട്. അവയൊക്കെ തികച്ചും സന്ദർഭത്തിനനുസൃതമായി മനുഷ്യവർഗത്തിന് പാഠങ്ങളുൾക്കൊള്ളാൻ തക്കവണ്ണമാണ് ഖുർആനിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ബൈബിളുമായി ഖുർആൻ താരതമ്യപ്പെടുത്തി നോക്കിയാൽ ഖുർആനിന്റെ മാഹാത്മ്യം വ്യക്തമാകും. ഉദാഹരണമായി, പഴയ നിയമത്തിൽ വർണിച്ചിരിക്കുന്ന ചരിത്ര സംഭവങ്ങൾ ഖുർആൻ കൈകാര്യം ചെയ്യുന്നതുമായി തുലനം ചെയ്തു നോക്കുക; മിക്ക ചരിത്ര സംഭവങ്ങളും വികൃതമാക്കിയാണ് പഴയ നിയമം ചിത്രീകരിച്ചിരിക്കുന്നതെന്ന് തെളിയും. പ്രകടമായ അസത്യങ്ങളും അർധ സത്യങ്ങളും വൈരുധ്യങ്ങളും ആ ഗ്രന്ഥത്തിലുടനീളം കാണാം. ഇക്കാരണത്താലാണ് ക്രിസ്ത്യാനികൾ മിക്കവരും പഴയ നിയമത്തെ തള്ളിപ്പറയുന്നതും. അതേ സമയം, ആ ചരിത്ര സംഭവങ്ങൾ തന്നെ ഖുർആനിലെങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നു എന്ന് നോക്കുക. ഉന്നതമായ ഒരു ധാർമിക ബോധം ജനങ്ങളിലുണർത്തുക എന്ന ലക്ഷ്യത്തോടെയാണവ വർണിച്ചിരിക്കുന്നത് എന്ന് ഒറ്റ നോട്ടത്തിൽ തന്നെ കാണാം. സംഭവങ്ങളുടെ വിശദാംശങ്ങളിൽ പലപ്പോഴും പഴയ നിയമവുമായി വ്യത്യാസങ്ങളുമുണ്ട്. പഴയ നിയമത്തിന്റെയും ഖുർആനിന്റെയും ഭാഷ്യങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ ഒരു കാര്യം ബോധ്യമാകും, സംക്ഷിപ്തമെങ്കിലും മനുഷ്യചേതനയെ തട്ടിയുണർത്താൻ പര്യാപ്തമായ ഖുർആനിലെ ചരിത്രാഖ്യാനങ്ങൾക്കാണ് വിശ്വാസ്യതയെന്ന്. അതുപോലെ, അവയാണ് ദൈവികവീക്ഷണത്തിൽ രേഖപ്പെടുത്തപ്പെട്ടവയെന്നും. പഴയ നിയമത്തിൽ അവ കൈകാര്യം ചെയ്ത മനുഷ്യരുടെ വൈകല്യങ്ങളുടെയും വൈകൃതങ്ങളുടെയും സകല അടയാളങ്ങളുമുണ്ട്. അതേ സമയം, മനുഷ്യന്റെ നന്ദികേടും വഴിപിഴച്ച പോക്കും പരാമർശിക്കുന്ന ഭാഗത്ത് പോലും ഖുർആൻ ഏറ്റവും ഉന്നതവും തീർച്ചയായും ദൈവികവുമായ ഒരു വീക്ഷണം പുലർത്തുന്നു. ഈ ഒറ്റക്കാരണത്താൽ തന്നെ ഖുർആൻ നബിയുടെ രചനയല്ലെന്ന് രണ്ടു ഗ്രന്ഥങ്ങളെപ്പറ്റിയും സാമാന്യമായ അറിവും ആത്മാർഥതയുമുള്ള ആർക്കും മനസ്സിലാക്കാം. വിശേഷിച്ചും, സാമ്രാജ്യങ്ങളുടെ അടിത്തറയിളക്കാൻ മാത്രം ശക്തി പ്രാപിച്ച ഇസ്‌ലാമിൽ മുഹമ്മദ് എന്ന ഒരേ ഒരാൾ മാത്രമാണാദ്യം ഉണ്ടായിരുന്നതെന്നോർക്കുക. നിരന്തരവും ശക്തവുമായ എതിർപ്പുകളെ അതിജീവിച്ച് അറേബ്യയിലെ ജനങ്ങൾ മുഴുവൻ, ചുരുങ്ങിയ കാലത്തിനുള്ളിൽ ഇസ്‌ലാമിന്റെ കൊടിക്കീഴിലണിനിരന്നുവെന്നത് ചരിത്രസത്യമാണ്. ഇതെങ്ങനെ സാധിച്ചുവെന്ന ചരിത്രം പഠിച്ച നിഷ്പക്ഷമതികൾക്ക് നബിയുടെ പ്രവാചകത്വമോ ഖുർആനിന്റെ ദൈവികത്വമോ വിശദീകരിച്ചു തള്ളുക സാധ്യമല്ല.

ഇസ്‌ലാം, മുഹമ്മദ് നബി സ്വന്തം നിലയിൽ തുടങ്ങിയ ഒരു പ്രസ്ഥാനമാണെങ്കിൽ, അഥവാ, ഖുർആൻ അദ്ദേഹത്തിന്റെ രചനയാണെങ്കിൽ അങ്ങനെയൊരു

ളുടെയും രക്ഷിതാവുമായ ദൈവത്തിന് മാത്രം നിങ്ങൾ ആരാധനയർപ്പിക്കുക. അവന്റെ മുമ്പിൽ മാത്രം തലകുനിക്കുക. സകല വിധ അടിമത്തങ്ങളും പൊട്ടിച്ചെറിഞ്ഞ് പരമകാരുണികനായ സ്രഷ്ടാവിന്റെ പരമാധികാരം മാത്രം സ്വീകരിക്കുക. കാരണം, മനുഷ്യരെല്ലാം സമന്മാരാണ്. ദേശത്തിന്റെയോ വർണത്തിന്റെയോ ജാതിയുടെയോ കുടുംബത്തിന്റെയോ സമ്പത്തിന്റെയോ പേരിലുള്ള മേൽക്കോയ്മക്കൊന്നും സ്ഥാനമില്ല. നിങ്ങൾക്ക് ദൈവം കനിഞ്ഞ് നല്കിയ അനുഗ്രഹം (ആരോഗ്യം, വിജ്ഞാനം, സമ്പത്ത്...) മറ്റുള്ളവർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ചെലവഴിക്കുക. നിങ്ങളുടെ ധനത്തിൽ നിന്നൊരു ഭാഗം അഗതികൾക്കും അനാഥർക്കും നല്കുക. പരസ്പരം സഹായിച്ചും സദുപദേശം നല്കിയും സ്നേഹത്തോടെ വർത്തിക്കുക.'' ഈ ഉപദേശങ്ങൾ നല്കിയ അദ്ദേഹത്തിന് മക്കാ നിവാസികൾ എന്ത് തരം സ്വീകരണമാണ് നല്കിയതെന്നോ? അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു; ഒട്ടകത്തിന്റെ ചീഞ്ഞ കുടൽമാല കഴുത്തിലണിയിച്ചു; ഭ്രാന്തനെന്നും മായാജാലക്കാരനെന്നും വിളിച്ചു. ചുരുക്കത്തിൽ, ജനിച്ചുവളർന്ന നാട്ടിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കി.

മക്കത്തുണ്ടായിരുന്ന സമ്പന്നരായ ദുഷ്പ്രഭുക്കൻമാർ അദ്ദേഹത്തെ എതിർത്തപ്പോൾ അടിമകളും അശരണരും അദ്ദേഹത്തിൽ ഒരു വിമോചകനെ കണ്ടു. അവർ അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചു. നിഷ്ഠുര മർദനങ്ങൾക്കും പീഡനങ്ങൾക്കും അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. എതിർപ്പുകളുടെ ഇടയിലൂടെ നടന്ന് അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നവരുടെ എണ്ണം വർധിക്കുന്നത് കണ്ടപ്പോൾ ആശങ്കാകുലരായ ശത്രുക്കൾ അദ്ദേഹത്തിന് എതിരെ പല തന്ത്രങ്ങളും പ്രയോഗിച്ചു. ഭീഷണികൾ ചെലവാകാതിരുന്നപ്പോൾ പ്രലോഭനങ്ങൾ പരീക്ഷിച്ചു. സുന്ദരികളെ വിവാഹം ചെയ്തുകൊടുക്കാമെന്ന് പറഞ്ഞു, ധനം എത്രവേണമെങ്കിലും തരാമെന്ന് പറഞ്ഞു. പക്ഷേ, ഇവക്കൊന്നും നബി (സ)യുടെ മനസ്സിൽ ചാഞ്ചല്യം ഉണ്ടാക്കാൻ സാധിച്ചില്ല. ശാശ്വതമായ സത്യം കണ്ടെത്തിയവൻ ഈ ലോകത്തിലെ മിന്നിമറയുന്ന കളിപ്പാട്ടങ്ങളിൽ ആകൃഷ്ടനാകുന്നതെങ്ങനെ? ദൈവം അദ്ദേഹത്തെ ഏൽപിച്ച ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ കടുകിട പിന്നോട്ടുപോകുവാൻ അദ്ദേഹം തയ്യാറായില്ല. ഖുറൈശി നേതാക്കളുടെ മർദനം അസഹ്യമായപ്പോൾ സുരക്ഷിതത്വബോധം നഷ്ടപ്പെട്ട അനുയായികളിൽ ഒരു വിഭാഗത്തെ നബി(സ) അബിസീനിയയിലേക്ക് അയച്ചു. അബിസീനിയയിലെ ക്രിസ്തീയ രാജാവായിരുന്ന നജ്ജാശി (Negus) നീതിമാനായ ഭരണകർത്താവായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കീഴിൽ മുസ്‌ലിംകൾക്ക് സംരക്ഷണം ലഭിക്കുമെന്ന് നബി(സ)ക്ക് ഉറപ്പുണ്ടായിരുന്നു. ക്രി. വ. 615-ൽ ഇങ്ങനെ അബിസീനിയായിലെത്തിയ മുസ്‌ലിംകളുടെ സംഘത്തിന് അവിടെ സമാധാനത്തോടെ കഴിയാമായിരുന്നുവെങ്കിലും വിവരമറിഞ്ഞ് ഖുറൈശികൾ അവരുടെ പ്രതിനിധിയെ നജ്ജാശിയുടെയടുത്തേക്കയച്ചു. ഖുറൈശികളുടെ ആരോപണങ്ങൾ കേട്ട നജ്ജാശി മുസ്‌ലിംകളെ കൊട്ടാരത്തിൽ വിളിച്ച് അവർ വിശ്വസിക്കുന്ന പുതിയ മതത്തെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ അവരുടെ നേതാവായ ജഅ്ഫറുബ്നു അബീത്വാലിബ് ഇങ്ങനെ പറഞ്ഞു: ''മഹാരാജാവേ, ഞങ്ങൾ അജ്ഞരായ ഒരു ജനതയായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കുകയും മൃഗങ്ങളുടെ ശവം തിന്നുകയും അസാന്മാർഗിക പ്രവർത്തനങ്ങൾ നടത്തുകയും കുടുംബബന്ധങ്ങൾ വേർപ്പെടുത്തുകയും അയൽവാസികളെ ദ്രോഹിക്കുകയും അശക്തനെ ചൂഷണം ചെയ്യുകയും ചെയ്തി



വസ്തുതയാണ്. അമേരിക്കൻ കവിയായ റോബർട്ട് ഫ്രോസ്റ്റ് പറയുന്നു, ''പരിഭാഷപ്പെടുത്തുമ്പോൾ നഷ്ടപ്പെടുന്നതെന്താണോ അതാണ് കവിത'' എന്ന്. അപ്പോൾ ഖുർആൻ പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാഷയുടെ മൗലികമായ ചാരുത നഷ്ടപ്പെടുന്നതിൽ അദ്ഭുതത്തിനവകാശമില്ല. തന്നെയുമല്ല, സ്വതന്ത്ര വിവർത്തനം ഖുർആനിന്റെ കാര്യത്തിൽ സാധ്യവുമല്ല. ദൈവ വചനങ്ങൾ മനുഷ്യർ ഭാഷാന്തരം ചെയ്യുമ്പോൾ മനുഷ്യവചനങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കണമല്ലോ. അറബി ഭാഷ പഠിക്കാത്തവരെ സംബന്ധിച്ചേടത്തോളം ഖുർആനിന്റെ ആശയങ്ങൾ ഗ്രഹിക്കാൻ പരിഭാഷ കൂടാതെ കഴിയുകയില്ല. ഈ കാഴ്ചപ്പാടിൽ വേണം ഇന്ന് നിലവിലുള്ള ഖുർആൻ പരിഭാഷകളെ വീക്ഷിക്കാൻ. ചുരുക്കത്തിൽ, ഖുർആനിന്റെ കാവ്യഭംഗിയും ഭാഷാഗാംഭീര്യവും ശരിക്കും മനസ്സിലാകണമെങ്കിൽ അറബി പഠിച്ചേ മതിയാവൂ. അതേസമയം അതിന്റെ ആശയങ്ങളെ സംബന്ധിച്ചേടത്തോളം അല്ലാഹു ഖുർആനിൽ തന്നെ വ്യക്തമാക്കിയിരിക്കുന്നതുപോലെ ''ഖുർആൻ മനുഷ്യർക്ക് എളുപ്പമാക്കി തന്നിരിക്കുന്നു.''

പരിഭാഷയിൽകൂടി ഖുർആൻ പഠിക്കാനാഗ്രഹിക്കുന്നവർക്ക് ചില പ്രാഥമിക നിർദേശങ്ങൾ ആവശ്യമാണ്. പലരും വിചാരിക്കുന്നത് ഖുർആൻ പഴയ നിയമം പോലൊരു ഗ്രന്ഥമാണെന്നാണ്. ഈ തെറ്റിദ്ധാരണ സ്വാഭാവികവുമാണ്. കാരണം, പഴയ നിയമത്തിലുള്ള ചില പ്രവാചകരുടെ ചരിത്രം ഖുർആനിലുണ്ട്. ഖുർആൻ ഒരു സാധാരണ ഗ്രന്ഥമെന്ന നിലയിൽ വായിക്കാനൊരുങ്ങുന്ന ഒരാൾ ഒരധ്യായത്തിൽ തുടങ്ങുന്നു എന്ന് വിചാരിക്കുക. അധ്യായവും വാക്യവും കാണുമ്പോൾ അത് ബൈബിളിലേതു പോലെയാണെന്ന് ധരിച്ചുപോകും. പക്ഷേ, ഖുർആനിലെ അധ്യായവും വാക്യവും സാധാരണ അധ്യായവും വാക്യവുമെന്ന നിലയിലല്ല അവതരിപ്പിച്ചിട്ടുള്ളത്. അക്കാരണത്താലാണ് അധ്യായത്തിന് 'സൂറത്ത്' എന്ന് തന്നെ പറയാറുള്ളത്. അതുപോലെ വാക്യത്തിന് 'ആയത്ത്' എന്നും. [27] ഈ രണ്ടു പദങ്ങളും ഖുർആനിന്റെ മാത്രം സാങ്കേതിക പദങ്ങളാണ്. ഒരു സൂറത്തിൽ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങളുടെ വൈവിധ്യത്തിലും ഒരു വിഷയത്തിൽനിന്ന് മറ്റൊരു വിഷയത്തിലേക്കുള്ള പെട്ടെന്നുള്ള മാറ്റത്തിലും ഒരു പുതിയ വായനക്കാരന് അദ്ഭുതം തോന്നിയേക്കാം. അതുപോലെ ചില വാക്യങ്ങൾ ആവർത്തിച്ചിരിക്കുന്നതിന്റെ ഔചിത്യം മനസ്സിലാകാതെ വിഷമിച്ചേക്കാം. 'രാജാക്കന്മാർ', 'ശാമുവേൽ' തുടങ്ങിയ പഴയ നിയമ പുസ്തകങ്ങൾ വായിച്ചു ശീലമുള്ള ഒരാൾക്ക് ആ വീക്ഷണത്തിലേ ഖുർആൻ കാണാൻ കഴിയുന്നുള്ളൂ എന്നും വരാം. അക്കാരണത്താൽ ഖുർആനിന്റെ മഹത്വങ്ങൾ അങ്ങനെയുള്ള ഒരാൾക്ക് ശരിക്കും മനസ്സിലാകാതെ പോകാനിടയുണ്ട്.

ഖുർആൻ ഒറ്റയിരുപ്പിന് വായിച്ചു തീർക്കേണ്ട ഒരു രസച്ചരടിന്മേൽ കോർത്ത കഥയല്ല. ഒരു സമയം ഏതാനും വാക്യങ്ങൾ വായിച്ച് അർഥം മനസ്സിലാക്കി അതേപ്പറ്റി ചിന്തിച്ച് ഉൾക്കൊള്ളേണ്ട ഒരു ഗ്രന്ഥമാണത്.[28] ഈ വിധത്തിൽ വായിച്ചുശീലിക്കുന്ന ഒരാൾക്ക് ഓരോ വായനയിലും കൂടുതൽ ഗ്രഹിക്കാനും അങ്ങനെ ഇത് ദൈവിക ഗ്രന്ഥമാണെന്നുള്ളത് കൂടുതൽ കൂടുതൽ ബോധ്യപ്പെടാനും സാധിക്കും. അതുപോലെ തന്നെ, മുമ്പോട്ടു വായിച്ചു പോകുമ്പോൾ ഖുർആനിലെ ശിഥില ചിത്രങ്ങൾക്ക് പൂർണത കൈവരുന്നത് കാണാം. അങ്ങനെയാണ്, ഈ ഗ്രന്ഥം പൂർവിക വേദങ്ങളെ സ്ഥിരീകരിക്കുന്നത്. അതോടൊപ്പം ഒരു കാര്യം കൂടി ഓർമിക്കുക. ആത്മീയൗന്നത്യങ്ങളിലേയ്ക്ക് മനുഷ്യമനസ്സിനെ ഉയർത്താനുള്ള ഖുർആനിന്റെ

23. മൗലാനാ അബുൽ കലാം ആസാദ് രചിച്ച 'ദൈവസങ്കല്പം കാലഘട്ടങ്ങളിലൂടെ' എന്ന ഗ്രന്ഥം നോക്കുക.

കഴിവ്, അതിന്റെ മൗലിക ഭാഷയിൽ ലഭിക്കുന്നത്രയും അളവിൽ ഏറ്റവും സമർഥമായ പരിഭാഷയിൽ പോലും പ്രകടമാവുകയില്ല.

ഇസ്‌ലാമിക ജീവിത വീക്ഷണം ഖുർആൻ പടുത്തുയർത്തുന്നത്, ഒരു സൗധത്തിന്റെ നിർമാണം പോലെയാണ്. ഒരു കെട്ടിടം പണിയുമ്പോൾ ഒരേസമയം ചുമർ പണിയും മരപ്പണിയും നടക്കുന്നു; അല്ലെങ്കിൽ ഒരേസമയം തറ വാർക്കുന്നു; വെള്ള പൂശുന്നു; വയറിംഗ് നടക്കുന്നു. വ്യത്യസ്തമായ പണിക്കാർക്ക് പകരം, ഇവയെല്ലാം ഒരാളാണ് ചെയ്യുന്നതെന്ന് വിചാരിക്കുക. അതുപോലെയാണ് ഖുർആനിന്റെ വിഷയാവതരണവും. ചരിത്രവും പ്രപഞ്ചവർണനയും ഉദ്ബോധനവും നിയമനിർദേശങ്ങളും ഇടവിട്ടിടവിട്ട് ഖുർആൻ നല്കുന്നു. ഇവയൊക്കെ പ്രത്യേകം പ്രത്യേകമായി കാണാതെ, ഒന്നായ ഒരു സമഗ്ര വീക്ഷണത്തിൽ കാണാൻ നാം പഠിച്ചാൽ ഖുർആനികാശയങ്ങളുടെ പരസ്പര ബന്ധം നമുക്ക് പെട്ടെന്ന് ബോധ്യപ്പെടും.

ആവർത്തിക്കപ്പെടുന്ന ചില വാക്യങ്ങളും പ്രയോഗങ്ങളും ഖുർആനിലുണ്ട്. ഇവയുടെ ഉദ്ദേശ്യം, വിഭിന്ന ദിശകളിലേയ്ക്ക് വ്യതിചലിച്ചു പോയ മനുഷ്യചേതനയെ ഒരേ ആശയത്തിലേയ്ക്ക് വീണ്ടും മടക്കിക്കൊണ്ടു വരിക എന്നതാണ്. ഇങ്ങനെ ആവർത്തിക്കപ്പെടുന്ന വാക്യങ്ങൾക്ക് ഒരു പ്രത്യേക ഈണവും താളവും അതിനെല്ലാമുപരി ധ്വന്യാത്മകതയുമുണ്ട് എന്ന് കാണാൻ പ്രയാസമില്ല. നിർണിത ലക്ഷ്യങ്ങളും ഒരു പദ്ധതിയുമനുസരിച്ചാണ് അല്ലാഹു ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ കെട്ടും മട്ടും വാക്യഘടനയും ആശയങ്ങളുടെ ക്രമീകരണവുമെല്ലാം അർഥപൂർണമാണ്. മനുഷ്യവിരചിത ഗ്രന്ഥങ്ങളുടെ ഗുണ വിശേഷങ്ങളളക്കുന്ന മാനദണ്ഡങ്ങൾ വച്ചുനോക്കിയാൽ ആ ഉദ്ദേശ്യം നമുക്ക് മനസ്സിലായില്ലെന്ന് വരാം. അതിലദ്ഭുതവുമില്ല. ഇങ്ങനെ സംഭവിക്കുന്നത്, ഖുർആനിന്റെ അപര്യാപ്തത കൊണ്ടല്ലെന്ന് മനസ്സിലാക്കാനുള്ള വിവേകമെങ്കിലും ചുരുങ്ങിയ പക്ഷം, നമുക്കുണ്ടായാൽ മതി.

ഖുർആനിൽ നാം കാണുന്ന മറ്റൊരു പ്രത്യേകത, ദൈവിക സന്ദേശത്തിന്റെ അപരിമേയമായ ചൈതന്യത്തിന് കീഴിൽ ഭാഷ ഛിന്നഭിന്നമായിപ്പോകുന്നതാണ്. മനുഷ്യസങ്കൽപത്തിനതീതമായ ആ അജയ്യ ശക്തിക്ക് മുമ്പിൽ മനുഷ്യന്റെ ഭാഷയുടെ ദൗർബല്യം പ്രകടമാണ്. ഇക്കാരണത്താൽ മനുഷ്യവിരചിതമായ ഗ്രന്ഥങ്ങളോട് ഖുർആൻ താരതമ്യപ്പെടുത്തുന്നതിൽ അർഥമില്ല. ഖുർആനിൽ നാം കാണുന്ന വൈവിധ്യമാർന്ന ആശയങ്ങളുടെ നിഗൂഢാർഥം പലപ്പോഴും നമുക്ക് മനസ്സിലാകാതെ പോകുന്നുവെങ്കിൽ മുമ്പ് സൂചിപ്പിച്ചതുപോലെ അതു നമ്മുടെ പോരായ്മയുടെ പ്രതിഫലനമാണ്. മറിച്ച്, ഖുർആനിന്റെ പോരായ്മയല്ല.

സാഹിത്യകൃതികളെ പറ്റിയുള്ള നമ്മുടെ ഇന്നലത്തെ സങ്കൽപമല്ല ഇന്നത്തേത്. ഭഗ്നബിംബങ്ങളുടെതായ സങ്കേതം ഉപയോഗിക്കുന്ന ആധുനിക കവിത പുരോഗമനത്തിന്റെ പരകോടിയിലെത്തിയെന്ന് വിശ്വസിക്കുന്ന ഒരു തലമുറയെ സംബന്ധിച്ചേടത്തോളം ഖുർആനിലെ ആഖ്യാന ശൈലി മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. മനുഷ്യജീവിതത്തിലെ സംഭവങ്ങൾക്കും അവയോടുള്ള നമ്മുടെ സമീപനങ്ങൾക്കും പ്രതികരണങ്ങൾക്കുമുള്ള വൈവിധ്യത്തിലും വൈജാത്യത്തിലും നമുക്ക് അദ്ഭുതമില്ല. അപ്പോൾ അതേ വിഷയം കൈകാര്യം ചെയ്യുന്ന ശൈലിയും അതിനിണങ്ങുന്നതാവുകയല്ലേ ഉത്തമം? അതേസമയം, ജീവിതമെന്നത് ഒരു ഏകകമാണെന്നും നമുക്കറിയാം. അതുപോലെ ഈ വൈവിധ്യങ്ങളെ സമന്വയിപ്പിക്കുന്ന അടിസ്ഥാനപരമായ ഒരു ഏകത അവയുടെ പിന്നിലുണ്ടെന്നും നാമറിയുന്നു. ചുരുക്കത്തിൽ, വിവിധ വർണങ്ങളുള്ള രത്നങ്ങൾ ചേർത്ത് കോർത്തുണ്ടാക്കിയ ഒരു മാലയുടേതുപോലെയാണ്, ഖുർആനിന്റെ വൈവിധ്യവും വർണശബളിമയും.

24. രാഹുകാലത്തിലും ശകുനത്തിലും വിശ്വസിക്കുന്ന ''യുക്തിവാദികൾ'', ചൊവ്വാ ദോഷത്തിലും ജാതകത്തിലും വിശ്വസിക്കുന്ന ''നിരീശ്വരവാദികൾ'', 13 ദൗർഭാഗ്യത്തിന്റെ ചിഹ്നമാണെന്ന് വിശ്വസിക്കുന്ന (Un Lucky Number) അത്യാധുനികർ, ബിസിനസ്സിൽ പരാജയപ്പെടുന്നത് സമയദോഷം കൊണ്ടാണെന്ന് പറയുന്ന 'പരിഷ്കാരി'കൾ, വാരഫലം നോക്കുന്ന 'പുരോഗമനവാദി'കൾ എന്നിവർ എത്രവേണമെങ്കിലും നമുക്ക് ചുറ്റുമുണ്ട്.

ഇതു വരെ പറഞ്ഞത് സാഹിത്യ വീക്ഷണത്തിൽ ഖുർആൻ പരിശോധിക്കുമ്പോൾ നമുക്ക് കാണാവുന്ന കാര്യമാണ്. ഒരു സാധാരണ ഗ്രന്ഥത്തിൽനിന്ന് ഖുർആൻ വ്യത്യസ്തമാവാൻ ഒരു കാരണം കൂടിയുണ്ട്. മുഹമ്മദ് നബി (സ)യുടെ 23 വർഷക്കാലത്തെ ജീവിതത്തിനിടയിൽ പല സന്ദർഭങ്ങൾക്കനുസൃതമായി അവതീർണമായ വാക്യങ്ങളുടെ സമാഹാരമാണ് ഖുർആൻ എന്നും നാം ഓർക്കണം. ഖുർആനിന്റെ ആദ്യഭാഗത്ത് തന്നെ പറയുന്നു: ''ഈ ഗ്രന്ഥം ദൈവ ഭയത്തോടെ നല്ല ജീവിതം നയിക്കണമെന്നാഗ്രഹമുള്ളവർക്ക് മാർഗദർശനമാണെന്നതിൽ സംശയമില്ല.'' അങ്ങനെയുള്ള ഒരു ഗ്രന്ഥം കേവലം ഭൗതികമായ ഒരു വിഷയത്തെ സംബന്ധിച്ച് മനുഷ്യരെഴുതുന്ന ഗ്രന്ഥത്തെപ്പോലെയായിരിക്കുകയില്ല.

അടിസ്ഥാനപരമായി ഖുർആനിൽ മനുഷ്യർക്ക് വേണ്ടിയുള്ള മൂന്നു തരം സന്ദേശങ്ങളുണ്ട്.

ഒന്നാമതായി, മനുഷ്യർക്ക് അവരുടെ ഗ്രഹണശക്തി അനുവദിക്കുന്നത്രയും അല്ലാഹുവിനെ മനസ്സിലാക്കാനുപയുക്തമായ വർണനകൾ, പ്രപഞ്ചസൃഷ്ടിയും പ്രകൃതിയും, മനുഷ്യോൽപത്തിയും പ്രപഞ്ചത്തിൽ അവന്നുള്ള സ്ഥാനവും, അവന്റെ യഥാർഥ ലക്ഷ്യം, അവന് നല്കപ്പെട്ട അനുഗ്രഹങ്ങൾ മുതലായവ.

രണ്ടാമതായി, പ്രവാചകരുടെയും കഴിഞ്ഞുപോയ സമൂഹങ്ങളുടെയും ചരിത്രം, അവർ നേരിട്ട പരീക്ഷണങ്ങൾ, അവരുടെ വിജയാപചയങ്ങൾ, അവയിൽനിന്നുള്ള പാഠങ്ങൾ മുതലായവ.

മൂന്നാമതായി, മനുഷ്യന് ദൈവത്തോടുണ്ടായിരിക്കേണ്ട സമീപനം, അവന്റെ കടമകൾ, വിശ്വാസാനുഷ്ഠാനങ്ങൾ, വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും പാലിക്കേണ്ട നിയമങ്ങൾ, അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്നവർക്കുള്ള പ്രതിഫലം, അവ നിഷേധിക്കുന്നവർക്കുള്ള നഷ്ടം തുടങ്ങിയവ.

ഈ മൂന്നുതരം സന്ദേശങ്ങളും അവയുടെ സ്ഥാനങ്ങളിൽ വിവിധ സന്ദർഭങ്ങളിലായി ഖുർആൻ വിവരിക്കുന്നു. ഇതോടൊപ്പം മനുഷ്യന് അല്ലാഹു കനിഞ്ഞു നല്കിയിരിക്കുന്ന ചിന്താ സ്വാതന്ത്ര്യവും ബുദ്ധിശക്തിയും നിരീക്ഷണപാടവവും പരമാവധി ഉപയോഗപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നു. അഥവാ നമുക്കു ചുറ്റുമുള്ള പ്രപഞ്ച പ്രതിഭാസങ്ങളെ നിരീക്ഷിക്കാനും അവയെപ്പറ്റി ഗവേഷണം നടത്താനും ഖുർആൻ പ്രേരിപ്പിക്കുന്നു. ''ആകാശ ഭൂമികളെ സൃഷ്ടിച്ചതിലും, രാപകലുകൾ മാറിമാറി വന്നുകൊണ്ടിരിക്കുന്നതിലും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.'' (വി.ഖു: 3: 190)

ഈ വാക്യം സൂചിപ്പിക്കുന്നത്, കാര്യഗ്രഹണ ശേഷിയുള്ളവർക്ക് അഥവാ ബുദ്ധിയും യുക്തിയും ഉപയോഗിക്കുന്നവർക്ക് പ്രപഞ്ചത്തിൽ ദൈവ ചൈതന്യത്തിന്റേതായ എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലുമുണ്ട് എന്നാണ്. പ്രകൃതിയിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യങ്ങളെ കണ്ടെത്താനും അവയെ ലോകോപകാരപ്രദമായ

25. The Great Religious Leader's by Charles Fracis Potter, P. 186

മാർഗങ്ങളിൽ ഉപയോഗിക്കാനും പ്രേരിപ്പിക്കുന്ന ഏക വേദഗ്രന്ഥമാണ് ഖുർആൻ. ദൈവവിശ്വാസമുള്ള ഒരു ജനതയ്ക്ക് തങ്ങളുടെ കഴിവുകൾ പരമാവധി ഉപയോഗിച്ചുകൊണ്ടും അങ്ങനെ പ്രതിബന്ധങ്ങളെ തരണംചെയ്തു കൊണ്ടും മുന്നോട്ട് മുന്നോട്ട് നിരന്തരമായി പോകാൻ കഴിയുമെന്നുള്ള പാഠം ഖുർആൻ നല്കുന്നു.

ഖുർആനിന്റെ മറ്റൊരു സവിശേഷത, ജീവിതത്തിന്റെ എല്ലാ യാഥാർഥ്യങ്ങൾക്കും മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കും അത് അർഹമായ പരിഗണന നല്കുന്നു എന്നതാണ്. ഖുർആൻ മനുഷ്യനെ, അവന്റെ ജീവിതത്തിന്റെ ഉന്നത ലക്ഷ്യങ്ങൾ നേടാൻ സഹായിക്കുന്നു. ഐഹികവും പാരത്രികവുമായ സകല നേട്ടങ്ങളും കൈവരിക്കാൻ അവനെ പ്രാപ്തനാക്കുന്നു. നന്മയെ വളർത്തുകയും തിന്മയെ തളർത്തുകയും ചെയ്യാനുദ്ബോധിപ്പിക്കുന്നു. ചുരുക്കത്തിൽ, അന്ധകാരത്തിൽനിന്ന് മനുഷ്യനെ പ്രകാശത്തിലേയ്ക്ക് ആനയിക്കുന്നു.

ഖുർആനിക സന്ദേശങ്ങളുൾക്കൊണ്ടവരുടെ മേൽ ആ ഗ്രന്ഥത്തിനുള്ള സ്വാധീനം മൂന്ന് വിതാനങ്ങളിലാണെന്ന് പറയാം. ഒന്നാമതായി അത് മനുഷ്യ മനസ്സിനെയും ആത്മാവിനെയും ദൈവത്തിങ്കലേക്കുയർത്തുന്നു. പ്രപഞ്ചത്തിലുള്ള ദൈവിക സാന്നിധ്യത്തെക്കുറിച്ച് ബോധവാനായിട്ടല്ലാതെ ഒരു മുസ്‌ലിമിന് ഏത് പ്രവർത്തനവും നടത്തുക സാധ്യമല്ല. അല്ലാഹുവിന്റെ പ്രതിനിധിയായിട്ടാണ് മനുഷ്യൻ ഭൂമിയിലേക്കയക്കപ്പെട്ടിട്ടുള്ളത് എന്ന് ഖുർആൻ പറയുന്നു. ഈ വിശ്വാസം ഒരു മനുഷ്യന്റെ കാഴ്ചപ്പാടിലും ജീവിതം മൊത്തത്തിലും പരിവർത്തനങ്ങളുണ്ടാക്കുന്നു. അതോടൊപ്പം ഉദാത്തമായ ചിന്തയുടെയും ഉന്നതമായ ധർമത്തിന്റെയും പുതിയ ചക്രവാളങ്ങളിലേയ്ക്ക് ഉയരുവാൻ അത് മനുഷ്യനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

രണ്ടാമതായി, മനുഷ്യഹൃദയത്തിന്റെ അഗാധ തലങ്ങളിലുള്ള ആത്മീയതയെയും നന്മയെയും ഖുർആൻ തൊട്ടുണർത്തുന്നു. ഒരു വ്യക്തിയുടെ ആരോഗ്യകരമായ വളർച്ച അവന്റെ ഉള്ളിൽനിന്ന് തന്നെ ആരംഭിക്കുക എന്നതാണ് ഇതിനർഥം.

മൂന്നാമതായി, ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലെയും- വൈയക്തികം മുതൽ അന്താരാഷ്ട്ര പ്രശ്നങ്ങൾ വരെ -അടിസ്ഥാന തത്ത്വങ്ങൾ ഖുർആൻ ഉൾക്കൊള്ളുന്നു എന്നതാണ്. എല്ലാ ജീവിത വ്യാപാരങ്ങൾക്കും ഒരു ധാർമിക പരിവേഷം നല്കാൻ ഒരു വിശ്വാസിയെ ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. [29]

ഖുർആൻ സകല വിജ്ഞാനീയങ്ങളുടെയും സത്ത അടങ്ങിയിട്ടുള്ള ഒരു ഗ്രന്ഥമാണ്. എല്ലാ വിജ്ഞാനീയങ്ങളുടെയും ഉള്ളടക്കം സത്യമാണെന്നും ആത്യന്തിക സത്യം അല്ലാഹുവാണെന്നും മനസ്സിലാകുമ്പോൾ ഇതിലദ്ഭുതമില്ല. ഇക്കാരണത്താലാണ് ഖുർആനിന് 'ഗ്രന്ഥങ്ങളുടെ മാതാവ്' (ഉമ്മുൽ കിതാബ്) എന്ന പേരുള്ളത്. ഇസ്‌ലാമിക ദർശനത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനം ഖുർആനാണെന്നതു പോലെത്തന്നെ ശാസ്ത്രങ്ങൾക്ക് ജന്മം നല്കുന്നതിലും അവയുടെ വികാസം ത്വരിതപ്പെടുത്തുന്നതിലും ഖുർആൻ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഹാർട്ട് വിഗ്ഹെർഷ്ഫെൽഡ് പറയുന്നു:

''ഇസ്‌ലാമിക മണ്ഡലത്തിലെ മതപ്രവർത്തനങ്ങൾ ആധ്യാത്മിക വിഭാവനകളിൽ മാത്രം ഒതുങ്ങിനിന്നില്ല. ഗ്രീക്കുകാരുടെ തത്ത്വശാസ്ത്രവും വാനശാസ്ത്രവും വൈദ്യശാസ്ത്രവും പരിചയപ്പെട്ട മുസ്‌ലിംകൾ ഈ വിഷയങ്ങൾ പഠിക്കാനാരംഭിച്ചു... നൂറ്റാണ്ടുകളായി വാനശാസ്ത്രം മുസ്‌ലിംകൾ മാത്രമായിരുന്നു കൈകാര്യം ചെയ്തിരുന്നത് എന്നത് അവരുടെ ഈ വിഷയത്തിലുള്ള അഗാധ പരിജ്ഞാനത്തിന്റെ തെളിവാണ്. പല നക്ഷത്രങ്ങളുടെ അറബിനാമങ്ങളും മറ്റു അറബിസാങ്കേതിക പദങ്ങളും ഇപ്പോഴും പ്രയോഗത്തിലുണ്ട്. യൂറോപ്പിലെ മധ്യകാല വാനശാസ്ത്രജ്ഞന്മാർ അറബികളുടെ വിദ്യാർഥികളായിരുന്നു... ഇതുപോലെ തന്നെ, ഖുർആൻ വൈദ്യശാസ്ത്ര പഠനങ്ങളിലും, പൊതുവിൽ പ്രകൃതിയുടെ നിരീക്ഷണ പഠനങ്ങളിലും പ്രേരണ നല്കി.'' [30]



ഖുർആൻ നൽകുന്ന ജ്ഞാനം, മനുഷ്യമനസ്സിനുത്തേജനം നല്കാൻ പോരുന്ന ചലനാത്മകമായ ജ്ഞാനമാണ്. നബി(സ) ദൈവ മാർഗത്തിലേയ്ക്ക് ജനങ്ങളെ ക്ഷണിക്കാനാരംഭിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനം ഖുർആനിന്റേതായിരുന്നു. പ്രതിബന്ധങ്ങളെ തൃണവൽഗണിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ശക്തി ഖുർആനിലൂടെ ലഭിച്ചതായിരുന്നു. മനുഷ്യനെ അമ്പരപ്പിക്കുകയും കരയിക്കുകയും ഭീതിപ്പെടുത്തുകയും അതേസമയം ആത്മീയാനുഭൂതിയുടെ ഔന്നത്യത്തിലെത്തിക്കുകയും ചെയ്യാൻ കഴിവുള്ള ഖുർആനെ സംബന്ധിച്ച്, വിശ്വസാഹിത്യത്തിലെ അതികായനായ ഗ്വെഥേ പറയുന്നു:

''എത്ര പ്രാവശ്യം വായിച്ചാലും പുതുമ നഷ്ടപ്പെടാത്ത ഒരു ഗ്രന്ഥമാണിത്. ആദ്യം നമുക്ക് മടുപ്പ് തോന്നിയേക്കാമെങ്കിലും താമസിയാതെ ഈ ഗ്രന്ഥം നമ്മെ ആകർഷിക്കുകയും ആശ്ചര്യപ്പെടുത്തുകയും നമ്മുടെ ആദരവ് പിടിച്ചുപറ്റുകയും ചെയ്യും.... അതിന്റെ ഉള്ളടക്കത്തിനും ഉദ്ദേശ്യത്തിനും അനുസൃതമായ അതിന്റെ ശൈലി ഗൗരവം നിറഞ്ഞതും ഗംഭീരവും ഭയം ഉണർത്തുന്നതും മിക്കപ്പോഴും വളരെ ഉദാത്തവുമാണ്. അങ്ങനെയുള്ള ഈ ഗ്രന്ഥം കാലഘട്ടങ്ങളിലൂടെ ജനതതികളുടെ മേൽ ശക്തമായ ഒരു സ്വാധീനമായി വർത്തിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.'' [31]

പ്രശസ്ത അമേരിക്കൻ സാഹിത്യകാരനായ ജെയിംസ് മിഷനർ പറയുന്നു: ''ഒരു പക്ഷേ ഏറ്റവും കൂടുതൽ ഹൃദിസ്ഥമാക്കപ്പെട്ടതും വിശ്വസിക്കുന്ന ഒരു ജനവിഭാഗത്തിന്റെ ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നതുമായ ഒരു ഗ്രന്ഥമാണ് ഖുർആൻ. പുതിയ നിയമത്തിന്റെയത്ര ദൈർഘ്യമില്ലെങ്കിലും ഏറ്റവും ഉദാത്തമായ ശൈലിയിൽ എഴുതപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം പദ്യമല്ല; സാധാരണ ഗദ്യവുമല്ല. പക്ഷേ, അതിന്ന് കേൾവിക്കാരെ വിശ്വാസത്തിന്റെ അഭൗമ മേഖലകളിലേയ്ക്കുയർത്താനുള്ള കഴിവുണ്ട്. [32]

ഖുർആൻ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുള്ള റവറൻഡ് ജെ. എം. റോഡ്‌വെൽ എഴുതുന്നു: ''ശക്തി, ജ്ഞാനം, കാരുണ്യം, ഏകത്വം തുടങ്ങിയ ദൈവിക ഗുണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിലും ആകാശഭൂമികളുടെ അധിപനായ ഏക ദൈവത്തിൽ വിശ്വാസമുറപ്പിക്കുന്നതിലും ഉദാത്തവും അഗാധവുമായ ധാർമിക ബോധവും വിവേകവും ഊട്ടിയുറപ്പിക്കുന്നതിലും ഖുർആൻ പ്രശംസയർഹിക്കുന്നു. ശക്തമായ രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ഖുർആനിലുണ്ട് എന്ന് അത് തെളിയിച്ചിരിക്കുന്നു.'' [33]

ലോറാ വെച്ച്യാ വല്യേറി എഴുതുന്നു: ''ഏറ്റവും ബുദ്ധിമാന്മാരായ മനുഷ്യർക്കും ഏറ്റവും മഹാന്മാരായ ദാർശനികർക്കും ഏറ്റവും സമർഥരായ രാജ്യതന്ത്രജ്ഞന്മാർക്കും സ്വീകരിക്കാൻ പറ്റിയ വിജ്ഞാനശേഖരം ഖുർആനിൽ നമുക്കു കാണാം... ഖുർആൻ അവതരിച്ചത് മുതൽ ഇന്നുവരെ നൂറ്റാണ്ടുകളിലൂടെ യാതൊരു വ്യത്യാസവുമില്ലാതെ അത് സംരക്ഷിക്കപ്പെട്ടു എന്നതാണ് ദൈവികത്വം തെളിയിക്കുന്ന ഒരു കാര്യം... വീണ്ടും വീണ്ടും വായിക്കപ്പെടുന്ന ഈ ഗ്രന്ഥം, എത്ര ആവർത്തിച്ചു വായിച്ചാലും വിശ്വാസികൾക്ക് അതിനോടുള്ള ബഹുമാനം വർധിക്കുന്നതല്ലാതെ മടുപ്പു തോന്നുകയില്ല. ഇതു വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന ആളിൽ അദമ്യമായ ഭക്ത്യാദരങ്ങൾ ഉണരുന്നു.''.... [34]

ജോൺ വില്യം ഡ്രേയ്പർ പറയുന്നു: ''നിറയെ ഉന്നതമായ ധാർമിക നിർദേശങ്ങളും തത്ത്വങ്ങളുമടങ്ങുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ. എല്ലാ മനുഷ്യരും അംഗീകരിക്കേണ്ട തത്ത്വങ്ങളില്ലാത്ത ഒരു പേജുപോലും ഖുർആനിൽ കാണുക സാധ്യമല്ല. അത്തരത്തിലാണ് അതിന്റെ ഘടന.'' [35]

ചുരുക്കത്തിൽ, മനുഷ്യവർഗത്തിന് അല്ലാഹു നല്കിയ ഏറ്റവും മഹത്തായ ഒരനുഗ്രഹമാണ് ഖുർആൻ. അതിന്റെ വിജ്ഞാനം അന്യാദൃശമാണ്. മുൻകാലങ്ങളിലവതരിച്ച വേദങ്ങളെയും അവയിൽകൂടി അവതരിപ്പിക്കപ്പെട്ട നിത്യസത്യത്തെയും ശുദ്ധരൂപത്തിൽ കാത്തുസൂക്ഷിക്കുക; മനുഷ്യവർഗത്തെ നേർമാർഗത്തിൽ നയിക്കുക; മനുഷ്യാത്മാവിനെയും മനഃസാക്ഷിയെയും ഉണർത്തുക; മനുഷ്യമനസ്സുകളെ പ്രബുദ്ധമാക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രധാനമായും ഖുർആൻ നേടുന്നത്. അതിനുപകരിക്കത്തക്ക വിധത്തിലാണ് ഖുർആനിക സന്ദേശങ്ങൾ. അവതീർണമായ അതേ രൂപത്തിൽ നിലനിൽക്കുന്ന ഏക വേദഗ്രന്ഥമാണ് ഖുർആൻ. ഇക്കാര്യം മുസ്‌ലിംകളും അമുസ്‌ലിംകളുമായ പണ്ഡിതന്മാർ ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. അല്ലാഹു പറയുന്നു: ''തീർച്ചയായും, ഈ സന്ദേശം നാം അവതരിപ്പിച്ചതാണ്. നാമതിനെ സംരക്ഷിക്കുക തന്നെ ചെയ്യും, തീർച്ച.'' (ഖു: 15: 19)

അധ്യായം നാല്

# ഇസ്‌ലാമിന്റെ സവിശേഷതകൾ



## 1. ഏകദൈവ വിശ്വാസം

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമാണ് ''ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്'' (ആരാധനക്കർഹൻ, അല്ലാഹുമാത്രം; മുഹമ്മദ് അവന്റെ ദൂതനാണ്) എന്ന വാക്യം. ഈ വാക്യത്തിന്റെ അർഥം ലൗകികവും പാരത്രികവുമായ സകല മണ്ഡലങ്ങളിലും പരമാധികാരം അല്ലാഹുവിന്നാകുന്നുവെന്നാണ്. പ്രപഞ്ചത്തിലുള്ളത് സകലതും അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ച് നിലനിൽക്കുന്നു. എല്ലാം അല്ലാഹുവിന്റെ സൃഷ്ടികൾ മാത്രം. അതിനാൽ അല്ലാഹുവോടല്ലാതെ മറ്റാരോടും പ്രാർഥിക്കാൻ പാടില്ല. അല്ലാഹു വേദഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ചുതന്ന ധാർമിക നിയമങ്ങൾ മാത്രമേ പിൻപറ്റാനും പാടുള്ളൂ. ഇതാണാവാക്യത്തിന്റെ പൊരുൾ. ഏകദൈവത്തിന് മാത്രമുള്ള ഈ വിധേയത്വം അഥവാ അടിമത്തം മറ്റ് എല്ലാത്തരം അടിമത്തങ്ങളിൽനിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നു. മറ്റു വാക്കുകളിൽ, ഈ വിശ്വാസത്തിന്റെ താൽപര്യം ഇതാണ്: മനുഷ്യൻ, അവന്റെ മനസ്സിലുള്ള സകല കൃത്രിമ ദൈവങ്ങളെയും കപടവിശ്വാസങ്ങളെയും ഉച്ചാടനം ചെയ്ത് മനസ്സിനെ ശുദ്ധീകരിച്ച് ദൈവത്തെ മാത്രം കുടിയിരുത്തുക; ആ ദൈവത്തിന്റെ വ്യവസ്ഥിതി ജീവിത വ്യവസ്ഥിതിയായി സ്വീകരിക്കുക. അങ്ങനെ ജീവിതത്തിന് നേരെ ഏകത്വത്തിന്റേതായ ഒരു സമഗ്ര വീക്ഷണം വച്ചുപുലർത്തുക.

ശ്രീകോവിലിൽ പ്രതിഷ്ഠിക്കാനോ, നിശ്ചിത സമയങ്ങളിൽ നിവേദ്യം നല്കി തൃപ്തിപ്പെടുത്താനോ സാധിക്കുന്ന ഒരു ശക്തിവിശേഷമല്ല ദൈവം. സ്ഥലകാല പരിമിതികൾക്കതീതനായ ദൈവത്തെ ഒരു സ്ഥലത്ത് തളച്ചിടാനുള്ള ശ്രമം അങ്ങേയറ്റത്തെ ദൈവനിഷേധമാണ്. നമ്മുടെ വിശ്വാസത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ് ദൈവത്തെ കാണേണ്ടത്. സ്വാർഥിയായ മനുഷ്യൻ അവന്റെ ഭൗതിക മോഹങ്ങളും താൽക്കാലിക ലാഭങ്ങളും പരിഗണിച്ച്, അൾത്താരകളിലും പൂജാമുറികളിലും ദൈവത്തെ തടവിലിടാൻ ശ്രമിക്കുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ, ദൈവത്തിൽനിന്ന് ഒളിച്ചോടാമെന്ന് വ്യാമോഹിക്കുന്നു. പല ശുദ്ധാത്മാക്കളും ഇത് മനസ്സിലാക്കിയിട്ടില്ലെങ്കിലും ഇതു തന്നെയാണ് അവരറിയാതെ ചെയ്തുകൊണ്ടിരിക്കുന്നത്.

ദൈവം സർവവ്യാപിയാണ്. ഈ പ്രപഞ്ചം മുഴുവൻ ഒരു ദേവാലയമാണ്. എങ്ങോട്ട് തിരിഞ്ഞാലും നാം ദൈവത്തെ അഭിമുഖീകരിക്കുന്നു. അല്ലാഹു പറയുന്നു: ''ഞാൻ നിങ്ങളുടെ കണ്ഠനാളിയേക്കാൾ നിങ്ങളോടടുത്താണ്.'' ''നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ (പ്രാർഥനയിൽ) മുഖം തിരിക്കുന്നതിലല്ല ഭക്തി. ഭക്തി എന്നു പറയുന്നത് ഒരു ദൈവത്തിലും അവന്റെ മാലാഖമാരിലും വിധി ദിനത്തിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുക എന്നതാണ്; ദൈവത്തോടുള്ള പ്രേമം കാരണമായി നിങ്ങളുടെ ധനത്തിൽനിന്ന് ബന്ധുക്കൾക്കും അനാഥർക്കും ദരിദ്രർക്കും വഴിയാത്രക്കാരന്നും വേണ്ടി ചെലവഴിക്കുകയാണ്; കൃത്യമായി പ്രാർഥിക്കുകയും, നിർബന്ധമായ ദാനം നല്കുകയുമാണ്; നിങ്ങൾ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുകയാണ്; ദുഃഖത്തിലും കഷ്ടപ്പാടിലും എല്ലാ വിഷമ ഘട്ടങ്ങളിലും ക്ഷമയോടെ ഉറച്ചുനിൽക്കുകയുമാണ്. ഇങ്ങനെയുള്ളവരാണ് യഥാർഥ ദൈവഭക്തിയുള്ളവർ.'' (ഖുർആൻ 2: 177)

ചുരുക്കത്തിൽ, പ്രപഞ്ചം ഒരു ദേവാലയമാകുമ്പോൾ ഇവിടെയുള്ള മനുഷ്യരുടെ ജീവിതം മുഴുവനും ദൈവാരാധനയായി മാറുന്നു. അഥവാ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ദൈവിക നിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ ഒരു മനുഷ്യൻ ബാധ്യസ്ഥനാകുന്നു. അങ്ങനെ ജീവിക്കുമ്പോഴാണ് ''തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ത്യാഗസേവനവും, എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക സംരക്ഷകനായ അല്ലാഹുവിന്നുള്ളതാണ്'' (ഖുർആൻ 6 : 162) എന്ന് ഒരു മുസ്ലിമിന് ആത്മാർഥതയോടെ പറയാൻ കഴിയുന്നത്. ഈ വീക്ഷണത്തിലുള്ള ഏകദൈവവിശ്വാസം ഇസ്ലാമിന്റെ പ്രഥമവും പ്രധാനവുമായ സവിശേഷതയാണ്.

## 2. പ്രവാചകരിലുള്ള വിശ്വാസം

ലോകാരംഭം മുതൽ, മനുഷ്യവർഗത്തിന്റെ മാർഗദർശനത്തിനായി ഭൂമിയിലവതരിച്ച സകല പ്രവാചകരിലും മുസ്ലിംകൾ വിശ്വസിക്കണം. തന്നെയുമല്ല അവർക്കിടയിൽ യാതൊരു വ്യത്യാസവും കല്പിക്കാതെ അവരെ ബഹുമാനിക്കുകയും വേണം. ഈ പ്രവാചകരാണ് ദൈവിക സന്ദേശം ലോകത്തിന് വിവിധ കാലഘട്ടങ്ങളിൽ എത്തിച്ചുകൊടുത്തവർ. അവർ ദൈവം തെരഞ്ഞെടുത്ത, സത്യസന്ധതയും ആത്മാർഥതയുമുള്ള മനുഷ്യർ തന്നെയായിരുന്നു. അബ്രഹാമും മോശയും യേശുവും മുഹമ്മദും ഇവരിൽ പെടുന്നു. ഒരു കാലത്തല്ലെങ്കിൽ മറ്റൊരു കാലത്ത്, ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരുടെയെല്ലാം കർത്തവ്യം ധർമസംസ്ഥാപനമായിരുന്നു. അവർ അദ്ഭുതങ്ങൾ കാട്ടിയിട്ടുണ്ടെങ്കിൽ, അതവരുടെ കഴിവുകൊണ്ടല്ല; ദൈവത്തിന്റെ കഴിവുകൊണ്ടു മാത്രമാണ്. അതുകൊണ്ടവരെ ഒരിക്കലും ദൈവത്തിന് സമന്മാരായി കണക്കാക്കാൻ പാടുള്ളതല്ല. ദൈവത്തിന്റെ സൃഷ്ടികളായതുകൊണ്ട്, അവരും മറ്റു മനുഷ്യരെപ്പോലെ ദൈവത്തിന്റെ കാരുണ്യത്തിന് വേണ്ടി അർഥിക്കുന്നവരാണ്. അതുകൊണ്ട് നാം അവർക്ക് അർഹമായ ആദരവ് നല്കുകയും അവർക്കുവേണ്ടി ദൈവത്തിനോടു പ്രാർഥിക്കുകയും ചെയ്യുകയാണ് വേണ്ടത്. നാം അവർക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ നാം തന്നെ കൂടുതൽ ഭക്തിയുള്ളവരാകുന്നു. ഒരിക്കലും നാം അവരെ ആരാധിച്ചുകൂടാ. കാരണം, ആരാധന ദൈവം മാത്രമേ അർഹിക്കുന്നുള്ളൂ. എല്ലാ പ്രവാചകരിലും ഒരുപോലെ വിശ്വസിക്കുന്ന മുസ്ലിംകൾ, എല്ലാ മതങ്ങളിലെയും ദൈവികാംശത്തെ അംഗീകരിക്കുന്നു. ഇത് ഇസ്ലാമിന്റെ മറ്റൊരു സവിശേഷതയാണ്.

## 3. പരലോക വിശ്വാസം

ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ് മനുഷ്യൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യരുടേതായി കണക്കാക്കപ്പെടുന്ന സകലതും താൽക്കാലികമായി ദൈവം മനുഷ്യർക്ക് ഏല്പിച്ചുകൊടുത്തവയാണ്. ദൈവത്തിന്റെതായ ഈ അനുഗഹങ്ങൾ ദൈവം നിർദേശിച്ച വിധത്തിൽ ഉപയോഗിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. മനുഷ്യന്റെ പ്രാതിനിധ്യം അവസാനിക്കുമ്പോൾ, അതായത് അവന്റെ മരണശേഷം, അവന്റെ സ്രഷ്ടാവിങ്കലേക്കവൻ മടങ്ങും. ആ അവസരത്തിൽ അവന് ലഭിച്ച അനുഗ്രഹങ്ങളുടെ ദുർവിനിയോഗങ്ങളെപ്പറ്റി അഥവാ അവൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതിനെക്കുറിച്ചും ചെയ്യേണ്ടതില്ലാത്ത കാര്യങ്ങൾ ചെയ്തതിനെക്കുറിച്ചും അവൻ ചോദ്യം ചെയ്യപ്പെടും. ഈ പരീക്ഷണം വിജയകരമായി തരണം ചെയ്യുന്ന

26. "Heroes and Hero worship and the Heroic in Human history" by Thomas Carlyle.



പരലോകജീവിതത്തിനും അർഹമായ പ്രാധാന്യം നല്കുന്നു. രണ്ടും ഒരേ ഒരു ജീവിതത്തിന്റെ രണ്ടു ഘട്ടങ്ങളാണെന്നാണ് ഇസ്ലാമിന്റെ വീക്ഷണം. അതുകൊണ്ടാണ് ഒരു മുസ്ലിം ഇങ്ങനെ പ്രാർഥിക്കുന്നത്:

''ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങൾക്ക് ഇഹലോകത്തും പരലോകത്തും നന്മ പ്രദാനം ചെയ്യേണമേ. നരക ശിക്ഷയിൽനിന്നും നീ ഞങ്ങളെ കാക്കുകയും ചെയ്യേണമേ.'' ചുരുക്കത്തിൽ, ഇഹലോക ജീവിതം അർഥശൂന്യമാണെന്നും മായയാണെന്നും മറ്റുമുള്ള വിശ്വാസങ്ങളിൽനിന്ന് ഇസ്ലാമിക വിശ്വാസം വ്യതിരിക്തമാകുന്നു.

ഇസ്ലാമിലെ സമ്പൂർണതയുടെ രണ്ടാമത്തെ വശം മനുഷ്യജീവിതത്തിന്റെ മുഴുവൻ മേഖലയെയും അത് ഉൾക്കൊള്ളുന്നു എന്നതാണ്. സൗകര്യത്തിന് വേണ്ടി വിഷയങ്ങളെ തരം തിരിച്ച് കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും മതവും ദർശനവും ചരിത്രവും ശാസ്ത്രങ്ങളുമെല്ലാം ''ഇൽമ്'' (വിജ്ഞാനം) എന്ന പദത്തിൽ ഒതുങ്ങുന്നു. അവയെല്ലാം യഥാർഥത്തിൽ അല്ലാഹുവെപ്പറ്റിയുള്ള പഠനങ്ങളാണ്. അഥവാ ഇസ്ലാമിക പഠനങ്ങളാണ്. ഇതുപോലെ സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ രംഗങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും ഇസ്ലാമികമാവേണ്ടതുണ്ട്. എന്നു പറഞ്ഞാൽ ഈ രംഗങ്ങളിലെല്ലാം മനുഷ്യൻ ഇടപെടുമ്പോൾ അനുവർത്തിക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ ഖുർആനും നബിചര്യയുമായിരിക്കണം. ഇവയൊന്നും ഇസ്ലാമിന് പുറത്തല്ലായെന്ന് ചുരുക്കം. അപ്പോൾ ഒരു കച്ചവടക്കാരൻ ഇങ്ങനെ പറയുന്നുവെന്നിരിക്കട്ടെ: ''ഇതെന്റെ കച്ചവടക്കാര്യമാണ്; ഇവിടെ മതത്തിന് കാര്യമൊന്നുമില്ല'' എന്ന്. എങ്കിൽ, അയാൾ ഇസ്ലാമിനെ മനസ്സിലാക്കിയിട്ടില്ല. കൊള്ളലാഭമെടുക്കരുത്, അളവിലും തൂക്കത്തിലും കൃത്രിമം കാട്ടരുത്, പൂഴ്ത്തിവെയ്ക്കരുത്, സാധനങ്ങളിൽ വഞ്ചനയരുത് തുടങ്ങിയ ഇസ്ലാമിക നിയമങ്ങൾ പാലിക്കാൻ അയാൾ ബാധ്യസ്ഥനാണ്. ഈ നിയമങ്ങളൊക്കെ ഇസ്ലാമിന്റേത് എന്ന് പറയുന്നതിലെന്തർഥം? അവയെല്ലാം ലോകം മുഴുവനും അംഗീകരിക്കുന്ന നിയമങ്ങളല്ലേ എന്ന് ചോദിച്ചേക്കാം. ശരിയാണ്, ലോകം മുഴുവനും അംഗീകരിക്കുന്നതും അംഗീകരിക്കേണ്ടതുമായ നിയമങ്ങൾ തന്നെയാണ് ഇസ്ലാമിന്റേത്. കാരണം, അവ പ്രപഞ്ചസ്രഷ്ടാവിന്റെ നിയമങ്ങളാണ്. മനുഷ്യന്റെ സ്വഭാവവും സമൂഹജീവിതത്തിന്റെ പ്രത്യേകതകളുമൊക്കെ നന്നായറിയുന്നവന്റെ നിയമങ്ങളാണ്. വ്യക്തിപരം, സാമൂഹികം, രാഷ്ട്രീയം തുടങ്ങിയ ഈ ലോകത്തിലെ സകല മണ്ഡലങ്ങളിലും പരലോകത്തിലും യഥാർഥത്തിൽ മനുഷ്യന് വിജയം പ്രാപിക്കാനാവശ്യമായ നിയമങ്ങളടങ്ങുന്ന ഒരു സമ്പൂർണ ജീവിത വ്യവസ്ഥിതിയാണ് ഇസ്ലാം. ദൈവിക വെളിപാടുകളാണതിന്റെ അടിസ്ഥാനം. മുഹമ്മദ് നബി(സ)യുടെ അവസാനത്തെ ഹജ്ജായ 'ഹജ്ജത്തുൽ വിദാഇ'ൽ (വിടവാങ്ങലിന്റെ ഹജ്ജ്) വച്ചാണ് ഈ വെളിപാടുകൾ പൂർണമാകുന്നത്. അന്നവതരിച്ച അവസാനത്തെ ഖുർആൻ വാക്യം ഇതായിരുന്നു: ''(മനുഷ്യവംശത്തിന്റെ ആരംഭം മുതൽ ഞാൻ പടുത്തുയർത്തിയ) നിങ്ങളുടെ മതത്തെ ഇന്നത്തെ ദിവസം ഞാനിതാ നിങ്ങൾക്ക് പൂർത്തിയാക്കിത്തരുകയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് നാം നിറവേറ്റിത്തരുകയും ചെയ്തിരിക്കുന്നു. ഇസ്ലാമിനെ നിങ്ങൾക്കുള്ള മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.'' (ഖുർആൻ 5: 4)

മറ്റൊരു വ്യവസ്ഥിതിയിലും കാണാത്ത ഈ സമ്പൂർണത, ഇസ്ലാമിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷതയാണ്.

## 5. സന്തുലിതത്വം

ജീവിതസുഖങ്ങളെല്ലാം വെടിഞ്ഞ് ഒന്നിനും ഒരു താൽപര്യവും പ്രകടിപ്പിക്കാതെ സന്യാസ ജീവിതം നയിക്കുന്ന സമ്പ്രദായം അല്ലെങ്കിൽ നിസ്സംഗത ഇസ്‌ലാം അംഗീകരിക്കുന്നില്ല. ദൈവം മനുഷ്യർക്ക് അനുഗ്രഹമായി തന്നിട്ടുള്ള വിഭവങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള, മനുഷ്യപ്രകൃതിക്കനുയോജ്യമായ ജീവിതമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ഈ ലോകത്തെ വ്യാപാരങ്ങളിലും വ്യവഹാരങ്ങളിലും ഏർപ്പെട്ടുകൊണ്ടുതന്നെ സത്യസന്ധമായ, നന്മയുടേതായ ഒരു ജീവിതം കാഴ്ചവെക്കുക എന്ന ഇസ്‌ലാമിക വീക്ഷണം ഭൗതിക-ആത്മീയ സന്തുലിതത്വം കൈവരിക്കുന്നു. ഖുർആൻ പറയുന്നു: ''പ്രാർഥന കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിലൂടെ പരക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടിപ്പിടിക്കുകയും ചെയ്യുക. അതോടൊപ്പം നിങ്ങൾ യഥാർഥ വിജയികളാവാൻ വേണ്ടി, ദൈവത്തെ കൂടുതലായി സ്മരിക്കുകയും ചെയ്യുക.'' (ഖുർആൻ 62 :10)

ഇങ്ങനെ നേടിയെടുക്കുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവക്കാനും അങ്ങനെ ഐക്യബോധത്തോടെ, സാഹോദര്യത്തോടെ ജീവിക്കാനും ഇസ്‌ലാം ഉദ്ബോധിപ്പിക്കുന്നു. അതുപോലെത്തന്നെ വ്യക്തികളുടെ അവകാശങ്ങളും കടമകളും തമ്മിലും വ്യക്തിയുടെ സ്വാതന്ത്ര്യവും സമൂഹത്തിന്റെ പൊതുതാൽപര്യങ്ങളും തമ്മിലും ആരോഗ്യകരമായ ഒരു സന്തുലിതത്വം ഇസ്‌ലാം നിലനിർത്തുന്നു. കൂടാതെ, സാമ്പത്തിക മണ്ഡലത്തിലും ഇസ്‌ലാമിന്റെ നിലപാട് ഇതേ തരത്തിലാണ്. വ്യക്തികൾക്ക് സ്വത്ത് സമ്പാദിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നതുകൊണ്ട് ഇവിടെ കൃഷി, കച്ചവടം മുതലായ കാര്യങ്ങൾ പരമാവധി നടത്തുന്നു. അതോടൊപ്പം അങ്ങനെ നേടുന്ന സ്വത്തിൽ, കഴിവില്ലാത്തവർക്ക് നിശ്ചിതമായ അവകാശമുണ്ടെന്ന് ഇസ്‌ലാം വിധിക്കുന്നു. ആ അവകാശം പണക്കാരിൽനിന്ന് വാങ്ങി സാധുക്കൾക്ക് കൊടുക്കാനുള്ള വ്യവസ്ഥ യഥാർഥ ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ഉണ്ടായിരിക്കും. ഇസ്‌ലാമിക രാഷ്ട്രീയ വ്യവസ്ഥയില്ലാത്തിടത്ത് സമ്പന്നർ സ്വയം സംഘടിതമായി ഇത് ചെയ്യേണ്ടതാണ്. പണക്കാർ അനിയന്ത്രിതമായി സ്വത്ത് സമ്പാദിക്കുകയും പാവപ്പെട്ടവർ പട്ടിണികിടന്ന് മരിക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയല്ല ഇസ്‌ലാമിന്റേത്. ''അയൽക്കാരൻ പട്ടിണികിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ എന്റെ സമുദായത്തിൽപ്പെട്ടവനല്ല'' എന്ന നബി വാക്യത്തിൽ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയുടെ സത്ത കുടികൊള്ളുന്നു. ഇങ്ങനെ നോക്കുമ്പോൾ എല്ലാ കാര്യത്തിലും മിതത്വവും സന്തുലിതത്വവും പാലിക്കുന്ന ഒരേയൊരു വ്യവസ്ഥിതി ഇസ്‌ലാമിന്റേതാണെന്ന് കാണാൻ കഴിയും.

## 6. സാഹോദര്യം

മനുഷ്യരുടെ സമത്വത്തിനും സാഹോദര്യത്തിനും ഊന്നൽ കൊടുത്തുകൊണ്ട് സകല മനുഷ്യരെയും മൊത്തത്തിൽ അഭിസംബോധന ചെയ്യുന്ന ഒരേയൊരു മതമാണ് ഇസ്‌ലാം. മറ്റ് മതങ്ങൾ ചില ജാതികൾക്കോ ചില ദേശത്തുള്ളവർക്കോ അല്ലെങ്കിൽ പുരോഹിതർക്കോ മറ്റുള്ളവരുടെമേൽ മേൽക്കോയ്മ വകവച്ചു കൊടുക്കുന്നു. ഇസ്‌ലാം അത്തരത്തിലുള്ള എല്ലാ വ്യത്യാസങ്ങളെയും നിരസിച്ചുകൊണ്ട് ശരിയായ സാർവലൗകിക വീക്ഷണം പുലർത്തുന്നു. ഇസ്‌ലാമിൽ പൗരോഹിത്യം എന്ന ഏർപ്പാടേ ഇല്ല. സൃഷ്ടിക്കും സ്രഷ്ടാവിനുമിടയിൽ പുരോഹിതനെന്ന മധ്യവർത്തിയുടെ ആവശ്യം യുക്തിസഹമല്ല. ദൈവത്തിന് മാത്രമുള്ള വിധേയത്വം അംഗീകരി



ച്ചുകൊണ്ട് മറ്റെല്ലാതരത്തിലുമുള്ള അടിമത്തങ്ങളെയും ഇസ്‌ലാം ഉച്ചാടനം ചെയ്യുന്നു. അല്ലാഹു ഖുർആനിൽ പ്രഖ്യാപിക്കുന്നു: ''അല്ലയോ മനുഷ്യവർഗമേ, നിങ്ങളെ ഒരു സ്ത്രീയിൽനിന്നും പുരുഷനിൽനിന്നുമാണ് സൃഷ്ടിച്ചിരിക്കുന്നത്. നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമായി തിരിച്ചിരിക്കുന്നത്, പരസ്പരം തിരിച്ചറിയുന്നതിന് വേണ്ടിയാണ്. ദൈവത്തിന്റെ മുന്നിൽ ഏറ്റവും ഉത്തമൻ ജീവിതത്തിൽ ഏറ്റവും സൂക്ഷ്മത പാലിക്കുന്നവനത്രെ'' (ഖുർആൻ 49: 13). ഗോത്രങ്ങളുടെയും ജാതികളുടെയും ഉദ്ദേശ്യം ഒരു ജാതിക്കാർ എക്കാലവും നിർഭാഗ്യവാന്മാരായ മറ്റൊരു ജാതിക്കാരെ ചവിട്ടിമെതിക്കാൻ വേണ്ടിയിട്ടാണെന്ന അഹന്ത നിറഞ്ഞ മൂഢവിശ്വാസത്തെ ആക്ഷേപിച്ചുകൊണ്ട് ഇസ്‌ലാം സമത്വത്തിന്റെ മനോഹരമായ മുദ്രാവാക്യം ആയിരത്തി നാനൂറ് വർഷംമുമ്പ് മുഴക്കിയപ്പോൾ, അന്ന് താണജാതിക്കാരായി ഗണിക്കപ്പെട്ടിരുന്ന മർദിതരും ചൂഷിതരുമായിരുന്ന ജനവിഭാഗങ്ങൾ നബിയെ ഒരു രക്ഷകനായി കാണുകയും അദ്ദേഹത്തിൽ നിഷ്കപടമായ വിശ്വാസമർപ്പിക്കുകയും ചെയ്തു. 'വിശ്വാസികളെല്ലാം സഹോദരരാണെ'ന്ന് ഖുർആൻ ഉദ്ഘോഷിക്കുന്നു. നബി(സ) പറഞ്ഞു: ''അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ യാതൊരു പ്രാധാന്യവുമില്ല, ദൈവഭക്തികൊണ്ടല്ലാതെ. വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ യാതൊരു പ്രാധാന്യവുമില്ല, ദൈവഭക്തികൊണ്ടല്ലാതെ.''

നബി(സ)യുടെ നേതൃത്വത്തിൽ അറേബ്യ മുഴുവൻ ഇസ്‌ലാമിക ഭരണത്തിൻ കീഴിലായപ്പോൾ ഇന്നത്തെ സുപ്രീം കോടതിയുടെയും സെക്രട്ടറിയേറ്റിന്റെയും സ്ഥാനമലങ്കരിച്ചിരുന്നത് മദീനയിലെ പള്ളിയായിരുന്നു. ആ പള്ളിയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം വഹിച്ചിരുന്നത് ഒരു നീഗ്രോ ആയിരുന്നു, ബിലാൽ (റ). കറുത്ത വർഗക്കാരനായിരുന്ന ബിലാൽ ഇസ്‌ലാമിൽ വരുന്നതിനു മുമ്പ് ഒരടിമയായിരുന്നു. ഇസ്‌ലാമിലൂടെ വിമോചനം കണ്ടെത്തിയ ആ മഹാന് തന്റെ ജാതിയെപ്പറ്റിയോ വർണത്തെപ്പറ്റിയോ ചിന്തിക്കേണ്ടിവന്ന സന്ദർഭം ഇസ്‌ലാമിൽ വന്നശേഷം ഉണ്ടായിട്ടില്ല. ഒരടിമയായിരുന്ന സൈദിനെ എങ്ങനെയാണ് നബി(സ) ദത്തുപുത്രനായി എടുത്തിട്ടുള്ളതെന്ന കഥ പ്രസിദ്ധമാണ്. ഇതാണ് ഇസ്‌ലാമിലെ സാഹോദര്യത്തിന്റെ മാതൃക.

പള്ളിയിൽ യാതൊരു പദവി വ്യത്യാസവുമില്ലാതെ, ജാതി വ്യത്യാസവുമില്ലാതെ, എല്ലാവരും തോളോടുതോളുരുമ്മി നമസ്കരിക്കുന്നു. ഇസ്‌ലാമിലെ സാഹോദര്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണം ഹജ്ജ് എന്ന പുണ്യകർമമാണ്. ലോകത്തിന്റെ എല്ലാ കോണുകളിൽനിന്നും വരുന്ന, പല ഭാഷകൾ സംസാരിക്കുന്ന പല വർണങ്ങളുള്ള ലക്ഷക്കണക്കായ ആളുകൾ ഒരേ വേഷത്തിൽ കഅ്ബ എന്ന ദേവാലയത്തിൽ ഒരേ കേന്ദ്രബിന്ദുവിന് ചുറ്റും പ്രദക്ഷിണം വയ്ക്കുന്ന അതുല്യമായ കാഴ്ച ഹജ്ജ് വേളയിൽ കാണാം. ഇസ്‌ലാമിലെ സാഹോദര്യത്തിന്റെ ഉത്തമ മാതൃകയായി എല്ലാ വർഷവും നടത്തപ്പെടുന്ന ഈ പുണ്യ കർമത്തിന് തുല്യമായി മറ്റൊരു മതത്തിലും, മറ്റൊരു പ്രസ്ഥാനത്തിലും ഒരു പരിപാടിയും കാണുക സാധ്യമല്ല. കുടുംബത്തിന്റെയും വർണത്തിന്റെയും ജാതിയുടെയും പേരിലുള്ള അഹങ്കാരത്തിന്റെ അർഥശൂന്യത നബി(സ)യുടെ ഈ വാക്യം വ്യക്തമാക്കുന്നു: ''മനുഷ്യവർഗമേ, നിങ്ങളെല്ലാവരും ആദമിന്റെ സന്തതികളാണ്; ആദമോ മണ്ണിൽനിന്നുമുണ്ടായി.''

അമേരിക്കക്കാരനായാലും റഷ്യക്കാരനായാലും ആര്യനായാലും ദ്രാവിഡനായാലും ഇസ്രയേൽ മക്കളായാലും ഇസ്മായേൽ സന്തതികളായാലും ബ്രാഹ്മണരായാലും ശൂദ്രരായാലും എല്ലാവരും മണ്ണിൽനിന്നു സൃഷ്ടിക്കപ്പെട്ടു; മണ്ണിലേക്ക് തന്നെ മടങ്ങുകയും ചെയ്യും എന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഇസ്‌ലാമിലെ സാഹോദര്യം വേറൊരു പ്രത്യയശാസ്ത്രത്തിലും കാണുകയില്ല.

## 7. സഹിഷ്ണുത

''മതത്തിൽ നിർബന്ധത്തിന് യാതൊരു സ്ഥാനവുമില്ല. സത്യവും അസത്യവും വേർതിരിഞ്ഞ് നിൽക്കുന്നു'' (ഖുർആൻ 2: 57) എന്ന ഖുർആൻ വാക്യം വിളംബരം ചെയ്യുന്നത് ഇസ്‌ലാമിൽ ബലപ്രയോഗത്തിന് യാതൊരു സ്ഥാനവുമില്ല എന്നാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമായ ഖുർആനിൽ ദൈവം അരുൾ ചെയ്തിരിക്കുന്ന ഈ വാകൃത്തിനെതിരെ യഥാർഥ മുസ്‌ലിംകൾ പ്രവർത്തിക്കുകയില്ല; പ്രവർത്തിച്ചിട്ടുമില്ല. ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കേണ്ടത് എങ്ങനെയെന്ന് ഖുർആൻ പറയുന്നു: ''നിന്റെ നാഥന്റെ മാർഗത്തിലേക്ക് സദുപദേശത്തോടെയും തത്വദീക്ഷയോടുംകൂടി നീ മറ്റുള്ളവരെ ക്ഷണിക്കുക. ഏറ്റവും മാന്യമായ രീതിയിൽ അവരുമായി സംവാദത്തിലേർപ്പെടുകയും ചെയ്യുക'' (ഖുർആൻ 16: 125). ഇങ്ങനെ മര്യാദയോടെയും മാന്യതയോടും കൂടി മറ്റുള്ളവരെ ക്ഷണിച്ചിട്ട് അവർ സത്യം സ്വീകരിക്കാതിരിക്കുകയാണെങ്കിൽ അവരോടിങ്ങനെയാണ് പറയേണ്ടത്: ''നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം'' (ഖുർആൻ 109: 6). ഈ സമീപനമല്ലാതെ യാതൊരു വിധ ബലപ്രയോഗത്തിനും ദൈവം അനുവാദം നല്കുന്നില്ല. തന്നെയുമല്ല, ബലപ്രയോഗം നടത്താനുദ്ദേശിക്കുന്നവരോട് അല്ലാഹു ചോദിക്കുന്നു: ''വിശ്വാസത്തിലേക്ക് വരാൻ ജനങ്ങളെ നിങ്ങൾ നിർബന്ധിക്കുകയോ? ദൈവത്തിന്റെ അനുവാദമില്ലാതെ ആർക്കും വിശ്വാസിയാകുവാൻ കഴിയുകയില്ല.'' മതപ്രചരണത്തെപ്പറ്റിയുള്ള ഇസ്‌ലാമിന്റെ നിലപാട് ഈ വാകൃങ്ങളിൽനിന്ന് വ്യക്തമാണ്. നബി(സ)യുടെ ജീവിതം ഇതിന് ഏറ്റവും മാതൃകയും നൽകുന്നു. പക്ഷേ, പിൽക്കാലത്ത് ജീവിച്ചിരുന്ന ചില ഭരണകർത്താക്കൾ അല്ലാഹുവിന്റെ ആജ്ഞക്കെതിരായി പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും ചില പാശ്ചാത്യ ചരിത്രകാരന്മാർ ഊതി വീർപ്പിക്കുന്നപോലെയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ലായെന്ന് ചരിത്രം വസ്തുനിഷ്ഠമായി പരിശോധിച്ചാൽ മനസ്സിലാക്കാം.

നബി(സ) വാളെടുക്കുകയും യുദ്ധം ചെയ്യുകയും ചെയ്തു എന്നത് ശരിയാണ്. ആ യുദ്ധങ്ങളൊക്കെ അദ്ദേഹത്തിന്റെ മേൽ ശത്രുക്കൾ അടിച്ചേല്പിച്ചതാണെന്നുള്ള കാര്യം നേരത്തെ വിശദീകരിച്ചുകഴിഞ്ഞു. മാതൃകാപരമായ ജീവിതത്തിലൂടെയും സദുപദേശങ്ങളിലൂടെയുമാണ് നബി (സ)യും അദ്ദേഹത്തിന്റെ അനുയായികളും ഇസ്‌ലാമിലേക്ക് ജനങ്ങളെ ആകർഷിച്ചത്. കൂടാതെ ഇസ്‌ലാമിന്റെ വിപ്ലവാത്മകമായ ആശയങ്ങളും മറ്റു സവിശേഷതകളും ജനഹൃദയങ്ങളെ സ്വാധീനിക്കുകയും ചെയ്തു. പ്രൊഫസർ എഡ്വേർഡ് മോൺടെറ്റിന്റെ അഭിപ്രായത്തിൽ, ജനങ്ങളെ ഇസ്‌ലാമിലേക്ക് ആകർഷിച്ച പ്രധാന കാര്യം അതിന്റെ അടിസ്ഥാന വിശ്വാസങ്ങളുടെ ലാളിത്യമാണ്. കെട്ടുപിണഞ്ഞ വേദാന്ത സങ്കീർണതകളിൽനിന്നു വിമുക്തമായ ഇസ്‌ലാമിക വിശ്വാസം മനുഷ്യമനസ്സുകളെ കീഴടക്കിയതിൽ അദ്ഭുതമില്ല എന്നദ്ദേഹം പറയുന്നു. തന്നെയുമല്ല ''ഇസ്‌ലാം അടിസ്ഥാനപരമായും ഏറ്റവും വിശാലമായ അർഥത്തിലും യുക്ത്യാധിഷ്ഠിതമാണ്. മതവിശ്വാസങ്ങളെ, മനുഷ്യബുദ്ധി നല്കുന്ന തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഉറപ്പിക്കുന്ന സമ്പ്രദായമാണ് യുക്തിവാദം (rationalism) എന്നതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ, ആ നിർവചനം ശരിക്കും യോജിക്കുന്നു. മരിച്ചുപോയ മഹാൻമാരെ ഖബ്റടക്കം ചെയ്ത സ്ഥലങ്ങൾ പുണ്യസ്ഥലങ്ങളാക്കുന്നതു മുതൽ ഉറുക്കുകളും കൂടുകളും (തകിടുകളും) ഉപയോഗിക്കുന്നതുവരെയുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇസ്‌ലാമിക വിശ്വാസത്തോട് ബന്ധപ്പെടുത്തിക്കൊണ്ട് പിന്നീട് നിലവിൽവന്നു എന്നത് സത്യമാണ്. പക്ഷേ,



ഖുർആൻ അർഥശങ്കക്കിടയില്ലാത്ത വിധത്തിൽ, ദൈവം ഏകനാണെന്നും എല്ലാം ദൈവത്തിന്റെ സൃഷ്ടികളായതുകൊണ്ട് അവയ്ക്ക് അവയുടെ സ്വഭാവവുമായി ദൈവം നല്കിയ സാധാരണ ഗുണങ്ങളൊഴികെ യാതൊരു കഴിവുമില്ലെന്നും വ്യക്തമാക്കുന്നു. ഖുർആനിൽ ദൈവത്തെപ്പറ്റി നല്കിയിട്ടുള്ള വിശദീകരണങ്ങളുടെ ഗാംഭീര്യവും പരിശുദ്ധിയും വേറെ ഒരു ഗ്രന്ഥത്തിലും കാണുക സാധ്യമല്ലെന്ന് എഡ്വേർഡ് മോൺടൈറ്റ് പറയുന്നു. ഇതിനും പുറമേ, മതപ്രചാരകരായിരുന്ന മുസ്‌ലിംകൾ തങ്ങളുടെ വിശ്വാസങ്ങളനുസരിച്ച് ജീവിക്കാൻ നിഷ്കർഷ കാട്ടിയിരുന്നു എന്നതും ഒരു പ്രധാന സംഗതിയാണ്. ഈ വസ്തുതകളൊന്നും മനസ്സിലാക്കാതെ ഇസ്‌ലാം വാൾകൊണ്ട് പ്രചരിപ്പിച്ചതാണെന്നുരുവിട്ടുകൊണ്ടിരിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. സ്വയം ബോധ്യമാകാത്ത ഒരു സംഗതി ഭീഷണിപ്പെടുത്തിയാൽ ബോധ്യമാവുകയില്ല. തൽക്കാലത്തേക്ക് ബാഹ്യമായി ഒരു വിശ്വാസിയെപ്പോലെ ഒരാൾ പ്രവർത്തിച്ചേക്കാം. പക്ഷേ, എപ്പോഴാണ് മനസ്സിൽനിന്നും അയാളുടെ ഭീതി മാറുന്നത്, അപ്പോൾ, അയാൾ ആ വിശ്വാസത്തിനെതിരെ തന്നാലാവുന്നത് പ്രവർത്തിക്കും എന്നതിൽ സംശയമില്ല. വാളുകൊണ്ടുറപ്പിച്ചു എന്നു പറയപ്പെടുന്ന ഒരു മതം വാളിന്റെ ഭീഷണി നീങ്ങിയിട്ടും ഉറച്ചുനിൽക്കുന്നതെന്താണെന്നുകൂടി ചിന്തിക്കുന്നത് നന്നായിരിക്കും. ക്രിസ്തുമത പ്രചരണത്തിനായി ആ മതത്തിന്റെ വക്താക്കൾ നടത്തിയ കൊടും ക്രൂരതകളുമായി മുസ്‌ലിം ഭരണാധികാരികളുടെ നിലപാടിന് യാതൊരു താരതമ്യവുമില്ലെന്ന് ടി. ഡബ്ല്യു. ആർനോൾഡ് പറയുന്നു.[36] അതുപോലെ മുസ്‌ലിം ഭരണാധികാരികളുടെ കീഴിൽ മറ്റു മതവിശ്വാസികൾ സ്വതന്ത്രരായി ജീവിച്ചതിനും എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ ലഭ്യമാണ്.

'ജിസ്‌യ' എന്നത് തെറ്റിദ്ധരിക്കപ്പെട്ട ഒരു നികുതി സമ്പ്രദായമാണ്. മുസ്‌ലിം പൗരന്മാരിൽ നിന്ന് 'സകാത്ത്' ഇനത്തിൽ നല്ല തുക നികുതിയായി ഗവൺമെന്റ് തന്നെ പിരിക്കുന്ന പതിവാണ് പണ്ടുണ്ടായിരുന്നത്. അതിന് സമാന്തരമായി അമുസ്‌ലിം പ്രജകളിൽനിന്ന് സർക്കാർ ഈടാക്കിയ നികുതിയായിരുന്നു 'ജിസ്‌യ'. അമുസ്‌ലിം പൗരന്മാരുടെ സ്വത്തിനും ജീവനും സർക്കാർ സംരക്ഷണം നല്കാൻ ബാധ്യസ്ഥമായിരുന്നതുകൊണ്ട് ഈ നികുതി സമ്പ്രദായത്തിൽ യാതൊരു അനീതിയും ഉണ്ടായിരുന്നില്ല. ഇതല്ലാതെ പലരും വിശ്വസിക്കുന്നതുപോലെ അമുസ്‌ലിംകൾ മാത്രം നികുതി കൊടുക്കുന്ന സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നതെങ്കിൽ, അത് തികച്ചും അനീതി തന്നെയായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല.

ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ സഹിഷ്ണുതയ്ക്ക് വിരുദ്ധമായ രീതിയിൽ അതിന്റെ ചില പ്രണേതാക്കൾ പ്രവർത്തിച്ചിട്ടുണ്ട് എന്നത് ശരിയാണെങ്കിലും, ആ പേരിൽ ഇസ്‌ലാം എന്ന പ്രത്യയശാസ്ത്രത്തെ ചളിവാരിയെറിയുന്നതിൽ യാതൊരു നീതിയുമില്ല. ഒരു പ്രസ്ഥാനത്തെ വിലയിരുത്തേണ്ടത് അതിലെ ചില വ്യക്തികളുടെ സ്വഭാവ വൈചിത്ര്യങ്ങളിലൂടെയല്ല; മറിച്ച് ആ പ്രസ്ഥാനത്തിന്റെ സത്തയുൾക്കൊണ്ടിട്ടുള്ള ആത്മാർഥതയുള്ള അതിന്റെ അനുയായികളുടെ പ്രവൃത്തികളിലൂടെയാണ്.

## 8. സമ്പദ്‌വ്യവസ്ഥിതി

സാമ്പത്തിക രംഗത്ത് ഉൽപാദനം വർധിപ്പിക്കാൻ ഏറ്റവും കൂടുതൽ പ്രേരണ നല്കുന്ന ഒരു കാര്യം സ്വത്ത് സമ്പാദിക്കാനുള്ള മനുഷ്യന്റെ ജന്മസിദ്ധമായ വാസനയാണ്. ഈ പ്രേരണയെ ഇസ്‌ലാം പരമാവധി ഉപയോഗപ്പെടുത്തുന്നു. അതോടൊപ്പം സ്വത്ത് ഏതാനും കരങ്ങളിൽ കുന്ന് കൂടുന്നത് തടയാൻ സകാത്ത് സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. സ്വത്തിനനുസൃതമായി താഴേക്കിടയിലുള്ളവർക്ക് ഒരു

നിശ്ചിത ശതമാനം കൊടുക്കുക എന്നതാണ് സകാത്തിന്റെ ഉദ്ദേശ്യം. ഇത് പണക്കാരുടെ ഔദാര്യമല്ല, മറിച്ച് സാധുക്കൾക്ക്, പണക്കാരുടെ സ്വത്തിൻമേലുള്ള വ്യക്തമായ അവകാശമാണെന്ന് ഖുർആൻ അർഥശങ്കയ്ക്കിടയില്ലാത്തവണ്ണം പറയുന്നു.

സാധാരണഗതിയിൽ പണക്കാർ സാധുക്കളെ സഹായിക്കണമെന്ന രീതിയിലുള്ള നിർദേശം എല്ലാ മതങ്ങളിലുമുണ്ട്. ഇതിന് ഇസ്‌ലാമിൽ 'സദഖ' എന്നാണ് പറയുന്നത്. 'സകാത്ത്' ഇസ്‌ലാമിന്റെ സാമ്പത്തിക സംവിധാനത്തിന്റെ ഭാഗമാണ്. ഇന്നത്തേതുപോലെ റമദാൻ മാസത്തിൽ വീടുതോറും കയറിയിറങ്ങുന്ന പാവങ്ങൾക്ക് നാണയതുട്ടുകൾ എറിഞ്ഞുകൊടുക്കുന്ന പരിപാടിയും സകാത്തുമായി യാതൊരു ബന്ധവുമില്ല. കാരണം, ഇങ്ങനെ ചെയ്യുന്നവർ അവർ എത്ര പണം സകാത്തു കൊടുക്കണമെന്ന് കണക്കുകൂട്ടിയല്ല ഇത് ചെയ്യുന്നത്. തന്നെയുമല്ല, സകാത്തിനർഹതയുള്ളവർക്കാണിത് കൊടുക്കുന്നതെന്നവർക്കുറപ്പില്ല. ഇതിനെല്ലാം പുറമേ, യാചനയെ നിർമാർജനം ചെയ്യുക എന്ന സകാത്തിന്റെ ലക്ഷ്യത്തിന് വിരുദ്ധമായി യാചനയെ പ്രോൽസാഹിപ്പിക്കുന്ന സമ്പ്രദായവുമാണത്.

സകാത്ത് കൈകാര്യം ചെയ്യേണ്ടത് ഗവൺമെന്റാണ്. സ്വത്തിൻമേലുള്ള ഒരു നികുതിയായി ഇതിനെ കണക്കാക്കാം. പക്ഷേ, ഇങ്ങനെ ശേഖരിക്കുന്ന പണം, ചെലവ് ചെയ്യേണ്ട മാർഗങ്ങളെ പറ്റിയും നിബന്ധനകളുണ്ട്. ഈ പണം പഞ്ചനക്ഷത്രഹോട്ടലുകൾ നിർമിക്കാനോ ലോകക്രിക്കറ്റ്മേള സംഘടിപ്പിക്കാനോ ഉപയോഗിക്കാൻ പാടില്ലല്ലോ. അതാണ് ഗവൺമെന്റിന്റെ നികുതിയും സകാത്തുമായുള്ള ഒരു വ്യത്യാസം. ഇസ്‌ലാമിക ഗവൺമെന്റുകൾ നിലവിലില്ലാത്ത നാടുകളിൽ വ്യക്തികൾ സ്വകാര്യമായി സംഘടിച്ച് സകാത്ത് ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. സകാത്തിനർഹരായവരെ കൈ നീട്ടിക്കാതെ, അവരുടെ വീടുകളിൽ, കഴിയുന്നതും രഹസ്യമായി, ഈ സഹായം എത്തിച്ചുകൊടുക്കേണ്ടതാണ്.

ചൂഷണത്തിന്റെ സകല മാർഗങ്ങളും കൊട്ടിയടച്ച ഇസ്‌ലാം സാമ്പത്തികരംഗത്തെ ചൂഷണത്തിന്റെ പ്രധാന മാധ്യമമായ പലിശ നിരോധിച്ചിരിക്കുന്നു. കഴുത്തറ്റം പലിശ വ്യവസ്ഥിതിയിൽ മുങ്ങിയിരിക്കുന്ന ഇന്നത്തെ മനുഷ്യന് പലിശരഹിത വ്യവസ്ഥിതിയെപ്പറ്റി ചിന്തിക്കാൻ കൂടി സാധ്യമല്ലാത്തതായി തീർന്നിരിക്കുന്നു. പണമില്ലാത്തവൻ പണക്കാരിൽ നിന്നാണല്ലോ പണം കടം വാങ്ങുക. അങ്ങനെ പണം വാങ്ങുന്നവൻ കൂടുതൽ പണം മടക്കിക്കൊടുക്കേണ്ടിവരുന്നതുകൊണ്ട് പണക്കാർ കൂടുതൽ പണക്കാരാവുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. ഇനി, വ്യാപാരം, വ്യവസായം തുടങ്ങിയ പ്രത്യുൽപാദനപരമായ പ്രവർത്തനങ്ങൾക്കാണ് പണം കടംവാങ്ങുന്നതെങ്കിൽ പണം കടംകൊടുക്കുന്നയാൾക്ക് ലാഭത്തിന്റെ ഒരു വിഹിതം ആവശ്യപ്പെടുന്നതിൽ അനീതിയില്ല. അതേസമയം, വ്യാപാരത്തിൽ നഷ്ടമാണുണ്ടാവുന്നതെങ്കിൽ ആ നഷ്ടം കൂടി ആനുപാതികമായി സഹിക്കാൻ അയാൾ തയ്യാറാകേണ്ടതാണ്. ലാഭം മാത്രം പങ്കിടുകയും നഷ്ടം മുഴുവൻ കടക്കാരന്റെ ചുമലിൽ വെച്ചുകെട്ടുകയും ചെയ്യുന്നതിൽ നീതിയില്ല. ഇവിടെയുള്ള ഈ ചൂഷണമാണ് ഇസ്‌ലാം നിരോധിച്ചിരിക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നല്കാനുള്ള സംവിധാനം സർക്കാർ നടത്തേണ്ടതാണ്. പലിശയില്ലാതെയുള്ള കടംവായ്പകളും മറ്റും ഗവൺമെന്റിന് ആവിഷ്കരിക്കാവുന്നതാണ്. അതുപോലെ വ്യവസായങ്ങളുടെ ലാഭനഷ്ടസാധ്യതകൾ മുൻകൂട്ടി കണക്കാക്കാനുള്ള സൗകര്യങ്ങളും ഇന്നുള്ളതുകൊണ്ട്, ലാഭസാധ്യത കൂടുതലുള്ള വ്യവസായങ്ങളിൽ പണം മുടക്കി, നഷ്ടത്തിൽനിന്നും പണം മുടക്കുന്നയാളിന് രക്ഷപ്പെടാവുന്നതുമാണ്. അല്ലാത്ത തരത്തിൽ കടക്കാരനെ തെരുവിലിറക്കുന്ന മുതലാളിത്തത്തിന്റെ ഏറ്റവും ദുഷിച്ച ഉപകരണമായ പലിശ നിരോധിക്കപ്പെടേണ്ടതു തന്നെയാണെന്നതിൽ സംശയത്തിനവകാശമില്ല. പലിശ നിരോധനം കൊണ്ടുണ്ടാകുമെന്ന് നാം ധരിക്കുന്ന പ്രശ്നങ്ങളൊക്കെ ഇപ്പോഴത്തെ പലിശ വ്യവസ്ഥിതിയുടെ അനന്തരഫലങ്ങളാണ്. സാമ്പത്തിക രംഗത്ത് പാശ്ചാത്യരുടെ അടിമത്തത്തിൽ സ്വമേധയാ കഴിയുന്ന അറബി രാഷ്ട്രങ്ങൾപോലും പലിശ രഹിത സംവിധാനത്തെ ഗൗരവത്തിൽ കണക്കിലെടുത്തിട്ടില്ല. എണ്ണപ്പണം മുഴുവനും അമേരിക്കയുടെയും സ്വിറ്റ്സർലാൻഡിന്റെയും ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന അറബികൾക്ക്, അവരുടെയിടയിലെ ദരിദ്രർക്കും, ദരിദ്രരാജ്യങ്ങൾക്ക് പൊതുവിലും പ്രയോജനപ്പെടത്തക്ക വിധത്തിൽ സൃഷ്ടിപരമായി തന്നെ പണം ചെലവഴിക്കാനുള്ള സൽബുദ്ധി ഇതേവരെ കൈവന്നിട്ടില്ല. 14 നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം പ്രാവർത്തികമാക്കി ലോകത്തിന് കാണിച്ചുകൊടുത്ത സമ്പ്രദായങ്ങൾ കളഞ്ഞ് കുളിച്ചതിന്റെ ഫലമായി ആശയപരമായ അടിമത്തത്തിലേക്ക് ഇന്നത്തെ മുസ്‌ലിംരാജ്യങ്ങളെ കൊണ്ടുപോയത് മർദകരും ചൂഷകരുമായ അവിടത്തെ ഭരണാധികാരികളാണെന്നതിൽ രണ്ടുപക്ഷമുണ്ടാവുകയില്ല.



ഇന്നറിയപ്പെടുന്ന മിശ്ര സമ്പദ്‌വ്യവസ്ഥിതി ക്യാപിറ്റലിസത്തിന്റെയും സോഷ്യലിസത്തിന്റെയും വിവിധ വശങ്ങൾ ഒന്നിപ്പിക്കുന്ന ഒരു സമ്പ്രദായമാണ്. അതിൽ ഈ രണ്ടിന്റെയും പല ദൂഷ്യങ്ങളും കാണാം. ഗുണങ്ങളിൽ പലതും കാണുകയില്ല. അതേസമയം ഇസ്‌ലാമിക സാമ്പത്തിക സമ്പ്രദായം ക്യാപിറ്റലിസത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ല വശങ്ങളും, ഇസ്‌ലാമിന്റേതായ ചില പ്രത്യേകതകളും ഉൾക്കൊള്ളുന്നതാണ്. മതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പൂർണ സമ്പദ്‌വ്യവസ്ഥിതി വേറൊരിടത്തും കാണുകയുമില്ല. ഏത് ആശയമായാലും അത് നടപ്പാക്കുന്ന വ്യക്തികളുടെ ആത്മാർഥതയിലും, സത്യസന്ധതയിലുമാണതിന്റെ വിജയം കുടികൊള്ളുന്നത്. വ്യക്തിസംസ്കരണത്തിനാവശ്യമായ മറ്റു ഘടകങ്ങളോടൊപ്പമാണ് ഇസ്‌ലാമിന്റെ സമ്പദ്‌വ്യവസ്ഥിതിയും അവതരിപ്പിക്കുന്നത് എന്നതാണീ കാര്യത്തിന്റെ സവിശേഷത.

## 9. ശാസ്ത്രീയതയും യുക്തിഭദ്രതയും

ഖുർആൻ സകല ശാസ്ത്രങ്ങളുടെയും സത്ത ഉൾക്കൊള്ളുന്നുവെന്ന് പറഞ്ഞു കഴിഞ്ഞു. ഇതിനുദാഹരണമായി, ഒരൊറ്റ ഖുർആൻ വചനം നോക്കുക: ''ആകാശഭൂമികളെ സൃഷ്ടിച്ചതിലും രാപകലുകൾ മാറിമാറി വരുന്നതിലും, മനുഷ്യർക്കുപകാരപ്രദങ്ങളായ സാധനങ്ങൾ വഹിച്ചുകൊണ്ട് സമുദ്രത്തിലൂടെ ഓടിക്കൊണ്ടിരിക്കുന്ന കപ്പലുകളിലും, ആകാശത്ത് നിന്ന് അല്ലാഹു മഴ വർഷിപ്പിച്ച് അതുവഴി ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവിപ്പിക്കുകയും അതിൽ എല്ലാ ജീവികളെയും വ്യാപിപ്പിക്കുകയും ചെയ്തതിലും, കാറ്റിനെയും ആകാശഭൂമികൾക്കിടയിൽ കീഴ്പ്പെടുത്തിയിരിക്കുന്ന മേഘങ്ങളെയും നിയന്ത്രിക്കുന്നതിലും ചിന്തിക്കുന്ന ജനതക്ക് ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്'' (ഖുർആൻ 2: 164).

ഈ വാക്യത്തിൽ എന്തെല്ലാം കാര്യങ്ങളാണ് പരാമർശിക്കുന്നതെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും:

ആകാശഭൂമികൾ: അകലം, സ്ഥലം, പദാർഥം, വാനശാസ്ത്രം

26. "Heroes and Hero worship and the Heroic in Human history" by Thomas Carlyle.

രാപകലുകൾ മാറിമാറിവരുന്നത്: സമയം, ചലനം, കാലം.

മനുഷ്യർക്കുപയോഗപ്രദമായ സാധനങ്ങൾ വഹിച്ചുകൊണ്ടുപോകുന്ന കപ്പലുകൾ: മനുഷ്യൻ ദൈവിക നിയമങ്ങൾ അഥവാ പ്രകൃതി നിയമങ്ങൾ (ശാസ്ത്രീയ നിയമങ്ങൾ) തങ്ങൾക്ക് പ്രയോജനമുള്ള വിധത്തിൽ ഉപയോഗപ്പെടുത്തുന്നത്- അങ്ങനെ കടൽപോലെയുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നത്. ജീവിതം സുഖകരമാകുന്നത് പ്രകൃതിവിഭവങ്ങളുടെ ഉപയോഗം, ഗതാഗതം, വാണിജ്യം, നാഗരികത.

മഴ: ജലം, ജീവന്റെ ആധാരം.

ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവിപ്പിക്കുന്നത്: ജനനം, (ജീവിതം), മരണം, സസ്യലോകം.

എല്ലാ ജീവികളും: ജന്തുലോകം.

കാറ്റ്: പ്രാണവായു, വാതകങ്ങൾ, പരാഗവിതരണം.

മേഘങ്ങൾ: മഴ, കൊള്ളിമീൻ, വൈദ്യുതി.

ചിന്തിക്കുന്ന (ജനത): ചിന്ത, ബുദ്ധി, യുക്തിവിചാരം, ആശയം.

ജനത: സമൂഹം, രാഷ്ട്രം, സമൂഹജീവിതത്തിന്റെ എല്ലാ പ്രതിഭാസങ്ങളും.

ദൈവം മനുഷ്യർക്ക് നല്കിയ സകല അനുഗ്രഹങ്ങളേയും മനുഷ്യരുമായി ബന്ധമുള്ള സകല കാര്യങ്ങളെയും പ്രത്യക്ഷമായോ പരോക്ഷമായോ ഈ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഇവയൊക്കെ ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ തന്നെയാണ്. അത് മനസ്സിലാകണമെങ്കിൽ ചിന്തിക്കണം, പഠിക്കണം, ഗവേഷണങ്ങൾ നടത്തണം. ഇതേ ആശയം മറ്റനേകം ഖുർആൻ വാക്യങ്ങളിൽ പ്രകടിപ്പിച്ചിരിക്കുന്നു. ചിന്തയെയും യുക്തിവിചാരത്തെയും ഇത്രയധികം പ്രോൽസാഹിപ്പിക്കുന്ന വേറൊരു വേദഗ്രന്ഥവും കാണുകയില്ല. ''വിജ്ഞാനത്തിന് വേണ്ടി ഇറങ്ങിത്തിരിച്ചവൻ മടങ്ങി വരുന്നതുവരെ ദൈവിക മാർഗത്തിലൂടെയാണ് ചലിച്ചുകൊണ്ടിരിക്കുന്നത്'' എന്ന് നബി (സ) അരുളിച്ചെയ്തു. ''പണ്ഡിതന്റെ മഷിക്കാണ് രക്തസാക്ഷിയുടെ രക്തത്തേക്കാൾ പരിശുദ്ധി'' എന്നും അദ്ദേഹം പറഞ്ഞു. വിജ്ഞാന സമ്പാദനത്തിന് ഇത്രമാത്രം പ്രാധാന്യം നല്കിയ ഒരു പ്രവാചകനുണ്ടായിട്ടില്ല. അങ്ങനെയുള്ള ഇസ്‌ലാം ശാസ്ത്രവിരുദ്ധമാകുന്നതെങ്ങനെ? യഥാർഥത്തിൽ തെളിയിക്കപ്പെട്ട ഒരു ശാസ്ത്ര സിദ്ധാന്തവും ഇസ്‌ലാം നിരാകരിച്ചിട്ടില്ല. 1400 വർഷങ്ങൾക്ക് മുമ്പ് അവതീർണമായ ഇസ്‌ലാമിന്റെ പ്രാമാണിക ഗ്രന്ഥത്തിൽ ശാസ്ത്രത്തിന് നിരക്കാത്തതായി യാതൊന്നും കാണുകയില്ല. ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലാത്ത പലതും ഉണ്ടാകാം. പക്ഷേ, ഇതുവരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തവ തെറ്റായിക്കൊള്ളണമെന്നില്ല. അതേ സമയം, ഒരുകാര്യം കൂടി ഓർക്കേണ്ടതുണ്ട്. ഇന്നലെ ശരിയായിരുന്ന പല ശാസ്ത്രീയ സിദ്ധാന്തങ്ങളും ഇന്ന് തെറ്റാണെന്ന് തെളിഞ്ഞിരിക്കുന്നു. ഇത് ശരിക്കും അറിയുന്ന ശാസ്ത്രജ്ഞർ ഒരു സിദ്ധാന്തം കണ്ടെത്തിയാലുടൻ 'ആത്യന്തിക സത്യം കണ്ടെത്തി' യെന്നും 'മതം പൊളിഞ്ഞു' എന്നും പറഞ്ഞ് തുള്ളിച്ചാടേണ്ട കാര്യമില്ല. ആദ്യമായി തീ കണ്ടുപിടിച്ചപ്പോൾ അന്നത്തെ മനുഷ്യനും പറഞ്ഞിട്ടുണ്ടാകും 'സത്യം കണ്ടെത്തിയിരിക്കുന്നു; ഇനിയും ദൈവത്തെ ആവശ്യമില്ലെ'ന്ന്.

യഥാർഥത്തിൽ യുക്തിവിരുദ്ധമായതൊന്നും ഇസ്‌ലാമിലില്ല. അതേ സമയം മനുഷ്യയുക്തിക്കതീതമായ പല കാര്യങ്ങളും അതിലുണ്ടാവുകയും ചെയ്യും. അവ യുക്തിവിരുദ്ധമാവുകയില്ല. നഗ്നനേത്രങ്ങൾ കൊണ്ട് നോക്കുമ്പോൾ ഒരു വിധത്തിൽ കാണുന്ന ഒരു കാര്യം ഭൂതക്കണ്ണാടിയിൽ കൂടി പരിശോധിക്കുമ്പോൾ വേറൊരു വിധത്തിലാവുന്നത് നമുക്കനുഭവമുള്ള കാര്യമാണ്. അപ്പോൾ സത്യം നാം കാണുന്നതല്ല; അതിനപ്പുറമാണ് എന്ന് വരുന്നു. പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമായ അനുഭവങ്ങളെ മനുഷ്യന് സാധ്യമായ ബുദ്ധിപ്രവർത്തനങ്ങളിലൂടെ പഠിക്കുമ്പോൾ ലഭിക്കുന്ന ജ്ഞാനമാണ് ശാസ്ത്രത്തിന്റേത്. ഇതിൽ തെറ്റുപറ്റാനുള്ള പഴുതുകൾ എത്ര വേണമെങ്കിലുമുണ്ട്.

ശാസ്ത്രത്തിന് അടിസ്ഥാനപരമായ മൂന്ന് ഘടകങ്ങളുണ്ട്:

1. സത്യം: യഥാർഥത്തിൽ നിലവിലുള്ള ഒരു ശാസ്ത്രീയ നിയമമോ ഒരു ആശയമെന്ന നിലയിലെങ്കിലും അസ്തിത്വമുള്ള ഒരു സാധനമോ മാത്രമേ മനുഷ്യന് കണ്ടുപിടിക്കാൻ കഴിയുകയുള്ളൂ. അതായത്, ഉള്ള സത്യത്തെ തേടുകയാണ് ശാസ്ത്രീയ പരീക്ഷണങ്ങളിലും പര്യവേക്ഷണങ്ങളിലും കൂടി മനുഷ്യൻ ചെയ്യുന്നത്.

2. അനുഭവം: ഈ സത്യത്തെ അന്വേഷിച്ചു കണ്ടെത്തുക എന്ന അനുഭവം.

3. ജ്ഞാനം: ഈ അനുഭവത്തിലൂടെ മനുഷ്യന് ലഭിക്കുന്ന ജ്ഞാനം. ഇത് സത്യത്തെക്കുറിച്ച് അനുഭവത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുന്ന ജ്ഞാനമാണ്.

ശാസ്ത്രത്തിന്റേതായി ഗണിക്കപ്പെടുന്ന ഈ മൂന്ന് ഘടകങ്ങളും ഇസ്‌ലാമിൽ പ്രകടമാണ്. ഒന്നാമത്തേത് അല്ലാഹു എന്ന സത്യം. ഇതാണ് ഇസ്‌ലാമിലെ തൗഹീദ് (ഏകദൈവവിശ്വാസം) വെളിവാക്കുന്നത്. രണ്ടാമത്തേത് 'വഹ്‌യ്' അഥവാ ദിവ്യബോധനം എന്ന അനുഭവം. ഈ അനുഭവത്തിലൂടെയാണ് പ്രവാചകന് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചത്. മൂന്നാമത് ഖുർആൻ. ഇങ്ങനെ ലഭിച്ച ജ്ഞാനമടങ്ങിയിരിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ.

ഖുർആനിന്റെ നിയമങ്ങളും ആശയങ്ങളും പരിശോധിച്ചു നോക്കിയാൽ അവയത്രയും ശാസ്ത്രീയവും യുക്തിഭദ്രവുമാണെന്ന് കാണാം. ഒന്നുരണ്ട് ഉദാഹരണങ്ങൾ മാത്രം നല്കുന്നു:

1. ഖുർആൻ പറയുന്നു: ''ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നു നില്ക്കുകയായിരുന്നു. പിന്നീട് നാം അവയെ പരസ്പരം വേർപെടുത്തി'' (ഖുർആൻ 21: 30).

പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായ മഹാസ്ഫോടന സിദ്ധാന്തം (Big Bang Theory) ഖുർആനിലെ ഈ ആശയത്തെ അനുകൂലിക്കുന്നു.

2. ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് ഖുർആൻ പറഞ്ഞു, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അവയുടെ സഞ്ചാരപഥങ്ങളിൽകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന്. നൂറ്റാണ്ടുകൾക്ക് ശേഷം കോപ്പർ നിക്കസും ഗലീലിയോയും അവർക്ക് ശേഷം വന്ന വാനശാസ്ത്രജ്ഞന്മാരും ഈ ആശയത്തിന് സ്ഥിരീകരണം നല്കി.

3. ജീവന്റെ ഉൽപത്തിയെപ്പറ്റി ഖുർആൻ പറയുന്നു: ''ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്നും സൃഷ്ടിച്ചു'' (ഖുർആൻ 21: 31).

ചാൾസ് ഡാർവിൻ ഇത് തന്നെ പറയുന്നു. ഡാർവിൻ തന്റെ നിഗമനങ്ങളിലെത്താൻ ശ്രമിച്ച ശാസ്ത്രീയമാർഗം പ്രധാനമായും ഫോസിലുകളുടെ പഠനമായിരുന്നു. ഖുർആൻ പറയുന്നു: ''ഭൂമിയിൽ സഞ്ചരിച്ച്, അല്ലാഹു സൃഷ്ടികർമം ആരംഭിച്ചത് എങ്ങനെ എന്ന് പരിശോധിക്കുക'' (ഖുർആൻ 29: 20). ഫോസിലുകൾ അഥവാ ചരിത്രാതീത കാലത്ത് ഭൂമിയിൽ ജീവിച്ചിരുന്ന ജീവികളുടെ അസ്ഥിപഞ്ജരങ്ങളോ അവയുടെ അവശിഷ്ടങ്ങളോ ഭൂമിയിൽ നിന്നും കണ്ടെടുത്ത്, അവയെപ്പറ്റി പഠനം നടത്താൻ തന്നെയല്ലേ, ഈ ഖുർആൻ വാക്യത്തിലൂടെ അല്ലാഹു ആജ്ഞാപിക്കുന്നത്? ഖുർആൻ പറയുന്നു: ''ഏറ്റവും നല്ല രൂപത്തിലാണ് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്'' (ഖുർആൻ: 95: 4). ജീവികളുടെ സൃഷ്ടികർമം എന്ന തുടർച്ചയായ പ്രക്രിയയുടെ പരകോടിയിലാണ് മനുഷ്യൻ (culmination of evolution) എന്ന് തന്നെയല്ലേ

ഇവിടെ പറയുന്നത്? [37]

ഇങ്ങനെ നോക്കിയാൽ ഇപ്പോൾ ശാസ്ത്രീയമായ സാധ്യതയുള്ള പല കാര്യങ്ങളും നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഖുർആനിലുണ്ടായിരുന്നുവെന്ന് കാണാം. പക്ഷേ, ഇതോടൊപ്പം ഒരു കാര്യം കൂടി നാം ഓർക്കണം. ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല. ശാസ്ത്രത്തിലെ വരാനിരിക്കുന്ന കണ്ടുപിടിത്തങ്ങൾ ഖുർആനിൽ പരതുന്നതിൽ അർഥമില്ല. ''ജീവിതത്തിൽ സൂക്ഷ്മത പാലിക്കാൻ ആഗ്രഹിക്കുന്നവർക്ക് (ദൈവഭയമുള്ളവർക്ക്) ഒരു മാർഗദർശനം'' (ഖുർആൻ 2: 2) എന്നാണ് അല്ലാഹു ഖുർആനിനെ വിശേഷിപ്പിച്ചിട്ടുള്ളത്. അതായത്, മനുഷ്യന് ഈ ലോകത്ത് മനുഷ്യനായി ജീവിക്കാനാവശ്യമായ അടിസ്ഥാന നിയമങ്ങളും ഉദ്ബോധനങ്ങളുമടങ്ങുന്ന ഒരു ദിവ്യഗ്രന്ഥം എന്നതാണ് ഖുർആനിന്റെ നിലപാട്. പക്ഷേ, അത് ദൈവിക ഗ്രന്ഥമാണ്. അതിൽ ശാസ്ത്രത്തിനോ യുക്തിക്കോ വിരുദ്ധമായ യാതൊന്നുമുണ്ടാവുകയില്ല. ഇത് സ്ഥാപിക്കാൻ വേണ്ടി മാത്രമാണ് മേലുദ്ധരിക്കപ്പെട്ട ഉദാഹരണങ്ങൾ പറഞ്ഞത്. ശാസ്ത്രത്തിന്റെ പല നിയമങ്ങളും മാറിമാറിവരുന്നു. അവയൊന്നും ഖുർആനിലുണ്ടാവുകയില്ല. അതേ സമയം അടിസ്ഥാനപരമായ ചില ശാസ്ത്രീയ സത്യങ്ങൾ മനുഷ്യർക്ക് ദൃഷ്ടാന്തങ്ങളായി അല്ലാഹു നല്കിയിരിക്കുന്നു. യഥാർഥത്തിൽ പ്രപഞ്ചത്തിലുള്ളത് മുഴുവനും ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. എന്തിനെപ്പറ്റിയുള്ള പഠനവും ദൈവത്തെപ്പറ്റിയുള്ള പഠനമാണ്. അതുകൊണ്ട് എല്ലാ പഠനങ്ങളും നിരീക്ഷണങ്ങളും സംഭവങ്ങളും ചിന്തിപ്പിക്കുന്ന വിവേകശാലികളായ മനുഷ്യരെ ദൈവത്തിലേക്ക് നയിക്കുന്നു.

## 10. പ്രായോഗികത

ഇസ്‌ലാമിന് ആധുനിക ലോകത്ത് ഏറ്റവും കൂടുതൽ പ്രസക്തി നല്കുന്ന ഒരു സവിശേഷതയാണതിന്റെ പ്രായോഗികത. വേദാന്തസങ്കീർണതകളിൽ നിന്ന് വിമുക്തവും യുക്ത്യധിഷ്ഠിതവുമായ അതിന്റെ വിശ്വാസപ്രമാണങ്ങളാണ് ഈ സവിശേഷതയുടെ ഒന്നാമത്തെ വശം. ഇസ്‌ലാം അതിന്റെ അനുയായികളിൽ ഉത്തേജിപ്പിച്ച സത്യാന്വേഷണ ത്വര, ജ്ഞാനദാഹം, നിരീക്ഷണ താൽപര്യം, മനനശീലം എന്നിവ ഇസ്‌ലാമിന്റെ പരിവർത്തനോന്മുഖതയുടെ മുഖമുദ്രകളാണ്.

ആധുനിക യുഗത്തിന്റെ സൃഷ്ടിയിൽ നിർണായക പങ്ക് വഹിച്ച ഒരു പ്രത്യേക ശാസ്ത്രമെന്ന നിലയിൽ ഇസ്‌ലാമിന്റെ പ്രസക്തി ആധുനിക ലോകത്തിന് കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ; ജ്ഞാനസമ്പാദനത്തിലുള്ള ഊന്നൽ; ഇഹലോക ജീവിതം മായയും അയഥാർഥവുമാണെന്ന വിശ്വാസത്തിന്റെ നിഷേധം; ന്യായമായ ജീവിതാനന്ദം ആസ്വദിക്കുന്നതിനുള്ള ഉദ്ബോധനം; യുക്തിക്കും മിതത്വത്തിനും കല്പിച്ച പ്രാധാന്യം; ദൈവത്തിന്റെ അടയാളങ്ങളിൽ വച്ച് ഏറ്റവും വലുതെന്ന് ഖുർആൻ രേഖപ്പെടുത്തുന്ന, പരിവർത്തനം നടത്തുന്നതിന് വേണ്ടി മുന്നോട്ട് പോകാനുള്ള ആഹ്വാനം- ഈ സവിശേഷതകളാണ് ഇസ്‌ലാമിനെ ആധുനികയുഗത്തിൽ പ്രായോഗികമാക്കുന്ന പ്രധാന ഘടകങ്ങൾ. [38]

ഇസ്‌ലാമിക പ്രായോഗികതയുടെ ഒരു പ്രധാന രഹസ്യം ഇസ്‌ലാം പ്രകൃതിമതമാണെന്നുള്ളതാണ്. ഖുർആൻ പറയുന്നു: ''അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച പ്രകൃതിയേതോ, ആ പ്രകൃതിയനുസരിച്ച് നീ ജീവിക്കുക. അല്ലാഹുവിന്റെ സൃഷ്ടികർമത്തിന് യാതൊരു മാറ്റവുമില്ല. അതത്രേ ഋജുവായ മാർഗം. എന്നാൽ അധികമാളുകളും യാഥാർഥ്യം ഗ്രഹിക്കുന്നില്ല'' (ഖുർ: 30: 30). അതായത് മനുഷ്യപ്രകൃതിയനുസരിച്ച് ജീവിക്കാൻ ഇസ്‌ലാം അനുവദിക്കുന്നു. പക്ഷേ, അതോടൊപ്പം മുമ്പു പറഞ്ഞതുപോലെ സമൂഹത്തിന്റെ കെട്ടുറപ്പിനാവശ്യമായ നിയന്ത്രണങ്ങൾ കൂടിയുണ്ടെന്ന് മാത്രം. ഐഹിക ജീവിതത്തെ പാടെ നിരസിച്ചുകൊണ്ട് പാരത്രിക ജീവിതത്തിന് മുൻതൂക്കം നല്കുന്ന ഇതര മതങ്ങളുടെ നിലപാടിൽ നിന്ന് തികച്ചും വ്യത്യസ്തമായി ഇസ്‌ലാം രണ്ടിനും അർഹമായ പ്രാധാന്യം നല്കുന്നു. ഭൂമിയിലുള്ള സകല അനുഗ്രഹങ്ങളും മനുഷ്യർക്കു വേണ്ടി ദൈവം സൃഷ്ടിച്ചവയായതുകൊണ്ട് അവയിൽ നിന്ന് ഒളിച്ചോടുന്നത് അല്ലാഹുവിന്റെ പ്രകൃതിനിയമങ്ങളോടുള്ള അവഗണനയാണ്. പക്ഷേ, അതോടൊപ്പം ഈ അനുഗ്രഹങ്ങൾ അമിതമായി അനുഭവിക്കുന്നതും കുറച്ചാളുകൾ മാത്രം കൈയടക്കി വച്ചിട്ട് മറ്റുള്ളവർക്ക് നിഷേധിക്കുന്നതും അല്ലാഹുവിന്റെ ധാർമിക നിയമങ്ങൾക്കെതിരാണ്.

''ഒരാത്മാവിന്റെ ചുമലിലും അതിന്റെ കഴിവനുസരിച്ചല്ലാതെ അല്ലാഹു ഭാരം കയറ്റിവയ്ക്കുകയില്ല (ഖു: 2: 286). ഇസ്‌ലാമിന്റെ വിധിവിലക്കുകൾ പരിശോധിച്ചു നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. ശരീരത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ആത്മീയതയേ ഇസ്‌ലാമിലുള്ളൂ. ജീവിതവിദ്വേഷത്തോടെ തപസ്സനുഷ്ഠിക്കുന്നതോ ഏകാന്തജീവിതം നയിക്കുന്നതോ ഇസ്‌ലാം അംഗീകരിക്കുന്നില്ല. വിവാഹത്തിന്റെ കാര്യത്തിലാണെങ്കിൽ, നിർബന്ധിത സാഹചര്യത്തിൽ ചില ഉപാധികൾക്ക് വിധേയമായി ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ ഇസ്‌ലാം അനുവാദം നല്കി. പക്ഷേ, ഒരു പുരുഷന് ഒരു സ്ത്രീയാണ് ഉചിതം എന്നും വിധിച്ചു. വിധവകളെയും അനാഥരെയും സംരക്ഷിക്കാൻ വേണ്ടിയാണ് പ്രധാനമായും ബഹുഭാര്യത്വം ഇസ്‌ലാം അനുവദിച്ചിട്ടുള്ളത്. ഭാര്യയും ഭർത്താവും ഒരു വിധത്തിലും യോജിച്ചുപോകാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ വിവാഹമോചനം അനുവദിച്ചു. അതോടൊപ്പം പറഞ്ഞു, ''ദൈവം അനുവദിച്ചതിൽ ഏറ്റവും വെറുക്കപ്പെട്ടതാണ് വിവാഹമോചന''മെന്ന്. അജ്ഞത കൊണ്ടും തെറ്റിദ്ധാരണ കൊണ്ടും ഒരാൾ എടുത്ത പ്രതിജ്ഞകൾ പാലിക്കേണ്ട കാര്യമില്ലെന്ന് വിധിച്ചു. യാത്രക്കാരന്റെയും രോഗികളുടെയും ആരാധനാ കർമങ്ങളിൽ ഇളവുകൾ നല്കി. സ്വത്ത് നേടാനുള്ള മനുഷ്യന്റെ ജന്മസിദ്ധമായ അഭിലാഷത്തെ അംഗീകരിച്ചു കൊണ്ട് ഒരു സമതുലിത സമ്പദ്‌വ്യവസ്ഥിതിക്ക് രൂപം നല്കി. സ്വന്തം കുട്ടികൾക്കും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും സഹായം നല്കുക എന്നത് ഏറ്റവും പ്രധാനമാക്കിക്കൊണ്ട് ദാനധർമങ്ങൾ മനുഷ്യമനഃശാസ്ത്രത്തിന് നിരക്കുന്ന വിധത്തിലുള്ളതാക്കിത്തീർത്തു. ചൂഷണത്തിന്റെ എല്ലാ മാർഗങ്ങളും കൊട്ടിയടച്ചിട്ട് അധ്വാനത്തിനും തൊഴിലിനും മഹത്തായ പ്രാധാന്യം നല്കി. ഇങ്ങനെ നോക്കുമ്പോൾ ലോകത്ത് അപ്രസക്തമായ ഒരു നിർദേശവും ഇസ്‌ലാം നല്കുന്നില്ലെന്ന് കാണാൻ കഴിയും. തന്നെയുമല്ല ഇന്നത്തെ പ്രശ്നങ്ങളുടെ പരിഹാരത്തിന് മറ്റേതൊരു പ്രത്യയശാസ്ത്രം നല്കുന്നതിനേക്കാൾ പ്രായോഗികമായ നിർദേശങ്ങൾ ഇസ്‌ലാം നല്കുന്നുവെന്ന് കാണാം. മനുഷ്യ മനശ്ശാസ്ത്രത്തിനും പ്രായോഗികതക്കും നിരക്കാത്ത, കേൾക്കാൻ സുന്ദരമായ കുറേ ആദർശങ്ങൾ ലോകർക്ക് മുമ്പിൽ അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ പല വ്യവസ്ഥിതികൾക്കും പ്രസ്ഥാനങ്ങൾക്കുമിടയിൽ ഇസ്‌ലാം ഏറ്റവും പ്രായോഗികമായ ഒരു പ്രത്യയശാസ്ത്രമായി തലയുയർത്തി നില്ക്കുന്നു. ആധുനികമെന്ന് കരുതുന്ന പല പ്രസ്ഥാനങ്ങളും പരീക്ഷിച്ചുനോക്കി അവയുടെ അപ്രായോഗികതയും മറ്റു വൈക

27. ദൈവത്തിന്റെ പ്രകൃതിയിലെ ദൃഷ്ടാന്തത്തിനെന്നപോലെ ഖുർആനിലെ വാക്യത്തിന് 'ആയത്ത്' എന്നു പറയുന്നു. പ്രകൃതിയിലെ ദൃഷ്ടാന്തങ്ങളുടെ സമുച്ചയത്തിനെന്നപോലെ ഖുർആനിലെ വാക്യങ്ങളുടെ ഒരു സമുച്ചയത്തിന് 'സൂറത്ത്' എന്നു പറയുന്നു. (സയ്യിദ് ഹുസൈൻ നസ്ർ). "Ideals and Realities of Islam" by Sayyid Hossain Nasr.

ല്യങ്ങളും മനുഷ്യർക്ക് ബോധ്യപ്പെടുവാൻ ഇടയാകുമ്പോൾ ഇസ്ലാമിലേക്കവർ തിരിച്ചുവരുകതന്നെ ചെയ്യുമെന്നതിൽ സംശയമില്ല.

അനുബന്ധം ഒന്ന്

# ഖുർആനിൽ നിന്ന്

## 1. ദൈവത്തിന്റെ ഏകത്വം

പറയുക: അല്ലാഹു- അവൻ ഏകനാകുന്നു. അവൻ നിത്യനും (സകലതിനും ആശ്രയവും) ആകുന്നു. അവൻ പിതാവല്ല, അവൻ പുത്രനുമല്ല. അവന് തുല്യനായി ആരുമില്ല (112: 1-4).

അല്ലാഹുവല്ലാതെ ദൈവമില്ല. എന്നുമെന്നും ജീവിച്ചിരിക്കുന്നവനും അഖില പ്രപഞ്ചത്തിന്റെ നിയന്താവുമാണവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കില്ല. ആകാശഭൂമികളെല്ലാം അവന്റേതാണ്. അവന്റെ ഉത്തരവില്ലാതെ അവനോടു ശുപാർശ ചെയ്യാൻ ആരാണുള്ളത്? അവരുടെ മുമ്പിലുള്ളതും അവരിൽ നിന്ന്

28. 'An Introduction to selections from Holy Quran', A. J. Arberry



മറഞ്ഞിരിക്കുന്നതും അവനറിയുന്നു. അവന്റെ ജ്ഞാനത്തിൽ നിന്ന് അവനുദ്ദേശിക്കുന്നതൊഴികെ ഒരു കാര്യവും മനുഷ്യനറിയുകയില്ല. അവന്റെ സിംഹാസനം ആകാശഭൂമികളെ ചൂഴ്ന്നു നില്ക്കുന്നു. അവയുടെ സംരക്ഷണം അവന് ഒരു ഭാരമല്ല. അവൻ അത്യുന്നതനാണ്. അതിശ്രേഷ്ഠനും (2: 255).

ആകാശഭൂമികളിലുള്ളവയെല്ലാം അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവൻ പ്രതാപശാലിയും യുക്തിമാനുമാണ്. ആകാശഭൂമികളുടെ ആധിപത്യം അവന്നാണ്. അവൻ ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്. അവൻ ആദ്യനും അന്ത്യനും വ്യക്തമായവനും മറഞ്ഞുനിൽക്കുന്നവനുമാണ്. അവൻ സർവജ്ഞനാണ്. ആറു ഘട്ടങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ചവനാണവൻ. പിന്നീട് അവൻ സിംഹാസനത്തിൽ ഉപവിഷ്ടനായി. ഭൂമിയിലേക്ക് പ്രവേശിക്കുന്നതും അതിൽ നിന്ന് പുറത്തുവരുന്നതും ആകാശത്തു നിന്ന് ഇറങ്ങിവരുന്നതും അതിലേക്ക് കയറുന്നതും എല്ലാം അവൻ അറിയുന്നു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നവനാണ് അല്ലാഹു. ആകാശഭൂമികളുടെ ആധിപത്യം അവന്നാണ്. കാര്യങ്ങളെല്ലാം മടക്കപ്പെടുന്നത് അവങ്കലേക്കാണ്. അവൻ രാവിനെ പകലിലും പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. മനുഷ്യമനസ്സിലുള്ളവ സൂക്ഷ്മമായി അറിയുന്നവനാണ് അവൻ. (57: 1-6).

നിങ്ങളുടെ ദൈവം ഏകദൈവമാണ്. അവനല്ലാതെ ഒരു ദൈവമേയില്ല. പരമകാരുണികൻ, കരുണാനിധി (2: 163).

കണ്ണുകൾ അവനെ കാണുകയില്ല. കണ്ണുകളെ അവൻ കാണുന്നു. അവൻ സൂക്ഷ്മദൃക്കും ബോധവാനുമത്രേ. (6: 103)

പറയുക: ''അല്ലാഹു സർവ വസ്തുക്കളുടെയും രക്ഷിതാവായിരിക്കെ, അവനെയല്ലാതെ ഒരു രക്ഷിതാവായി (മറ്റ്) ഒന്നിനെ ഞാൻ തേടുകയോ? ഓരോ ആത്മാവും അതിന്റെ (സ്വന്തം ഉത്തരവാദിത്വത്തിൽ) അല്ലാതെ ഒന്നും സമ്പാദിക്കുന്നില്ല. ഒരാളും മറ്റൊരാളുടെ ഭാരം (പാപം) പേറേണ്ടിവരികയില്ല. (അവസാനം) നിങ്ങളുടെ നാഥനിലേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ യാതൊന്നിൽ നിങ്ങൾ ഭിന്നിച്ചു നിന്നുവോ അതിനെക്കുറിച്ച് അവൻ നിങ്ങളെ അറിയിക്കുന്നതാണ്. (6: 164)

തീർച്ചയായും നിങ്ങളുടെ ദൈവം അല്ലാഹു മാത്രമാണ്. അവനല്ലാതെ വേറൊരു ദൈവമില്ല. അവന്റെ ജ്ഞാനം എല്ലാ വസ്തുക്കളെയും ഉൾക്കൊള്ളുന്നു. (20: 98)

## 2. മനുഷ്യവർഗത്തിന്റെ ഏകത്വം

അല്ലയോ മനുഷ്യവർഗമേ, തീർച്ചയായും നിങ്ങളെ നാം ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ നാം ഗോത്രങ്ങളും ജാതികളും ആക്കിയിരിക്കുന്നത് നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടിയാണ്. (അല്ലാതെ വെറുക്കുവാനല്ല.) തീർച്ചയായും അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും ഉത്തമൻ നിങ്ങളിൽ ഏറെ ഭക്തിയും സൂക്ഷ്മതയുമുള്ളവനത്രേ (49: 13).

അല്ലയോ മനുഷ്യരേ, ഒരൊറ്റ ആത്മാവിൽ നിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും ഇരുവരിൽ നിന്ന് അനവധി സ്ത്രീ-പുരുഷൻമാരെ (ഭൂമിയിൽ) പരത്തുകയും ചെയ്ത നിങ്ങളുടെ നാഥനോട് നിങ്ങൾ ഭക്തിയുള്ളവരായിരിക്കുക. (4: 1)

മനുഷ്യവർഗം ഒരൊറ്റ സമുദായമായിരുന്നു. അവരെ സന്തോഷ വാർത്തയറിയിക്കുന്നതിനും അവർക്ക് മുന്നറിയിപ്പ് നല്കുന്നതിനുമായി അവർക്കിടയിൽ നിന്ന് പ്രവാചകരെ ദൈവം ഉയർത്തി. അവർ തമ്മിൽ ഭിന്നതയുള്ള കാര്യങ്ങളിൽ തീരുമാ

നമെടുക്കാൻ വേദഗ്രന്ഥവും ഇറക്കിക്കൊടുത്തു. പക്ഷേ, സ്വാർഥത നിറഞ്ഞ പിടിവാശി കൊണ്ട് വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുകൂടി അവർ തമ്മിൽ ഭിന്നിച്ചു. എന്നാൽ അവരിലുള്ള സത്യവിശ്വാസികൾക്ക് അവർക്കിടയിൽ ഭിന്നതയുള്ള കാര്യത്തിൽ ദൈവം മാർഗനിർദേശം നല്കി. കാരണം, ദൈവം അവനിഷ്ടപ്പെടുന്നവരെ നേർമാർഗത്തിലേക്ക് നയിക്കുന്നു. (2: 213)

### 3. ദൈവിക സന്ദേശങ്ങളുടെ ഏകത്വം

'ദൈവത്തെ ആരാധിക്കുകയും തിന്മയെ വർജിക്കുകയും ചെയ്യുക' എന്ന നിർദേശം നല്കാൻ വേണ്ടി എല്ലാ ജനവിഭാഗങ്ങളിലേക്കും നാം തീർച്ചയായും ദൂതരെ നിശ്ചയിച്ചിട്ടുണ്ട് (16: 36).

തീർച്ചയായും നിനക്ക് (മുഹമ്മദിന്) മുമ്പ് ദൂതന്മാരെ നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ കഥ നിനക്ക് വിവരിച്ചുതന്നു. അവരിൽ മറ്റു ചിലരുടെ കഥ നിനക്ക് വിവരിച്ചു തന്നിട്ടുമില്ല. അല്ലാഹുവിന്റെ അനുവാദമില്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരിക സാധ്യമല്ല. എന്നാൽ അല്ലാഹുവിന്റെ കല്പന വന്നപ്പോൾ കാര്യം സത്യത്തോടെ തീരുമാനിക്കപ്പെട്ടു. അസത്യത്തെ പിൻതുടർന്നവർ നഷ്ടത്തിലാവുകയും ചെയ്തു (40: 78).

മതത്തിൽ നിങ്ങൾക്ക് നിയമമാക്കിത്തന്നത്, (മുമ്പ്) നോഹയോടും അബ്രഹാമിനോടും മോശയോടും യേശുവിനോടും നാം അനുശാസിച്ചതും നിനക്ക് നാം പ്രബോധനമരുളിത്തന്നതുമായ (അതേ സന്ദേശം) തന്നെയാണ്. നിങ്ങൾ മതത്തെ കൃത്യമായി അനുഷ്ഠിക്കുകയും അതിൽ ഭിന്നിക്കാതിരിക്കുകയും ചെയ്യുക. ദൈവേതര ശക്തികളെ ആരാധിക്കുന്നവർക്ക് നീ ഏതിലേക്ക് ക്ഷണിക്കുന്നുവോ ആ മാർഗം പ്രയാസമുള്ളതാണ്. അല്ലാഹു അവനിഷ്ടപ്പെടുന്നവരെ തെരഞ്ഞെടുക്കുന്നു. (അവന്റെ) നേർക്ക് തിരിയുന്നവർക്ക് അവൻ മാർഗനിർദേശം നല്കുകയും ചെയ്യുന്നു. നിങ്ങൾ പറയുവിൻ: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിച്ചു തന്നതിലും അബ്രഹാമിനും യിശ്മായേലിനും യിസ്ഹാക്കിനും യാക്കോബിനും (മറ്റു) ഗോത്രക്കാർക്കും അവതരിപ്പിച്ചതിലും മോശയ്ക്കും യേശുവിനും നല്കപ്പെട്ടതിലും പ്രവാചകന്മാർക്ക് (എല്ലാവർക്കും) അവരുടെ രക്ഷിതാവിൽ നിന്ന് നല്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. അവരിൽപെട്ട ഒരാൾക്കും (മറ്റൊരാൾക്കും) മധ്യേ ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്വണങ്ങി ജീവിക്കുന്നവരാണ്. (ഞങ്ങൾ മുസ്ലിംകളാണ്)'' (2: 136).

### 4. മർയമിന്റെ മകൻ യേശു

മാലാഖമാർ പറഞ്ഞ സന്ദർഭം (ഓർക്കുക): ''അല്ലയോ മർയം, അല്ലാഹു നിന്നെ തെരഞ്ഞെടുക്കുകയും പരിശുദ്ധയാക്കുകയും ചെയ്തിരിക്കുന്നു. ലോകാലോകങ്ങളിലെ സകല സ്ത്രീകൾക്കുമുപരിയായി നിന്നെ അവൻ തെരഞ്ഞെടുത്തിരിക്കുന്നു. അല്ലയോ മർയം, നിന്റെ രക്ഷിതാവിനെ നീ വണങ്ങുക. അവന്റെ മുമ്പിൽ നീ കുമ്പിടുകയും അവനെ പ്രണമിക്കുന്നവരോടൊപ്പം പ്രണമിക്കുകയും ചെയ്യുക (3: 42, 46).

മാലാഖമാർ പറഞ്ഞ സന്ദർഭം (ഓർക്കുക): അല്ലയോ മർയം, അല്ലാഹു അവങ്കൽ നിന്നുള്ള ഒരു വചനത്തെ സംബന്ധിച്ച സന്തോഷവാർത്ത നിന്നെ അറിയിക്കുന്നു. അല്ലാഹുവിനോടടുത്തവരിൽ ഒരുവനും ഇഹലോകത്തും പരലോകത്തും ആദരണീയനുമായ മർയമിന്റെ പുത്രൻ യേശുക്രിസ്തു എന്നായിരിക്കും അവന്റെ പേര്. അവൻ ശൈശവത്തിലും പ്രായപൂർത്തിയിലും ജനങ്ങളോട് സംസാരിക്കും. അവൻ സുകൃതികളിൽ പെട്ടവനുമായിരിക്കും (3: 45,46).



....... അങ്ങനെ, ആ കുട്ടിയുമായി അവൾ അവളുടെ ആളുകളുടെ അടുത്തെത്തി. (അപ്പോൾ) അവർ പറഞ്ഞു: 'മർയമേ, അദ്ഭുതകരമായ ഒരു കാര്യമാണ് നീ കൊണ്ടുവന്നിരിക്കുന്നത്! അല്ലയോ ആറോനിന്റെ സഹോദരീ, നിന്റെ പിതാവ് ചീത്തയായിരുന്നില്ലല്ലോ. നിന്റെ മാതാവ് വ്യഭിചാരിണിയും ആയിരുന്നില്ല.' പക്ഷേ, അവൾ ആ കുട്ടിയുടെ നേരെ ചൂണ്ടിക്കാട്ടി. അവർ പറഞ്ഞു: 'തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനോട് ഞങ്ങൾ എങ്ങനെ സംസാരിക്കാനാണ്?' അവൻ (യേശു) പറഞ്ഞു: 'തീർച്ചയായും ഞാൻ അല്ലാഹുവിന്റെ ദാസനത്രേ. അവൻ എനിക്ക് വേദഗ്രന്ഥത്തെ തരികയും എന്നെയൊരു പ്രവാചകനാക്കുകയും ചെയ്തു. ഞാൻ എവിടെയായാലും എന്നെ അവൻ അനുഗൃഹീതനാക്കുകയും ഞാൻ ജീവിക്കുന്ന കാലമത്രയും പ്രാർഥിക്കണമെന്നും ദാനധർമങ്ങൾ അനുഷ്ഠിക്കണമെന്നും എന്നോടനുശാസിക്കുകയും ചെയ്തിരിക്കുന്നു. എന്നെ അവൻ എന്റെ മാതാവിനോട് കരുണയുള്ളവനാക്കി. അഹംഭാവിയോ അനുസരണ കെട്ടവനോ ആക്കിയില്ല. ഞാൻ ജനിച്ച നാളും മരിക്കുന്ന നാളും വീണ്ടും (അന്ത്യനാളിൽ) ജീവനോടെ ഉയിർത്തെഴുന്നേൽപിക്കുന്ന നാളിലും എനിക്ക് സമാധാനം (ഉണ്ടായിരിക്കും)'. ഈ വിധമായിരുന്നു മർയമിന്റെ മകൻ യേശു. (ഇതാണ്) അവർ തർക്കിക്കുന്ന കാര്യത്തെപ്പറ്റിയുള്ള യഥാർഥ വസ്തുത. ഒരു പുത്രനെ സ്വയം എടുക്കുക എന്നത് ദൈവത്തിന്റെ (ഔന്നത്യത്തിന്) ചേർന്നതല്ല. അവൻ പരിശുദ്ധനാണ്. ഒരു കാര്യം അവൻ തീരുമാനിക്കുമ്പോൾ അതിനോട് അവൻ പറയുന്നു: ഉണ്ടാവുക. അപ്പോൾ അതുണ്ടാവുന്നു'' (19: 27-35).

യഹൂദർ പറയുന്നു, എസ്രാ ദൈവപുത്രനാണെന്ന്. ക്രിസ്ത്യാനികൾ പറയുന്നു, ക്രിസ്തു ദൈവപുത്രനെന്ന്. അത് അവരുടെ വായ്കൊണ്ടുള്ള പറച്ചിൽ മാത്രമാണ്. മുമ്പുണ്ടായിരുന്ന സത്യനിഷേധികളുടെ വാക്കുകളെ അവർ അനുകരിക്കുകയാണ്. അവരുടെ മേൽ ദൈവത്തിന്റെ ശാപമുണ്ട്. എങ്ങനെയാണവർ വഴി തെറ്റുന്നതെന്ന് നോക്കുക (9: 30).

അല്ലാഹുവിങ്കൽ യേശുവിന്റെ ഉപമ. തീർച്ചയായും ആദാമിന്റേത് പോലെയാണ്. അവനെ മണ്ണിൽ നിന്നും അല്ലാഹു സൃഷ്ടിച്ചു. എന്നിട്ട് അവനോട് പറഞ്ഞു: ഉണ്ടാവുക. അപ്പോൾ അവൻ ഉണ്ടായി (3: 59).

''മറിയമിന്റെ പുത്രൻ ക്രിസ്തു തന്നെയാണ് ദൈവം എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളാണ്. ക്രിസ്തു പറഞ്ഞു: 'അല്ലയോ ഇസ്രയേൽ സന്തതികളേ, എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിനെ നിങ്ങൾ വണങ്ങുവിൻ.' അല്ലാഹുവിനോട് ആര് പങ്കാളികളെ ചേർക്കുന്നുവോ അവന് സ്വർഗം അല്ലാഹു തീർച്ചയായും നിഷിദ്ധമാക്കിക്കഴിഞ്ഞു. അവന്റെ അഭയസ്ഥാനം നരകാഗ്നിയത്രേ! തിന്മ പ്രവർത്തിക്കുന്നവർക്ക് സഹായികളിൽ ആരുമുണ്ടാവില്ല (5: 75).

'ത്രിത്വത്തിൽ ഒന്നാണ് അല്ലാഹു' എന്ന് പറയുന്നവർ നിശ്ചയമായും അവിശ്വാസികളാണ്. ഒറ്റ ഒരു ദൈവമല്ലാതെ വേറൊരു ദൈവമില്ല. അവർ പറയുന്നതിൽ നിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ ആ അവിശ്വാസികളുടെ മേൽ വേദനയുറ്റ ഒരു ശിക്ഷ പതിക്കുക തന്നെ ചെയ്യും. എന്തുകൊണ്ട് അവർ ദൈവത്തിങ്കലേക്ക് തിരിയുകയും പാപമോചനത്തിനർഥിക്കുകയും ചെയ്യുന്നില്ല? അല്ലാഹു പൊറുത്തു കൊടുക്കുന്ന

29. 'Islam in focus' by Hammudah Abdalati.
30."New Researches in to the composition and exegiesis of the Qura'n by Hartwing Hirschfeld.
31. 'Westostlicher Diwan' (1819) the Autobiography of Johann Wolfgang Von Goethe.

വനും കരുണാനിധിയുമത്രേ. മർയമിന്റെ മകൻ ക്രിസ്തു ഒരു ദൂതൻ മാത്രമാണ്. ദൂതൻമാർ (അനേകം) അവനു മുമ്പ് കഴിഞ്ഞു പോയിട്ടുണ്ട്. അവന്റെ മാതാവ് സത്യസന്ധയുമായിരുന്നു. (മറ്റു മനുഷ്യരെ പോലെ) ഇരുവരും ആഹാരം കഴിച്ചിരുന്നു. നോക്കൂ, നാം അവർക്ക് എങ്ങനെ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കുന്നുവെന്ന്. വീണ്ടും നോക്കൂ, എങ്ങനെ അവർ (സത്യം വിട്ട്) വഴിതെറ്റുന്നു എന്ന്! (5: 76–78)

നോക്കുക! മർയമിന്റെ പുത്രൻ യേശു പറഞ്ഞു: ''അല്ലയോ ഇസ്രായേൽ സന്തതികളേ, എന്റെ മുമ്പിലുള്ള ന്യായപ്രമാണത്തെ (തൗറാത്ത്) ശരിവെച്ചു കൊണ്ടും, എനിക്ക് ശേഷം വരാനിരിക്കുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പറ്റിയുള്ള സന്തോഷവാർത്ത അറിയിക്കാനുമായി നിങ്ങളിലേക്ക് നിയുക്തനായ അല്ലാഹുവിന്റെ ദൂതനാണ് ഞാൻ'' (6: 16).

(അഹ്മദ് എന്നത് മുഹമ്മദ് നബിയുടെ മറ്റൊരു പേരാണ്. രണ്ടുപേരുകളുടെയും അർഥം 'വാഴ്ത്തപ്പെട്ടവൻ എന്നാണ്.)

യേശുവിന്, അവരുടെ ഭാഗത്ത് നിന്നുള്ള അവിശ്വാസം ബോധ്യമായപ്പോൾ അവൻ ചോദിച്ചു: അല്ലാഹുവിങ്കലേയ്ക്ക് എന്റെ സഹായികളാകുവാൻ ആരുണ്ട്? ശിഷ്യർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. ഞങ്ങൾ മുസ്‌ലിംകൾ (അല്ലാഹുവിനെ അനുസരിക്കുന്നവർ) ആണെന്നതിന് നീ സാക്ഷ്യം വഹിച്ചാലും. (തുടർന്നവർ ഇങ്ങനെ പ്രാർഥിച്ചു): ഞങ്ങളുടെ രക്ഷിതാവേ, നീ അവതരിപ്പിച്ചിട്ടുള്ളതിൽ ഞങ്ങൾ വിശ്വസിക്കുകയും നിന്റെ ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്യുന്നു. അതുകൊണ്ട് സത്യത്തിന് സാക്ഷികളായവരുടെ കൂട്ടത്തിൽ നീ ഞങ്ങളെയും ഉൾപ്പെടുത്തേണമേ. (3: 52,53)

അവർ പറഞ്ഞു, മർയമിന്റെ മകനായ യേശുക്രിസ്തു എന്ന ദൈവവദൂതനെ ഞങ്ങൾ കൊന്നു എന്ന്. എന്നാൽ അവർ അവനെ കൊന്നില്ല; അവർ അവനെ ക്രൂശിച്ചിട്ടുമില്ല. പക്ഷേ, അവർക്കങ്ങനെ തോന്നാൻ കാരണമുണ്ടായി. ഇക്കാര്യത്തിൽ ഭിന്നിക്കുന്നവർ തീർച്ചയായും സംശയത്തിൽപെട്ടുഴലുകയാണ്. വ്യക്തമായ അറിവില്ലാതെ ഊഹാപോഹങ്ങളെ പിൻപറ്റുകയാണവർ ചെയ്യുന്നത്. കാരണം നിശ്ചയമായും അവർ അവനെ കൊന്നിട്ടില്ല. മറിച്ച്, അല്ലാഹു അവനെ, അവങ്കലേയ്ക്കുയർത്തി. അല്ലാഹു സർവശക്തനും പരമതന്ത്രജ്ഞനുമാണ് (4: 157, 158).

32. 'Islam the Misunderstood Religion' by James a Michener in The Readers Digest American Edition may 1955.
33. 'The Koran'- Rev. J.M.Rodwell
34. 'Apologic de I Islamic by Laura Veccia Varlieri
35. ' A History of the Intellectual Development of Europe' Vol. I by John William Draper.
36. "The Preaching of Islam' by T. W. Arnold

37. ഡാർവിന്റെ ചില നിഗമനങ്ങളിൽ തെറ്റുപറ്റിയിട്ടുണ്ടാകാമെങ്കിലും അദ്ദേഹം സ്വീകരിച്ച ശാസ്ത്രീയ മാർഗം ഖുർആൻ ശരിവെക്കുന്നു. പരിണാമ സിദ്ധാന്തത്തിനെതിരായ പോരാട്ടത്തിൽ ക്രിസ്തീയ സഭകളുടെ നിലപാട് സ്വീകരിക്കുന്നതിന് മുമ്പ് പരിണാമ സിദ്ധാന്തം എന്താണെന്നും അത് ഖുർആനിന് യഥാർഥത്തിൽ എതിരാണോ എന്നും മുസ്‌ലിംകൾ ഉറപ്പ് വരുത്തുന്നത് നന്നായിരിക്കും.

38. സയ്യിദ് ഹമീദ് എഴുതിയ 'ആധുനിക യുഗത്തിൽ ഇസ്‌ലാമിന് പ്രസക്തിയുണ്ടോ'? ഹിജ്റ മാസിക. ഫെബ്രുവരി 1992.

വിശ്വാസികളോടുള്ള (മുസ്‌ലിംകളോടുള്ള) ശത്രുതയിൽ, മനുഷ്യരിൽ ഏറ്റവും കാഠിന്യമുള്ളവർ യഹൂദരും ബഹുദൈവ വിശ്വാസികളുമാണെന്ന് നീ കണ്ടെത്തും. വിശ്വാസികളോടുള്ള സ്നേഹത്തിൽ ഏറ്റവും അടുത്തവരായിട്ട്, ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറയുന്നവരേയും നീ കണ്ടെത്തും. അത് എന്തുകൊണ്ടെന്നാൽ, അവരിൽ (വിജ്ഞാനം തേടുന്ന) പുരോഹിതന്മാരും (ത്യാഗേച്ഛുക്കളായ) സന്യാസിമാരും ഉള്ളതുകൊണ്ടും അവർ അഹംഭാവം കൊള്ളാത്തതുകൊണ്ടുമാണ്. റസൂലിലേക്ക് (മുഹമ്മദ് നബി) ഇറക്കപ്പെട്ട (സന്ദേശം) അവർ കേൾക്കുമ്പോൾ, അവരുടെ നയനങ്ങൾ ആർദ്രമാവുകയും ചെയ്യുന്നതായി നീ കാണുന്നു. അവർ പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് സത്യത്തിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങളെ നീ എഴുതേണമേ. അല്ലാഹുവിലും ഞങ്ങൾക്ക് വന്നിട്ടുള്ള സത്യത്തിലും വിശ്വസിക്കാതിരിക്കുന്നതിന് ഞങ്ങൾക്കു എന്തു കാരണമാണുള്ളത്? ഞങ്ങളുടെ രക്ഷിതാവ്, സദ്‌വൃത്തരായ ജനങ്ങളുടെ കൂടെ ഞങ്ങളെ (സ്വർഗത്തിൽ) പ്രവേശിപ്പിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു. (5: 82–84)

വേദഗ്രന്ഥങ്ങൾ ലഭിച്ചവരേ, അബ്രഹാമിന് ശേഷമല്ലാതെ, തൗറാത്തും (മോശയ്ക്കു കിട്ടിയ ഗ്രന്ഥം) ഇറക്കപ്പെട്ടിട്ടില്ലാതിരിക്കെ, അബ്രഹാമിനെക്കുറിച്ച് നിങ്ങളെന്തു കൊണ്ട് വിവാദത്തിലേർപ്പെടുന്നു? നിങ്ങൾ ബുദ്ധിയുപയോഗിക്കുന്നില്ലേ? നോക്കൂ! യാതൊന്നിനെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരുന്നുവോ അതിനെക്കുറിച്ച് തന്നെ വാഗ്വാദം നടത്തുന്ന കൂട്ടരാണ് നിങ്ങൾ. എന്നാൽ നിങ്ങൾക്ക് ഒരു അറിവുമില്ലാത്തതിനെക്കുറിച്ച് എന്തിന് നിങ്ങൾ വാഗ്വാദം നടത്തുന്നു? അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നുമില്ല.

അബ്രഹാം ഒരു യഹൂദനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല; എന്നാൽ അവൻ ധർമനിഷ്ഠയുള്ളവനും ദൈവത്തിന് കീഴ്‌വണങ്ങുന്നവനും (മുസ്‌ലിമും) ആയിരുന്നു. അവൻ ബഹുദൈവാരാധകരിൽപെട്ട ഒരുവനായിരുന്നില്ല. അബ്രഹാമിനോട് ഏറ്റവും അടുത്തവർ തീർച്ചയായും അവനെ പിന്തുടർന്നവരും ഈ പ്രവാചകനും സത്യവിശ്വാസികളും ആകുന്നു. അല്ലാഹു വിശ്വാസികളുടെ രക്ഷാധികാരിയുമാണ്. (3: 65,66,67,68)

അല്ലയോ വേദഗ്രന്ഥങ്ങൾ ലഭിച്ചവരേ, നിങ്ങൾ സത്യത്തിന് സാക്ഷ്യം വഹിക്കവെ എന്തുകൊണ്ട് അല്ലാഹുവിന്റെ സന്ദേശങ്ങളിൽ അവിശ്വസിക്കുന്നു? അല്ലയോ വേദഗ്രന്ഥങ്ങൾ ലഭിച്ചവരേ, നിങ്ങൾ എന്തുകൊണ്ട് സത്യത്തെ അസത്യവുമായി കൂട്ടിക്കുഴയ്ക്കുകയും നിങ്ങൾ അറിഞ്ഞുകൊണ്ട് സത്യത്തെ മറച്ചുവെക്കുകയും ചെയ്യുന്നു? (3: 70,71)

പറയുക: അല്ലയോ വേദഗ്രന്ഥങ്ങൾ ലഭിച്ചവരേ, ഞങ്ങൾക്കും നിങ്ങൾക്കും മധ്യേ സമതയുള്ള ഒരു വചനത്തിലേക്ക് വരുവിൻ; അതായത് അല്ലാഹുവിനെയല്ലാതെ (മറ്റൊന്നിനെയും നാം ആരാധിക്കുകയില്ലെന്നും അവനോട് ഒരു വസ്തുവിനെയും നാം പങ്കു ചേർക്കുകയില്ലെന്നും അല്ലാഹുവിനെ കൂടാതെ നമ്മിൽപെട്ട ചിലർ മറ്റു ചിലരെ (ദൈവതുല്യം) രക്ഷിതാക്കളായെടുക്കുകയില്ലെന്നും. എന്നാൽ അവർ പിന്തിരിഞ്ഞു പോകുന്നെങ്കിൽ, പറയുവിൻ: (കുറഞ്ഞപക്ഷം) ഞങ്ങൾ മുസ്‌ലിംകളാണെന്നതിന് സാക്ഷ്യം വഹിക്കുക. (3: 64)

## 5. അല്ലാഹുവിനെ മാത്രം ആരാധിക്കുക

അല്ലയോ മനുഷ്യരേ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച

നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ ജീവിതത്തിൽ സൂക്ഷ്മതയുള്ളവരാകാൻ വേണ്ടി. (2: 21)

അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടേണ്ട യഥാർഹമായ നിലയിൽ അവനെ ഭയപ്പെടുക. നിങ്ങൾ മുസ്ലിംകളായിട്ടല്ലാതെ മരിക്കാനിടയാകരുത്.

അല്ലാഹുവിന്റെ പാശത്തിൽ നിങ്ങളെല്ലാവരും ഒറ്റക്കെട്ടായി മുറുകെ പിടിക്കുവിൻ. നിങ്ങൾ ഭിന്നിച്ചു പോകരുത്. നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തെ ഓർക്കുക. നിങ്ങൾ (അന്യോന്യം) ശത്രുക്കളായിരുന്നപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ തമ്മിൽ അവൻ യോജിപ്പിച്ചു; അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരന്മാരായിത്തീർന്നു. തീയാലുള്ള ഒരു വൻ കുഴിയുടെ വക്കത്തായിരുന്നു നിങ്ങൾ. അപ്പോൾ അതിൽ നിന്നും അവൻ നിങ്ങളെ രക്ഷിച്ചു. ഇപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിത്തരുന്നു, നിങ്ങൾ നേർവഴി പ്രാപിക്കാൻവേണ്ടി. (3: 102,103)

അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ നീതിക്ക് വേണ്ടി നിലനിന്നുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ സാക്ഷ്യം വഹിക്കുന്നവരാകുവിൻ. അതു നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ ധനികന്നോ ദരിദ്രന്നോ എന്ന ഭേദം കൂടാതെ (ആർക്കെതിരായിട്ടാണെങ്കിലും ശരി). കാരണം, രണ്ടു കൂട്ടരെയും അല്ലാഹുവിന് രക്ഷിക്കാൻ കഴിയും. അതുകൊണ്ട് നിങ്ങൾ നീതി വിട്ടുപോകാതിരിക്കണമെങ്കിൽ സ്വേച്ഛയെ പിന്തുടരരുത്. നിങ്ങൾ (സത്യത്തെ) വളച്ചൊടിക്കുകയോ (കണ്ണടച്ച്) മാറിക്കളയുകയോ ചെയ്താൽ തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി അല്ലാഹു ബോധവാനത്രേ.

അല്ലയോ വിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്നവൻ ഇറക്കിക്കൊടുത്ത വേദത്തിലും മുമ്പ് ഇറക്കിയിട്ടുള്ള വേദങ്ങളിലും വിശ്വസിക്കുവിൻ. അവന്റെ മാലാഖമാരിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അവസാന ദിനത്തിലും ആര് അവിശ്വസിക്കുന്നുവോ അവർ തീർച്ചയായും വിദൂരമായ വഴികേടിൽ അകപ്പെട്ടുപോയി.'' (4: 135, 136)

(ജനങ്ങളെ) നല്ലതിലേക്ക് ക്ഷണിക്കുകയും നന്മ വിധിക്കുകയും തിന്മവിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടാകട്ടെ. അവരാണ് യഥാർഥ അഭിവൃദ്ധി നേടുന്നവർ (3: 104).



അനുബന്ധം - രണ്ട്

# ക്രിസ്തീയാശയങ്ങളും സമാന്തര ഇസ്ലാമികാശയങ്ങളും

| ക്രിസ്തുമതം | ഇസ്‌ലാം |
|---|---|
| 1 . ദൈവം ഒന്നാണ്, പക്ഷേ ദൈവത്തിൽ മൂന്നാളുകൾ ഉണ്ട്. | 1. ദൈവം ഒന്നേ ഒന്നു മാത്രം. |
| 2 . യേശു ദൈവത്തിന്റെ ഏകജാതനായ പുത്രനാണ്. | 2. ദൈവത്തിന് പുത്രനുണ്ടാവുക സാധ്യമല്ല. യേശു ഒരു പ്രവാചകനായിരുന്നു. ഒരു മനുഷ്യൻ മാത്രമായിരുന്നു. |
| 3 . പരിശുദ്ധാത്മാവിൽ വിശ്വസിക്കണം. പരിശുദ്ധാത്മാവ് ദൈവത്തിലെ മൂന്നാളുകളിൽ ഒന്നാണ്. | 3. 'പരിശുദ്ധാത്മാവ്' എന്നു വിളിക്കപ്പെടുന്നത് ദൈവത്തിന്റെ സൃഷ്ടിയും മാലാഖയുമായ ഗബ്രിയേൽ (ജിബ്‌രീൽ) ആണ്. ദൈവമല്ല. |
| 4 . മനുഷ്യവർഗത്തിന്റെ പാപം തീർക്കാൻ യേശു മറുവിലയായി തന്നത്താൻ കൊടുത്തു. | 4. ഒരാളിന്റെയും പാപഭാരം, വേറൊരാൾ പേറുക സാധ്യമല്ല. അത് ദൈവിക നീതിക്ക് നിരക്കുന്നതല്ല. |
| 5 . മനുഷ്യൻ പാപിയായി ജനിക്കുന്നു. | 5. മനുഷ്യൻ പരിശുദ്ധനായി ജനിക്കുന്നു. |
| 6 . ആദാമിന്റെ പാപം സന്തതികളിലെല്ലാം ഉണ്ട്. | 6. ആദാമിന്റെ പാപം ദൈവം പൊറുത്തു കൊടുത്തു. കൂടാതെ, പിതാവിന്റെ പാപത്തിന് പുത്രൻ ഉത്തരവാദിയാവുകയില്ല. അത് ദൈവിക നീതിക്ക് നിരക്കുന്നതല്ല. |
| 7 . യേശു ക്രൂശിക്കപ്പെട്ട് മൂന്നു ദിവസം പാതാളത്തിൽ കിടന്നു. | 7. യേശു ക്രൂശിക്കപ്പെട്ടില്ല. യേശു ഉൾപ്പെടെയുള്ള എല്ലാ പ്രവാചകരും പാപത്തിൽ നിന്നും സുരക്ഷിതരായിരുന്നു; മാതൃകാ പുരുഷന്മാരായിരുന്നു. അവരെ ദൈവം ശിക്ഷിക്കുകയില്ല. |
| 8 . യേശുവിന്റെ ക്രൂശു മരണത്തിലും പാപപരിഹാരത്തിലും വിശ്വസിക്കുന്നവർക്കാണ് സ്വർഗം. | 8. ദൈവത്തിലും ന്യായവിധി ദിനത്തിലും വിശ്വസിക്കുകയും അതനുസരിച്ച് സൽക്കർമ നിരതമായ ജീവിതം നയിക്കുകയും ചെയ്യുന്നവർക്കാണ് സ്വർഗം. ദൈവം തെല്ലും അനീതി പ്രവർത്തിക്കുകയില്ല. ഒരണുത്തൂക്കം നന്മ ഒരാൾ പ്രവർത്തിച്ചാൽ അതിന്റെ ഫലം അയാൾക്ക് കിട്ടും. ഒരണുത്തൂക്കം തിന്മ ഒരാൾ പ്രവർത്തിച്ചാൽ അതിന്റെ ഫലവും അയാൾക്ക് കിട്ടും. |
| 9 . മരിച്ചതിന്റെ മൂന്നാം ദിവസം യേശു ഉയിർത്തെഴുന്നേറ്റു. ഉടലോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. | 9. യേശുവായാലും മുഹമ്മദായാലും ആരായാലും അന്ത്യദിനത്തിൽ മാത്രമേ ഉയിർത്തെഴുന്നേൽക്കുകയുള്ളൂ. അതുപോലെ, ദൈവത്തിന്റെ മുമ്പിൽ ന്യായവിധിക്ക് ഹാജരാക്കപ്പെടാതെ ആരും സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. |
| 10 . പുരോഹിതന്മാരുടെ സഹായമില്ലാതെ മതാനുഷ്ഠാനങ്ങൾ നിർവഹിക്കുക സാധ്യമല്ല. | 10. ഇസ്‌ലാമിൽ പൗരോഹിത്യമില്ല, സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ മധ്യവർത്തിയുടെ ആവശ്യമില്ല. |
| 11. പുരോഹിതർക്ക് പാപം പൊറുത്തുകൊടുത്തതായി പ്രഖ്യാപിക്കാം. | 11. പാപം പൊറുത്തുകൊടുക്കാൻ ദൈവത്തിനേ അധികാരമുള്ളൂ. |
| 12. ഒരു മാമോദീസാ അംഗീകരിച്ചു കൊണ്ട് സ്നാനമേൽക്കണം. | 12. മാമോദീസയോ അതിനു തുല്യമായ ഒരു ചടങ്ങോ ഇസ്‌ലാമിൽ ഇല്ല. |
| 13. കുമ്പസാരം നടത്തി കുർബാന കൈക്കൊള്ളണം; അങ്ങനെ യേശുവിന്റെ മാംസവും രക്തവും ഭക്ഷിച്ച് ദൈവികത്വത്തിൽ ഭാഗഭാക്കാകണം. | 13. കുമ്പസാരമോ കുർബാനയോ ഇസ്‌ലാമിലില്ല. യേശു ദൈവമല്ല. ഒരു വിധത്തിലും ദൈവത്തിന്റെ ദൈവികത്വത്തിൽ പങ്കുചേരുക സാധ്യമല്ല. |
| 14 . ഒരു സഭയിൽ അംഗമായിരിക്കണം. | 14. 'സഭ' എന്നൊന്നില്ല. ഒരു മുസ്‌ലിമിന്റെ നേതാവ് (ഇമാം) ഖുർആൻ എന്ന ഗ്രന്ഥമാണ്. മാതൃക മുഹമ്മദ് എന്ന പ്രവാചകനും. അത്രമാത്രം. |

●

## BOOKS FOR FURTHER READING


1. The Holy Bible (The Authorised Version)
2. The Holy Bible (The Revised Standard Version)
3. The Holy Quran- English translation by Abdullah Yusuf Ali
4. The Gospel of Barnabas
5. Is the Bible God's Word? by Ahmmed Deedat
6. The Christian Doctrine by John Milton
7. Anti Trinitarian Bigraphics by A. Wallace
8. A Short History of Christianity by J. M. Robertson
9. A History of Unitarianism by E.M. Wilbur
10. The Opinion Concerning the Holy Trinity by J. Biddle
11. The Death of Jesus by Joel Carmichael
12. The Nazarence by J. Toland
13. Constantine the Great by J. B. Firth
14. Pagan Christs by I.M. Robertson
15 Christianity and Islam C.H. Becker
16. Bible, Quran and Science by Maurice Bucaile
17. The Preaching of Islam by T.N. Arnold
18. Life of Mohamed by William Muir
19. Jesus in the Quran by Geoffery Parrinder
20. Jesus A prophet of Islam by M.A. Rahim
21. The Religion of Islam by Ahmed A Galwash
22. Mohammed and Mohammedanism by Bosworth Smith
23. New World of Islam by Lothrop Stoddard
24. Life and Teachings of Muhammed by Anni Beasant
25. Fundamentals of Islam by Abul A'la Maududi
26. Islam in Focus by Hammudah abdalati
27. Islam at a Glance by Sadarudheen Islahi
28. Life of Muhammed by Mohammed Husain Haykel
29. Ideals and Realities of Islam by Sayyed Husain Nasr
30. Fear Allah and Teake Your own part by Qassim Ali Jairazbhoy
31. Spirit of Islam by Ameer Ali
32 Towards to Understanding Islam by Abul A'la Moududi
33. Reconstruction of Religious thought in Islam by Mohammed Iqbal
34. Islam at the Cross-Roads by Mohammed Ased
35. Road to Macca by Muhammed Asad
36. Islam the Misunderstood Religion by Mohammed Qutub
37. Muhammed in the Bible by David Benejamin Keldani
38. Muhammed (P.B.U.H) Prophet of Islam in the Old Testament Gospel and the Holy Quran by Azat Ismaile Al thahthavi
39. Mohammed The Holy Prophet by Hafiz Gulam Sarwar
40. Jesus or Paul by Dr. Arnold Meyer
41. സത്യവേദപുസ്തകം, ബൈബിൾ സൊസൈറ്റി, ബാംഗ്ലൂർ
42. വിശുദ്ധ ഖുർആൻ മലയാള പരിഭാഷ, സി. എൻ. അഹ്മദ് മൗലവി
43. തഫ്ഹീമുൽ ഖുർആൻ മലയാള പരിഭാഷ, അബുൽ അഅ്ലാ മൗദൂദി
44. സ്വഹീഹുൽ ബുഖാരി-വിവർത്തനം, സി. എൻ. അഹ്മദ് മൗലവി
45. ഇസ്ലാം ഒരു സമഗ്രപഠനം, സി. എൻ. അഹ്മദ് മൗലവി
46. ഇസ്ലാം മതം, അബുൽ അഅ്ലാ മൗദൂദി
47. ഇസ്ലാമിക പാഠങ്ങൾ, അബൂസലീം അബ്ദുൽ ഹയ്യ്
48. നബിയുടെ ജീവിതം, അബൂസലീം അബ്ദുൽ ഹയ്യ്
49. മുഹമ്മദ് മഹാനായ പ്രവാചകൻ, കെ. എസ്. രാമകൃഷ്ണറാവു
50. കാരുണ്യത്തിന്റെ പ്രവാചകൻ, എം. എ. നാഥുറാം
51. മുഹമ്മദ് നബിയുടെ പ്രവാചകത്വം, അബൂബക്കർ നദ്വി
52. ഇസ്ലാം ഒറ്റനോട്ടത്തിൽ, സദ്റുദ്ദീൻ ഇസ്ലാഹി
53. ഇസ്ലാം ഇന്നലെ, ഇന്ന്, നാളെ - മുഹമ്മദ് ഖുതുബ്
54. ഖുർആനിനെ പരിചയപ്പെടുക, സദ്റുദ്ദീൻ ഇസ്ലാഹി
55. ഇസ്ലാമിലെ സാമൂഹ്യനീതി, സയ്യിദ് ഖുതുബ്
56. ഇസ്ലാം ആധുനിക യുഗത്തിൽ, അബുൽ അഅ്ലാ മൗദൂദി
57. ബുദ്ധിയുടെ വിധി, അബുൽഅഅ്ലാ മൗദൂദി
58. സത്യവും അസത്യവും, അബുൽഅഅ്ലാ മൗദൂദി
59. സത്യമാർഗം, അബുൽഅഅ്ലാ മൗദൂദി
60. ഒരു ജാതി ഒരു മതം, ടി. മുഹമ്മദ്
61. മതവും യുക്തിവാദവും, സി. ടി. അബ്ദുറഹീം
62. ഞാൻ സ്നേഹിക്കുന്ന ഇസ്ലാം, അടിയാർ
63. രക്ഷാസരണി, അബുൽഅഅ്ലാ മൗദൂദി
64. വിധിവിലക്കുകൾ, യൂസുഫുൽ ഖറദാവി
65. വഴിയടയാളങ്ങൾ, സയ്യിദ് ഖുതുബ്
66. അല്ലാഹു ഖുർആനിൽ, കെ. സി. അബ്ദുല്ലാ മൗലവി
67. കുടുംബജീവിതം ഇസ്ലാമിൽ, ഖുർശിദ് അഹ്മദ്
68. മുഹമ്മദ് (മലയാളം), ഹൈക്കൽ
69. ഇസ്ലാം സവിശേഷതകൾ, സയ്യിദ് ഖുതുബ്
70 ഇസ്ലാമും മനുഷ്യാവകാശങ്ങളും, സഫറുല്ലാഖാൻ
71 ക്യാപ്പിറ്റലിസം, സോഷ്യലിസം, ഇസ്ലാം - പ്രൊഫ. പി. എ. റഹ്മാൻ
72 ദൈവസങ്കൽപം കാലഘട്ടങ്ങളിലൂടെ, മൗലാനാ ആസാദ്

73 നബിചരിതം (രണ്ട് ഭാഗങ്ങൾ), ടി. മുഹമ്മദ്
74 ബൈബിളും ഖുർആനും, നിലമ്പൂർ മുഹമ്മദ്
75 ഖുതുബാത്ത്, അബുൽ അഅ്‌ലാ മൗദൂദി
76 മുഹമ്മദ് നബി: ജീവിതവും സന്ദേശവും, പ്രൊഫ. പി. കെ. മുഹമ്മദലി
77 ഇസ്‌ലാമിക ദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
78 തിരുമൊഴികൾ, എം. എൻ. കാരശ്ശേരി
79 മുഹമ്മദ് നബിയെ പരിചയപ്പെടുക, കുഞ്ഞുമുഹമ്മദ് അഫ്താബ്

●